# ദിവ്യകാരുണ്യ
# കോൺഗ്രസ്സുകൾ

അനസ്താസിയൂസ് ഗോമസ് ഒ. സി. ഡി.
ജി. പാനികുളം

ST. ANTHONY'S FRIARY.
QUILON-1, KERALA,
S. INDIA.

# ദിവ്യകാരുണ്യകോൺഗ്രസ്സുകൾ

[MALAYALAM]

# DHIVYAKARUNNYACONGRESSUKAL

(EUCHARISTIC CONGRESSES)

By

**Anastasio Gomes O. C. D.**

**G. Panikulam**

First Published,

October, 1968

Copies 1500

Price Rs. 1. 50

Copy Right: S. H. LEAGUE

PUBLISHED BY

S. H. LEAGUE,

Alwaye—3

Kerala, India

Printed at

J. M. Press, Alwaye—3.

# ദിവ്യകാരുണ്യ കോൺഗ്രസ്സുകൾ

അനസ്താസിയൂസ് ഗോമസ് ഒ. സി. ഡി.

ജി. പാനികുളം

പ്രസാധകർ:

എസ്. എച്ച്. ലീഗ്.

ആലുവാ—3

Nihil obstat:

FR. DOMINIC, O. C. D.,
*Rector, Pontifical Seminary,*
*Alwaye, 3—9—1968.*

Imprimatur:

† JOSEPH PARECATTIL,
*Archbishop of Ernakulam,*
*Ernakulam, 15—9—1968.*

# അവതാരിക

അഖിലലോകദിവ്യകാരുണ്യകോൺഗ്രസ്സുകൾ കത്തോലിക്കാലോകത്തിലെ സുപ്രധാനസംഭവങ്ങളിലൊന്നായി മാറിക്കഴിഞ്ഞിട്ടുണ്ടു്. 1964–ലെ ബോംബെ ദിവ്യകാരുണ്യകോൺഗ്രസ്സിനുശേഷം ഒരു പടിയുംകൂടി കടന്നു്, ദിവ്യകാരുണ്യകോൺഗ്രസ്സ് ഇന്നു് മതപരമായ തലത്തിലെ ഏററം വലിയ പ്രതിഭാസമായി രൂപാന്തരപ്പെട്ടിരിക്കുന്നു. കഴിഞ്ഞ നൂററാണ്ടിലാണു് ഇത്തരം സമ്മേളനത്തിൻെറ ഉത്ഭവം. ദിവ്യകാരുണ്യത്തെസ്സംബന്ധിച്ച അറിവും ദിവ്യകാരുണ്യനാഥനോടുള്ള ഭക്തിയും സ്നേഹവും വിശ്വവ്യാപകമാക്കുക—അതായിരുന്നു ഈ സമ്മേളനത്തിൻെറ പ്രസ്താവിതലക്ഷ്യം. വൈദികരും സന്യാസികളും അല്മായരുമുൾപ്പെടുന്ന ഈ ബൃഹത്സമ്മേളനങ്ങൾ, ക്രമേണ ക്രിസ്തീയാദർശങ്ങൾക്കും ക്രിസ്തീയജീവിതത്തിനുമായുള്ള സമ്പൂർണ്ണസമർപ്പണത്തിനു കത്തോലിക്കർക്കു ഫലപ്രദമായ അവസരങ്ങളായി പരിണമിച്ചു.

ക്രിസ്തീയജീവിതത്തിൻേറയും സിദ്ധാന്തങ്ങളുടേയും കേന്ദ്രമാണു ദിവ്യകാരുണ്യം. ക്രിസ്തുമതത്തിലെ മിക്കരഹസ്യങ്ങളും ഈ കേന്ദ്രത്തിലേയ്ക്കത്രെ വിരൽ ചൂണ്ടുക. തന്മൂലം, വി. കർബാനയെ സംബന്ധിച്ച അറിവിനും ഭക്തിക്കും ആക്കം കൂട്ടാൻ മാത്രമല്ല, ക്രിസ്തീയജീവിതത്തിനും തത്സിദ്ധാന്തത്തിനും ആനുകാലികപ്രശ്നങ്ങളിലുള്ള പ്രസക്തിയെപ്പററി പരിശോധിക്കാനും അവസരം നല്കി, ദിവ്യകാരുണ്യകോൺഗ്രസ്സുകൾ. സാധാരണയായി ഇത്തരം സമ്മേളനങ്ങളിൽ ആരാധനാപരവും പ്രബോധനപരവും പ്രചോദനാത്മകവുമായ പരിപാടികൾ ഒരു പ്രധാനവിഷയവുമായി ബന്ധിപ്പിച്ചു സംവിധാനം ചെയ്യുന്നതിനാൽ ആധുനികലോ

കത്തെ അലട്ടുന്ന നിരവധി ആവശ്യങ്ങളിൽ വി. കുർബാനയ്ക്കും ക്രിസ്തീയരഹസ്യങ്ങൾക്കും എന്തു സാംഗത്യമുണ്ട് എന്നു ജനങ്ങളെ ഇരുത്തിച്ചിന്തിപ്പിക്കാൻ പര്യാപ്തമായിട്ടുണ്ടിവ. 1893–മുതലിങ്ങോട്ട് മാർപ്പാപ്പായുടെ പ്രതിനിധിയുടെ സാന്നിധ്യത്താൽ കൂടുതൽ ബഹുമാന്യമായിട്ടുണ്ട് ദിവ്യകാരുണ്യകോൺഗ്രസ്സുകൾ. ഇക്കഴിഞ്ഞ രണ്ടുകോൺഗ്രസ്സുകളിൽ പ. പിതാവു നേരിട്ടു പങ്കെടുക്കുകയുണ്ടായി. ഇതു് ദിവ്യകാരുണ്യകോൺഗ്രസ്സുകളുടെ പ്രാധാന്യം വളരെയേറെ വർദ്ധിപ്പിച്ചിട്ടുണ്ട്; തീർച്ച. കത്തോലിക്കലോകം മുഴുവനും ഇവയുമായി എത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നുവെന്നും ഇതു വ്യക്തമാക്കുന്നു.

ദിവ്യകാരുണ്യകോൺഗ്രസ്സുകളുടെയെല്ലാം ചരിത്രം അതീവ പ്രയോജനകരമത്രേ. കാരണം, കത്തോലിക്കവിശ്വാസത്തിൻെറ മികച്ച പ്രകടനമാണിവ; ആനുകാലികാവശ്യങ്ങളെപ്പററിയുള്ള അവരുടെ അവബോധവും അവയിൽ നിഴലിച്ചുകാണുന്നുണ്ട്.

**ഫാ. ഡോമിനിക് ഒ. സി. ഡി.**
റെക്ടർ, പൊന്തിഫിക്കൽ സെമിനാരി,
ആലുവാ.

# സാർവ്വദേശീയ
# ദിവ്യകാരുണ്യകോൺഗ്രസ്സുകൾ

മഹാനദികളുടെ ഉത്ഭവം തിരക്കി പിറകോട്ടുപിറകോട്ടുപോയാൽ നേരിയ ഉറവകളാണു കണ്ടെത്തുക. ഭൂഖണ്ഡാന്തരസീമകളുല്ലംഘിച്ചു വളർന്നുകഴിഞ്ഞിട്ടുള്ള പ്രസ്ഥാനങ്ങൾ പലതിന്റേയും ഉത്ഭവം തിരക്കിയാലും കഥയേതാണ്ടിതുതന്നെ— നിസ്സാരമെന്നു പറയേണ്ടുന്നയാരംഭം. സാർവ്വദേശീയ ദിവ്യകാരുണ്യകോൺഗ്രസ്സിന്റെ കാര്യത്തിലായാൽ ഇതൊന്നുകൂടി വ്യക്തമാണ്. ഒരു സാധ്വസ്ത്രീയുടെ ശ്രമഫലമായി 1881-ലാരംഭിച്ച് ഒന്നിനൊന്നിനു വികാസം കൊണ്ട് ഇന്നതൊരു സാർവ്വദേശീയമഹോത്സവമായി മാറിയിരിക്കുന്നു.

കത്തോലിക്കരുരിപക്ഷമില്ലെങ്കിൽത്തന്നെ, ക്രിസ്തീയമായൊരന്തരീക്ഷം പുലർത്തുന്ന മഹാനഗരങ്ങളിലേ കോൺഗ്രസ്സ് സമ്മേളനം നടന്നിട്ടുള്ളു. ഈ യാഥാർത്ഥ്യത്തിന്റെ വെളിച്ചത്തിൽ നോക്കുമ്പോഴാണു ബോംബേകോൺഗ്രസ്സിന്റെ പ്രാധാന്യം ശരിക്കും വ്യക്തമാവുക. സർവ്വലോകശ്രദ്ധയാകർഷിക്കുന്ന ഇത്തരമൊരു മഹാസംഭവത്തിന്റെ രംഗഭൂമിയായി ബോംബെ തിരഞ്ഞെടുക്കപ്പെട്ടതിൽ ഇന്ത്യയ്ക്കു ന്യായ്യമായും അഭിമാനിക്കാം. ഭാരതസഭയുടെ ചരിത്രത്തിലൊരുവഴിത്തിരിവിനു കാരണമായിട്ടുണ്ടു ബോംബേകോൺഗ്രസ്സെന്നതിനു രണ്ടു പക്ഷമില്ല.

ബോംബേകോൺഗ്രസ്സിന്റെ കാര്യം പറയുമ്പോൾ സു ഭഗസ്മരണാർഹനായ പോപ്പ് ജോൺ ഇരുപത്തിമൂന്നാമനെ വിസ്മരിക്കുക സാദ്ധ്യമല്ല. ഭാരതജനതയോട് അവിടുത്തേക്കു ണ്ടായിരുന്ന പൈതൃകസ്നേഹത്തിന്റെ പ്രകടീഭാവമാണു ബോംബേകോൺഗ്രസ്സ്. പോപ്പ് ജോണിന്റെയഭിലാഷം നിവർത്തിതമാക്കുകയല്ല പോൾ ആറാമൻ ചെയ്തതെന്നാരറി ഞ്ഞു! ബോംബേകോൺഗ്രസ്സിന്റെ കാര്യത്തിൽ ബദ്ധശ്രദ്ധ നായിരുന്നു ആദ്യംതൊട്ടേ അവിടുന്ന്. കോൺഗ്രസ്സ് തുടങ്ങു ന്നതിനൊരാറുമാസംമുമ്പേ ഒരു കട്ടിനാൾസംഘത്തോടവിടു ന്നു പറഞ്ഞു: "ഒരു മഹാസംഭവമാണ് ദിവ്യകാരുണ്യകോൺ സ്സ്. സമ്മേളനസ്ഥലവും സമയവും പരിഗണിക്കുമ്പോൾ അടു ത്തകോൺഗ്രസ്സിനു കൂടുതൽ പ്രാധാന്യമുണ്ട്. അതു് കത്തോ ലിക്കാസഭയ്ക്കു പൊതുവിലും ഏഷ്യൻജനതയ്ക്കു പ്രത്യേകിച്ചും ക്രിസ്തുനാഥന്റെ നിഗൂഢമായ കൗദാശികജീവിതത്തിന്റെ സനാതനസന്ദേശം നല്കി, അവിടുത്തേ മറഞ്ഞിരിക്കുന്ന ജീവദായകശക്തിയെ അനാവരണം ചെയ്യും. നമുക്കു കാത്തി രിക്കാം; പുതിയൊരുയുഗത്തിന്റെ പുലർച്ചയാണതു്. 'മെസ യാനിക്' എന്നതിനെ വിളിക്കാനാണു നാം ഇഷ്ടപ്പെടുക. കാരണം, ജീവിതത്തിന്റേയും സമൃദ്ധിയുടേയും സമാധാന ത്തിന്റേയും പ്രത്യാശയാണ്, അതു നമുക്കു നല്കുക." പ. പിതാവിന്റെ പ്രതീക്ഷ സാക്ഷാത്ക്കരിക്കപ്പെട്ടുമെന്നു ബോംബേകോൺഗ്രസ്സ് തെളിയിച്ചുകഴിഞ്ഞു.

വിശ്വാസികൾക്കു പൊതുവേ അനുഗ്രഹദായകമാണു ദിവ്യകാരുണ്യകോൺഗ്രസ്സ്. കോൺഗ്രസ്സുസമ്മേളനത്തിനു വളരെമുമ്പുതന്നെ ആ അനുഗ്രഹം പ്രവർത്തനനിരതമാണ്. 'യഥാർത്ഥക്രിസ്തീയജീവിതത്തിന്റെ ഉറവക്കണ്ണായ' വി. കുർ ബാനയോടുള്ള സ്നേഹത്തിനാക്കംകൂട്ടുന്നതിനു ദിവ്യകാരുണ്യ കോൺഗ്രസ്സുപോലെ മറ്റൊരുപാധിയില്ല. യഥാർത്ഥക്രിസ്തീയ

വിശ്വാസാചാരങ്ങളുടെ സമുന്മിഷത്തായയൊരു പകർപ്പ് ബോംബേകോൺഗ്രസ്സ് ഹൈന്ദവഭാരതത്തിനു കാണിച്ചു കൊടുത്തു; അതിൻെറ ഫലം വിദൂരസ്പർശിയുമാണ്. ബോംബേകോൺഗ്രസ്സിനെപ്പററി ഗ്രന്ഥാവസാനത്തിൽ ദീർഘമായി പറയാനുള്ളതുകൊണ്ടു് ഈ പരാമർശമിവിടെ നിറുത്തി കോൺഗ്രസ്സിൻെറ ചരിത്രത്തിലേക്കു കടക്കാം.

# I

## ഉത്ഭവവും ഉദ്ദേശ്യവും

### A. ചരിത്രപശ്ചാത്തലം

ക്രിസ്തു തൻെറ സഭയ്ക്കു സനാതനസഹായം വാഗ്ദാനം ചെയ്തിട്ടുണ്ടു്. അവിടുന്നെന്നും സഭയിൽ ജീവിക്കുന്നു. ഈ ദിവ്യസാന്നിധ്യത്തിൻെറ അടയാളങ്ങൾ വിശ്വാസത്തിൻെറ വെളിച്ചത്തിൽ സഭാചരിത്രം പഠിക്കുന്നവനു് എളുപ്പം കാണാൻ കഴിയും. ചരിത്രത്തിൽ ചില പ്രത്യേകഘട്ടങ്ങളുണ്ടു്; അവിടെയൊക്കെ പ്രവ്യക്തമായിക്കാണാം ഈ സഹായത്തിൻെറ അത്ഭുതകരമായ പ്രവർത്തനങ്ങൾ. മറിച്ചു്, ഈ പ്രവർത്തനങ്ങൾ നിഗൂഢമായിരിക്കുന്ന ഘട്ടങ്ങളുമില്ലാതില്ല. എങ്കിലും ഒന്നു നമുക്കറിയാം, ആ ദിവ്യസാന്നിധ്യത്തിൻെറ വെളിച്ചം എന്നുമെന്നും സഭയിലുണ്ടു്.

പ്രതിബന്ധങ്ങളുടെ കൊടുങ്കാററു സഭയ്ക്കെതിരായി അകത്തുനിന്നും പുറത്തുനിന്നും ആഞ്ഞടിച്ചിട്ടുണ്ടു്. അതിനെയെല്ലാം സഭ അതിജീവിച്ചു. ഇക്കഴിഞ്ഞ രണ്ടു ശതകങ്ങൾ തന്നെയെടുത്തുനോക്കു. മനുഷ്യനെ ദൈവത്തിൽനിന്നും സഭയിൽനിന്നും അകററി, ജീവിതത്തിലെ എല്ലാ മണ്ഡലത്തി

ൻേറയും കേന്ദ്രസ്ഥാനത്തു പ്രതിഷ്ഠിക്കാൻ വെമ്പിയ പച്ച ഭൗതികവാദത്തെ അവർക്കു നേരിടേണ്ടിവന്നു.

സഭാവിരുദ്ധശക്തികളുടെ സമരകേന്ദ്രമായിരുന്നു ഫ്രാൻസ്. അന്നു ലൂയി പതിന്നാലാമൻ യൂറോപ്പിൻെറ രാഷ്ട്രീയനേതൃത്വം നേടിയെടുത്തു. അതോടൊപ്പം ഫ്രാൻസിൻെറമാത്രമായി ഒരു സ്വതന്ത്രസഭയ്ക്കു രൂപംകൊടുക്കാനുള്ള അഭിനിവേശവും ഉയിരിട്ടു. വോൾട്ടെയർ, ദിദെരോ തുടങ്ങിയ എൻസൈക്ലോപീഡിസ്റ്റുകൾ റാഷണലിസത്തിൻേറയും മററീരിയലിസത്തിൻേറയും അപ്പസ്തോലന്മാരായി വിപ്ലവത്തിൻെറ വെല്ലുവിളികൾ ഉയത്തിയതും ഇക്കാലത്താണു്. അധികം കഴിയുംമുമ്പ് അതു സഭയുടെ സ്ഥാപിതനിയമങ്ങളേയും വിശ്വാസസത്യങ്ങളേയും തകിടംമറിക്കാനുള്ള ഒരാവേശമായി മാറി. വിപ്ലവനേതാക്കളിലൊരാൾ പറഞ്ഞു: "ഈ യുഗം സകല സ്ഥാപിതനിയമങ്ങളേയും മാററിമറിക്കുമെന്നാണു ഞങ്ങൾ വിശ്വസിക്കുന്നതു്." ക്രിസ്തീയവിശ്വാസസത്യങ്ങളെല്ലാം കഴമ്പില്ലാക്കഥകളെന്നു വോൾട്ടെയർ ആക്ഷേപിച്ചു. വിശ്വാസത്തേയും വെളിപാടിനേയും റൂസ്സോ ചോദ്യംചെയ്തു. ഇവരൊക്കെയാണു ഫ്രഞ്ചുജനതയിൽ അധികാരവിദ്വേഷത്തിൻെറ വിത്തു പാകിയവർ (1)

1789–ൽ ഫ്രഞ്ചുവിപ്ലവം പൊട്ടിപ്പുറപ്പെട്ടു. സമരോൽസുകരായ മതവിദ്വേഷികൾ സഭയുടെമേൽ കൈരാതികമായൊരാക്രമണം നടത്താനൊരവസരം ഇവിടെ കണ്ടു. ദൈവികസിംഹാസനത്തിൽ ബുദ്ധിയുടെ ദേവനെ കയററി പ്രതിഷ്ഠിക്കാൻ അവർ വെമ്പൽ കാട്ടി. ഫ്രാൻസിൻെറ ധാർമ്മികമണ്ഡലമാകെ കണക്കററ ദൈവദോഷങ്ങൾകൊണ്ടു കളങ്കിതമായി. മതങ്ങളെല്ലാം വിദ്വേഷവിധേയമായി; ക്രിസ്തു

(1) cf. *Catholic Encyclopedia V, art. Encyclopedist, p. 419.*

മതം ഔദ്യോഗികമായി നിരോധിക്കപ്പെട്ടു. നൂറുകണിനു വൈദികന്മാർ വധിക്കപ്പെട്ടു. അസംഖ്യം സന്യാസിനികളും തങ്ങളുടെ വിശ്വാസത്തിനുവേണ്ടി ജീവനർപ്പിച്ചു. ഫ്രഞ്ചു തെരുവുകളെല്ലാം രക്തപങ്കിലമായി. ഈശോസഭക്കാരുടെ എഴുപത്തിനാലു കലാലയങ്ങളാണു ഗവണ്മെൻറ് അടച്ചു പൂട്ടിയത്. 5643 സന്യാസികളെ നാടുകടത്തി. സഭാവസ്തുവകകളെല്ലാം കണ്ടുകെട്ടി. 1803-ൽത്തന്നെ പതിനായിരത്തിൽപ്പരം സ്കൂളുകൾ ഗവണ്മെൻറു പിടിച്ചെടുത്തു. സന്യാസികൾക്ക് അധ്യാപനാധികാരം നിരോധിച്ചുകൊണ്ടു 1804-ൽ ഒരു നിയമവും അവർ പാസ്സാക്കി.

അതേസമയം സഭയ്ക്കുള്ളിൽത്തന്നെ മറെറാരു വിരുദ്ധശക്തി വളർന്നുവന്നു—ജാൻസനിസം. നന്മയുടെ നിറമണിഞ്ഞു് അന്നത്തെ ഫ്രാൻസിൻെറ ആധ്യാത്മികമണ്ഡലത്തിൽ കോളിളക്കങ്ങൾ സൃഷ്ടിച്ചു. യഥാർത്ഥക്രൈസ്തവഭക്തിയെ അതു നിർജ്ജീവമാക്കിക്കളഞ്ഞു. ദൈവത്തിൻെറ മഹാമഹിമാവോടുള്ള 'ബഹുമാന'ത്തിൻെറ പേരുപറഞ്ഞ്, സ്നേഹത്തിൻെറ ജീവദായകമായ ദിവ്യമേശയ്ക്കണയരുതെന്നു വിശ്വാസികളെ അവർ വിലക്കി.

ഈ പ്രതിസന്ധിഘട്ടങ്ങളിലൊന്നും സഭ അനാഥയായിരുന്നില്ല. നാരകീയശക്തികൾ തനിക്കെതിരെ പ്രബലപ്പെടുകയില്ലെന്ന ദിവ്യവാഗ്ദാനം അന്നും അവൾക്കു ധൈര്യം നല്കി. അക്കാലത്തുതന്നെ, ആധ്യാത്മികപ്രാഭവം തികഞ്ഞ ചില വിശുദ്ധന്മാർ രംഗത്തെത്തി, ഇന്നത്തെ സാമൂഹികജീവിതത്തെപ്പോലും സാരമായി സ്വാധീനിച്ചുവരുന്ന ആധ്യാത്മികപ്രസ്ഥാനങ്ങൾക്കു ജന്മം കൊടുത്തു. ഈ പ്രസ്ഥാനങ്ങളാകട്ടേ, മനുഷ്യസമുദായത്തെ ദൈവത്തിൽനിന്നകററിയതുകൊണ്ടു ഭൗതികമാത്രമായിപ്പോയ മാനവസംസ്കാരത്തിനു് ഒരാധ്യാത്മികജീവൻ പ്രദാനംചെയ്യാൻ ഒട്ടേറെ സഹായിച്ചു. ഇവയിൽ പ്രധാനം, ദൈവത്തിനും ദൈവസുതനും പരസ്യാ

രാധന നല്കാനുള്ള പദ്ധതിയായിരുന്നു. അതോടൊത്തു്, മാനുഷികവ്യാപാരത്തിന്റെ വിവിധതുറകളിലേയ്ക്കു ക്രിസ്തുവിനെ സംവഹിക്കുന്ന ക്രൈസ്തവനവോത്ഥാനവും ആരംഭിച്ചു. ദൈവാലയങ്ങളിലേയ്ക്കുള്ള ഭക്തജനപ്രവാഹവും കൗദാശികജീവിതത്തിലുള്ള താല്പര്യവും ജാൻസനിസത്തിനൊരൊന്നാംതരം തിരിച്ചടിയായി. മററു ചരിത്രഘട്ടങ്ങളിലുണ്ടായതിനെക്കാളുപരി, ദൈവസാന്നിധ്യത്തിന്റെ വിസ്മയനീയമായ അടയാളങ്ങൾ ഇക്കാലത്തു ദൃശ്യമായി. മതവിരുദ്ധശക്തികളുടെ സമരരംഗമായ ഫ്രാൻസിൽത്തന്നെയാണു് ഈ ആധ്യാത്മികനവോത്ഥാനം ഉയിർകൊണ്ടതും ഉയൎന്നു പ്രാപിച്ചതും എന്നോക്കണം—ദൈവത്തിന്റെ അതിശയകരമായ പരിപാലന!

ഫ്രാൻസിസ് ദ് സെയിൽസ്, വിൻസെൻറ് ദ് പോൾ, പീററർ ഫൂറിയേ (Fourier), ഫ്രാൻസിസ് റേജിസ് (Regis), ജോൺ ഏവ്ദ് (Eudes) ക്ലോദ് ദ്ല് കൊളോങ്ബിയേർ (Claude de la Colonbiere), ഗ്രിഞ്ഞിയോങ് മോങ്ഫോർ (Grignion Montfort) ജോൺ മരിയ വിയാന്നേ, ഫ്രാൻസിസ് ദ് ഷങ്താൾ (Chantal) മാർഗരററ് മേരി അലക്കോക്ക്, തെരേസ് ദ് ലിസ്യേ (Therese de Lisieux) തുടങ്ങി ക്രൈസ്തവലോകത്തെങ്ങും വണങ്ങപ്പെടുന്ന വിശുദ്ധർ ഈ ശതകത്തിലാണു ജീവിച്ചിരുന്നതു്. തിരുഹൃദയഭക്തി, വി. ജോൺ വിയാന്നേയുടെ ദിവ്യകാരുണ്യഭക്തി, പരിശുദ്ധജനനിയുടെ ലൂർദ്ദുദർശനങ്ങൾ, അത്ഭുതകാശുരൂപം മുതലായവ ഇക്കാലത്തെ ചില ആധ്യാത്മികമഹാസംഭവങ്ങളാണു്. അതിപ്രധാനമായ മറെറാരു സമാരംഭമാണു് ഇക്കാലത്തു ഫ്രാൻസിൽ ഉദയംകൊണ്ട ദേശീയവും സാൎവ്വദേശീയവുമായ ദിവ്യകാരുണ്യകോൺഗ്രസ്സുകൾ. ഈ സമ്മേളനങ്ങൾ, മനുഷ്യരുടെയിടയിലുള്ള ദൈവസാന്നിധ്യത്തെ, ദിവ്യകാരുണ്യത്തിലുള്ള ക്രിസ്തു

സാന്നിധ്യത്തെ, പരസ്യമായി ഏററുപറയുവാൻ വിശ്വാസി കൾക്കൊരവസരം നല്കി.

## B. മൂന്നു മുന്നോടികൾ

### (a) വി. പീററർ ജൂലിയാങ്ങ് എയ്മാർ (Peter Julien Eymard)

1962 നവമ്പർ 15-ാംതീയതി ഇരുപത്തിമൂന്നാംയോഹന്നാൻ മാർപ്പാപ്പ വന്ദ്യനായ പീററർ ജൂലിയാങ്ങ് എയ്മാറിനെ വിശുദ്ധപദവിയിലേക്കുയർത്തി. എയ്മാർ 1811 ഫെബ്രുവരി 4-ാംതീയതി ഫ്രാൻസിൽ ജനിച്ചു; 1868-ൽ മരിച്ചു. മററേതു മഹാവിശുദ്ധനേയുംപോലെ എയ്മാറിനുമുണ്ടായിരുന്നു സഭയിലൊരു ദൗത്യം. വിശുദ്ധകുർബാനയുടെ ആധുനികയപ്പസ്തോലന്മാരിൽ അപ്രതിമൻ എന്നാണദ്ദേഹം അറിയപ്പെട്ടുക. "വി. കുർബാന– അവിടെത്തന്നെ സർവ്വം," എയ്മാറിനു പ്രിയപ്പെട്ടൊരു ശൈലിയായിരുന്നു ഇതു്. 1851-ൽ അദ്ദേഹമെഴുതി: "അനവധി കത്തോലിക്കരെ ഭയാനകമാംവിധം ബാധിച്ചിരിക്കുന്ന സാർവ്വത്രികനിഷ്ക്രിയത്വത്തിന്നൊരു മറുമരുന്നിനെപ്പററി ദീർഘമായാലോചിച്ചിട്ടു കണ്ടതു് ഒരേ ഒരെണ്ണം— ദിവ്യകാരുണ്യയീശോയോടുള്ള ഭക്തി" (1) മറെറാരവസരത്തിൽ അദ്ദേഹം പറഞ്ഞു: "വി. കുർബാനയിൽനിന്നു വളരെയധികം അകന്ന ഒരു ജീവിതമാണു നമ്മുടേതെന്നെനിക്കു തോന്നുന്നു. സർവ്വാതിശായിയായ ഈ മഹാരഹസ്യത്തെ സ്നേഹിക്കേണ്ടതിനെപ്പററി നമ്മൾ വേണ്ടവിധം പ്രസംഗിക്കുന്നില്ല. ഫലമോ? എത്രയെത്ര ആത്മാക്കളാണു് ആധ്യാത്മികമായി വേ

(1) Quoted in *Revue Eucharistique du Clerge*, 66 (1963), p. 107.

ദനിക്കുന്നതു്. കാരണം, ദിവ്യനാഥനിൽ ശക്തിയും സമാധാനവും കണ്ടെത്താനറിഞ്ഞുകൂടാത്തതിനാൽ, ഈ കൂട്ടരുടെ ഭക്തി വെറും ഐന്ദ്രികവും വികാരപരവുമാണു്."

സന്ദർഭമേതുമാകട്ടെ, വി. കുർബാനയെപ്പററിമാത്രമേ എയ്മാറിനു പ്രസംഗിക്കാനുള്ളു. അദ്ദേഹമെഴുതി: "നാനാവശത്തുനിന്നും സത്യത്തിൻെറ രാജാവായ ക്രിസ്തു അക്രമിക്കപ്പെട്ടുമ്പോൾ വിശ്വാസസത്യങ്ങളിലൊന്നിനെ സ്ഥാപിക്കുക എന്നതല്ല പ്രശ്നം. സുവിശേഷപുണ്യങ്ങളിലൊന്നോ രണ്ടോ പരിശീലിച്ചതുകൊണ്ടും ഒന്നുമായില്ല. സ്നേഹകാരാഗാരത്തിലെ ബന്ധിതനായ ക്രിസ്തുവിനെ പ്രസംഗിക്കണം, സേവിക്കണം— സമയത്തും അസമയത്തും, സ്ഥാനത്തും അസ്ഥാനത്തും എന്നും എവിടേയും."

തൻെറ ദിവ്യകാരുണ്യസന്ദേശം സംവഹിക്കുവാൻ അദ്ദേഹം രണ്ടു സന്യാസസമൂഹങ്ങൾ സ്ഥാപിച്ചു: ദിവ്യകാരുണ്യവൈദികർ, ദിവ്യകാരുണ്യദാസികൾ. എന്നും രാപകൽ ദിവ്യകാരുണ്യനാഥനെ ആരാധിക്കുകയെന്നതാണവരുടെ പ്രത്യേകലക്ഷ്യം. 1857- ജനുവരി ആറാംതീയതി ആദ്യത്തേ സന്യാസഭവനം ഉൽഘാടനംചെയ്തു. അന്നത്തേ സമ്മേളനത്തിൽ എയ്മാർ പറഞ്ഞു: "അന്നൊരിക്കൽ ഒരു യഹൂദപ്രതിനിധിസംഘം സ്നാപകയോഹന്നാനോടു ചോദിച്ചു, 'അങ്ങാരാണു്?' പ്രിയപ്പെട്ടവരേ, എനിക്കു തോന്നുന്നു നിങ്ങളും അതേ ചോദ്യം ഇവിടെ ആവത്തിക്കുകയാണെന്നു്. 'നിങ്ങൾ ആരാണു്; എന്താണീ പുതിയ സമാരംഭം?' ആദ്യചോദ്യത്തിനുത്തരമിതാ: 'ഒന്നുമല്ല. ദൈവമേ, അവിടുത്തേ കൈകളിൽ ഞങ്ങളൊന്നുമല്ല; ശുദ്ധമേ ശൂന്യത! സഭയുടെ അനുഗ്രഹങ്ങളുടെ ശക്തിമാത്രമാണു ഞങ്ങളെ മുന്നോട്ടു നയിക്കുന്നതു്. ഇനി, എന്താണു ഞങ്ങളുടെ ജോലി. ഞങ്ങൾ ദിവ്യകാരുണ്യസഭയുടെ മക്കളാണു്; ദിവ്യകാരുണ്യനാഥനു

നിത്യാരാധനയർപ്പിക്കുക, അതാണീസഭയുടെ ലക്ഷ്യം. മററപ്പസ്തോലികവേലകൾ ഞങ്ങൾക്കില്ലെന്നില്ല. പക്ഷേ, അവയെല്ലാം ഈ പ്രഥമലക്ഷ്യത്തിൽ കേന്ദ്രീകൃതമാണെന്നു മാത്രം."(1)

ഈ രണ്ടു സഭകളും എയ്മാറിൻെറ ദൗത്യം മുന്നോട്ടുകൊണ്ടുപോയി. 1881-ൽ പ്രീസ്റ്റ്സ് യൂക്കരിസ്റ്റിക് ലീഗും, ഏറെത്താമസിയാതെ 'പ്രീസ്റ്റ്സ് കമ്മ്യൂണിയൻലീഗ്', 'പീപ്പിൾസ് യൂക്കരിസ്റ്റിക്ലീഗ്' എന്നീ സംഘടനകളും രൂപംകൊണ്ടു.

ഒന്നാമത്തേ ദിവ്യകാരുണ്യകോൺഗ്രസ്സ നടന്നത് എയ്മാർ മരിച്ച പതിമൂന്നുവർഷം കഴിഞ്ഞിട്ടാണ്. എങ്കിലും, ദിവ്യകാരുണ്യകോൺഗ്രസ്സുകളുടെ ചരിത്രമെഴുതുന്നവനു് എയ്മാറിനെപ്പററി നിശ്ശബ്ദനായിരിക്കുക സാധ്യമല്ല. അത്രയ്ക്കഭേദ്യമാണ് അദ്ദേഹത്തോടതിനുള്ള ബന്ധം. കോൺഗ്രസ്സിൻെറ ഉത്ഭവത്തിനു സർവ്വഥാ കാരണക്കാരിയായ മിസ്സ് തമിസിയേ പത്തുവർഷത്തേയ്ക്കു്, എയ്മാറിൻെറ മരണംവരെ,അദ്ദേഹത്തിൻെറ ആധ്യാത്മികപുത്രിയായിരുന്നു.1809 ജൂലൈ 17-ാം തീയതി ദിവ്യകാരുണ്യസഭയുടെ പ്രൊക്യൂറേററർജനറൽ ആർ. പി. തെനായ്യോ (Thenaillon) യ്ക്കു് അയച്ച കത്തിൽ മിസ്സ് തമിസിയേ എഴുതി: "എൻെറ ജീവിതത്തെയാകെ നയിച്ചതു് അദ്ദേഹമാണ്, അദ്ദേഹത്തിൻെറ ആശയങ്ങളാണ്. ആ ആശയങ്ങളെത്തന്നെയാണ്, ഈ പുതിയ സമാരംഭം ലക്ഷ്യംവെക്കുന്നതും പ്രാവർത്തികമാക്കുന്നതും." (2)

---

(1) l. c., p. 110.

(2) Quoted in *Le Bienheureux Pere Eymard et Les Congress: Revue Eucharistique du Clerge* 59, 1956 p. 435

## b) തമിസിയേ (Tamisier)

അജ്ഞാതരും മനുഷ്യദൃഷ്ടിയിൽ ബലഹീനരുമായ വ്യക്തികളെയാണു്, വലിയ കാര്യങ്ങൾക്കായി ദൈവം തിരഞ്ഞെടുക്കുക. വിശ്വവ്യാപകമായ തിരുഹൃദയഭക്തിയുടെ സമാരംഭകയായ വി. മാർഗരററ് മേരി അലക്കോക് പാവപ്പെട്ട ഒരു കന്യാസ്ത്രീമാത്രം. നിർദ്ധനരരും നിരക്ഷരരുമായ കുട്ടികൾക്കാണു ലൂർദ്ദിലും ഫാത്തിമായിലും ദൈവമാതാവു കാണപ്പെട്ടതു്. അതുപോലെ, ഇന്നത്തെ സാർവ്വദേശീയദിവ്യകാരുണ്യകോൺഗ്രസ്സിനു ബീജാവാപം ചെയ്തതു് ജൂലിയാൻ്റ് എയ്മാറിൻെറ ആത്മീയശിക്ഷണത്തിൽ വളന്ന തമിസിയേയാണു്—ഒരു വെറും സാധാരണക്കാരി.

1844 നവംബർ 1-ാം തീയതി ഫ്റാൻസിലേ ടൂറി (Tours) ലാണു തമിസിയേ ജനിച്ചതു്; വിശുദ്ധിയുടെ മഹനീയസോപാനത്തിലേയ്ക്കുള്ള ആ യാത്ര അവസാനിച്ചതു 1910 ജൂൺ 20-ാം തീയതിയും. 1873- ജൂൺ 29-ാം തീയതി ഒരു മഹാസംഭവമുണ്ടായി. അന്നു ഫ്റഞ്ചുപാർലമെൻറിലേ ഇരുനൂറിൽപ്പരം അംഗങ്ങൾ പാരെല്മോണിയലിലേ (Paray-le-monial) കപ്പേളകളിൽ മുട്ടുകുത്തി തങ്ങളേയും പാർലമെൻറിനേയും ഫ്റാൻസിനെത്തന്നേയും ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിച്ചു. ഫ്റാൻസിലേ കുഗ്രാമങ്ങളിൽപ്പോലും ചലനങ്ങൾ സൃഷ്ടിച്ച ഒരു സംഭവമാണതു്.

ഇതറിഞ്ഞു് മിസ്സ് തമിസിയേ ആനന്ദതുന്ദിലയായി. അന്നു ഫാദർ ഷെവ്റിയേ (chevrier) ആയിരുന്നു അവളുടെ കുമ്പസാരക്കാരൻ. വി. കുർബ്ബാനയെസ്സംബന്ധിച്ചു് എയ്മാർ മനസ്സിൽക്കണ്ട പ്രോഗ്രാം പ്രവൃത്തിപഥത്തിലെത്തിക്കാൻ തമിസിയേ പെട്ടെന്നൊരു വഴി കണ്ടുപിടിച്ചു. "വി.

കുർബ്ബാനവഴി ലോകത്തെ രക്ഷിക്കുന്നതിനു് എന്നെത്തന്നെ സമർപ്പിക്കുവാൻ ദൈവം എന്നെ വിളിച്ചിരിക്കുന്നെന്നു് എനിക്കു മനസ്സിലായി," തമിസിയേ ഫാ. ഷെവ്റിയേയോടൊരിക്കൽ പറഞ്ഞു. ഇതും, എയ്മാർ തൻെറ വൈദികന്മാരിൽ വളർത്താനുദ്ദേശിച്ച ആശയവും ഏതാണ്ടൊന്നുതന്നെ. ഭാവിയെപ്പററി ചിന്തിച്ചപ്പോൾ തമിസിയേ അല്പം ചകിതയായി. "ജോലി അത്ര എളുപ്പമല്ല," കുമ്പസാരക്കാരൻ അവളോടു പറഞ്ഞു, "വളരെയേറെ സഹിക്കുവാനുണ്ടു്. ദൈവം ആത്മാക്കളെ ഉണർത്തുന്നതോടൊപ്പം അനുഗ്രഹംകൂടി കൊടുക്കുന്നു. അതുകൊണ്ടു്, അധ്യാനിക്കുക, പ്രാർത്ഥിക്കുക, കാത്തിരിക്കുക."

വിനീതയായ തമിസിയേ അധ്വാനിച്ചു, പ്രാർത്ഥിച്ചു, കാത്തിരുന്നു. ആദ്യം ബെല്ലേ (Belley) യിലെ ബിഷപ്പായ മോൺ. റിഷോയെ (Richaud)—ഇദ്ദേഹം പിന്നീടു് പാരീസിലെ കാർഡിനൽ ആർച്ചുബിഷപ്പായി— തമിസിയേ വിവരം ധരിപ്പിച്ചു. അദ്ദേഹത്തിനിഷ്ടമായി, തമിസിയേയുടെ പദ്ധതി. പിന്നീടു തമിസിയേ സന്ദർശിച്ചതു് വിഖ്യാതനായ മോൺ. മെർമിയ്യോയെയാണു്. അദ്ദേഹമാണു 'ദിവ്യകാരുണ്യകോഗ്രസ്സു്' എന്ന പേർ നിർദ്ദേശിച്ചതു്. ചർച്ചകളും പ്രാരംഭപണികളും പുരോഗമിച്ചു. അങ്ങനെ, 1881-ൽ ആദ്യത്തെ ദിവ്യകാരുണ്യകോൺഗ്രസ് നടന്നു. 1910-ൽ തമിസിയേ മരിക്കുന്നതിനുമുമ്പു് ഇരുപതു സാർവ്വദേശീയദിവ്യകാരുണ്യകോൺഗ്രസ്സുകൾ സമ്മേളിച്ചു. അവയുടെയെല്ലാം പിന്നണിപ്രവർത്തക തമിസിയേയാണെന്ന കാര്യം അധികമാരും അറിഞ്ഞിരുന്നില്ല. ആരുമതറിയരുതെന്നുതന്നെയായിരുന്നു, അവളുടെ ആഗ്രഹവും. തൻെറ ജോലി വിജയപ്രദമാകുന്നതിനു് എളിമയും സ്വാർത്ഥത്യാഗവും അനിവാര്യമെന്നു്, വി. ജൂലിയാങ് എയ്മാറിൻെറ വിദഗ്ദ്ധമായ ആധ്യാത്മികശിക്ഷണം ലഭിച്ച തമിസീയേ മനസ്സിലാക്കി. അന്നത്തെ ആ ചെറു

കോൺഗ്രസ് ഇന്നു രാജ്യാന്തരസീമകൾ കടന്നു സവ്വജന ശ്രദ്ധയാകർഷിച്ച് അത്ഭുതകരമായ ഫലം പുറപ്പെട്ടുവിക്കുന്നതു കണ്ടു തമിസിയേ സ്വർഗ്ഗത്തിലിരുന്നു പുഞ്ചിരിതൂവുന്നുണ്ടാവും.

## c) മോൺ. ദ് സെഗ്യൂർ (Seigur)

സഭയിലേ വൻപ്രസ്ഥാനങ്ങൾ പലതും ഒററപ്പെട്ട വ്യക്തികളാണാരംഭിച്ചിട്ടുള്ളതു്. പക്ഷേ, ദൈവപരിപാലനയാൽ സഭാധികാരികൾ അവസാനം അതിനെ ആശീവ്വദിച്ചനുഗ്രഹിക്കുകയാണു പതിവ്. ദിവ്യകാരുണ്യകോൺഗ്രസ്സിനെസ്സംബന്ധിച്ചിടത്തോളം അങ്ങനെയൊരധികാരിയെ മോൺ. ദ് സെഗ്യൂറിൽ നമുക്കു കാണാം.

1877-ൽ പാരീസിൽക്കൂടിയ ഒരു യോഗത്തിൽ ദിവ്യകാരുണ്യകോൺഗ്രസ്പ്രവത്തനങ്ങൾക്കായി ഒരു സ്ഥിരം കമ്മററിവേണമെന്നൊരഭിപ്രായം ഉണ്ടായി. പത്രോസിൻെറ സിംഹാസനത്തിൽ പുതുതായി പ്രവേശിച്ച പോപ്പ് ലിയോ പതിമ്മൂന്നാമൻ (1879-ൽ) പറഞ്ഞു: "ദിവ്യകാരുണ്യപ്രവത്തനങ്ങളുടെ പുരോഗതിക്കായി എന്തും അനുവദിക്കാൻ നാം തയ്യാറാണ്." ദിവ്യകാരുണ്യഭക്തിയുടെ കാര്യത്തിൽ അനന്യസദൃശനായിരുന്ന മോൺ. സെഗ്യൂർ തമിസിയേയ്ക്കു പ്രോത്സാഹനം കൊടുക്കുക ഒരു വലിയ കാര്യമായിക്കരുതി. തമിസിയേ 1880-ൽ അദ്ദേഹത്തിനൊരു നീണ്ട റിപ്പോർട്ടു സമർപ്പിച്ചു. മോൺ. സെഗ്യൂർ അതിനംഗീകാരം നല്കിയെന്നുമാത്രമല്ല, പ. പിതാവിനു സമർപ്പിക്കാനായി വേറൊരപേക്ഷയും ഉടൻതന്നെ തയ്യാറാക്കി. മലിനിലേ (Malines ബൽജിയത്തിൽ) ആർച്ചുബിഷപ്പായ കാർഡിനൽ ദ് ഷാങ്വഴി പരിശുദ്ധപിതാവിനു സമർപ്പിക്കുവാനായി സെഗ്യൂർ അതു തമിസിയേയെ ഏല്പിച്ചു. തമിസിയേയിൽനിന്നു്

അപേക്ഷ സ്വീകരിച്ചപ്പോൾ, കർദ്ദിനാൾത്തിരുമേനി വല്ലാതെ ആശ്ചര്യപ്പെട്ടു: "അതെയതെ, ഈ മഹാമഹിമ ദൈവത്തിനായി നേടുന്നതുവരെ മരിക്കാതിരിപ്പാൻ ഞാൻ പ്രാർത്ഥിക്കുന്നു". കുറേനാൾ കഴിഞ്ഞു, അദ്ദേഹം റോമിലെത്തിപരിശുദ്ധപിതാവുമായി ഇതേപ്പററി സംസാരിച്ചു. സെഗ്യൂർ സമർപ്പിച്ച ദിവ്യകാരുണ്യകോൺഗ്രസ്സ്പരിപാടിക്ക് ലിയോ പതിമ്മൂന്നാമൻ അംഗീകാരം നല്കി. ഇനിയുണ്ടാകേണ്ടതു് ഇതിനൊരു സ്ഥിരംകമ്മററിയാണു്. ഫ്റാൻസിലേയും ബൽജിയത്തിലേയും ആധ്യാത്മികതീക്ഷ്ണതനിറഞ്ഞ ദിവ്യകാരുണ്യപ്രേഷിതരിൽനിന്നേതാനുംപേരെ ചേർത്തു മോൺസിഞ്ഞോർ ആ കമ്മററിയുണ്ടാക്കി. 1881 ജൂൺ 28 മുതൽ മുപ്പതുവരെ ഫ്റാൻസിലേ ലിയ്യിൽ (Lille) വച്ചു് ആദ്യത്തേ ദിവ്യകാരുണ്യകോൺഗ്രസ്സ് നടത്തുമെന്നു കമ്മററി പ്രഖ്യാപിച്ചു. പക്ഷേ, ആ മഹാസംഭവം കാണാൻ മോൺസിഞ്ഞോറിനു ഭാഗ്യമുണ്ടായില്ല. 1881 ജൂൺ 9-നു്, കോൺഗ്രസ്സ് ആരംഭിക്കുന്നതിനു തൊട്ടിരുപതുദിവസം മുമ്പു്, ആ പുണ്യാത്മാവു മരിച്ചു. ദൈവത്തിൻെറ വിസ്മയാവഹമായ വഴികൾ! ഒന്നു നമുക്കു തീർത്തുപറയാം. ദിവ്യകാരുണ്യകോൺഗ്രസ്സിൻെറ ചരിത്രത്തിൽ വി. എയ്മാറിനോടും തമിസിയേയോടുമൊപ്പം മോൺ. സെഗ്യൂറും സ്മരിക്കപ്പെടും, എന്നെന്നും.

## C. ദിവ്യകാരുണ്യകോൺഗ്രസ്സിൻെറ ലക്ഷ്യങ്ങൾ

ഫ്രാൻസിൻെറ ആദ്ധ്യാത്മികമണ്ഡലത്തിലേയ്ക്കാഞ്ഞടിച്ച കൊടുങ്കാററിനെപ്പററി ചിലതൊക്കെ നാം കണ്ടുവല്ലോ. അതുപോലെ, ക്രിസ്തുവിനേയും ക്രിസ്തുസഭയേയും ഫ്രാൻസിൻെറ സാംസ്കാരികരംഗത്തുനിന്നു തുത്തെറിഞ്ഞു തൽസ്ഥാനത്തു മതനിഷ്പക്ഷതയും ഭൗതികതത്വവും പ്രതിഷ്ഠിക്കുവാൻ

18-ാംനൂററാണ്ടിൽ മതവിരുദ്ധശക്തികൾ നടത്തിയ ചില സമരതന്ത്രങ്ങളും നമ്മൾ മനസ്സിലാക്കി. ഇതൊക്കെ ഒരുവശത്തു്. മറുകരെ ജാൻസനിസമെന്ന പേരിൽ ഒരു ആധ്യാത്മികപ്രസ്ഥാനം ഉയർന്നുവന്നു. ദൈവത്തിൻെറ മഹാമഹിമാവിനോടുള്ള ഭയാദരവുകളുടെ മറപിടിച്ചു്, ജാൻസനിസം മനുഷ്യനെ ദൈവത്തിൽനിന്നകററിക്കൊണ്ടിരുന്നു. അവർ മറന്നുപോയി, സനാതനസ്നേഹമായ ദൈവം മനുഷ്യനെ തൻെറ സ്നേഹത്തിലേയ്ക്കു ക്ഷണിക്കുവാൻ മനുഷ്യനായി അവതീർണ്ണനായ കാര്യം. ഭയത്തിൻേറതല്ല ക്രിസ്തുമതം; അതിൻെറ അടിസ്ഥാനം സ്നേഹവും വിശ്വാസവുമാണു്. തൻെറ രക്തം നല്കി പരിത്രാണംചെയ്ത മനുഷ്യഗണത്തിനുവേണ്ടിയാണു ക്രിസ്തുനാഥൻ അപ്പത്തിൻേറയും വീഞ്ഞിൻേറയും സാദൃശ്യങ്ങളിൽ മറഞ്ഞിരിക്കുന്നതു്.

സഭയ്ക്കുള്ളിൽ വളർന്നുവന്ന വഴിപിഴച്ച ജാൻസനിസ്റ്റു മനോഭാവത്തിനും സഭയ്ക്കുപുറത്തുയർന്നുേറിയ മററീരിയലിസ്റ്റിക്കചിന്താഗതിക്കും ഒരുമിച്ചൊരുത്തരവും വെല്ലുവിളിയുമായിരുന്നു ദിവ്യകാരുണ്യകോൺഗ്രസ്സ്. കാരണം, ദിവ്യകാരുണ്യകോൺഗ്രസ്സ്, ദൈവം മനുഷ്യരുടെയിടയിൽ മനുഷ്യനോടൊത്തു വസിക്കുന്നുവെന്നും അവിടുന്നു മനുഷ്യനു് അപ്രാപ്യനല്ലെന്നുമുള്ള പ്രഖ്യാപനമാണു്.

## i) ആരാധന

മനുഷ്യൻെറ പ്രഥമകർത്തവ്യമാണു്, ദൈവത്തിനാരാധനനല്കുക. ദൈവത്തിനു മനുഷ്യൻെറമേലുള്ള ആധിപത്യത്തിൻേറയും മനുഷ്യനു ദൈവത്തിലുള്ള ആശ്രയത്തിൻേറയും പരസ്യപ്രഖ്യാപനമാണു് ആരാധന. പോപ്പ് ലിയോ പതിമൂന്നാമൻ എഴുതുന്നു: "പ്രിയമക്കളേ, നമുക്കൊന്നിച്ചണയാം അൾത്താരയുടെ മുൻപിൽ. അവിടെയാണു നമ്മുടെ പരിത്രാണം സമാഘോഷിക്കപ്പെടുന്നതു്."

പരിശുദ്ധത്രിത്വത്തിനർഹമായ അതേ ആരാധനതന്നെ സ്നേഹരാജനായ ദിവ്യകാരുണ്യനാഥനും നല്കണം. ഈ ആരാധന വ്യക്തിപരവും പരസ്യവുമായിരിക്കണം. ഈ പരസ്യാരാധനയ്ക്കുള്ള ഏററവും സമുചിതമായ അവസരമാണു ദിവ്യകാരുണ്യകോൺഗ്രസ്സ്. ഒപ്പം അതു വിശ്വാസികളിൽ ആന്തരികമായൊരു പുതിയ ചൈതന്യവും തീക്ഷ്ണതയും സൃഷ്ടിക്കുകയും ചെയ്യും.

1924-ൽ പോപ്പ് പിയൂസ് പതിനൊന്നാമൻ എഴുതി: "അനുഭവത്തിൽനിന്നു നമുക്കു രണ്ടുകാര്യങ്ങൾ മനസ്സിലായി. ദിവ്യകാരുണ്യകോൺഗ്രസ്സിൽസ്സംബന്ധിക്കുന്ന ഓരോ വ്യക്തിയും ജ്വലിക്കുന്ന സ്നേഹത്തോടെയാണു മടങ്ങിപ്പോവുക; കോൺഗ്രസ്സിൽ പ്രസ്പഷ്ടമായി പ്രവർത്തിക്കുന്ന ദൈവികമായ ശക്തിവിശേഷം എല്ലാ വിശ്വാസികളിലും ഉദാത്തമായൊരാവേശവും കർമ്മോന്മുഖതയും ഉണർത്തുന്നു."

## ii) പരിഹാരം (Reparation)

എല്ലാ ദിവ്യകാരുണ്യഭക്ത്യഭ്യാസങ്ങളുടേയും അവശ്യഘടകമാണു പരിഹാരം. ഇക്കാര്യത്തിൽ വിശുദ്ധരെല്ലാം ഏകാഭിപ്രായക്കാരാണ്; ഇതിൽ വിശുദ്ധരുടെ അഭിപ്രായത്തിന് ആധികാരികമായൊരു മേന്മയുമുണ്ടല്ലോ. പരിഹാരമാവശ്യമാണെന്നതിനു പാരെല്മോണിയയിലേ വെളിപാടുകൾ പ്രകടമായ തെളിവാണ്; പതിനൊന്നാംപീയൂസ്സിൻെറ 'മിസരെന്തീസ്സിമൂസ് ദേവൂസ്' ആധികാരികമായ പ്രഖ്യാപനവും.

ലോകത്തിലേ പാപങ്ങൾക്കു മുഴുവനുംവേണ്ടിയാണീ പരിഹാരം. ആധുനികയുഗത്തിൻെറ ഏററം മാരകമായൊരു പാപമാണു ക്രിസ്തീയവെളിപാടിലുള്ള അവിശ്വാസം. യഥാർത്ഥമതത്തെ രാഷ്ട്രങ്ങളൊന്നാകെ തിരസ്കരിച്ചിട്ടുണ്ട്.

പാർലമെൻറുകളിൽനിന്നും നീതിന്യായക്കോടതികളിൽനിന്നും ക്രിസ്തു പുറംതള്ളപ്പെട്ടു; വിദ്യാലയങ്ങളിൽനിന്നും കലാപീഠങ്ങളിൽനിന്നും ക്രിസ്തുവിൻെറ ദിവ്യസന്ദേശം ബഹിഷ്കൃതമായി. സാമൂഹികജീവിതത്തിൽ മതത്തിനും സനാതനമൂല്യങ്ങൾക്കും വിലയൊന്നുമില്ലെന്നു വന്നു. ഇത്തരം നാനാജാതികങ്ങളായ പാപങ്ങൾക്കും കനത്ത കൃതഘ്നതകൾക്കും പരിഹാരമായി ദിവ്യനാഥനു നല്കുന്ന പരസ്യാരാധനയുടെ പാവനകർമ്മമാണ് ഓരോ ദിവ്യകാരുണ്യകോൺഗ്രസ്സും.

ലക്ഷങ്ങൾ വിടാരവായ്പോടെ കൂദാശചെയ്ത വിശുദ്ധയപ്പത്തിനു മുൻപിൽ താണുവീണാരാധിക്കുമ്പോൾ, തങ്ങളുടെ ഹൃദയങ്ങളുടെ കോവിലുകളിൽ കാത്തുസൂക്ഷിക്കുന്ന വിശുദ്ധവിശ്വാസത്തെ പ്രഖ്യാപനം ചെയ്യുമ്പോൾ, സ്വർഗ്ഗവും ഭൂമിയും ഒരുമിച്ചാഹ്ലാദംകൊള്ളുകയാണ്.

പോപ്പ് ലിയോപതിമൂന്നാമൻെറ 'ക്വാസ് പ്രീമാസ്' എന്ന ചാക്രികലേഖനത്തിൽ ദിവ്യകാരുണ്യകോൺഗ്രസ്സുകളെപ്പററി ഒരു പരാമർശമുണ്ടു്: "ക്രിസ്തുവിനു മനുഷ്യരുടെ മേലുള്ള രാജകീയാധികാരത്തിൻെറ സാഘോഷപ്രഘോഷണത്തിനു സഹായകങ്ങളായ ജനനിബിഡമായ ദിവ്യകാരുണ്യകോൺഗ്രസ്സുകളെപ്പററി നിശ്ശബ്ദനായിരിക്കുക സാധ്യമല്ല. ദിവ്യകാരുണ്യകോൺഗ്രസ്സിനു്—അതു സാർവ്വത്രികമോ ദേശീയമോ പ്രാദേശീയമോ ആകട്ടെ—ഒരേ ഒരുദ്ദേശ്യമേയുള്ളു: ദിവ്യകാരുണ്യത്തിലെ തിരോഹിതനായ രാജാവിനു് ആരാധനയും ബഹുമാനവും സമർപ്പിക്കുക. കോൺഗ്രസ്സുകളും പ്രസംഗങ്ങളും, പരസ്യാരാധനകളും ദിവ്യകാരുണ്യപ്രദക്ഷിണങ്ങളും ഒന്നിച്ചുദ്ഘോഷിക്കുന്നതു ക്രിസ്തുവിൻെറ രാജത്വത്തെയാണു്. തൻെറ പ്രിയപ്പെട്ട ജനത്തിൻെറ അടുത്തേക്കു വരുന്ന ക്രിസ്തുവിനു കൈരാതികമായ ലോകം പ്രവേശനം നിഷേധിക്കുമ്പോൾ ക്രിസ്ത്യൻജനത പള്ളിക്കുള്ളിലേ

വിശുദ്ധ നിശ്ശബ്ദതയുടെ മറവിലിരിക്കുന്ന ക്രിസ്തുവിനെ വിജയാരവങ്ങൾ മുഴങ്ങുന്ന നഗരവീഥിയിലേ തുറന്ന ബലിവേദികയിൽ പ്രതിഷ്ഠിച്ച് അവിടുത്തേ രാജകീയപ്രേഷിതത്വത്തിനു് ആദരവുകൾ അർപ്പിക്കയാണു്."

### iii) ക്രിസ്തുസന്ദേശപ്രചരണം

ദിവ്യകാരുണ്യകോൺഗ്രസ്സിൻെറ പ്രധാനഘടകമായിരുന്നു, ആരംഭംമുതലേ, കോൺഫറൻസ്സുകളും ചർച്ചാസമ്മേളനങ്ങളും. വിശുദ്ധ കുർബാന ചൊരിയുന്ന അനുഗ്രഹവർഷം എങ്ങനെയാണു മനുഷ്യരിലേക്കു പ്രവഹിപ്പിക്കേണ്ടതെന്നതാണു് എല്ലാ ചർച്ചകളുടേയും പ്രമുഖവിഷയം. കോൺഫറൻസ്സുകളുടേയും ചർച്ചകളുടേയും വിശദമായ റിപ്പോർട്ടു് അപ്പോഴപ്പോൾ പ്രസിദ്ധീകരിക്കുന്നതുതന്നെ അവയുടെ പ്രാധാന്യത്തിനു തെളിവാണു്.

## D. ഓർഗനൈസേഷൻ

സാർവ്വദേശീയദിവ്യകാരുണ്യകോൺഗ്രസ്സിനു് ഒരു സ്ഥിരംകമ്മററിയുണ്ടു്. ഇതിൻെറ ഇപ്പോഴത്തെ പ്രസിഡണ്ടു് ബാർസലോണയിലേ ബിഷപ്പാണു്. ഈ കമ്മററിയുടെ ചുമതലയാണു, സ്ഥലത്തേ അധികാരിയോടും പ. സിംഹാസനത്തോടും ആലോചിച്ചു സമ്മേളനത്തിൻെറ സ്ഥലവും സമയവും നിശ്ചയിക്കുക. ഈ കമ്മററിതന്നെയാണു, അന്യരാജ്യങ്ങളിൽനിന്നു കോൺഗ്രസ്സിലേയ്ക്കു പ്രതിനിധികളെ ക്ഷണിക്കുന്നതും പ്രാദേശികകമ്മററി സമർപ്പിക്കുന്ന പരിപാടികൾ പരിശോധിച്ചംഗീകരിക്കുന്നതും. പ്രാദേശികകമ്മററികൾ മിക്കരാജ്യങ്ങളിലും സാർവ്വദേശീയദിവ്യകാരുണ്യകോൺഗ്രസ്സിനുവേണ്ടി പ്രവർത്തിക്കുന്നു. സ്ഥിരംപ്രാദേശികകമ്മററിയില്ലെങ്കിൽ സ്ഥലത്തേ ബിഷപ്പ് ഒരു പ്ര

ത്യേകകമ്മററിയുണ്ടാക്കുന്നു. ദിവ്യകാരുണ്യകോൺഗ്രസ്സ് പ്രവത്തനങ്ങളുടെ ഉത്തരവാദിത്വംമുഴുവൻ ഈ കമ്മററിക്കാണ്. സമ്മേളനത്തിൻെറ വിവിധാവശ്യങ്ങൾക്കായി പ്രത്യേകം പ്രത്യേകം പ്രവത്തകസമിതികളും രൂപവത്കരിക്കുന്നതാണ്.

## II

## ആദ്യത്തെ ഇരുപത്തഞ്ചു ദിവ്യകാരുണ്യകോൺഗ്രസ്സുകൾ

### 1) ലിയ്യ് (Lille 1881)

1881-ൽ ദിവ്യകാരുണ്യകോൺഗ്രസ്സിനു പോപ്പ് ലിയോപതിമൂന്നാമൻെറ ആശീർവ്വാദം ലഭിച്ചു. താമസിച്ചില്ല, മോൺ. സെഗ്യൂർ സ്ഥിരംകമ്മിററിക്കു രൂപംകൊടുത്തു. ഒന്നാമത്തെ കോൺഗ്രസ്സ് ബൽജിയത്തിൽവച്ചു നടത്തുവാനാണവർ തീരുമാനിച്ചതു്. മതിയായൊരു കാരണമുണ്ടതിനു്; 13-ാംശതകത്തിൽ 'കോർപ്പൂസ് ക്രിസ്തി' എന്ന ദിവ്യോത്സവം ആരംഭിക്കുന്നതിനു സഭയ്ക്കുത്തേജനം നല്കിയ വി. ജൂലിയാനാ (Julienne) യുടെ മാതൃരാജ്യമാണു ബൽജിയം. കോൺഗ്രസ്സ്ഭാരവാഹികൾ ബൽജിയൻഹയരാക്കിയെ സമീപിച്ചു. നിർഭാഗ്യമെന്നുപറയട്ടെ, അന്നത്തെ കലുഷിതമായ രാഷ്ട്രീയപരിതോവസ്ഥകാരണം, അവക്ക് ഒഴിഞ്ഞുമാറേണ്ടിവന്നു.

1881 ഏപ്രിൽ 25-ാംതീയതി മോൺ. സെഗ്യൂർ സ്ഥിരംകമ്മററിയോട്ട് ആലോചിച്ചശേഷം പ്രഖ്യാപിച്ചു, ഉത്തരഫ്റാൻസിലെ ലിയ്യ് പട്ടണത്തിൽവെച്ച് ആദ്യത്തെ

കോൺഗ്രസ്സ് നടത്തുന്നതാണെന്ന്. കോൺഗ്രസ്സ്സമ്മേളനം ജൂൺ 28 മുതൽ 30 വരെ മൂന്നുദിവസത്തേയ്ക്കെന്നാണ്, അവർ നിശ്ചയിച്ചത്. മോൺ. സെഗ്യൂർ ദിവംഗതനായെങ്കിലും കോൺഗ്രസ്സ് കൂട്ടകതന്നെ ചെയ്തു. 'പുതിയ ലോക'ത്തിലേ ചിലിയുൾപ്പെടെ പലേ രാജ്യങ്ങളും പ്രതിനിധികളെ അയച്ചു. ഇങ്ങനെ, ആദ്യകോൺഗ്രസ്സതന്നെ പേരിലും പ്രവൃത്തിയിലും സാർവ്വദേശീയമായിരുന്നു.

ആദ്യത്തേ രണ്ടു ദിവസങ്ങളിൽ, 'ദിവ്യകാരുണ്യഭക്തി പ്രചരിപ്പിക്കുന്നതിനു ഇന്നുവരെ എന്തു ചെയ്തു', 'ദിവ്യകാരുണ്യനാഥൻെറ രാജ്യം പ്രചരിപ്പിക്കുന്നതിനുള്ള ഉപാധികൾ' ഇവ യഥാക്രമം ചർച്ചാവിഷയങ്ങളായി. വി. കുർബാന പരസ്യമായി എഴുന്നുള്ളിച്ചുവച്ച് ആരാധനക്കും പരിഹാരത്തിനുമാണു മൂന്നാംദിവസം വിനിയോഗിച്ചത്. ദിവ്യകാരുണ്യപ്രദക്ഷിണത്തോടുകൂടെ ചടങ്ങുകൾ പരിസമാപിച്ചു. മൂവായിരത്തിൽപ്പരം അല്മായർ ആ പ്രദക്ഷിണത്തിൽ പങ്കെടുത്തു. സക്രാരിയിലേ മറഞ്ഞിരിക്കുന്ന ദൈവത്തിനു അത്രയധികം ആളുകൾ ഒന്നിച്ചാരാധനയർപ്പിച്ച രംഗം എത്ര ഹൃദയസ്പർശകം! ദിവ്യകാരുണ്യയീശോയോടു ഹൃദയംനിറയെ ഭക്തിയും പ്രവർത്തനങ്ങൾക്കൊരാവേശവും ആവഹിച്ചു കൊണ്ടാണ്, അന്നത്തേ സമ്മേളനത്തിൽനിന്നാളുകൾ പിരിഞ്ഞുപോയത്.

ഈ സമ്മേളനത്തിൻെറ റിപ്പോർട്ടുവായിച്ചിട്ട് പോപ്പ് ലിയോപതിമൂന്നാമൻ 1881 ആഗസ്റ്റ് 2-ാംതീയതി സ്ഥിരംകമ്മററിപ്രസിഡൻറിനയച്ച ഒരു കത്തിലേ പ്രസക്തമായ ഒരു ഭാഗമിതാ: "പ്രിയമക്കളേ, നിങ്ങൾ ഭരമേററിരിക്കുന്ന കാര്യത്തിൽ കർമ്മോന്മുഖരായിരിക്കുവിൻ. കൂടുതൽ പേരെ അംഗങ്ങളും പ്രവർത്തകരുമാക്കി ഈ ആധ്യാത്മികപ്രസ്ഥാനം എല്ലായിടത്തും പ്രചരിപ്പിക്കുക. സ്നേഹത്തിൻെറ ദിവ്യാഗ്നിസ്ഫുലിംഗങ്ങൾ എല്ലാ ജനഹൃദയങ്ങളിലും കൊള്ള

ത്തുവാൻ നിങ്ങൾ പരിശ്രമിക്കുക. ഈ ദിവ്യാഗ്നിസ്ഫുലിംഗങ്ങൾ ലോകത്തിൽ വിതറുവാൻ ക്രിസ്തുനാഥൻ വന്നു; വി. കുർബാനയെന്ന കൂദാശവഴി അതു് ഊതിയൂതിക്കത്തിക്കുവാൻ അവിടുന്നു തിരുമനസ്സായി."*

## 2) ആവിഞ്ഞോൺ—1882

ദക്ഷിണഫ്റാൻസിലെ ഒരു കൊച്ചുപട്ടണമാണു് ആവിഞ്ഞോൺ. സഭാചരിത്രത്തിൽ വളരെയേറെ പ്രാധാന്യമുണ്ടു് ഈ നഗരത്തിനു്. ഏതാണ്ടു മുക്കാൽശതാബ്ദക്കാലത്തേക്കു മാർപ്പാപ്പാമാരുടെ ആസ്ഥാനം ആവിഞ്ഞോൺ ആയിരുന്നു. ബിഷപ്പ് ഹാർലി (Harley) ആവിഞ്ഞോൺകോൺഗ്രസ്സിൻെറ അദ്ധ്യക്ഷൻ. കോൺഗ്രസ്സുസമാപനദിനത്തിൽ നടന്ന ദിവ്യകാരുണ്യപ്രദക്ഷിണം പ്രതീക്ഷയിൽക്കവിഞ്ഞ ഒരു വിജയമായി. ദിവ്യകാരുണ്യരാജനുമുമ്പിൽ തിരുവസ്ത്രങ്ങളണിഞ്ഞ മുന്നൂറിൽപരം വൈദികരും എരിയുന്ന തിരിപിടിച്ചു ആയിരക്കണക്കിനാളുകളും അണിനിന്നു നീങ്ങിയപ്പോൾ ആവിഞ്ഞോണാകെ കോരിത്തരിച്ചുപോയി.

## 3) ലിയേജ്—(Liege) 1883

1883 ആയപ്പോഴേക്കും ബൽജിയത്തിൻെറ രാഷ്ട്രീയാന്തരീക്ഷം ഒട്ടൊന്നു പരിശാന്തമായി. അതുകൊണ്ടു് അടുത്ത ദിവ്യകാരുണ്യകോൺഗ്രസ്സ് ബൽജിയത്തിലെ ലിയേജിൽ സമ്മേളിക്കണമെന്നു തീരുമാനിച്ചു. ദിവ്യകാരുണ്യാരാധനയുടെ ചരിത്രത്തിൽ ലിയേജിനു് അപ്രതിമമായൊരു

---

* Quoted in *The Seventh National Eucharistic Congress*, Cleveland, 1935, p. 9.

സ്ഥാനമുണ്ട്. വി. ജൂലിയാനായുടെ ജന്മസ്ഥലമാണു ലിയേജ്. ഒന്നാം സമ്മേളനത്തെ തള്ളിപ്പറഞ്ഞ ബൽജിയം ഇപ്രാവശ്യം അവളുടെ സർവ്വശ്രദ്ധയും ലിയേജിൽ കേന്ദ്രീകരിച്ചു. ഒരു നിരീക്ഷകൻ കുറിച്ചുവെച്ചതു നോക്കൂ: "മഹനീയമായൊരു പാഠം! ആശ്ചര്യകരമായ ദൃശ്യം! പ്രാർത്ഥനയുടേയും ആരാധനയുടേയും ചൈതന്യത്തിൽ ഭക്തിനിർഭരമായ ഹൃദയങ്ങളോടെ ദിവ്യകാരുണ്യനാഥൻെറമുമ്പിൽ മുട്ടുകുത്തിനില്ക്കുന്ന പതിനായിരങ്ങളുടെ സമൂഹത്തെയാണു ലിയേജ് അന്നു ദർശിച്ചതു്. മുന്നൂറിൽപ്പരം ബൽജിയൻപള്ളികളുടേയും പട്ടണങ്ങളുടേയും പതാകകളാണ് അന്നവിടെ പാറിപ്പറന്നതു്."*

നാലുദിവസത്തേയ്ക്കായിരുന്നു, കോൺഗ്രസ്സ് സമ്മേളനം. ദിവ്യകാരുണ്യസ്സംബന്ധമായ ദൈവശാസ്ത്രപഠനങ്ങൾക്കായി നന്നാലു മീററിംഗുകൾ നടന്നു, ഓരോ ദിവസവും. ആർച്ചുബിഷപ്പ് ഡ്യൂകേനുവാ (Duquesnoy) ആയിരുന്നു സമ്മേളനാദ്ധ്യക്ഷൻ.

## 4) ഫ്രിബുർ (1885)

കോൺഗ്രസ്സിൻെറ നാലാംസമ്മേളനത്തിനു തെരഞ്ഞെടുക്കപ്പെട്ടതു സ്വിററ്സർലണ്ടിലെ ഫ്റിബൂർനഗരമാണ്. ജിനീവയുടേയും ലോസാജിൻേറയും ബിഷപ്പായിരുന്ന മോൺ. മെർമിയ്യോവായിരുന്നു, അധ്യക്ഷൻ. പതിനെട്ടാംശതകത്തിലെ മഹാപുരുഷന്മാരിൽ ഒരാളാണ്, ഇദ്ദേഹം. തമിസിയേയുടെ ആധ്യാത്മികപിതാവായിരുന്നുകൊണ്ട്, അവളുടെ ദിവ്യകാരുണ്യപ്രവർത്തനങ്ങളെ ഇദ്ദേഹം പ്രോത്സാഹിപ്പിക്കയുണ്ടായി.

---

* FR. P. TESNIERE, S. S. S., quoted in *Les Congres Eucharistiques*, p, 14.

ഒരു പ്രോട്ടസ്റ്റൻറുരാജ്യമാണ സ്വിററ്സർലണ്ടെങ്കിലും, മോൺ. മെർമിയ്യോയുടെ വ്യക്തിത്വവിശേഷം പ്രമുഖരായ പ്രോട്ടസ്റ്റൻറു ഭരണാധിപന്മാരെപ്പോലും സമ്മേളനരംഗത്തേക്കാകർഷിച്ചു. ലോകത്തെങ്ങുനിന്നുമെത്തിയ പതിനായിരങ്ങൾ സംബന്ധിച്ച് ആ ദിവ്യകാരുണ്യപ്രദക്ഷിണം, ഒരു നിരീക്ഷകൻെറ നോട്ടത്തിൽ 'അവർണ്ണനീയമാംവിധം ഹൃദയഹാരി'യായിരുന്നു. സ്വിററ്സർലണ്ടിനെ നയനാഭിരാമമാക്കുന്ന ഉയൎന്ന കുന്നുകളും ഉപത്യകകളും പ്രദക്ഷിണവീഥിയുടെ മനോഹാരിതയ്ക്കു മാററുകൂട്ടി.

## 5) ടൂലൂസ് (1886)

വി. തോമസ് അക്വിനാസിൻെറ പൂജ്യാവശിഷ്ടങ്ങൾ അന്ത്യവിശ്രമംകൊള്ളുന്ന ഫ്റാൻസിലെ ടൂലൂസ്നഗരമാണ ഇപ്രാവശ്യത്തെ സമ്മേളനസ്ഥലം. ഫ്റാൻസിൻെറ ആധ്യാത്മികചരിത്രത്തിൽ പ്രകീൎത്തിതമായ പങ്കുവഹിച്ച ടൂലൂസ് 'വി. നഗരം' എന്നാണ് അറിയപ്പെട്ടുക.

ടൂലൂസിലെ രാഷ്ട്രീയാധികാരികൾ സഭയുടെനേരെ ഒട്ടൊരു ശത്രുമനോഭാവമാണ കാട്ടിയതു്. അവർ, കോൺഗ്രസ്സ് വിജയിക്കണമെന്ന് ആത്മാൎത്ഥമായഭിലഷിച്ച കത്തോലിക്കരുടെ പ്രവൎത്തനങ്ങളെ നിരുത്സാഹപ്പെടുത്തി. പക്ഷേ, ടൂലൂസിലെ അർച്ചുബിഷപ്പായ കാർഡിനൽ ഡെസ്പ്രെ (Desprez) യുടെ നിശ്ചയദാർഢ്യത്തോടു കത്തോലിക്കരുടെ വിശ്വസ്തതയും വിശ്രമമറിയാത്ത പ്രവൎത്തനവും കൂടിച്ചേൎന്നപ്പോൾ അദൃഷ്ടപൂൎവ്വമായൊരു വിജയമായി, ടൂലൂസ്കോൺഗ്രസ്സ്—വിശ്വാസം.വെട്ടിത്തിളങ്ങുന്ന ഒരു വൻപ്രകടനം. മുപ്പത്തയ്യായിരത്തിൽപ്പരം വിശ്വാസികളാണ്, സമീപനഗരമായ ലൂർദ്ദിൽ നടന്ന സമാപനചടങ്ങുകളിൽ സംബന്ധിച്ചതു്; കോൺഗ്രസ്സിൻെറ ചരിത്രത്തിൽ ഇതാദ്യമാണ്.

## 6) പാരീസ് (1888)

ഫ്റാൻസിൻെറ തലസ്ഥാനനഗരിയിൽ സമ്മേളിച്ച ആറാംകോൺഗ്രസ്സിൽ കാർഡിനൽ റീഷോ (Richaud) ആയിരുന്നു, അധ്യക്ഷൻ. വൈരുദ്ധ്യങ്ങളുടെ കലവറയാണു പാരീസ്. പാരീസിനു വേറൊരു പ്രത്യേകതയുണ്ട്: തിന്മയാവട്ടെ നന്മയാവട്ടെ, ചെയ്യുമ്പോൾ തികവിൽത്തന്നെ ചെയ്യുക. ദിവ്യകാരുണ്യകോൺഗ്രസ്സിൻെറ കാര്യത്തിലും പാരീസ് സ്വീകരിച്ച നയമിതാണ്. അങ്ങനെ, 'ദിവ്യകാരുണ്യത്തിൻെറ പട്ടണം' എന്നു് അസ്സീസിയിലേ വി. ഫ്രാൻസിസ് പാരീസിനെപ്പററിപ്പറഞ്ഞതു് ഒരിക്കൽക്കൂടി അന്വർത്ഥമായി.

പ്രഖ്യാതമായ നോട്ടർ ദാം ദൈവാലയമായിരുന്നു, സമ്മേളനസ്ഥലം. പട്ടണത്തിലേ പ്രധാനപള്ളികളിലെല്ലാം നിത്യാരാധന നടത്തിയതു് ആറാംകോൺഗ്രസ്സിൻെറ ഒരു പ്രത്യേകതയായെടുക്കാം. ചുരുക്കിപ്പറഞ്ഞാൽ, ദിവ്യകാരുണ്യയീശോയിൽ കത്തോലിക്കാഫ്റാൻസിനുള്ള വിശ്വാസത്തിൻെറ പരസ്യപ്രഖ്യാപനമായിരുന്നു, ഈ പാരീസ് കോൺഗ്രസ്സ്.

## 7) ആൻവെർപ്പ് (Antwerp 1890)

ബെൽജിയത്തിൽ നടക്കുന്ന രണ്ടാമത്തേ കോൺഗ്രസ്സാണിതു്. സമ്മേളനസ്ഥലമായ ആൻറുവെർപ്പ് നല്ലൊരു തുറമുഖപട്ടണവും ബൽജിയത്തിൻെറ വൈയവസായികതലസ്ഥാനവുമാണ്. ആറേഴുനൂററാണ്ടായി മുടങ്ങാതെ നടത്തിവരുന്ന ദൈവമാതൃപ്രദക്ഷിണം ഈ നഗരത്തിൻെറ ആധ്യാത്മികപ്രാഭവം വെളിവാക്കുന്നു.

എല്ലാംകൊണ്ടും ഒരു വമ്പിച്ച വിജയമായിരുന്നു,

അൻറുവെർപ്പുകോൺഗ്രസ്സ്. അധ്യക്ഷൻ മലിനിലേ (Malines) ആർച്ചുബിഷപ്പ് കാർഡിനൽ ഗൊസ്സാങ്ങ് (Gossens). തുറന്ന ഒരു മൈതാനിയിലാണ്, വി. കുർബാന എഴുന്നള്ളിച്ചുവെയ്ക്കുവാനുള്ള അൾത്താര സജ്ജമാക്കിയതു്. ഒന്നരലക്ഷത്തിൽപ്പരം ആളുകൾ ഈ സമ്മേളനത്തിൽ പങ്കെടുത്തു—മുൻകോൺഗ്രസ്സുകളുമായി തട്ടിച്ചുനോക്കുമ്പോൾ ഒററപ്പെട്ടൊരു സംഭവം.

അൻറുവെർപ്പിൽനിന്നു് അധികമകലെയല്ലാതെ ഹൂഗ്സ്ത്രാത്തെൻ (Hoogstraten) എന്ന ഒരു ദിവ്യകാരുണ്യ തീർത്ഥസ്ഥലമുണ്ടു്. അതിനുപിന്നിലുണ്ടൊരു സംഭവം. പതിന്നാലാംനൂററാണ്ടിൽ അതു സംഭവിച്ചതായിട്ടാണു ചരിത്രരേഖ. ദിവ്യകാരുണ്യത്തിലേ യഥാർത്ഥക്രിസ്തുസാന്നിധ്യത്തെപ്പററി സന്ദേഹത്തോടെ ഒരു വൈദികൻ ബലിയർപ്പിക്കുകയായിരുന്നു. കൂദാശവചനങ്ങൾ ഉച്ചരിച്ചുകഴിഞ്ഞതാമസം, തിരുരക്തം പതഞ്ഞുപൊങ്ങി കാസാ കവിഞ്ഞൊഴുകി. ആ രക്തംകൊണ്ടു നനഞ്ഞ കെത്താന ഇന്നും സൂക്ഷിച്ചുവച്ചിട്ടുണ്ടു്. അതിൻെറ അരുണവർണ്ണം അല്പവും മങ്ങിയിട്ടില്ല. ഇതുകൊണ്ടാണു് അങ്ങോട്ടു് ഒരു തീർത്ഥയാത്രയും കോൺഗ്രസ്സ്പരിപാടിയിൽ കൊള്ളിച്ചതു്.

പൗരസ്ത്യസഭകളേയും ദിവ്യകാരുണ്യോത്സവത്തിൽ പങ്കുകൊള്ളിക്കണമെന്നു വിജയപ്രദമായി നടത്തപ്പെട്ട പഠനക്കളരിയിൽ തീരുമാനിക്കപ്പെട്ടു.

## 8) ജറൂസലം (1893)

കിഴക്കിൻേറയും പടിഞ്ഞാറിൻേറയും സമ്മേളനരംഗമാണു ജറൂസലം. എട്ടാമത്തേ കോൺഗ്രസ്സ് അവിടെവച്ചായാൽ പൗരസ്ത്യസഭയ്ക്കും പാശ്ചാത്യസഭയ്ക്കും ഒന്നുപോലെ അതിൽ പങ്കെടുക്കാമെന്നൊരാശയം അൻറുവെർപ്പുസമ്മേളന

ത്തിൽത്തന്നെ പ്രകടമായിരുന്നു. പോപ്പ് ലിയൊപതിമൂന്നാമൻ ജറൂസലംകോൺഗ്രസ്സിൻെറ കാര്യത്തിൽ പ്രത്യേകിച്ചൊരു ശ്രദ്ധ കാണിച്ചു. റൈമ്സിലെ ആർച്ചുബിഷപ്പ് കാർഡിനൽ ലാങ്ജെമിയേവിനെ (Langemieux) പേപ്പൽലെഗെററായി നിയമിച്ചതുതന്നെ ഇതിനൊരു തെളിവ്. ജറൂസലംകോൺഗ്രസ്സ്തൊട്ടാണു പോപ്പിൻെറ പ്രതിനിധി (Legatus a Latere) ദിവ്യകാരുണ്യസമ്മേളനങ്ങളിൽ അധ്യക്ഷതവഹിച്ചുതുടങ്ങിയതു്.

ഫ്റാൻസിൽനിന്നും ബൽജിയത്തിൽനിന്നുമായി രണ്ടു ഭീമൻകപ്പലുകൾനിറയെ തീർത്ഥകർ അന്നു ജറൂസലത്തെത്തി. ചലിക്കുന്ന രണ്ടു കത്തീഡ്രൽദേവാലയങ്ങളായിരുന്നു, ആ കപ്പലുകൾ രണ്ടും സമുദ്രമദ്ധ്യേ. നാന്തറിൽപ്പരം ദിവ്യബലികൾ അർപ്പിക്കപ്പെട്ടു, ഓരോദിവസവും. കപ്പലിലെ അൾത്താരകളിൽ സന്നിഹിതനായ കർത്താവിൻെറ മുമ്പിൽ രാവും പകലും ആരാധന സമർപ്പിച്ചു. സമുദ്രമദ്ധ്യേ കപ്പലുകൾ രണ്ടിലും നടത്തപ്പെട്ട ദിവ്യകാരുണ്യപ്രദക്ഷിണം അത്യാകർഷകമായിരുന്നു.

അതിഗംഭീരമായ ഒരു സ്വീകരണമാണു്, അണിഞ്ഞൊരുങ്ങിയ ജറൂസലം അന്നു പേപ്പൽപ്രതിനിധിയ്ക്കു നല്കിയതു്. അദ്ദേഹത്തെ അലങ്കരിച്ച ഒരു കഴുതക്കുട്ടിയുടെ പുറത്തിരുത്തി ക്രിസ്ത്യാനികളും യഹൂദരും മുഹമ്മദീയരും ഒന്നുചേർന്ന് ഓശാനഞായറാഴ്ചയെ അനുസ്മരിപ്പിക്കുമാറു് വിജയാരവങ്ങളോടെ ശവകുടീരബസിലിക്കയിലേക്കാനയിച്ചപ്പോൾ ജറൂസലം കോൾമയിർകൊണ്ടു.

കോൺഗ്രസ്സ്സമ്മേളനത്തിൽ പതിവുള്ള ഭക്തികൃത്യങ്ങളെല്ലാം അത്ഭുതപൂർവ്വമാംവിധം ജറൂസലത്തും നടത്തപ്പെട്ടു. ക്രിസ്തുനാഥൻെറ പാദസ്പർശമേല്ക്കുകയും അവിടുത്തെ ഹ്രസ്വകാലജീവിതത്തിലെ നൂറുനൂറുസംഭവങ്ങൾക്കു

സാക്ഷ്യംവഹിക്കുകയുംചെയ്ത ജറുസലത്തെ എല്ലാ ദേവാലയങ്ങളിലുമുണ്ടായിരുന്നു, പരസ്യാരാധന. സമാപനസമ്മേളനം സിയോൺമലയിലെ തുറസ്സായ അന്തരീക്ഷത്തിലാണു നടത്തപ്പെട്ടതു്. ക്രിസ്തുമതത്തിന്റെ പിള്ളത്തൊട്ടിലായ ജറുസലത്തു ദിവ്യകാരുണ്യത്തിലെ ജീവിക്കുന്ന ക്രിസ്തുനാഥനു ലഭിച്ച സ്തുതിയും സ്വീകരണവും അനുത്തമമത്രേ. കിഴക്കിന്റേയും പടിഞ്ഞാറിന്റേയും സംഗമസ്ഥാനമാണു ജറുസലമെന്നിരിക്കെ, സമ്മേളനത്തിലെ ചർച്ചാവിഷയം 'കിഴക്കൻസഭകളുടേയും പടിഞ്ഞാറൻസഭയുടേയും പുനരൈക്യ' മായതു തികച്ചും സന്ദർഭോചിതമായി.

## 9) റൈമ്സ് (Rheims 1894)

കത്തോലിക്കഫ്രാൻസിനു ജന്മംകൊടുത്ത ക്ലോവീസ് രാജാവു ജ്ഞാനസ്നാനം സ്വീകരിച്ചതിന്റെ പതിന്നാലാം ശതാബ്ദജൂബിലിയാഘോഷങ്ങൾക്കു് ഒരുങ്ങുകയായിരുന്നു റൈമ്സ്നഗരം. ഒൻപതാമത്തെ ദിവ്യകാരുണ്യകോൺഗ്രസ്സ് അവിടെവെച്ചായാൽ ജൂബിലിയാഘോഷങ്ങൾക്കതു മകുടംചാർത്തുമെന്നു് അവർ കരുതി. കാർഡിനൽ ലാങ്ജമിയേവ് തന്നെയായിരുന്നു, ഇപ്രാവശ്യത്തേയും അധ്യക്ഷൻ.

ജറുസലംകോൺഗ്രസ്സിലെന്നപോലെ പൗരസ്ത്യസഭകൾ റൈമ്സ്കോൺഗ്രസ്സിലും സജീവമായി പങ്കെടുത്തു. സമൂഹത്തേയും പ്രത്യേകിച്ചു തൊഴിലാളികളേയും സംബന്ധിക്കുന്ന ജീവൽപ്രശ്നങ്ങൾ പഠനക്കളരികളിൽ ചർച്ചാവിഷയമാക്കിയതു് റൈമ്സ്കോൺഗ്രസ്സിന്റെ ഒരു പ്രത്യേകതയാണു്. വരുംകോൺഗ്രസ്സുകളിലെ ചർച്ചാവിഷയങ്ങളുടെ കാര്യത്തിൽ ഇതൊരു വഴിത്തിരിവായിരുന്നു. ആധ്യാത്മികജീവിതവുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ട എല്ലാ മാനുഷികപ്രശ്നങ്ങളേയും ചർച്ചയ്ക്കെടുക്കുന്ന

പതിവ് ഇവിടെയാണാരംഭിക്കുക. പതിനായിരക്കണക്കിനു വൈദ്യുതദീപങ്ങൾ കത്തിനിന്ന കത്തീഡ്രൽദേവാലയം അഭൗമികമായ സൗന്ദര്യത്തിൻെറ പ്രതിബിംബനമായിരുന്നു.

## 10) പാരെലമോണിയൽ (1897)

തിരുഹൃദയഭക്തിയുമായി അഭേദ്യം ബന്ധപ്പെട്ടൊരു കൊച്ചുപട്ടണമാണു്, പാരെലമോണിയൽ. ഈ പ്രാധാന്യത്തെ മുൻനിറുത്തിയാണു്, പത്താം കോൺഗ്രസ്സ് ഇവിടെ സമ്മേളിക്കാമെന്നുവച്ചതു്. മഹാനഗരങ്ങൾക്കുമാത്രം സാധിക്കുന്ന ബാഹ്യാഡംബരങ്ങളൊന്നും പാരെലമോണിയൽ കോൺഗ്രസ്സിനില്ല. എന്നാൽ, മററു കോൺഗ്രസ്സുകളെക്കാൾ ചിലകാര്യങ്ങളിൽ ഇതൊരു മഹാവിജയമായിരുന്നു. ഒരു കുടുംബസമ്മേളനത്തിൻെറ പ്രതീതിയാണു്, അന്നവിടെ കളിയാടിക്കണ്ടതു്. വി. മാർഗരെററ്മേരി അലക്കോക്കിനു ദിവ്യനാഥൻ പ്രത്യക്ഷനായി പരിഹാരാരാധന ആവശ്യപ്പെട്ട അതേ കപ്പേളയിൽത്തന്നെ ദിവ്യകാരുണ്യാരാധന നടത്തിയപ്പോൾ അതിനൊരു പ്രത്യേക ദിവ്യതയുണ്ടായി. ദിവ്യകാരുണ്യഭക്തിയും തിരുഹൃദയഭക്തിയും ഒന്നിച്ചുചേരുന്നു—പത്താംകോൺഗ്രസ്സിൻെറ പ്രത്യേകത.

പാരെലമോണിയൽസമ്മേളനം കഴിഞ്ഞയുടനെതന്നെ പോപ്പ് ലിയോപതിമൂന്നാമൻ ഒരു ഫ്രാൻസിസ്കൻസന്യാസസഹോദരനായ വി. പാസ്കൽ ബെയ്ലോണി (Baylon)നെ ദിവ്യകാരുണ്യകോൺഗ്രസ്സിൻെറ സ്വർഗ്ഗീയമദ്ധ്യസ്ഥനായി പ്രഖ്യാപിച്ചു. 1897 നവംബർ 28-ാംതീയതി പ്രസിദ്ധീകരിച്ച 'പ്രോവിദെന്തീസിമൂസ് ദേവൂസ്' എന്ന അപ്പസ്തോലികലേഖനത്തിൽ പ. പിതാവു പറയുന്നു: "വർദ്ധിച്ചുവരുന്ന തിരുഹൃദയഭക്തിയും ജപമാലഭക്തിയും നമ്മുടെ ഹൃദയത്തിനു സമാശ്വാസകരംതന്നെ. എങ്കിലും നമ്മു

ടെകാലത്തുതന്നെ മഹത്തായ ദിവ്യകാരുണ്യകോൺഗ്രസ്സുകൾകണ്ട വിവിധ ജനപദങ്ങളിൽ പ്രവൃദ്ധമായിരിക്കുന്ന ദിവ്യകാരുണ്യഭക്തിയെയാണു ദൈവാനുഗ്രഹത്തിൻെറ പ്രത്യക്ഷനിദർശമായി നാം എടുക്കുക. ഇതിനുമുമ്പു പല സന്ദർഭങ്ങളിൽ നാം സൂചിപ്പിച്ചിട്ടുള്ളതുപോലെ, വിശ്വാസത്തിൻെറ ഉറപ്പുററ ഏററുപറച്ചിലിനും യഥാർത്ഥക്രിസ്തീയ പുണ്യാഭ്യാസത്തിനും പ്രേരണനല്കുവാൻ, ഐക്യത്തിൻെറയും സമാധാനത്തിൻെറയും പ്രതീകമായ സ്നേഹത്തിൻെറ കൂദാശയുടെനേരെ തീക്ഷ്ണമായ ഭക്തി വളർത്തുക എന്നതിനെക്കാൾ കൂടുതൽ ഫലപ്രദമായ മറെറാരു മാർഗ്ഗമില്ല. നമ്മുടെ ഇടയനടുത്ത ശ്രദ്ധ പ്രത്യേകമാംവിധം ഇക്കാര്യത്തിൽ പതിയുന്നുണ്ട്."

## 11) ബ്രസൽസ് (1898)

ബൽജിയത്തിൻെറ തലസ്ഥാനമാണു ബ്രസൽസ്. പതിനൊന്നാംകോൺഗ്രസ്സിനു ഈ നഗരം തിരഞ്ഞെടുത്തതിനു ഒരു പ്രത്യേകകാരണമുണ്ട്. ഇന്നേയ്ക്കാരാറുനൂററാണ്ടുമുമ്പു ദിവ്യകാരുണ്യനാഥൻ അവിടെയൊരത്ഭുതം പ്രവർത്തിച്ചു. 1370-ൽ ക്രൈസ്തവവിരുദ്ധരായ കുറെ യഹൂദന്മാർ സക്രാരി കുത്തിത്തുറന്നു കുറെ തിരുവോസ്തികൾ മോഷ്ടിച്ച് അവരുടെ സിനഗോഗിലേക്കു കൊണ്ടുപോയി. അവിടെ ആ കൂദാശ ചെയ്ത അപ്പത്തെ അതിനിന്ദ്യമായി അവർ അവഹേളിച്ചു. അത്ഭുതമേ, തിരുവോസ്തികളിൽനിന്നു ചുടുരക്തം പ്രവഹിച്ചുതുടങ്ങി. ഈ ദൃശ്യം യഹൂദരെ പരിഭ്രാന്തരാക്കി. ഒരാൾ അടുത്ത കത്തോലിക്കദൈവാലയത്തിലേയ്ക്കോടി. അവിടെനിന്നൊരു വൈദികൻവന്ന് അവഹേളിക്കപ്പെട്ട ദിവ്യകാരുണ്യനാഥനെ സക്രാരിയിലേയ്ക്കുതന്നെ സംവഹിച്ചു. വിദ്യുത്‌വേഗത്തിൽ ഈ വാർത്ത എല്ലായിടത്തുമെത്തി. കുററം ചെയ്തവരെ രാഷ്ട്രീയാധികാരികൾ വധിക്കുവാൻ കല്പിച്ചു.

അന്നു രക്തം ചിന്തിയ തിരുവോസ്തികളിൽ മൂന്നെണ്ണം ഗൂഡെലാ (Gudela) ദൈവാലയത്തിൽ ഇന്നും സൂക്ഷിച്ചുവരുന്നു. 'അത്ഭുതത്തിൻെറ കൂദാശ' എന്നാണവ അറിയപ്പെടുക.

ബ്രസ്സൽസ്കോൺഗ്രസ്സ് നാലുദിവസം ദീർഘിച്ചു. 'വി. കർബാനയും സാമൂഹ്യപ്രശ്നവും' ആയിരുന്നു, പഠനക്കളരിയിലെ ചർച്ചാവിഷയം. പേപ്പൽപ്രതിനിധിയായെത്തിയ കാർഡിനൽ വിൻസെൻറ് വാനുത്തെല്ലി കോൺഗ്രസ്സിലെ വിവിധ ചടങ്ങുകളിൽ ആധ്യക്ഷ്യംവഹിച്ചു. ദിവ്യകാരുണ്യപ്രദക്ഷിണം ഉൾപ്പെടെയുള്ള സമാപനച്ചടങ്ങുകളുടെ ആർഭാടമോടികൾ വിവരിക്കുക വയ്യ. കോൺഗ്രസ്സ് തുടങ്ങുന്നതിനു ദിവസങ്ങൾമുമ്പേ അങ്ങോട്ടു ജനപ്രവാഹമായി. ബ്രസ്സൽസ്നഗരത്തിൻെറ സംഭരണശക്തിയിൽക്കവിഞ്ഞ ജനസമുദ്രത്തെക്കണ്ട കോൺഗ്രസ്സുപ്രവർത്തകർ ഒട്ടൊന്നു പകച്ചുപോയി. പ്രദക്ഷിണം സാധ്യമല്ലെന്നുപോലും അവർ സംശയിച്ചു. എങ്കിലും, സമ്മേളനം വിജയകരമായി നടന്നു. അപ്പത്തിൻെറ ആകൃതിപൂണ്ട തങ്ങളുടെ രാജാവിൻെറ എഴുന്നള്ളത്തിനു് അകമ്പടിനില്ക്കാൻ എന്തും സഹിക്കാൻ തയ്യാറായിരുന്നു, ആ ജനസഹസ്രങ്ങൾ.

## 12) ലൂർദ്ദ് (1899)

ബ്രസ്സൽസ്കോൺഗ്രസ്സുകഴിഞ്ഞു തൊട്ടടുത്ത വർഷമാണിതു നടന്നതു്. ആധ്യാത്മികരംഗത്തു വളരെയേറെ പരിവർത്തനങ്ങൾ ദർശിച്ച ഒരു കാലഘട്ടമാണു 18-ാംനൂററാണ്ടു്. ആ നൂററാണ്ടിൻെറ അവസാനവാതിൽ ഒരു ദിവ്യകാരുണ്യകോൺഗ്രസ്സിൻെറ പാവനമുദ്രകൊണ്ടു് അടയാളപ്പെടുത്തപ്പെട്ടതു് എല്ലാംകൊണ്ടും അർത്ഥവത്താണു്.

മററധികംസ്ഥലങ്ങൾക്കില്ലാത്ത ആധ്യാത്മികപശ്ചാത്തലവും പരിപാവനമായൊരന്തരീക്ഷവുമുണ്ടു് ദിവ്യജനനി

യുടെ ദർശനങ്ങൾനടന്ന ലൂർദ്ദിനു്. അഞ്ചാംദിവ്യകാരുണ്യകോൺഗ്രസ്സിലേ സമാപനസമ്മേളനത്തിൻെറ അത്യാകർഷകത്വം വെളിപ്പെട്ടത്തിയതും ഇപ്പരമാത്ഥമാണു്.

ലൂർദ്ദിൻെറ കീത്തിക്കു നിദാനം പരിശുദ്ധജനനി ബർണ്ണർദീത്തക്കു നല്കിയ ദർശനങ്ങളാണു്. എങ്കിലും ലൂർദ്ദിനെ ദിവ്യജനനിയുടെ നഗരമെന്നുമാത്രം വിളിച്ചാൽ പോരാ; ദിവ്യകാരുണ്യത്തിൻേറയും നഗരമാണതു്. ലൂർദ്ദിലേ അത്ഭുതരോഗശാന്തികളിൽ ഏറെയും നടക്കുക ദിവ്യകാരുണ്യപ്രദക്ഷിണസമയത്താണുതാനും.

കാർഡിനൽ ലാങ്ങ്ജമിയേവ്തന്നെയായിരുന്നു സമ്മേളനത്തിലേ പേപ്പൽപ്രതിനിധി. 'ദിവ്യകാരുണ്യാരാധനയും പരിശുദ്ധകന്യകയും' എന്ന വിഷയത്തെപ്പററി ദീർഘങ്ങളായ ചർച്ചകൾ നടന്നു. ചർച്ചകൾക്കു നേതൃത്വം നല്കിയതു പ്രഗത്ഭരായ ഫാദർ തെസ്നിയേറും (Tesniere) ഫാദർ കുബേ (Coube) എസ്. ജെ.യുമാണു്. പ്രതിവാര ദിവ്യകാരുണ്യസ്വീകരണത്തെസ്സംബന്ധിച്ച ഫാദർ കുബേ നടത്തിയ മൂന്നു് ഉജ്ജ്വലപ്രഭാഷണങ്ങൾ ദിവ്യകാരുണ്യഭക്തിയെസ്സംബന്ധിച്ച ആധുനികമനോഭാവത്തിൻെറ ആരംഭം കുറിക്കുന്നു.

വനിതകളെക്കൂടി ദിവ്യകാരുണ്യകോൺഗ്രസ്സിൽ പങ്കെടുപ്പിക്കണമെന്ന ആഗ്രഹം ഫലമണിഞ്ഞതു ലൂർദ്ദുകോൺഗ്രസ്സിലാണു്.

പതിവുള്ള എല്ലാ പരിപാടികളും കൂടുതൽ ഭക്തിനിർഭരമായി നടത്തപ്പെട്ടു. ഹൃദയത്തിൽ എരിയുന്ന ദൈവസ്നേഹവും കൈയിൽ എരിയുന്ന മെഴുകുതിരികളുമായി അൻപതിനായിരത്തിൽപ്പരമാളുകൾ സമാപനപ്രദക്ഷിണത്തിൽ പങ്കെടുത്തു. അക്കാഴ്ച പിരണീസ്പർവ്വതനിരകളെപ്പോലും അത്ഭുതപ്പെട്ടത്തി! പിരണീസിൻെറ പ്രാത്ഥനാത്മകമായ

അന്തരീക്ഷമാണു ലൂർദ്ദ്കോൺഗ്രസ്സിനെ ഇത്രമേൽ ചൈതന്യപൂർണ്ണവും മനോഹാരിയുമാക്കിയതു്.

## 13) ആംജേ (Anger 1901)

ഇരുപതാംനൂററാണ്ടിലെ ആദ്യത്തെ കോൺഗ്രസ്സാണിതു്. സമ്മേളനസ്ഥലമായ ആംജേ ദിവ്യകാരുണ്യചരിത്രത്തിൽ ഇതിനുമുമ്പും അറിയപ്പെട്ടിരുന്നൊരു പട്ടണമാണ്. ദിവ്യകാരുണ്യത്തിലെ യഥാർത്ഥക്രിസ്തുസ്സാന്നിദ്ധ്യത്തെ ആദ്യമായി നിഷേധിച്ച ബെറംഗാരിയസ് ആംജേക്കാരനാണു്.

സാമൂഹികപ്രശ്നങ്ങളുടെ വിവിധവശങ്ങളെപ്പററി വിപുലങ്ങളായ ചർച്ചകൾ നടന്നു. ദീർഘകാലത്തെ തയ്യാറെടുപ്പിൻേറയും പരിചിന്തനത്തിൻേറയും ഫലമായിരുന്നു ആംജേചർച്ചാസമ്മേളനങ്ങൾ. അതുകൊണ്ടു വളരെയേറെ പ്രാധാന്യവുമുണ്ടു് അവിടെയെടുത്ത തീരുമാനങ്ങൾക്കു്. യുവജനങ്ങൾക്കു തനിച്ചൊരു ചർച്ചാഘടകമുണ്ടായിരുന്നു, അതേ സമ്മേളനത്തിൽ. സാമൂഹികപ്രശ്നങ്ങൾക്കെങ്ങനെ പരിഹാരം കണ്ടെത്തണമെന്നും, ദിവ്യകാരുണ്യഭക്തി വളർത്താൻ തങ്ങൾ എന്തു ചെയ്യണമെന്നും യുവജനങ്ങൾ ഒന്നിച്ചിരുന്നു ആലോചിക്കുകയും പ്രായോഗികതീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. പിന്നീടുള്ള എല്ലാ കോൺഗ്രസ്സുകളിലും യുവജനവിഭാഗത്തിൻെറ സമ്മേളനം കൂടുതൽക്കൂടുതൽ ശ്രദ്ധ ആകർഷിക്കുവാൻ തുടങ്ങി.

അവസാനഘട്ടമായ ദിവ്യകാരുണ്യപ്രദക്ഷിണത്തിനെതിരേ ഒരെതിർപ്രകടനം നടത്താൻപോലും ചില കബുദ്ധികൾ കോപ്പുകൂട്ടിക്കളഞ്ഞു. വിജയിച്ചില്ലെന്നുമാത്രം. 'ക്രിസ്തു വിജയിക്കുന്നു, ക്രിസ്തു ഭരിക്കുന്നു, ക്രിസ്തു വാഴുന്നു' എന്ന വിജയധ്വനി ആയിരങ്ങളുടെ അധരങ്ങളിൽനിന്നു് അന്തരിക്ഷത്തിലേക്കുയർന്നപ്പോഴുണ്ടായ സ്വർഗ്ഗീയമായ ആവേശത്തി

ൻെറ പ്രതിധ്വനി ആംജേയ്സ്സ വെളിയിലും അലയടിച്ചു. കോൺഗ്രസ്സിൻെറ അധ്യക്ഷൻ ആംജേബിഷപ്പ് റോമോ (Romeau) തിരുമേനിതന്നെ ആയിരുന്നു.

## 14) നാമ്യൂർ (Namur 1902)

കാർഡിനൽ ഗോസ്സാങ്ങ് ആയിരുന്നു, നാമ്യൂർ ദിവ്യകാരുണ്യകോൺഗ്രസ്സിൻെറ അദ്ധ്യക്ഷൻ. നാമ്യൂർബിഷപ്പ് മോൺ. ഹെയ്‌ലൻ (Heylen) ആണ് അന്നു ദിവ്യകാരുണ്യകോൺഗ്രസ്സിൻെറ സ്ഥിരംകമ്മററിയുടെ പ്രസിഡൻറ്. പതിന്നാലാംകോൺഗ്രസ്സിൻെറ വിജയത്തിനു പ്രധാന കാരണക്കാരൻ ബിഷപ്പ് ഹെയ്‌ലൻതന്നെ ആയിരുന്നു.

നാമ്യൂർകോൺഗ്രസ്സിൽ യുവജനങ്ങൾ വലിയൊരു പങ്കുവഹിച്ചു. നാലായിരത്തിൽപ്പരം യുവവിദ്യാർത്ഥികൾ സംബന്ധിച്ചു, ഉൽഘാടനസമ്മേളനത്തിൽ. സമാപനസമ്മേളനത്തിലും പ്രതീക്ഷയിലധികം ആളുകൾ പങ്കെടുത്തു.

പോപ്പ് ലിയോ പതിമൂന്നാമൻെറ ഭരണകാലത്തു നടന്ന അവസാനത്തെ കോൺഗ്രസ്സാണിതു്. ദിവ്യകാരുണ്യത്തെസ്സംബന്ധിക്കുന്ന 'മീരേ കാരിത്താത്തിസ്' എന്ന ചാക്രികലേഖനം നാമ്യൂർ കോൺഗ്രിനേതാനുംദിവസങ്ങൾക്കു മുമ്പാണു പ്രസിദ്ധപ്പെട്ടത്തിയതു്. ഔദ്യോഗികമായൊരു വിടവാങ്ങലിൻെറ പ്രതീതിയുണ്ട് ആ ചാക്രികലേഖനത്തിനു്.

"നമ്മുടെ ഈലോകജീവിതം ഏതാണ്ടവസാനിക്കാറായ ഈ സന്ദർഭത്തിൽ, ദിവ്യകാരുണ്യനാഥനുനേരേ യഥാർത്ഥഭക്തിയും കൃതജ്ഞതാനിർഭരമായ വികാരങ്ങളും എല്ലാ മനുഷ്യഹൃദയങ്ങളിലും ഉണർത്തുവാനും വളർത്തുവാനും അനുഗ്രഹംലഭിക്കണമെന്ന ഒരേഒരഭിലാഷമേ നമുക്കുള്ളൂ." സാമൂഹ്യപ്രശ്നങ്ങളുടെ ഈ പാപ്പാ ദിവ്യകാരുണ്യകോൺഗ്രസ്സുകളുടെ ഉത്ഭവവും വളർച്ചയും, അവയുടെ വിസ്മയകരമാ

യ ഫലങ്ങളും ദർശിച്ചു. അതിൽ കൃതാത്ഥനായ തിരുമേനി 'മീരേ കാരിത്താത്തിസി'ൽ പറയുന്നു: "ദിവ്യകാരുണ്യകോൺഗ്രസ്സുകൾക്കു നാം എല്ലാവിധ പ്രോത്സാഹനവും നല്കി എന്ന കാര്യം അനുസ്മരിക്കുക നമുക്കു് അനവദ്യമാംവിധം ആനന്ദകാരണമാണു്."

## 15) ആംഗ്യലെം (Anguleme 1904).

അയിരത്തിത്തൊള്ളായിരത്തിമൂന്നു് ഓഗസ്റ്റ് 3-ാം തീയതി കർഡിനൽ സാത്തോ പത്താംപീയൂസ്പാപ്പായായി. ദിവ്യകാരുണ്യത്തിന്റെ പാപ്പാ എന്ന അഭിധാനത്തിൽ അറിയപ്പെടുന്ന പീയൂസ്പത്താമന്റെ ഭരണകാലത്തുനടന്ന ആദ്യദിവ്യകാരുണ്യസമ്മേളനമാണു് ആംഗ്യലെംകോൺഗ്രസ്സ്. കോൺഗ്രസ്സിന്റെ സംഘാടകർക്കെഴുതിയ കത്തിൽ തിരുമേനി പ്രസ്താവിച്ചു: "ഹൃദയംനിറഞ്ഞ സന്തോഷത്തോടേ നാം ഈ മഹാസംഭവത്തിനു് എല്ലാ വിജയങ്ങളും ആശംസിക്കുന്നു. സമൃദ്ധമായ ഫലങ്ങൾ അതു പുറപ്പെടുത്തുമെന്നു നമുക്കുറപ്പുണ്ടു്. ഈ കോൺഗ്രസ്സിന്റെ മേലും അതിന്റെ രക്ഷാകരപ്രവത്തനങ്ങളുടെമേലും സക്രാരിയിൽ മറഞ്ഞിരിക്കുന്ന ദിവ്യനാഥൻ സ്വൎഗ്ഗീയാനുഗ്രഹങ്ങൾ സമൃദ്ധമായി വർഷിക്കട്ടെയെന്നും നിങ്ങളുടെ പ്രയത്നങ്ങളെ കൃപാപൂൎവ്വം നയിക്കട്ടെയെന്നും നാം ഹൃദയംഗമമായി പ്രാത്ഥിക്കുന്നു."

വളരെക്കുറഞ്ഞ ബാഹ്യാഡംബരങ്ങളേ ആംഗ്യലം കോൺഗ്രസ്സിനുണ്ടായിരുന്നുള്ളൂ. രാഷ്ട്രീയാധികാരികളുടെ നിസ്സഹകരണവും ശത്രുതാമനോഭാവവും കോൺഗ്രസ്സ് ആഘോഷങ്ങളെ സാരമായിത്തന്നെ ബാധിച്ചു. പക്ഷേ, കോൺഗ്രസ്സിൽസ്സംബന്ധിച്ചവരുടെ തീക്ഷ്ണതയും ആധ്യാത്മികാ

വേശവും വർദ്ധിപ്പിക്കുന്നതിനേ അവരുടെ പ്രവർത്തനങ്ങൾ ഉപരിച്ചുള്ളൂ.

## 16) റോം—1905

വി. പത്രോസിൻെറ ദൈവാലയത്തിലെ പ്രധാനബലിപീഠത്തിൽ പരിശുദ്ധപിതാവർപ്പിച്ച വി. ബലിയോടേ കോൺഗ്രസ്സ് ഉത്ഘാടിതമായി. തുടർന്ന മൂന്നുദിവസത്തേക്കു കോൺഗ്രസ്സിനോടനുബന്ധിച്ച ആധ്യാത്മികപരിപാടികൾ പോപ്പിൻെറ കത്തിഡ്രലായ ലാററൻദൈവാലയത്തിൽ നടന്നു. അടുത്ത മൂന്നുദിവസത്തേയ്ക്കു കോൺഗ്രസ്സ് പരിപാടികൾ റോമിലേ ദിവ്യകാരുണ്യസഭക്കാരുടെ ദൈവാലയത്തിലായിരുന്നു; ചർച്ചാസമ്മേളനങ്ങൾ വി. അപ്പസ്തോലന്മാരുടെ ദൈവാലയത്തിലും. അന്താരാഷ്ട്രീയമണ്ഡലങ്ങളിൽ പ്രശസ്തിയാർജ്ജിച്ച പല വാഗ്മികളും അന്നവിടെ പ്രസംഗിച്ചു.

16-ാംകോൺഗ്രസ്സിലേ അത്യാകർഷകമായ ചടങ്ങ് അവസാനപ്രദക്ഷിണമായിരുന്നു. അൻപതിനായിരത്തിൽപ്പരം ആളുകൾ അതിൽ സംബന്ധിച്ചു. ചുവന്ന കുപ്പായമണിഞ്ഞ കർദ്ദിനാളന്മാരും മെത്രാന്മാരും, ഔദ്യോഗികവസ്ത്രങ്ങളണിഞ്ഞ വിവിധസന്യാസസഭാംഗങ്ങളും പരിശുദ്ധപിതാവിനോടൊന്നിച്ചു നിരനിരയായി നീങ്ങിയ ആ കാഴ്ച അതിവഹൃദയഹാരിയായിരുന്നു. പ്രദക്ഷിണം സിസ്റ്റൈൻചാപ്പലിൽനിന്നാരംഭിച്ച്, വി. പത്രോസിൻെറ ദൈവാലയത്തിലെത്തിയപ്പോൾ പരിശുദ്ധപിതാവു 'തേദേവും' എന്ന സ്തോത്രഗീതം ആരംഭിച്ചു; എല്ലാവരും ചേർന്ന് അതു തുടർന്നുപാടി. അതോടെ കോൺഗ്രസ്സ് സമാപിച്ചു. റോമിലേ കോൺഗ്രസ്സുകഴിഞ്ഞ് ആറുമാസം തികയുന്നതിനുമുമ്പു പീയൂസ് പത്താമൻെറ 'സാക്രാ ത്രിദെന്തിനാ-

സിനൊഡുസ്'' എന്ന ഡിക്രി പ്രസിദ്ധപ്പെടുത്തി. ഇന്നുകാണുന്ന ദിവ്യകാരുണ്യഭക്തിക്കൊരു പ്രധാനകാരണം വി. പത്താംപീയൂസിന്റെ ഈ ഡിക്രിയാണ്.

## 17) ടൂർണേ (Tournai 1906.)

ബൽജിയത്തിൽ നടക്കുന്ന അഞ്ചാമത്തേ കോൺഗ്രസ്സാണിതു്. പേപ്പൽപ്രതിനിധിയായ കാർഡിനൽ വാനുത്തെല്ലിയുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. 1898-ൽ നടന്ന 11-ാംദിവ്യകാരുണ്യകോൺഗ്രസ്സിലേ പേപ്പൽലഗേററും ഇദ്ദേഹമായിരുന്നു.

1905 ഡിസംബർ 20-ാംതീയതി പ്രസിദ്ധപ്പെടുത്തിയ 'സാക്രാ ത്രിദെന്തിനാ സിനോഡുസ്''എന്ന ഡിക്രി ലോകത്തിന്റെ ശ്രദ്ധയെ ആകർഷിച്ചുകഴിഞ്ഞിരുന്നു. അതു ദിവ്യകാരുണ്യഭക്തിയിൽ അത്ഭുതകരങ്ങളായ വ്യതിയാനങ്ങൾ സാധിച്ചു, കുറഞ്ഞൊരു കാലത്തിനുള്ളിൽ. ഈ ഡിക്രിയുടെ വിവിധവശങ്ങളെപ്പററി പഠനങ്ങളും ചർച്ചകളും നടന്നു, ടൂർണേകോൺഗ്രസ്സിൽ. പീയൂസ് പത്താമൻ കോൺഗ്രസ്സിനയച്ച സന്ദേശത്തിലും പേപ്പൽപ്രതിനിധി ചെയ്ത ഉദ്ഘാടനപ്രസംഗത്തിലും ഊന്നിപ്പറഞ്ഞിരുന്നതു് കൂടെക്കൂടെയുള്ള ദിവ്യകാരുണ്യസ്വീകരണത്തിന്റെ കാര്യമാണ്. പരിശുദ്ധപിതാവിന്റെ അഹ്വാനഫലങ്ങൾ കോൺഗ്രസ്സിൽത്തന്നെ സമൃദ്ധമായി പ്രത്യക്ഷപ്പെട്ടു. പ്രതീക്ഷിച്ചതിലധികം ആളുകൾ ദിവ്യകാരുണ്യത്തിനണഞ്ഞു. പരിശുദ്ധപിതാവിന്റെ ഡിക്രിയെപ്പററി വിശകലനാത്മകമായ പഠനങ്ങൾ നടന്നു; അതിലേ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിനു ചില പ്രായോഗികപ്രതിജ്ഞകളും സ്വീകരിച്ചു.

## 18) മെത്ത്സ് (Metz) 1907

ആദ്യമായി ജർമ്മനി മുമ്പോട്ടുവരികയാണു ദിവ്യനാഥന് പരസ്യാരാധന നല്കുവാൻ, ദിവ്യകാരുണ്യകോൺഗ്രസ്സ് വഴി. സമ്മേളനനഗരമായ മെത്ത്സ് ജർമ്മൻ—ഫ്രഞ്ചതിർത്തിയിലെ ഒരു പട്ടണമാണ്. പല അതിർത്തിത്തർക്കങ്ങളുടേയും യുദ്ധങ്ങളുടേയും രംഗമായിട്ടുണ്ട്, മെത്ത്സ്. മെത്ത്സിൽവച്ചരങ്ങേറിയ യുദ്ധങ്ങളുടെ ഫലമായുണ്ടായ മുറിവുകൾ മാഞ്ഞുതീർന്നിരുന്നുമില്ല, ഇരുരാജ്യക്കാരുടേയും ഹൃദയത്തിൽനിന്ന്. മുറിപ്പെടുത്തുന്ന യുദ്ധസ്മരണകൾ ദിവ്യകാരുണ്യകോൺഗ്രസ്സിൻെറ വിജയത്തിനു വിഘാതമാവില്ലേയെന്നു പലരും സംശയിക്കാതിരുന്നില്ല. പക്ഷേ, മറിച്ചാണു സംഭവിച്ചതു്. ഒന്നരലക്ഷത്തിൽപ്പരം ഫ്റഞ്ചുകാർ പങ്കെടുത്തു, ജർമ്മനിയിൽ നടന്ന ആ കോൺഗ്രസ്സിൽ. സ്നേഹത്തിൻേറയും ഐക്യത്തിൻേറയും അത്ഭുതകരമായ മാതൃക! മെത്ത്സ് കോൺഗ്രസ്സ് ലോകത്തോടു പ്രഖ്യാപിച്ചതിതാണ്: "ദിവ്യകാരുണ്യനാഥനുമുമ്പിൽ ഫ്റഞ്ചുകാരെന്നോ ജർമ്മൻകാരെന്നോ വ്യത്യാസമില്ല, ചേരിതിരിവുമില്ല. ഒന്നുമാത്രം, എല്ലാവരും കത്തോലിക്കരാണ്—സ്നേഹത്തിലും സാഹോദര്യത്തിലും ഒന്നിച്ചുനില്ക്കുന്ന കത്തോലിക്കർ."

മുൻപില്ലാതിരുന്നൊരു സവിശേഷത മെത്ത്സ്കോൺഗ്രസ്സിനുണ്ട്. കുട്ടികളുടെ സമ്മേളനം ആദ്യമായി നടത്തുന്നതു് ഇക്കോൺഗ്രസ്സിലാണ്. കുഞ്ഞുകൈകളിൽ പൂച്ചെണ്ടുകളും കുരുന്നുഹൃദയങ്ങളിൽ സ്നേഹവുമായി ആയിരക്കണക്കിനു കുട്ടികൾ കത്തീഡ്രൽദേവാലയത്തിൽ മുട്ടിന്മേൽനിന്നു പേപ്പൽ ലെഗേററിൻെറ ആശീർവ്വാദം സ്വീകരിച്ച രംഗം അവിസ്മരണീയമാണ്.

## 19) ലണ്ടൻ (1908)

മെത്ത്സ്കോൺഗ്രസ്സിനു വന്നെത്തിയ ഇംഗ്ലീഷ്കത്തോലിക്കർ അടുത്ത കോൺഗ്രസ്സ് ഇംഗ്ലണ്ടിൽ വേണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചിരുന്നു; ദിവ്യകാരുണ്യകോൺഗ്രസ്സുകമ്മററി സസന്തോഷം സമ്മതിക്കുകയും ചെയ്തു. ഇംഗ്ലണ്ടിൻെറ ഹൃദയമായ ലണ്ടനിൽ നടന്ന ഈ കോൺഗ്രസ്സ് ലോകത്തിൻെറ മുഴുവൻ ശ്രദ്ധയാകർഷിച്ചു. ഇംഗ്ലീഷുകത്തോലിക്കരുടെ ധീരോദാത്തമായ വിശ്വാസചൈതന്യത്തിൻെറ പ്രത്യക്ഷനിദർശനമായിരുന്നു ലണ്ടൻകോൺഗ്രസ്സ്. പതിനഞ്ചുലക്ഷം കത്തോലിക്കരേ അന്ന് ഇംഗ്ലണ്ടിലുള്ളു. ഒട്ടൊന്നു പതറാതിരുന്നില്ല, അന്ന് അവിടത്തേ കത്തോലിക്കർ, കോൺഗ്രസ്സിൻെറ ഭാരിച്ച ഉത്തരവാദിത്വം തങ്ങളുടെമേൽ വന്നുപതിച്ചപ്പോൾ. പക്ഷേ, അവരൊട്ടും പിന്നോട്ടുനിന്നില്ല, പരാങ്മുഖരായതുമില്ല. കോൺഗ്രസ്സ വിജയിച്ചു; ഒന്നാംലോകമഹായുദ്ധത്തിനുമുമ്പുനടന്ന മററുകോൺഗ്രസ്സുകളെക്കാളേറെ വിജയിച്ചു; ഇതു കണ്ടു കത്തോലിക്കരാജ്യങ്ങളായ ഫ്റാൻസും ഇററലിയുംപോലും അത്ഭുതപ്പെട്ടുപോയി.

കാർഡിനൽ വാനുത്തെല്ലിയെത്തന്നെയാണു പരിശുദ്ധപിതാവു തൻെറ പ്രതിനിധിയായി നിയോഗിച്ചതു്. ഒരു പേപ്പൽപ്രതിനിധി ഇംഗ്ലീഷ്മണ്ണിൽ കാലുകുത്തിയിട്ട് 350-ൽപ്പരം വർഷങ്ങൾ കഴിഞ്ഞിരുന്നു. വാനുത്തെല്ലിയോടൊത്തു് ആറു കർദ്ദിനാളന്മാരും ലണ്ടൻകോൺഗ്രസ്സിൽ സംബന്ധിച്ചു. കൂടാതെ, പതിന്നാലു മെത്രാപ്പോലീത്തമാരും 70 മെത്രാന്മാരും ആയിരത്തഞ്ഞൂറിൽപ്പരം വൈദികന്മാരും. ഇത്രയേറെ വർണ്ണശബളമായൊരു സമ്മേളനം റോമിനുവെളിയിൽ ഇതു് ആദ്യമാണു്. 'പീനൽനിയമ'കാലത്തേ കണ്ണീരിൻേറയും രക്തപ്പുഴയുടേയും വേദനിക്കുന്ന ഓർമ്മകൾ മായിക്കുവാൻപോരുന്നയൊരു വസന്തത്തിൻെറ ഉദയമാവും ഈ

കോൺഗ്രസ്സ് എന്ന് ഇംഗ്ലീഷ്കത്തോലിക്കർ പ്രതീക്ഷിച്ചു. തെററുപററിയില്ല.

കത്തോലിക്കർ കാലേ ഭയപ്പെട്ടതു സംഭവിച്ചു. ചില പ്രോട്ടസ്റ്റൻറുവിഭാഗക്കാർക്ക് ഒട്ടും ഇഷ്ടമായില്ല ലണ്ടനിലേ ഈ ആഘോഷപരിപാടികൾ. അവർ കുറെയേറെ ഒച്ചപ്പാടുകളുണ്ടാക്കി; പട്ടണത്തിലൂടെ ദിവ്യകാരുണ്യപ്രദക്ഷിണം നടത്തരുതെന്നു കോൺഗ്രസ്സധികാരികളോട് ആവശ്യപ്പെടാൻ അവർ പ്രധാനമന്ത്രിയെ നിർബന്ധിച്ചുകൊണ്ടിരുന്നു. അവരുടെ ശബ്ദത്തിനുത്തരമുണ്ടായി. ദിവ്യകാരുണ്യം സംവഹിച്ചുകൊണ്ടു പ്രദക്ഷിണം വേണ്ടെന്നു പ്രധാനമന്ത്രി കോൺഗ്രസ്സസംഘാടകരെ അറിയിച്ചു. വിശ്വാസികൾക്കതുള്ളിൽക്കൊണ്ടു. അവർ പിന്നോട്ടു മാറിയില്ല; ദിവ്യകാരുണ്യനാഥനെക്കൂടാതെ ആ പ്രദക്ഷിണം നടന്നു. പ്രദക്ഷിണം കത്തീഡ്രലിലെത്തിയപ്പോൾ മട്ടുപ്പാവിൽ സജ്ജമാക്കിയിരുന്ന അൾത്താരയിൽ വിശുദ്ധകുർബാനയുടെ വാഴ്വുനടന്നു. ഒരുലക്ഷത്തിൽപ്പരം ആളുകൾ സന്നിഹിതരായിരുന്നു അന്നവിടെ.

ഫ്റഞ്ചിലും ഇംഗ്ളീഷിലും ചർച്ചാസമ്മേളനങ്ങൾ നടന്നു. ദിവ്യകാരുണ്യത്തിലേ യഥാർത്ഥക്രിസ്തുസാന്നിധ്യം എങ്ങനെ തെളിയിക്കാം എന്നതാണു ചർച്ചാവിഷയം. കോൺഗ്രസ്സം കഴിഞ്ഞയുടനെതന്നെ പരിശുദ്ധപിതാവു പീയൂസ് പത്താമൻ വെസ്ററുമിൻസ്റ്റർ ആർച്ചുബിഷപ്പിനയച്ച അഭിനന്ദനക്കത്തിൽ കോൺഗ്രസ്സിൻെറ നേട്ടങ്ങളെ എടുത്തുകാട്ടിയിരുന്നു. ഇംഗ്ളണ്ടിൽവച്ചു നടക്കുന്ന ആദ്യസമ്മേളനമാണിതെങ്കിലും, വിശ്രുതരായ വ്യക്തികളുടെ സാന്നിധ്യവും സമ്മേളനത്തിൽ പ്രകടമായ വിശ്വാസതീക്ഷ്ണതയും ഭക്തിചൈതന്യവും ലണ്ടകോൺഗ്രസ്സിനെ മറെറല്ലാ കോൺഗ്രസ്സുകളുടേയും മുൻപന്തിയിൽ നിറുത്തുന്നുണ്ടെന്നു തിരുമേനി ഈ കത്തിൽ വ്യക്തമാക്കി.

## 20) കൊളോൺ (Cologne 1909.)

ക്രിസ്ത്രീയശില്പകലയുടെ ഒരു പ്രദർശനശാലയായ കൊളോണാണു സമ്മേളനരംഗം. ഗോഥിക്കുമാതൃകയിലുള്ള കൊളോൺകത്തീഡ്രൽ ജർമ്മൻസംസ്കാരത്തിന്റെയും പ്രതീകമാണ്. അഞ്ചുലക്ഷം നിവാസികളുണ്ട് അന്നു കൊളോണിൽ.

ഇപ്രാവശ്യവും പേപ്പൽ പ്രതിനിധി കാർഡിനൽ വാനുത്തെല്ലിതന്നെ. ജർമ്മൻകാരുടെ സംഘടനാവൈദഗ്ദ്ധ്യം കോൺഗ്രസ്സിൽ തെളിഞ്ഞുകണ്ടു. അലങ്കരിച്ച വീഥിയിലൂടെ 8 കിലോമീററർ ദൂരം ഒരു ലക്ഷമാളുകൾ രാജാധിരാജനെ എഴുന്നെള്ളിച്ചു.

മദ്ധ്യശതകങ്ങളിൽ ആരംഭംകൊണ്ട വിശ്വാസാചാരങ്ങളും ആധ്യാത്മികാഭ്യാസങ്ങളും ജർമ്മൻകാർ അഭംഗുരം പുലത്തിപ്പോന്നു. അവയിലൂടെ പ്രത്യക്ഷം കണ്ട കത്തോലിക്കവിശ്വാസത്തിന്റെ പ്രകൎഷത കൊളോൺസമ്മേളനത്തെ ചൈതന്യപൂൎണ്ണമാക്കി. ആറുഭാഷകളിൽ ചർച്ചാസമ്മേളനങ്ങൾ നടന്നു.

## 21) മോൺട്രീയോൾ (Montreal 1910)

ഇരുപത്തിയൊന്നാംസമ്മേളനത്തോടേയാണു ദിവ്യകാരുണ്യകോൺഗ്രസ്സ് ഭൂമിശാസ്ത്രപരമായി സാൎവത്രികമായത്.കോൺഗ്രസ്സിന്റെ ചരിത്രത്തിലാദ്യമായി സമുദ്രാന്തരസീമകൾകടന്നൊരു സ്ഥലം കണ്ടുപിടിച്ചു—മോൺട്രീയോൾ. കാർഡിനൽ വാനുത്തെല്ലിയെത്തന്നെ ആറാംപ്രാവശ്യവും തന്റെ പ്രതിനിധിയായി പീയൂസ്പത്താമൻ നിയമിച്ചു. 'ഉറവക്കണ്ണിൽനിന്നു ജലമെന്നോണം ദൈവാനുഗ്രഹം എല്ലാവൎക്കുമായി ഒഴുക്കുന്ന' വി. കർബാനയോടുള്ള ഭക്തി ജനഹൃദയങ്ങളിൽ വർദ്ധിപ്പിക്കുവാൻ ദിവ്യകാരുണ്യകോൺ

ഗ്രസ്സ് എത്രമാത്രം സഹായകമെന്നു നിയമനപത്രത്തിൽ പ. പിതാവു പ്രത്യേകം എടുത്തുപറയുന്നുണ്ട്. അടുക്കലടുക്കൽ ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനുള്ള ആഗ്രഹം, സമാധാനത്തിന്റേയും സൗഹൃദത്തിന്റേയും ശൃംഖലയാൽ മനുഷ്യരെ പരസ്പരം ബന്ധിക്കുന്നതിന് ഏററവും ഉപയുക്തമായ ഉപാധി ദിവ്യകാരുണ്യയാരാധനയാണെന്ന ബോധം, എന്നിവ കോൺഗ്രസ്സിൽസ്സംബന്ധിക്കുന്നവരിൽ ഉളവാകണമെന്നതായിരുന്നു, ആ ദിവ്യകാരുണ്യത്തെസ്സംബന്ധിച്ചിടത്തോളം പാപ്പായുടെ ആഗ്രഹം.

അമേരിക്കൻജനതയുടെ നിർല്ലോഭമായ സഹായം മൊൺട്രിയോൾകോൺഗ്രസ്സിനു ലഭിച്ചു. 'അത്ഭുതകരമായ ഒരു കാഴ്ച, പരസ്യാരാധനയ്ക്കുള്ള വൻകൊട്ടക' എന്നെല്ലാം മോൺട്രിയേലിനെ ഒരു നിരീക്ഷകൻ വിശേഷിപ്പിച്ചതിൽനിന്നു സമ്മേളനത്തിന്റെ വിജയം ഏതാണ്ടൂഹിക്കാം. കോൺഗ്രസ്സ്കഴിഞ്ഞയുടനെ, മൊൺട്രിയോൾ ആർച്ചുബിഷപ്പിനെ അഭിനന്ദിച്ചുകൊണ്ട് പീയൂസ്പത്താമൻ ഒരു കത്തയയ്ക്കുകയുമുണ്ടായി.

## 22) മഡ്റിഡ് (Madrid 1911)

വിശുദ്ധരുടേയും മിസ്റ്റിക്കുകളുടേയും നാടായ കത്തോലിക്കസ്സ്പെയിനിലാണ്, ഇരുപത്തിരണ്ടാംകോൺഗ്രസ്സ് നടന്നതു്. ടൊലേഡൊ (Toledo) ആർച്ചുബിഷപ്പ് കാർഡിനൽ അഗിറ്റെഗാർസിയ (Aguirrey Garzia) ആയിരുന്നു ഇപ്രാവശ്യത്തെ പേപ്പൽ പ്രതിനിധി.

മഡ്രിഡ്കോൺഗ്രസ്സിനു പ. പിതാവു ചില അസാധാരണ ദണ്ഡവിമോചനങ്ങൾ കല്പിച്ചനുവദിച്ചു. സ്പെയിനിലേ രാഷ്ട്രീയാധികാരികൾക്കും സഭാധ്യക്ഷന്മാർക്കും ഔദ്യോഗികകത്തുകളയച്ച് അവിടുന്നു കോൺഗ്രസ്സ് പ്ര

വർത്തനങ്ങളെ പ്രോത്സാഹിപ്പിച്ചതും സ്മരണീയമാണ്. പരിഹാരാർത്ഥം നടത്തിയ രാത്ര്യാരാധനയാണു മഡ്രിഡ്കോൺഗ്രസ്സിൻെറ ഒരു പ്രത്യേകത! 'സ്പെയിൻകാർ ഈ കോൺഗ്രസ്സിനെ ഒരു ദേശീയമഹാസംഭവമായെണ്ണി. സ്പെയിനിൻെറ എല്ലാ പ്രവിശ്യകളിൽനിന്നും ആളുകൾ തലസ്ഥാനനഗരിയിലേക്കു പ്രവഹിച്ചു. രാജാവ് അൽഫോൻസ് പതിമൂന്നാമൻ കോൺഗ്രസ്സിൽസ്സംബന്ധിക്കുകയും സ്പെയിനിനെ പരസ്യമായി ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിക്കുകയുംചെയ്തു. ദിവ്യകാരുണ്യഭക്തിയുടെ കാര്യത്തിൽ പണ്ടേ പ്രസിദ്ധയായ സ്പെയിൻ കോൺഗ്രസ്സിൻെറ വിജയത്തിനായി ആത്മാർത്ഥതയോടേ പ്രവർത്തിച്ചു. പരിശുദ്ധപിതാവിൽനിന്നു പ്രത്യേകാഭിനന്ദനം ലഭിക്കത്തക്കവിധം ഫലസമ്പന്നമായി മഡ്രിഡ്കോൺഗ്രസ്സ്.

## 23) വിയെന്ന (1912)

ഓസ്ത്രിയ—ഹംഗറിസാമ്രാജ്യം യൂറോപ്പിൽ അധീശത്വം പുലർത്തിയ ഒരു കാലമുണ്ടായിരുന്നു. ആ സാമ്രാജ്യം അധഃപതിച്ചുപോയെങ്കിലും ഓസ്ത്രിയായുടെ തലസ്ഥാനമായ വിയെന്നയുടെ പ്രാഭവത്തിനു ക്ഷയമൊട്ടും സംഭവിച്ചില്ല. ഈ മഹാനഗരത്തിലാണ് ഇരുപത്തിമൂന്നാമത്തേ ദിവ്യകാരുണ്യകോൺഗ്രസ്സ് നടത്തുവാൻ നിശ്ചയിച്ചതു്. പേപ്പൽപ്രതിനിധി ഒരു ഡച്ചുകാരനും വേദപ്രചാരതിരുസ്സംഘത്തിൻെറ തലവനുമായ കാർഡിനൽ വാൻറോസ്സമായിരുന്നു. ഒരു കത്തോലിക്കനായ ഫ്റാസ്ജോസഫ്ചക്രവർത്തി എല്ലാവിധസഹായങ്ങളും കൊടുത്തു, വിയന്നാകോൺഗ്രസ്സിനു്. ഏതാണ്ടു രണ്ടുമാസത്തേയ്ക്കു ഓസ്ത്രിയൻജനതയുടെ സർവ്വശ്രദ്ധയും വിയെന്നയിൽ കേന്ദ്രീകൃതമായി.

തൻെറ അജഗണങ്ങളിൽ ഒരു വിഭാഗത്തിൻെറ അന്ത

സ്സാരശൂന്യമായ ജീവിതത്തെപ്പററിയോർത്തപ്പോൾ പീയൂസ് പത്താമൻെറ ഹൃദയം വേദനിച്ചു. ലോകത്തെയൊട്ടാകെയൊന്നഭിവീക്ഷിച്ചിട്ട് അവിടുന്നു പറഞ്ഞു, അനുതപിക്കാത്ത ലോകം ഒരു മഹാവിപത്തിൻെറ വക്കിലേയ്ക്കുടുക്കുകയാണെന്നു്. പക്ഷേ, അനുതാപത്തിന് ഇനിയും അവസരമുണ്ടു്. വിയെന്നാകോൺഗ്രസ്സിലേയ്ക്കയച്ച സന്ദേശത്തിൽ അവിടുന്നെഴുതി: "അജ്ഞതയാലും അശ്രദ്ധയാലും മററും ദിവ്യകാരുണ്യത്തിൽ നിന്നകന്നു ജീവിക്കുന്ന ഭൂരിപക്ഷത്തിൻെറ രക്ഷയെ അവഗണിച്ചിട്ട് സ്വന്തം അഭ്യുന്നതിയെമാത്രം ലാക്കാക്കി ജീവിക്കുക സ്നേഹത്തിൻെറ ഈ ക്ഷുദ്രാശയോടു ഭക്തിയുള്ളവരെസ്സംബന്ധിച്ചിടത്തോളം അസ്ഥാനത്താണ്. മനുഷ്യസമുദായം എത്ര ഭയങ്കരമാംവിധം രോഗഗ്രസ്തമെന്നും പുണ്യങ്ങളുടെനേരെ ലോകം കാണിക്കുന്ന നിസ്സംഗമനോഭാവം എത്ര ഹീനമെന്നും അവരൊന്നു മനസ്സിലാക്കട്ടെ....കോൺഗ്രസ്സ് ഈ ലക്ഷ്യത്തെ മുന്നിൽവച്ചു ജാഗ്രതയോടേ പ്രവർത്തിക്കണമെന്നു നാം ആഗ്രഹിക്കുന്നു. അങ്ങനെ, തെളിനീരുറവയിൽനിന്നെന്നവണ്ണം വി. കുർബ്ബാനയിൽനിന്നു പുറപ്പെടുന്ന അഭൗമികമായ ശക്തിപ്രസരം എല്ലാവരേയും സ്വാധീനിക്കട്ടെ; വ്യക്തികളേയും അവരുടെ സ്വകാര്യജീവിതത്തേയും മാത്രമല്ല, എല്ലാ സമൂഹങ്ങളേയും സ്ഥാപനങ്ങളേയും അതു വിശുദ്ധമാക്കട്ടെ."

ഞങ്ങൾ ലോകത്തിനും മാലാഖമാർക്കും മനുഷ്യർക്കും ഒരു കാഴ്ചയായിത്തീർന്നു, എന്നു വി. പൗലോസ് കൊറിന്ത്യക്കാർക്കെഴുതിയതു് ഉദ്ധരിച്ചുകൊണ്ടാണു കോൺഗ്രസ്സിൻെറ ഔദ്യോഗികറിപ്പോർട്ട് സമാപിക്കുന്നതു്. മധ്യയൂറോപ്പിൻെറ ചങ്കായസ്ഥാനത്തുവെച്ചു നടന്ന ഈ കോൺഗ്രസ്സ് ആ ഭൂഖണ്ഡത്തിൻെറ ഇരുളടഞ്ഞ പല കോണുകളേയും പ്രകാശിപ്പിക്കാൻപോന്ന ഒരു പ്രഭാപൂരമാവുകയും ചെയ്തു.

## 24) മാൾട്ട (Malta 1913)

മൂന്നു നൂററാണ്ടുകാലം റോമൻഭരണാധിപന്മാരുടെ നിഷ്ഠുരമർദ്ദനങ്ങൾക്കു വിധേയയായ സഭ സ്വാതന്ത്ര്യത്തിൻേറയും സമാധാനത്തിൻേറയും ഉഷസ്സിലെത്തിയതു് കോൺസ്റ്റൻൈറൻചക്രവർത്തിയുടെ കാലത്താണു്. A. D. 313-ൽ ചരിത്രപ്രഖ്യാതമായ 'മിലാൻവിളംബരം'വഴി ക്രിസ്ത്യാനികൾക്കദ്ദേഹം സ്വാതന്ത്ര്യമനുവദിച്ചു. ഈ സംഭവത്തിൻെറ പതിനാറാംശതാബ്ദജൂബിലി ക്രിസ്ത്യൻലോകമെങ്ങും കൊണ്ടാടുകയാണു്, 1913-ൽ. ആ വർഷത്തേ ദിവ്യകാരുണ്യകോൺഗ്രസ്സ് ജൂബിലിയാഘോഷങ്ങൾക്കു് ഒരാധ്യാത്മികപരിവേഷം ചാർത്തുമെന്നു് എല്ലാവരും വിചാരിച്ചു.

കോൺഗ്രസ്സുസമ്മേളനത്തിനു തിരഞ്ഞെടുത്ത സ്ഥലം മാൾട്ടയാണു്, കത്തോലിക്കർ ഇടതിങ്ങിപ്പാക്കുന്ന ഒരു കൊച്ചുദ്വീപു്. കാർഡിനൽ ഫെറാത്താ ആയിരുന്നു ഇപ്രാവശ്യത്തെ പേപ്പൽ പ്രതിനിധി.

യൂറോപ്പാകെ അന്നസ്വസ്ഥമായിരുന്നു. ഒരു മഹായുദ്ധത്തിൻെറ കാർമേഘങ്ങൾ അന്നത്തേ രാഷ്ട്രീയാന്തരീക്ഷത്തെ ആകെപ്പാടെ ഭീകരമാക്കി. സമാധാനവും സുപ്രതീക്ഷയും മനുഷ്യരുടെയിടയിൽനിന്നു് ഓടിയൊളിക്കുവാൻതുടങ്ങി. പുണ്യപുരുഷനായ പീയൂസ്പത്താമനെ ഇത്തരം ചുററുപാടുകൾ വല്ലാതെ വേദനിപ്പിച്ചു. അന്നു മാൾട്ടസഭയ്ക്കു് എഴുതിയ കത്തിൽ അദ്ദേഹം പറയുന്നു: "ഈശോനാഥനുമാത്രമേ നമ്മളെ സുഖപ്പെടുത്തുവാനും സഹായിക്കുവാനും സാധിക്കൂ. വി. കർബാനയിൽ മറഞ്ഞിരുന്നുകൊണ്ടു് ഇതു പ്രവർത്തിക്കുവാനാണു് അവിടുന്നിഷ്ടപ്പെടുക. ക്രിസ്തുനാഥൻെറ നിസ്സീമമായ സ്നേഹത്തെ ശരിക്കു മനസ്സിലാക്കുകയും സ്നേഹത്തിൻെറ ആ രഹസ്യത്തെ കൂടുതൽക്കൂടുതൽ സ്നേഹി

ക്കുകയും ചെയ്യുന്നതിനെക്കാൾ മഹത്തായയൊന്നുംതന്നെ മനുഷ്യക്കിന്നു കരണീയമായില്ല." പ. പിതാവിൻെറ ഈ നിർദ്ദേശത്തെ പ്രയോഗത്തിലെത്തിക്കുവാൻ മാൾട്ടകോൺഗ്രസ്സിന്നു പല പരിപാടികളുമുണ്ടായിരുന്നു. പക്ഷേ, ഇവയെ വേണ്ടവണ്ണം പ്രാവർത്തികമാക്കുന്നതിനു് പ്രക്ഷുബ്ധമായ പരിതോവസ്ഥ മാൾട്ടയെ അനുവദിച്ചില്ല.

## 25) ലൂർദ്ദ് (1914)

ദൈവമാതൃദർശനത്താൽ അനുഗൃഹീതമായ ഈ നഗരത്തിൽവച്ചു നടക്കുന്ന രണ്ടാമത്തേ കോൺഗ്രസ്സാണിതു്. കാർഡിനൽ പിഞ്ഞാത്തെല്ലിയായിരുന്നു പേപ്പൽപ്രതിനിധി. 'ദിവ്യകാരുണ്യകോൺഗ്രസ്സിനു് ഏററവും പററിയ സ്ഥലം' എന്നാണു പ. പിതാവു് ലൂർദിനെ വിശേഷിപ്പിച്ചതു്. ഗ്രോട്ടോയിൽവെച്ചെന്നതിനെക്കാൾ ദിവ്യകാരുണ്യപ്രദക്ഷിണസമയത്താണു കൂടുതൽ അത്ഭുതങ്ങൾ നടക്കുക എന്ന കാര്യം അവിടുന്നു പ്രത്യേകം എടുത്തുപറഞ്ഞു. അതുകൊണ്ടവിടുന്നു ദ്ദേശിച്ചതു്, ആധുനികലോകത്തിൻെറ അരിഷ്ടതകൾ നീക്കുന്ന ആ സ്വർഗ്ഗീയവൈദ്യനെ ഈ അത്ഭുതങ്ങൾവഴി മാതാവു നമുക്കു കാണിച്ചുതരുന്നുവെന്നാണു്. വരാനിക്കുന്ന മഹാവിപത്തിനെ ഉദ്ദർശിച്ചിട്ടെന്നോണം ആ പുണ്യചരിതൻ പറഞ്ഞു: "താറുമാറായ ലോകത്തിനു് ഏകാശ്രയം ദിവ്യകാരുണ്യനാഥനാണു്."

ലോകത്തിലെ അപൂർവ്വം നഗരങ്ങളിൽമാത്രം കളിയാടിക്കാണുന്ന പ്രശാന്തവും പ്രാർത്ഥനാനിരതവുമായ അന്തരീക്ഷത്തിലാണു ലൂർദ്ദുകോൺഗ്രസ്സ് നടന്നതു്—ജൂലൈ 22മുതൽ 26വരെ. 'ക്രിസ്തുവിൻെറ രാജത്വവും പ. കുർബാനയും' എന്നതായിരുന്നു, ചർച്ചാവിഷയം. പേപ്പൽപ്രതിനിധിക്കു നല്കപ്പെട്ട സ്വീകരണത്തിലും കോൺഗ്രസ്സിനോടു പൊതു

വിലും ഗവണ്മെൻറ് നിസ്സഹകരണമാണു കാണിച്ചതു്. അതിനാൽ ഈ കോൺകസ്സിനെ Sad Congress എന്നും വിളിക്കാറുണ്ടു്. ഇതൊക്കെയായിട്ടും ലൂർദ്ദ്സ്റ്റ്ചായറിൽ നടത്തപ്പെട്ട പ്രദക്ഷിണത്തിൽ ലക്ഷക്കണക്കിനാളുകൾ പങ്കെടുത്തു. സമ്മേളനാനന്തരം സമാധാനവും സംതൃപ്തിയുംനിറഞ്ഞ ഹൃദയത്തോടേ ആളുകൾ പിരിഞ്ഞു. കഷ്ടിച്ചൊരാഴ്ച മുന്നോട്ടുനീങ്ങിയതേയുള്ളു. ആഗസ്റ്റ് രണ്ടു്. ആക്രമണാസക്തമായ ജർമ്മൻപട്ടാളം സമീപരാജ്യങ്ങളെ ലാക്കാക്കി പാഞ്ഞു കയററമാരംഭിച്ചു. മഹായുദ്ധം പൊട്ടിപ്പുറപ്പെട്ടുകയായി. ഈ ദുഃഖവാർത്ത റോമിലെത്തി. മനുഷ്യകുലത്തിനു വന്നുകൂട്ടുവാൻ പോകുന്ന വിനാശങ്ങളെപ്പററിയുള്ള ദുഃഖഭാരത്താൽ ഹൃദയം തകർന്നു് പീയൂസ് ദശമൻ ആഗസ്റ്റ് ഇരുപതിനു് അന്തരിച്ചു. വർഷങ്ങൾതന്നെ ദീർഘിച്ച ആ മഹായുദ്ധം ദിവ്യകാരുണ്യകോൺഗ്രസ്സിൻെറ തുടർന്നുള്ള പ്രവർത്തനങ്ങളെ ആകെയൊന്നു സ്തംഭിപ്പിച്ചു. പക്ഷേ, ഈ സ്തംഭനം വെറും താല്ക്കാലികംമാത്രമായിരുന്നു. യുദ്ധത്തിനുശേഷം വീണ്ടും കത്തോലിക്കലോകം ക്രിസ്തുനാഥനു പരസ്യാരാധന നല്കാൻ ഒന്നിച്ചുകൂട്ടുന്നതു നമുക്കു കാണാം.

## III

## മഹായുദ്ധങ്ങൾക്കിടയ്ക്കുള്ള ഒൻപതു കോൺഗ്രസ്സുകൾ

### മഹായുദ്ധം നിർമ്മിച്ച വിടവു്

1881-തൊട്ട് 1914 വരെ ദിവ്യകാരുണ്യകോൺഗ്രസ്സുകൾ ഇരുപത്തഞ്ചെണ്ണം നടന്നതായി നമ്മൾ കണ്ടു. അവയിൽ ഭൂരിഭാഗവും പ്രതിവർഷസമ്മേളനങ്ങളായിരുന്നു. ച

രുക്കം ചില കോൺഗ്രസ്സുകൾ രണ്ടോ മൂന്നോവർഷം ഇട വിട്ടു നടത്തിയിട്ടുള്ളൂ. നാലുവർഷത്തെ വിടവ് ഒരിക്കലുമു ണ്ടായിട്ടില്ല. പക്ഷേ, മഹായുദ്ധം വലിയൊരു മാർഗ്ഗതടസ്സമാ യി. യുദ്ധകാലത്തു ദിവ്യകാരുണ്യോത്സവത്തിനു സ്ഥാനമെ വിടെ!

1917 നവംബർ പതിനൊന്നു്. അന്നാണു യുദ്ധവിരാ മസന്ധിയിൽ വിരുദ്ധകക്ഷികൾ ഒപ്പുവെച്ചതു്. പക്ഷേ, യുദ്ധത്തിന്റെ കെടുതികൾ മാറിക്കിട്ടാൻ കാലം കുറെക്കഴി യേണ്ടിവന്നു. ലൂർദ്ദുകോൺഗ്രസ്സിനുശേഷം സമ്മേളനമൊ ന്നും നടന്നില്ലെങ്കിലും കോൺഗ്രസ്സ് പ്രവർത്തനം തുടർന്നു കൊണ്ടേയിരുന്നു. മോൺ. തോമസ് ഹെയ്‌ലെയുടെ അശ്രാ ന്തപരിശ്രമമാണു്, പ്രവർത്തനങ്ങളെ മുന്നോട്ടു കൊണ്ടുപോയ തു്. നാമൂറിലെ ബനഡിക്റ്റൈൻബിഷപ്പായിരുന്ന ഇദ്ദേഹം 1856-ൽ ജനിച്ചു. 1901-ൽ സാർവദേശീയദിവ്യകാരുണ്യ കോൺഗ്രസ്സിന്റെ സ്ഥിരംകമ്മററി പ്രസിഡൻറായതോ ടെ ഇദ്ദേഹം കോൺഗ്രസ്സ്പ്രവർത്തനങ്ങളുടെ ജീവനാഡി യായി. 1941-ൽ എൺപത്തിയാറാമത്തെ വയസ്സിൽ മരിക്കു ന്നതുവരെ ഇദ്ദേഹംതന്നെയായിരുന്നു സ്ഥിരംകമ്മററിപ്ര സിഡൻറു്. ദിവ്യകാരുണ്യത്തിന്റെ തീക്ഷ്ണതയുററ അ പ്പസ്തോലനായിരുന്ന ഇദ്ദേഹം യുദ്ധംവഴി മുടങ്ങിപ്പോയ കോ ൺഗ്രസ്സ് എങ്ങനേയും പുനരാരംഭിക്കണമെന്നുതന്നെ നിശ്ച യിച്ചു. അതിനുവേണ്ടിയായി അദ്ദേഹത്തിന്റെ പിന്നത്തെ പ്രവർത്തനങ്ങളെല്ലാം. പീയൂസ് പതിനൊന്നാമൻ പത്രോ സിന്റെ സിംഹാസനത്തിലേയ്ക്കാരോഹണം ചെയ്തപ്പോൾ അതിനു നല്ലൊരന്തരീക്ഷവും സംജാതമായി.

## 26) റോം (1922)

1922 ഫെബ്രുവരി 6-ാംതീയതി പീയൂസ് പതി നൊന്നാമൻ തിരഞ്ഞെടുക്കപ്പെട്ടു. മാർപ്പാപ്പമാരുടെ അ

സ്ഥാനനഗരമായ റോമിൽവച്ചൊരു ദിവ്യകാരുണ്യകോൺഗ്രസ്സ്നടത്തി തൻെറ ഭരണം ഉൽഘാടനംചെയ്യണമെന്നായിരുന്നു, അവിടുത്തെയഭിലാഷം. ഇരുപത്താറാമത്തേകോൺഗ്രസ്സ് റോമിൽ സമ്മേളിക്കാനിടയായതിങ്ങനെയാണു്. നിത്യനഗരത്തിൽവെച്ചു നടക്കുന്ന രണ്ടാമത്തേ കോൺഗ്രസ്സായിരുന്നു, ഇതു്.

പരി. പിതാവുതന്നെയായിരുന്നു ഈ കോൺഗ്രസ്സിൻെറ പ്രസിഡൻറ്; പേപ്പൽപ്രതിനിധി റോമിൻെറ വികാരിയായ കാർഡിനൽ ലൊംപീലിയും. കോൺഗ്രസ്സിൻെറ ഈ രണ്ടാം പരമ്പരയ്ക്കു് ഇരുപത്താറാംസമ്മേളനം 'ശുഭോദർക്കമായ ഒരാരംഭ'മാണെന്നു പരി. പിതാവു നേരത്തേതന്നെ പ്രസ്താവിച്ചു.

മേയ് 25–ാംതീയതി പരി. പിതാവിൻെറ ഒരു പ്രസംഗത്തോടെ കോൺഗ്രസ്സ് ആരംഭിച്ചു. 'ഈശോമിശിഹായുടെ സമാധാനപൂർണ്ണമായ രാജത്വം ദിവ്യകാരുണ്യത്തിലൂടെ' എന്നതായിരുന്നു കോൺഗ്രസ്സിലേ ചർച്ചാവിഷയം. ഇററാലിയൻ, ഇംഗ്ലീഷ്, ഫ്റഞ്ചു്, സ്പാനീഷ്, ജർമ്മൻ എന്നീഭാഷകളിൽ എല്ലാദിവസവുമുണ്ടായിരുന്നു, പ്രസംഗപരമ്പരകൾ. സമാപനദിവസത്തേ പ്രദക്ഷിണം പലർക്കുമൊരു പുതുമയായിത്തോന്നി. ലക്ഷക്കണക്കിനാളുകൾ നിരീക്ഷിച്ചുനില്ക്കവേ സിസ്റ്റൈൻചാപ്പലിൽനിന്നു ദിവ്യനാഥനെ പരി. പിതാവു ബസിലിക്കയിലേയ്ക്കു സംവഹിച്ചു. 'റോമൻപ്രശ്നം' പരിഹരിക്കപ്പെടാതിരുന്നതുകൊണ്ടു പ്രദക്ഷിണം സെൻറ്പീറേറഴ്സ്ക്വയറിലേയ്ക്കു നയിക്കുക സാധ്യമായില്ല. നീളംകുറഞ്ഞ ഒരു പ്രദക്ഷിണമായിത്തോന്നിയിരിക്കണം അന്നതവിടത്തുകാർക്കു്. പോപ്പിനു നടക്കാൻ സ്ഥലമില്ലെന്നു ചില സഭാവിരുദ്ധരും അന്നു വിചാരിച്ചുകാണും. പക്ഷേ, വാസ്തവംമറെറാന്നു്. നിത്യനഗരത്തിൽ ആ പ്രദക്ഷിണംനടത്തിയ അതേദിവസംതന്നെ കത്തോലിക്കാലോകം മു

ഴവനിലും ആഘോഷമായ ദിവ്യകാരുണ്യപ്രദക്ഷിണങ്ങൾ നടത്തപ്പെട്ടു. ഇവയുടെ ആകെ നീളം നിർണ്ണയിക്കാനാർക്കാണു സാധിക്കുക!

പ്രതീക്ഷിച്ചതുപോലെതന്നെ കോൺഗ്രസ്സ് വിജയിച്ചതിൽ പരി. പിതാവു പരിതൃപ്തനും സന്തോഷവാനുമായി. കോൺഗ്രസ്സ്ദിവസങ്ങളെപ്പററി അവിടുന്നെഴുതി: "......അപ്പസ്തോലന്മാരുടെ കബറിടങ്ങൾക്കു സമീപേ! രക്തസാക്ഷികളുടെ പാവനമായ രക്തം ഇഴുകിച്ചേർന്ന നിലത്തു്! ഉജ്ജ്വലോത്തുംഗമായ ബസിലിക്കകളിൽ! കാററക്കോമ്പുകളുടെ അലൗകികാന്തരീക്ഷത്തിൽ സന്തോഷത്തിൻെറയും സാന്ത്വനത്തിൻെറയും ദിവസങ്ങൾ!....ഈ ദിവസങ്ങളിൽ നേടിയ നിത്യജീവിതത്തിൻെറ ദിവ്യസഞ്ചയങ്ങൾ നഷ്ടപ്പെടാതിരിക്കാൻ നാം തുടർന്നു പ്രാർത്ഥിക്കാം."

## 27) ആംസ്റ്റർഡാം (1924)

ഇരുപത്തേഴാമത്തെ കോൺഗ്രസ്സ് നടത്തുവാനുള്ള ഭാഗ്യം ലഭിച്ചതു ഹോളണ്ടിനാണു്. അവിടത്തെ പ്രഖ്യാത തുറമുഖപട്ടണമായ ആംസ്റ്റർഡാമായിരുന്നു, സമ്മേളനസ്ഥലം. ഇപ്രാവശ്യത്തേയും പേപ്പൽപ്രതിനിധി ഡച്ചുകാർഡിനൽ വാൻറോസംതന്നെയായിരുന്നു. 'ദിവ്യകാരുണ്യവും പരിഹാരവും' കോൺഗ്രസ്സിലേ പ്രധാനചർച്ചാവിഷയമായി സ്വീകരിച്ചു.

പ്രോട്ടസ്റ്റൻറുകളുടെ ഭൂരിപക്ഷമുള്ള ഒരു സ്ഥലത്തു നടന്ന സമ്മേളനം—ഇതാണു് ആംസ്റ്റർഡാംകോൺഗ്രസ്സിൻെറ പ്രത്യേകത. കോൺഗ്രസ്സിനുമുമ്പേ പലരും ഇതേപ്പററി ചിന്തിച്ചു. ഒട്ടേറെ ചിന്താകുഴപ്പങ്ങൾക്കും ആശങ്കകൾക്കും ഇതു കാരണവുമായി.

സെപ്റ്റംബർ 23-ാം തീയതിയാണു്, കോൺഗ്രസ്സ്

ഉൽഘാടനം ചെയ്യപ്പെട്ടതു്. കോൺഗ്രസ്സിൽ പ്രസംഗിച്ച വരിലൊരാൾ മോൺ. ഹെയ്ലിയായിരുന്നു. അമേരിക്കയുൾപ്പെടെ അനേകം രാജ്യങ്ങളിൽനിന്നു പ്രതിനിധിസംഘങ്ങൾ എത്തിയിരുന്നു. കോൺഗ്രസ്സിൽ കാണായ ക്രമവും ധ്യാനാത്മകമായ അന്തരീക്ഷവും പ്രോട്ടസ്റ്റൻറുകാരെ അത്ഭുതപ്പെടുത്തി. പലരും നേരത്തെ ശങ്കിച്ചതുപോലെ പ്രോട്ടസ്റ്റൻറുകാരിൽനിന്നു് പ്രകോപനപരമായി ഒന്നുംതന്നെ ഉണ്ടായില്ല. വിദേശിയരെത്തുമ്പോൾ കാണിക്കേണ്ട ദേശീയമായ ആതിഥ്യകർമ്മങ്ങളിലോ സ്നേഹപ്രകടനങ്ങളിലോ ഒന്നും ആംസ്റ്റർഡാമിലേ അകത്തോലിക്കർ വീഴ്ചവരുത്തിയില്ല. കോൺഗ്രസ്സ്കാര്യങ്ങളിൽ കത്തോലിക്കരെപ്പോലെ അവരും ഉത്സുകരായിരുന്നു എന്നതാണു പരമാർത്ഥം. നന്നായി നടത്തുന്നപക്ഷം കത്തോലിക്കരുടെ ഭക്തിപ്രരമായ ചടങ്ങുകൾ എമ്മാത്രം അകത്തോലിക്കരെ ആകർഷിക്കുമെന്നും പുനരൈക്യകാര്യത്തിൽ അവ എങ്ങനെയവർക്കു മാർഗ്ഗദീപമാകുമെന്നും ഉള്ളതിനു് ആംസ്റ്റർഡാംകോൺഗ്രസ്സ് ഒരൊന്നാംതരം ഉദാഹരണമാണു്.

## 28) ഷിക്കാഗൊ, (CHICAGO 1926)

'പുതിയലോക'ത്തിൽവെച്ചു നടക്കുന്ന രണ്ടാമത്തേ കോൺഗ്രസ്സാണിതു്. ഒന്നാമത്തേതു് 1910-ൽ കൃാനഡായിൽവെച്ചു നടന്നു; ഇപ്രാവശ്യത്തേതു ഐക്യനാടുകളിലാണ്—കത്തോലിക്കർ കൂടുതലുള്ള ഷിക്കാഗോയിൽ. നാലുകോടി തൊണ്ണൂറുലക്ഷം പ്രോട്ടസ്റ്റൻറുകാരാണു് അന്നവിടെയുണ്ടായിരുന്നതു്. കത്തോലിക്കാസഭയിൽ എന്നുമെന്നും കാണുന്ന ഐക്യം അകത്തോലിക്കർക്കു കാട്ടിക്കൊടുക്കണമെന്നുതന്നെ കോൺഗ്രസ്സ് ഭാരവാഹികൾ തീരുമാനിച്ചു.

കാർഡിനൽ ബോൺസാമോവായിരുന്നു ഈ കോൺ

ഗ്രസ്സിലേയ്ക്കുള്ള പേപ്പൽപ്രതിനിധി. അദ്ദേഹത്തെ നിയമി ച്ചുകൊണ്ടുള്ള കത്തിൽ പീയൂസ് പതിനൊന്നാമൻ എഴുതി: "പലപ്പോഴും ദിവ്യവിരുന്നിനണയുമെന്നിരുന്നിട്ടും ആന്തരി കജീവിതത്തെ അവഗണിക്കുകയോ അതിൽ ലജ്ജിക്കുക യോ ചെയ്യുന്നവരിൽനിന്നു് എന്താണു പ്രതീക്ഷിക്കുക? വിശു ദ്ധമായതിനുവേണ്ടി പോരാടാൻ കെല്പില്ലാത്ത പുണ്യവിഹീ നരായ ക്രിസ്ത്യാനികളായിരിക്കും അവർ. സഭയുടെ മഹത്വ വും തേജസ്സുമാകുന്ന വിശുദ്ധരുടെ സ്വർഗ്ഗീയസേനയ്ക്കുംഗണ ലം കൊടുക്കുവാൻ ഇത്തരക്കാരെക്കൊണ്ടു് അങ്ങേക്കു കഴിയു മോ? പുണ്യപരിപൂർണ്ണതയിൽ താല്പര്യമില്ലാത്തവർ തങ്ങ ളുടേയും അയൽക്കാരൻേറയും ആത്മരക്ഷ സാധിക്കാമെന്നും സഭയുടെ താല്പര്യങ്ങൾക്കുവേണ്ടി പോരാടാമെന്നും വിചാ രിക്കുമ്പോൾ സ്വയം വഞ്ചിക്കുകയല്ലേ ചെയ്യുന്നതു്? പേപ്പൽ പ്രതിനിധിയെന്ന നിലയിൽ കോൺഗ്രസ്സിൽ പ്രസംഗിക്കു മ്പോൾ ഈ കാര്യങ്ങൾ അങ്ങു വിശദീകരിക്കണമെന്നാണു നമ്മുടെ അഭിലാഷം."

അമേരിക്കക്കാരുടെ ഔദാര്യമനഃസ്ഥിതി തെളിവായി ക്കണ്ടു ഷിക്കാഗോ കോൺഗ്രസ്സിൽ. വൻതോതിലുള്ള ഒരുക്ക ങ്ങൾക്കു മുൻകൂട്ടിത്തന്നെ അവർ പ്ലാൻ തയ്യാറാക്കി. ആ ഘോഷങ്ങളിലെ ഒന്നു രണ്ടു പരിപാടികൾ പ്രത്യേകം പ്ര സ്താവാർഹമാണു്. മഹായുദ്ധത്തിൽ കൊല്ലപ്പെട്ട പടയാളി കൾക്കുവേണ്ടി സമ്മേളനാരംഭദിവസമായ ജൂൺ 20-ാം തീയതി നടത്തിയ ആഘോഷമായ പാട്ടുകുർബാനയാണാദ്യ ത്തേതു്. 62,000 കുട്ടികളെ സംഘങ്ങളായിത്തിരിച്ചു് കുർ ബാനസമയത്തു പാടുവാൻ പരിശീലിപ്പിച്ചു. ഇത്രയധികം കുട്ടികൾ സ്വരമൊപ്പിച്ചു ദിവ്യബലിസമയത്തു പാടിയ പ്പോൾ കത്തോലിക്കരിലും പ്രേക്ഷകരായെത്തിയ അകത്തോ ലിക്കരിലും ആത്മാവിൽ തട്ടിയ ദിവ്യാനുഭൂതിയുണ്ടായി.

സമ്മേളനസമാപനദിനമായ ജൂൺ 24-ാം തീയതി നട

ത്തിയ പ്രദക്ഷിണമാണ് മറെറാരു മഹാസംഭവം. യഥാർത്ഥവിശ്വാസത്തിൻെറ പരസ്യപ്രഘോഷണമായിരുന്നതു്. പ്രദക്ഷിണം പകുതിവഴിയെത്തിയില്ല, ആകാശം കരിനീലം കൊണ്ടു. കണ്ണഞ്ചിക്കുന്ന മിന്നൽപ്പിണർ നാലുപാടും പാഞ്ഞു; തുടർന്നു ഞെട്ടിത്തെറിപ്പിക്കുന്ന ഇടിവെട്ടലുകളും! ഇതും ഒരാഘോഷമെന്ന വിചാരത്തോടെ ആ പ്രദക്ഷിണം മുമ്പോട്ടുനീങ്ങി. താമസിച്ചില്ല, കോരിച്ചൊരിയുന്ന പേമാരി, കൂടെത്തന്നെ ഉഗ്രമായൊരു കൊടുംകാററും! വഴികളെല്ലാം ക്ഷണേന ചെളിക്കുളങ്ങളായി മാറി. സ്ഥാനവസ്ത്രങ്ങളണിഞ്ഞ കർദ്ദിനാളന്മാരും മെത്രാന്മാരും വൈദികന്മാരും പത്തുലക്ഷത്തിൽക്കവിഞ്ഞ അൽമായരും വഴിയിൽ! വസ്ത്രങ്ങളിൽ കാററടിച്ചു തെറിപ്പിച്ച ചെളി പെയ്ത്തുവെള്ളത്തിലൊലിച്ചിറങ്ങി. മിന്നൽപ്പിണരും ഇടിമുഴക്കവും തുടർന്നുകൊണ്ടേയിരുന്നു. ഇതൊക്കെയായിട്ടും ഒരാളും പിരിഞ്ഞുപോയില്ല. പ്രദക്ഷിണം വീണ്ടും മുമ്പോട്ടു നീങ്ങി. എല്ലാം കഴിഞ്ഞപ്പോൾ ഒരു കർദ്ദിനാൾ പറഞ്ഞു: "മിന്നലുകളും ഇടിമുഴക്കങ്ങളും 'ബനദിച്ചിത്തെ' പാടുകയായിരുന്നു. ഫ്രാൻസിസ് അസ്സീസി ഇതു കണ്ടിരുന്നുവെങ്കിൽ പറഞ്ഞേനെ സഹോദരൻഇടിമിന്നലും സഹോദരൻഇടിമുഴക്കവും ദിവ്യരാജൻെറ എഴുന്നള്ളത്തിനു അകമ്പടി സേവിച്ചെന്നു്. 'പിശറൻകാലാവസ്ഥയിലും നിങ്ങൾക്കു വിശ്വസിക്കുവാൻ കഴിയുമോ?' എന്നു സൈന്യങ്ങളുടെ നാഥൻ ഈ ശതകത്തിൻെറ മക്കളോടു ചോദിക്കുകയായിരുന്നു. അപ്പോൾ ഞാൻ തെളിവായിക്കണ്ടു ഉറച്ചവിശ്വാസത്തിൻെറ ആ മഹാദൃശ്യം! അതൊരിക്കലും ഞാൻ മറക്കുകയില്ല. അപ്പത്തിൻെറയാകൃതിയിൽ അപ്പോളതിലെ കടന്നുപോയ ലോകരക്ഷകനെ ആരാധിക്കുവാൻ ആബാലവൃദ്ധം ജനങ്ങൾ ആ ചെളിക്കുണ്ടിൽ മുട്ടുകുത്തി."

ഷിക്കാഗോയിലേ പ്രൊട്ടസ്റ്റൻറുകാർ കാണിച്ച മനോ

ഭാവമാണ് എടുത്തു പറയേണ്ട മറെറാരു കാര്യം. പലരുടേയും ആശങ്കകൾക്ക വിപരീതമായി, കോൺഗ്രസ്സിൻെറ വിജയത്തിന് എന്തും ചെയ്യുവാൻ സന്നദ്ധരായി അവർ മുമ്പോട്ടുവന്നു. അന്താരാഷ്ട്രപ്രാധാന്യമുള്ള ഒരു മഹോത്സവത്തിൻെറ രംഗശാലയാകുവാൻ തങ്ങളുടെ നഗരത്തിനു ഭാഗ്യം സിദ്ധിച്ചതിൽ അവർ അഭിമാനംകൊണ്ടു. അകത്തോലിക്കരുടെ അഭിപ്രായങ്ങൾക്ക പ്രകടരൂപം കൊടുത്തുകൊണ്ട് ഒരു പ്രൊട്ടസ്റ്റൻറുനേതാവു പത്രത്തിലെഴുതി: "വീടും നാടുമൊക്കെവിട്ട് അസാധാരണമായ ഒരു തീർത്ഥയാത്രക്കായി ലോകത്തിൻെറ വിവിധഭാഗങ്ങളിൽനിന്നു പത്തു ലക്ഷത്തിൽപ്പരമാളുകൾ ഷിക്കാഗോയിലെത്തിയിരിക്കുന്നു . . . മനുഷ്യഹൃദയങ്ങളിലെ മതവികാരത്തിനു നാശമോ ജീർണ്ണിപ്പോ തട്ടിയില്ല എന്നതിനു തെളിവാവശ്യമെങ്കിൽ ഷിക്കാഗൊ കോൺഗ്രസ്സാണു തെളിവ്. മതപരമായ ഇത്തരമൊരു സംഭവം അമേരിക്കൻചരിത്രത്തിൽ ഇദംപ്രഥമമാണ്. ഇതിൻെറ സ്വാധീനവും ഫലവും മഹത്തമമായിരിക്കുമെന്നതിനു സംശയമില്ല." പ്രൊട്ടസ്റ്റൻറുകാർ കാണിച്ച മഹാമനസ്കതയെ അനുസ്മരിച്ചുകൊണ്ടു് പേപ്പൽപ്രതിനിധി പരസ്യമായിപ്പറഞ്ഞു: "ദിവ്യകാരുണ്യകോൺഗ്രസ്സിൻെറ വിജയത്തിന് സർവവിധസഹായങ്ങളും അലംഭാവം കൂടാതെ ചെയ്ത അമേരിക്കയിലെ അകത്തോലിക്കരോടു നാം അതീവകൃതജ്ഞനാണ്."

## 29) സിഡ്നി (1928)

അമേരിക്കയിലെ ഷിക്കാഗൊ കഴിഞ്ഞ് ആസ്ട്രേലിയായിലെ സിഡ്നി; ലോകത്തിൻെറ ഒരററത്തുനിന്നു മറേറ അററത്തേയ്ക്കു്. സിഡ്നികോൺഗ്രസ്സിലേ പേപ്പൽപ്രതിനിധിയായി പരി. പിതാവു നാമനിർദ്ദേശം ചെയ്തതു് കാർഡിനൽ കൊരത്തിയെയാണ്.

1926 ജൂൺ മാസത്തിലാണു്, ഇരുപത്തൊൻപതാമത്തു കോൺഗ്രസ്സ് സിഡ്നിയിൽ സമ്മേളിക്കുമെന്നു പ്രഖ്യാപനമുണ്ടായതു്. അസ്ത്രേലിയൻജനത ഉടനെതന്നെ അതിനുള്ള ഒരുക്കങ്ങളാരംഭിച്ചു. പ്രവർത്തനം കാര്യക്ഷമമാക്കുവാൻ ഒരിരുന്നൂറംഗക്കമ്മററിക്കും മററു പല ഉപകമ്മററികൾക്കും അവർ രൂപംകൊടുത്തു.

'ദിവ്യകാരുണ്യവും പരി. കന്യകാമറിയവും' എന്നതായിരുന്നു, കോൺഗ്രസ്സിലെ പ്രധാനപ്രമേയം. സമഗ്രവും അവധാനപൂർവ്വവുമായ ചർച്ചയാണു് ഇതേപ്പററിയന്നു കോൺഗ്രസ്സിൽ നടന്നതു്. ദിവ്യരക്ഷകനോടുള്ള സ്നേഹം അവിടുത്തെ മാതാവിനോടുള്ള സ്നേഹത്തിനുത്തേജകമാവണം എന്ന ആശയമാണു് അധികാരികൾക്കുണ്ടായിരുന്നതു്.

ആർഭാടമോടികൾ സിഡ്നികോൺഗ്രസ്സിനു വേണ്ടുവോളമുണ്ടായിരുന്നു. അനേകം ബോട്ടുകളുപയോഗിച്ചു തുറമുഖത്തു നടത്തിയ ദിവ്യകാരുണ്യപ്രദക്ഷിണം അദൃഷ്ടപൂർവ്വമായൊരു കാഴ്ചയായിരുന്നു, എല്ലാവർക്കും. സമാപനദിവസം കല്ലോലമാലകൾക്കുമീതെ നടത്തപ്പെട്ട ഈ ഗംഭീരചടങ്ങിൽ മൂന്നുലക്ഷംപേർ പങ്കെടുത്തു. ഇതു ദർശിച്ചിട്ടെന്നോണം പീയൂസ് പതിനൊന്നാമൻ തൻെറ പ്രതിനിധിയെ നിയമിച്ചുകൊണ്ടുള്ള കത്തിൽപ്പറയുന്നു: "തിബേരിയസ് തടാകത്തിലേ തരംഗമാലകൾക്കുമീതെ പത്രോസിൻെറ പടവിലെന്നപോലെ, ഉജ്ജ്വലയായ സിഡ്നിനൗകാശയത്തിലെ അലമാലകൾക്കുമീതെ സ്നേഹരാജനായ രക്ഷകൻ സംവഹിക്കപ്പെട്ടപ്പോൾ തൻെറ അമൂല്യരക്തംവഴി രക്ഷിച്ച മനുഷ്യവർഗ്ഗത്തെ അനുഗ്രഹിക്കട്ടെ."

## 30) കാർത്തേജ് (1930)

ദിവ്യകാരുണ്യകോൺഗ്രസ്സ് സമ്മേളിക്കാത്ത ഒരേയൊരു ഭൂഖണ്ഡമേ ശേഷിച്ചിട്ടുള്ളു—ആഫ്റിക്ക. അതിനാൽ

മുപ്പതാംകോൺഗ്രസ്സിനു് ആ 'തമോവൃതഭൂഖണ്ഡം' തന്നെ അധികാരികൾ തിരഞ്ഞെടുത്തു. 1930-ലാണു സമ്മേളനം. വിശ്രുതതത്വജ്ഞാനിയായ സെൻറഗസ്റ്റിൻെറ ആയിരത്തിയഞ്ഞൂറാമത്തു ചരമവാർഷികവും അക്കൊല്ലംതന്നെ. സമ്മേളനസ്ഥലമായി കർത്തേജ് തെരഞ്ഞെടുത്തതിനു കാരണവുമിതാണു്. അഗസ്റ്റിൻെറ ജീവിതത്തോടു് അതിമാത്രം ബന്ധപ്പെട്ട ഒരു പട്ടണമാണു കാർത്തേജ്. ഭാരതസഭാചരിത്രകാരന്മാർക്കു സുപരിചിതനായ കാർഡിനൽ ലെപീസിയേയായിരുന്നു പേപ്പൽ പ്രതിനിധി.

കാർത്തേജ്കോൺഗ്രസ്സിൻെറ കാര്യത്തിലുമുണ്ടായിരുന്നു, ആശങ്കകൾ. ഇതിനു കാരണം ആ നഗരത്തിലെ മുഹമ്മദീയഭൂരിപക്ഷമാണു്. പക്ഷേ, മനുഷ്യൻെറ മനക്കണക്കുകൂട്ടൽ എങ്ങനെ തെററിപ്പോകുന്നുവെന്നതിനൊരു തെളിവായി അനന്തരസംഭവങ്ങൾ. എട്ടു കർദ്ദിനാളന്മാരും നൂററിയൻപതു മെത്രാപ്പോലീത്താമാരും മെത്രാന്മാരും കാർത്തേജ്കോൺഗ്രസ്സിൽ സംബന്ധിച്ചു. പേപ്പൽപ്രതിനിധിയെ ഔദ്യോഗികമായി സ്വീകരിക്കുന്നതിനും സമാപനദിവസത്തെ കമനീയചടങ്ങുകളിലും രാഷ്ട്രീയാധികാരികളുടെ സാന്നിധ്യവും സഹായവുമുണ്ടായി. സ്വാഗതപ്രസംഗത്തിൽ കാർത്തേജിലെ ആർച്ചുബിഷപ്പ് പറഞ്ഞു: "വലിയ വലിയ അമേരിക്കൻ നഗരങ്ങൾക്കുമാത്രം സാധിക്കുന്ന പ്രൗഢവും ഔജ്ജ്വല്യമാനവുമായ സ്വീകരണം കോൺഗ്രസ്സിനെത്തിയിരിക്കുന്നവർക്കു നല്കുവാൻ ട്യൂണീസിലേ കത്തോലിക്കർക്കു സാധ്യമല്ല. പകരം, ശതാബ്ദങ്ങളിലൂടെ ശതക്കണക്കിനു രക്തസാക്ഷികളുടെ ചുടുരക്തം ഇഴുകിച്ചേർന്നിട്ടുള്ള ചെമ്മണ്ണാണവർ സമർപ്പിക്കുന്നതു്. മഹാത്മാക്കളായ സിപ്രിയൻേറയും അഗസ്റ്റിൻേറയും ഗംഭീരശബ്ദം മുഴങ്ങിക്കേട്ടിട്ടുള്ള കൂററൻ ബസിലിക്കകളുടെ അവശിഷ്ടങ്ങൾ കാണാമിവിടെ. ബഹു

ശ്രുതം രക്തസാക്ഷികൾ ധീരധീരം വിശ്വാസസംരക്ഷണാർത്ഥം ജീവനർപ്പിച്ച സമരഭൂമിയാണിതു്."

ആർച്ചുബിഷപ്പ് വിനയാന്വിതനായി സംസാരിച്ചു. പക്ഷേ, തുടർന്നുനടന്ന സമ്മേളനം തെളിയിച്ചു, ഔദാര്യത്തിലും തീക്ഷ്ണതയിലും കാർത്തേജ്കോൺഗ്രസ്സ് മുൻ കോൺഗ്രസ്സുകളുടെയൊട്ടും പിന്നിലല്ലായെന്ന്. സമാപനച്ചടങ്ങുകളെപ്പററി ഒരു സമകാലികയെഴുത്തുകാരൻ പറയുന്നു: "കടന്നുപോകുന്ന ക്രിസ്തുനാഥനെ വന്ദിച്ചുകൊണ്ടുനില്ക്കുന്ന രണ്ടുനിര പട്ടാളങ്ങളുടെ നടുവിൽ പതിനായിരക്കണക്കിനു വൈദികന്മാരും അൽമായരും ക്രമമായി മുന്നോട്ടുനീങ്ങുമ്പോൾ, ഒരുലക്ഷത്തിയൻപതിനായിരമാളുകൾ ആംഫിതീയേററിനടുത്തുള്ള ചരിവുകളിൽ ആ രംഗം വീക്ഷിച്ചു മൂകരായി നിലകൊണ്ടു." ക്രിസ്തുനാഥൻെറ ഈ ജൈത്രയാത്രയിൽ അവിടുത്തെ പരി. ജനനിയെക്കൂടി യോജിപ്പിക്കുവാൻ പേപ്പൽപ്രതിനിധി ജനക്കൂട്ടത്തോടാവശ്യപ്പെട്ടു. 'ആവേ മാരിസ് സ്റ്റെല്ല' എന്ന സ്തുതിഗീതം പാട്ടുകാർ ആരംഭിച്ചു. ലക്ഷക്കണക്കിനാളുകൾ ഒരേസ്വരത്തിൽ ആ മാതൃസ്തുതിഗീതം ഏററുപാടിയതു് ദിഗന്തങ്ങളിൽ മാറെറാലിക്കൊണ്ടു.

## 31) ഡബ്ളിൻ (1932)

മുപ്പത്തൊന്നാമത്തെ കോൺഗ്രസ്സ് അയർലണ്ടിൻെറ തലസ്ഥാനമായ ഡബ്ളിനിൽ വേണമെന്നു പാപ്പാ പീയൂസ് പതിനൊന്നാമൻ തീരുമാനിച്ചു. പുളകോദ്ഗമകാരിയായിരുന്നു ഐറിഷ്കാർക്കു് ഈ വാർത്ത. നൂററാണ്ടുകളായി പീഡനങ്ങളിലൂടെയും ക്ളേശങ്ങളിലൂടെയും തങ്ങൾ കാത്തുസൂക്ഷിച്ച വിശ്വാസത്തിൻെറ ചൈതന്യം പ്രകടിപ്പിക്കാൻ ഒത്ത സന്ദർഭമായി അവരിതു കരുതി. വി. പാട്രിക്ക് അയർലണ്ടിൽ ചൈതന്യമുറെറാരു ക്രിസ്തീയസമൂഹ

ത്തിന്ന് രൂപം നല്കിയതിൻെറ 15-ാം ശതവത്സരപൂർത്തിയാഘോഷങ്ങൾക്കൊരുങ്ങുകയായിരുന്ന അവർ.

കാർഡിനൽ ലൗറിയെ തൻെറ പ്രതിനിധിയായി പരിശുദ്ധപിതാവ് നിയോഗിച്ചു. സ്വന്തംമക്കളുടെ പക്കലേയ്ക്കു പോകുന്ന പിതാവിൻെറ അനുഭൂതിയാണു കാർഡിനലിനുണ്ടായതു്. പ്രൊപ്പഗാന്താകോളേജിൻെറ റെക്ടറായിരുന്ന ലൗറിയുടെ ശിഷ്യന്മാരായിരുന്നു അയർലണ്ടിലെ പല മെത്രാന്മാരും കോൺഗ്രസ്സ്സംഘാടകരും.

പതിനൊന്നു കർദ്ദിനാളന്മാരും ഇരുനൂറു മെത്രാന്മാരും പതിനായിരത്തിൽപ്പരം വിവിധരാജ്യപ്രതിനിധികളും കോൺഗ്രസ്സിൽ സംബന്ധിച്ചു. പുരുഷന്മാർക്കും സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേകംപ്രത്യേകം റാലികളുണ്ടായിരുന്നു. പുരുഷന്മാരുടെ റാലിയിൽ രണ്ടരലക്ഷംപേർ പങ്കെടുത്തു. അന്നത്തെ ഒരെഴുത്തുകാരൻെറ അഭിപ്രായത്തിൽ "ആദരവിൻെറയലകൾ" അന്നു സ്വർഗ്ഗത്തിലേക്കുയർന്നു, ഡബ്ളിനിൽനിന്ന്. സമ്മേളനത്തിൻെറ ഒരുദിവസം കുട്ടികൾക്കായി മാററിവയ്ക്കപ്പെട്ടിരുന്നു. അന്ന് "മാലാഖമാരുടെ സ്തുതിക്ക്" അർപ്പിക്കപ്പെട്ട കുർബാനയിൽ ഒന്നരലക്ഷം കുട്ടികൾ സന്നിഹിതരായി. അവരുടെ മൃദുലമായ ശബ്ദം അന്തരീക്ഷത്തിൽ അലയടിച്ചുയർന്നപ്പോൾ എത്ര സ്വർഗ്ഗീയമായൊരനുഭൂതിയായിരിക്കണം ഡബ്ളിനിലുളവായതു്! സ്ത്രീകളുടെ റാലിയിൽ 1,75000 പേരുണ്ടായിരുന്നു. എല്ലാപരിപാടികൾക്കും മകുടമായ സമാപനപ്രദക്ഷിണത്തിൻെറ അവസാനം പേപ്പൽപ്രതിനിധി അഭിനന്ദനസ്വരത്തിൽ പ്രസ്താവിച്ചു: "ലോകത്തിൻെറ എല്ലാഭാഗങ്ങളിലും അയർലണ്ടിൻെറ നാമം ആവർത്തിച്ചുച്ചരിക്കപ്പെട്ടു, ഈ ദിവസങ്ങളിൽ. എൻെറ അവസാനപ്രാർത്ഥന ഇതാണ്: അയർലണ്ടിനെ ദൈവം കരുണയോടെ ഇന്നുവരെ കാത്തുപരിപാലിച്ചതുപോലെ ഇനിയും എന്നെന്നും അവിടുന്നു തിരു

വുള്ളമുണ്ടായി അതിനെ വിശുദ്ധരുടെ നാടായി സംരക്ഷിക്കട്ടെ." പരിശുദ്ധപിതാവുതന്നെ കോൺഗ്രസ്സിൻെറ അവസാനത്തിൽ ഒരു റേഡിയോപ്രഭാഷണം നടത്തി. ഓരോ വിശ്വാസിയും അഭിമാനാവേശത്തോടെ ആ സന്ദേശം ശ്രവിച്ചു. അയർലണ്ടിൽ ആനന്ദം തിരതല്ലിനിന്നു ആ ദിവസങ്ങളിൽ.

അഗാധമായ ഭക്തിയും യഥാർത്ഥമായ ആധ്യാത്മികതീക്ഷ്ണതയും—ഡബ്ളിൻകോൺഗ്രസ്സിൻെറ പ്രത്യേകതകളാണ് ഇവ. മതപീഡനങ്ങളുടെ തീക്കനലിൽനിന്നു വീണ ഐറിഷ്‌വിശ്വാസം രൂപംപൂണ്ടതായിരുന്നു ഡബ്ളിൻകോൺഗ്രസ്സ്. ഓരോ ഐറിഷ്കാരനും കോൺഗ്രസ്സിൽ സ്വന്തമായൊരു പങ്കുണ്ടായിരുന്നു. ഓരോ പുരോഹിതനും അത്മായനും തൻെറ കൃത്യം ആത്മാർത്ഥമായി നടത്തി; കോൺഗ്രസ്സ് വിജയിച്ചു. കോൺഗ്രസ്സിൻെറ തൊട്ടടുത്ത വർഷം പീയൂസ്‌പതിനൊന്നാമൻ ഒരു പ്രസംഗത്തിൽ അയർലണ്ടിനെ പരാമർശിച്ചുപറഞ്ഞു: "നാം ഡബ്ളിൻ നഗരത്തിലേക്ക് മംഗളാശംസകളയച്ചു, നമ്മുടെ പ്രതിനിധിയെ അയച്ചു, റേഡിയോ സന്ദേശവും അയച്ചു. ജീവിക്കുന്ന വിശുദ്ധരുടെ നാടായ അയർലണ്ട് അവളുടെ മഹത്വത്തിനൊത്തവിധം കോൺഗ്രസ്സ്‌സമ്മേളനം സംഘടിപ്പിച്ചു. സാർവ്വദേശീയദിവ്യകാരുണ്യകോൺഗ്രസ്സുകളുടെ ചരിത്രത്തിൽ അവിസ്മരണീയവും അത്ഭുതകരവുമായൊരു സ്ഥാനം നേടിയെടുത്തു, ഡബ്ളിൻകോൺഗ്രസ്സ്. നമ്മുടെ പ്രിയപ്പെട്ട മക്കളായ ഐറിഷ്കാരുടെ ജീവിക്കുന്ന വിശ്വാസവും ചൈതന്യമാർന്ന ഭക്തിയും സമത്ഥവും സമൃൽകൃഷ്ടവുമായ സമ്മേളനസംവിധാനങ്ങളുമാണു കോൺഗ്രസ്സിൻെറ വിജയത്തിനു നിദാനം."

## 32) ബ്യൂനോസ് അയേഴ്സ് (1934)

ദിവ്യകാരുണ്യകോൺഗ്രസ്സിൻെറ ലക്ഷ്യങ്ങളിലൊന്നു വിശുദ്ധകുർബാനയോടു ഭക്തി വളർത്തുകയാണ്. ഇനിയിങ്ങോട്ട് എല്ലാകോൺഗ്രസ്സുകളും ഈ ലക്ഷ്യത്തെ സർവ്വപ്രധാനമായെണ്ണിയിരുന്നെന്നു കാണാൻ പ്രയാസമില്ല. ബ്യൂനോസ്അയേഴ്സിലേ കോൺഗ്രസ്സ് പ്രഥമതഃ പ്രധാനമായി ഉന്നംവെച്ചതും മറെറാന്നിലല്ല.

1934–ലെ 'മഹത്തമമായ സംഭവ'മായിരുന്നു ഈ കോൺഗ്രസ്സ്. ഇതോടെ മൂന്നാമതൊരു കോൺഗ്രസ്സും 'പുതിയ ലോക'ത്തു നടക്കുകയാണ്.

ദിവ്യകാരുണ്യകോൺഗ്രസ്സിൻെറ സ്ഥിരംകമ്മിററി പ്രസിഡൻറ് ബിഷപ്പ് തോമസ് ഹെയ്‌ലൻ ബ്യൂനോസ് അയേഴ്സ്കോൺഗ്രസ്സിൻെറ സജ്ജീകരണങ്ങളേയും തയ്യാറെടുക്കലിനേയുംപററിപ്പറഞ്ഞു: "സമുന്നതമായസംവിധാനസാമർത്ഥ്യത്തിനു നിദർശനമായിരിക്കും ബ്യൂനോസ് അയേഴ്സിൽ സമ്മേളിക്കുന്ന അടുത്ത ദിവ്യകാരുണ്യകോൺഗ്രസ്സ്." കോൺഗ്രസ്സിൻെറ ഫലദായകത്വം എപ്പോഴും അതിൽസ്സംബന്ധിക്കുന്നവരുടെ ആധ്യാത്മിക തയ്യാറെടുക്കലിനെ ആശ്രയിച്ചിരിക്കും. അമേരിക്ക ഒരു വർഷത്തേക്ക് ചൈതന്യമുററ ഒരു പ്രാർത്ഥനാമന്ദിരമായി മാറിയിരുന്നു—ഭിത്തികളും മേൽക്കൂരയുമില്ലാത്ത വലിയൊരു മന്ദിരം.

ഈ ആധ്യാത്മികസജ്ജീകരണങ്ങളുടെ ഭാഗമായാണു പല രൂപതാസമ്മേളനങ്ങളും സംഘടിപ്പിക്കപ്പെട്ടതു്. 1934 ഏപ്രിലിനും സെപ്ററംബറിനുമിടക്കു 12–ലധികം രൂപതാകോൺഗ്രസ്സുസമ്മേളനങ്ങൾ നടന്നു. ലാപബായിൽ സമ്മേളിച്ച അവസാനത്തേ കോൺഗ്രസ്സിനെത്തുടന്നു് ഒരാഴ്ച ദേശീയദിവ്യകാരുണ്യവാരമായി പ്രഖ്യാപിക്കപ്പെട്ടു. ഈ രൂപതാകോൺഗ്രസ്സുകളാണു ബ്യൂനോസ്അയേഴ്സ്കോൺഗ

സ്സിൻെറ പ്രാധാന്യത്തെപ്പററി ജനങ്ങളെ ബോധവാന്മാരാക്കിയതു്. ഒരു ശുപതാസമ്മേളനത്തിൽ നാലായിരം കുട്ടികൾ പ്രഥമദിവ്യകാരുണ്യസ്വീകരണം നടത്തി. മറെറാരിടത്തു പതിനായിരത്തിൽപ്പരം കുട്ടികളടങ്ങിയ ഗായകസംഘമാണു വിശുദ്ധകുർബാനയുടെ ഗാനങ്ങളാലപിച്ചതു്.

## ചർച്ചാക്ലാസ്സുകൾ

കോൺഗ്രസ്സിലെ പ്രധാനചർച്ചാവിഷയം "ദിവ്യകാരുണ്യത്തിലെ ക്രിസ്തുവിൻെറ സാമൂഹികരാജത്വം" എന്നതായിരുന്നു. "ദിവ്യബലിയിലെ ക്രിസ്തുവിൻെറ രാജത്വം", "വ്യക്തികളുടേയും സമുദായത്തിൻേറയും രാജാവായ ക്രിസ്തു", "ദിവ്യകാരുണ്യത്തിലെ ലോകരാജനായ ക്രിസ്തു" എന്നീ പ്രമേയങ്ങൾ ചർച്ചകൾക്കായി അവതരിപ്പിക്കപ്പെട്ടു. ദിവ്യകാരുണ്യത്തോടു ബന്ധപ്പെട്ട സാമൂഹികവും ആധ്യാത്മികവുമായ വിഷയങ്ങളെപ്പററിയും മററു പല പ്രമേയങ്ങളും പഠനവിഷയമായി. പ്രസിദ്ധരായ പല ചിന്തകന്മാരും ദൈവശാസ്ത്രജ്ഞന്മാരും ചർച്ചാസമ്മേളനങ്ങൾക്കു നേതൃത്വംകൊടുത്തു. വിശ്വാസികളിൽ ദിവ്യകാരുണ്യഭക്തി വളർത്തുന്നതിനുള്ള മാർഗ്ഗങ്ങളെപ്പററി പ്രായോഗികമായ പല തീരുമാനങ്ങളും കോൺഗ്രസ്സു കൈക്കൊള്ളുകയുണ്ടായി.

## സമ്മേളനം

വത്തിക്കാൻ സ്റ്റേററ്സെക്രട്ടറിയായ കാർഡിനൽ പച്ചെല്ലിയെ ബ്യൂനോസ്അയേഴ്സുകോൺഗ്രസ്സിലേക്കു തൻെറ പ്രതിനിധിയായി പീയൂസ് പതിനൊന്നാമൻ നിയോഗിച്ചു. സ്റ്റേററുസെക്രട്ടറിയെ പേപ്പൽലെഗേററായി അയക്കുക ഇതാദ്യമാണു്. പ. പിതാവിനു കോൺഗ്രസ്സിലുള്ള പ്രതീക്ഷ ഇതോടെ വ്യക്തമായി.

ഒക്ടോബർ പത്താംതീയതി ഉദ്ഘാടനച്ചടങ്ങുകൾ നടന്നു. പലേർമോപാക്കായിരുന്നു കോൺഗ്രസ്സ്രംഗം. ലോകത്തിലേ ഏററവും വലിയ പാക്കാണിതു്. സമ്മേളനസ്ഥലത്തിന്റെ നടുവിൽ 35 മീററർ നീളമുള്ള ഒരു കുരിശ്ശ് ഉയൎന്നുനിന്നിരുന്നു, കോൺഗ്രസ്സിന്റെ വിജയചിഹ്നമെന്നോണം. സമാരംഭചടങ്ങുകളിൽ നാലുലക്ഷത്തിലധികം ആളുകൾ ഉണ്ടായിരുന്നു. രണ്ടാംദിവസം കുട്ടികളുടേതായിരുന്നു. എല്ലാ പ്രതീക്ഷകളേയും കവിഞ്ഞൊരു വിജയമായിരുന്നു അതിന്റേതു്. അറുപതിനായിരം കുട്ടികൾ സംബന്ധിക്കുമെന്നേ പ്രതീക്ഷിച്ചിരുന്നുള്ളൂ. പക്ഷേ, ദിവ്യകാരുണ്യം സ്വീകരിക്കാൻതന്നെ ഒരുലക്ഷത്തിഏഴായിരം കുഞ്ഞുങ്ങളാണുണ്ടായിരുന്നതു്. 250 വൈദികന്മാർ അരമണിക്കൂർ എടുത്തു ദിവ്യകാരുണ്യം എഴുന്നള്ളിച്ചുകൊടുക്കാൻ. കോൺഗ്രസ്സിൽസംബന്ധിക്കാൻ സാധിക്കാതെവന്ന നാല്പതിനായിരം കുട്ടികൾ മററുദേവാലയങ്ങളിൽ ദിവ്യകാരുണ്യനാഥനെ സ്വീകരിച്ചു. കുട്ടികളുടെ കൊച്ചുസമൂഹംകണ്ടു് അത്ഭുതംനിറഞ്ഞു കാർഡിനൽ പച്ചെല്ലി വിളിച്ചുപറഞ്ഞു: "ഇതാണു പറുദീസാ", "ഇതാണു പറുദീസാ". അന്നേദിവസം പാതിരാവിൽ അർപ്പിച്ച പൊന്തിഫിക്കൽ കുർബാനയിൽ ഒന്നരലക്ഷംപേർ ദിവ്യകാരുണ്യം സ്വീകരിച്ചു.

ഒക്ടോബർ 13-നും 14-നുംമധ്യേയുള്ള അർദ്ധരാത്രിയിലാണു പുരുഷന്മാക്കുവേണ്ടി ദിവ്യബലി അർപ്പിക്കപ്പെട്ടതു്. നാല്പതിനായിരംപേർ ദിവ്യകാരുണ്യംസ്വീകരിക്കുമെന്നു കണക്കാക്കപ്പെട്ടിരുന്നു. പക്ഷേ, കുർബാനസ്വീകരണത്തിനു മുട്ടുകുത്തിയവരുടെ സംഖ്യ രണ്ടുലക്ഷമായിരുന്നു. തിരുവോസ്തികൾ ആറായി ഭാഗിച്ചാണന്നു കൊടുത്തതു്. മുന്നൂറു പുരോഹിതർ മൂന്നുമണിക്കൂർനേരത്തേക്കു ദിവ്യകാരുണ്യം എഴുന്നെള്ളിച്ചുകൊടുത്തു. ലോകത്തിലെങ്ങും കേട്ടുകേൾവിപോലുമില്ലാത്തൊരു സംഭവം.

ഒക്ടോബർ 14-ാംതീയതി കോൺഗ്രസ്സ് സമാപിച്ചു. തലസ്ഥാനനഗരി അന്നൊരു ജനസമുദ്രമായി മാറി. ആദ്യം തൊട്ടവസാനംവരെ കോൺഗ്രസ്സിൽസംബന്ധിച്ച തലസ്ഥാനനിവാസികൾക്കപുറമേ മൂന്നുലക്ഷമാളുകൾ അന്നവിടെക്കൂടി. നൂററിപ്പതിനാറു തീവണ്ടികളും ഒരുലക്ഷത്തിപ്പതിനായിരം കാറുകളും കോൺഗ്രസ്സുമൈതാനത്തിനുവെളിയിൽ ആളുകളുടെ തിരിച്ചുവരവുകാത്തു കിടപ്പുണ്ടായിരുന്നു. ആകെ 1350000 പേർ കോൺഗ്രസ്സിൽ സംബന്ധിച്ചെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. അക്കൂട്ടത്തിൽ അഞ്ചു കർദ്ദിനാളന്മാരും പന്ത്രണ്ടു മെത്രാപ്പോലീത്താമാരും എൺപതു മെത്രാന്മാരും ഉൾപ്പെടുന്നു. പേപ്പൽപ്രതിനിധി അർപ്പിച്ച സമാപനദിവ്യപൂജയിൽ പതിമ്മൂന്നുലക്ഷംപേർ സംബന്ധിച്ചു.

പീയൂസ് 11-ാമൻ റോമിലിരുന്നു കോൺഗ്രസ്സുപരിപാടികളെല്ലാം ശ്രവിക്കുന്നുണ്ടായിരുന്നു, റേഡിയോവിലൂടെ. കോൺഗ്രസ്സുസമാപനത്തിൽ പരിശുദ്ധപിതാവു നടത്തിയ റേഡിയോപ്രഭാഷണം ആരംഭിച്ചതിങ്ങനെയാണ്: "ദിവ്യകാരുണ്യരാജനായ ക്രിസ്തു ജയിക്കുന്നു, ദിവ്യകാരുണ്യരാജനായ ക്രിസ്തു ഭരിക്കുന്നു, ദിവ്യകാരുണ്യരാജനായ ക്രിസ്തു വാഴുന്നു. ഏററം പ്രിയ മക്കളേ, ഈ വാക്കുകളെപ്പററി ധ്യാനിക്കുകയായിരുന്നു നാം ഈ ദിവസങ്ങളിൽ. കോൺഗ്രസ്സിൻെറ ഓരോദിവസത്തേയും ഓരോ മണിക്കൂറിലേയും പരിപാടികൾ നാം സശ്രദ്ധം ശ്രവിച്ചുകൊണ്ടിരുന്നു, നിങ്ങളുടെ ഇടയിൽ സന്നിഹിതനായാൽ എന്നോണം. ഇപ്പോൾ, മഹത്വപൂർണ്ണമായ നിങ്ങളുടെ കോൺഗ്രസ്സു പര്യവസാനിക്കുന്ന ഈ മഹോന്നതമുഹൂർത്തത്തിൽ നാം ആവർത്തിക്കുന്നു: ദിവ്യകാരുണ്യരാജൻ വിജയിക്കുന്നു."

ശരിയാണ്, ബ്യൂനോസ് അയേഴ്സ് കോൺഗ്രസ്സ് എല്ലാവിധത്തിലും ദിവ്യകാരുണ്യരാജൻെറ മഹാവിജയമായിരുന്നു. കാർഡിനൽ പച്ചേല്ലിയുടെ വാചകങ്ങളിൽ കോ

ൺഗ്രസ്സ് "എല്ലാവിഭാവനകളേയും ഉല്ലംഘിക്കുന്ന, എല്ലാപ്ര തീക്ഷകളേയും അതിശയിക്കുന്ന അത്ഭുതകരവും അനവദ്യ വു"മായൊരു സംഭവമാണ്. "വിശ്വാസത്തിൻേറയും ഭക്തി ചൈതന്യത്തിൻേറയും ഉദാത്തമായ ഈ രംഗങ്ങൾ ദർശി ക്കുവാൻ ഭാഗ്യംലഭിച്ചതിൽ എൻെറ ആത്മാവ് അനുഭവി ക്കുന്ന സമാശ്വാസം പ്രകടിപ്പിക്കാൻ വാക്കുകളില്ല. എ ൻെറ സ്മരണയിൽ ആഴത്തിൽ ആലേഖിതമായിരിക്കും ഈ ദിവ്യകാരുണ്യകോൺഗ്രസ്സ്."

## 33) മനീല (1937)

മുപ്പത്തിമൂന്നാമത്തേ കോൺഗ്രസ്സ് തെക്കുകിഴക്കേ ഏ ഷ്യയിലേ ഏകകത്തോലിക്കരാജ്യമായ ഫിലിപ്പീൻസിൽ നടന്നു. ഫിലിപ്പീൻസിൻെറ തലസ്ഥാനനഗരമാണ്, മ നീല. ദിവ്യകാരുണ്യനാഥന് ആരാധനയർപ്പിക്കുന്ന കാര്യ ത്തിൽ കത്തോലിക്കർ, അവരുടെ വർണ്ണവും വർഗ്ഗവും ദേശ വും ഏതുമാവട്ടെ, അത്ഭുതകരമാംവിധം ഉത്സുകരാണെന്നു മനീലാകോൺഗ്രസ്സ് തെളിയിച്ചു.

ഫിലിപ്പീൻകാരോടു പരിശുദ്ധപിതാവു പീയൂസ്പതി നൊന്നാമനുണ്ടായിരുന്ന പൈതൃകവാത്സല്യത്തിൻെറ പ്രത്യ ക്ഷലക്ഷണംകൂടിയാണു മനീലാകോൺഗ്രസ്സ്. അവർ അ തു ശരിക്കു മനസ്സിലാക്കി, നന്നായി ഒരുങ്ങി. വിശ്വാസിക ളുടെ ഹൃദയങ്ങളിൽ ദിവ്യകാരുണ്യഭക്തി വളർത്തുവാനുതകു ന്ന എല്ലാ മാർഗ്ഗങ്ങളും ഫിലിപ്പീൻസ് സ്വീകരിച്ചു. പ്രദ ക്ഷിണങ്ങൾ, പൊതുദിവ്യകാരുണ്യസ്വീകരണങ്ങൾ, ദിവ്യ കാരുണ്യവാരങ്ങൾ, രൂപതാകോൺഗ്രസ്സുകൾ തുടങ്ങിയവ അവയിൽ ചിലതാണ്.

ഫിലാഡെൽഫിയാ ആർച്ചുബിഷപ്പ് കാർഡിനൽ ഡ യോണിഷ്യസ് ഡൌഹെർട്ടി (Dyonisus Dougherty),

ആയിരുന്ന കോൺഗ്രസ്സിലേ പേപ്പൽപ്രതിനിധി. നൂററിയൻപതു വൈദികാദ്ധ്യക്ഷന്മാർ സമ്മേളനത്തിൽ പങ്കെടുത്തു. അമേരിക്കയിൽനിന്നു 20, ആഫ്രിക്കയിൽനിന്നു 4, അസ്ട്രേലിയയിൽ നിന്നു 20, ഏഷ്യയിൽനിന്നു 20, യൂറോപ്പിൽനിന്നു 20, ഫിലപ്പീൻസുകാർ 22.

ഫെബ്രുവരി 3-ാംതീയതി സായാഹ്നം പേപ്പൽപ്രതിനിധി കോൺസ്സസമ്മേളനം ഉദ്ഘാടനംചെയ്തു. തുടർന്നു ബിഷപ്പ് ഹെയ്ലൻ 'ദിവ്യകാരുണ്യവും വിശ്വാസപ്രചരണവും' എന്ന വിഷയത്തെപ്പററി പ്രസംഗിച്ചു.

## A. പഠനക്ലാസ്സുകൾ

ദിവ്യകാരുണ്യത്തെസ്സംബന്ധിക്കുന്ന സാമൂഹ്യവും ധാർമ്മികവും ദൈവശാസ്ത്രപരവും ആരാധനക്രമസംബന്ധവുമായ പ്രശ്നങ്ങൾ ചർച്ചചെയ്യപ്പെട്ടു. സമ്മേളനങ്ങളിലേ ചില പ്രസംഗവിഷയങ്ങൾ:

i) ദൈവശാസ്ത്രം: "ദിവ്യകാരുണ്യസ്ഥാപനത്തിൻെറ പ്രധാനകാരണങ്ങൾ", "ദിവ്യകാരുണ്യസ്വീകരണത്തിൻെറ ആവശ്യവും ഫലങ്ങളും".

ii) ധർമ്മശാസ്ത്രം: "ദിവ്യകാരുണ്യഭക്തിയും വിശുദ്ധരും", "ദിവ്യകാരുണ്യഭക്തിയും വിദ്യാഭ്യാസവും", "ദിവ്യകാരുണ്യഭക്തിയും ദൈവവിളിയും".

iii) ആരാധനക്രമം: "ദിവ്യബലിയും ആധ്യാത്മികപ്രബോധനവും", "ദിവ്യബലിയിലേ ആചാരാനുഷ്ഠാനങ്ങളുടെ അർത്ഥം".

## B. ഭക്തിപരമായ ആഘോഷങ്ങൾ

ഫെബ്രുവരി 3-ാംതീയതിയാണു സമ്മേളനോദ്ഘാടനം നടന്നതു്. കോൺഗ്രസ്സിനുമുമ്പുനടന്ന ദീർഘവും അ

ത്മീയവുമായ ഒരുക്കത്തിൻെറഫലം കോൺഗ്രസ്സിലുടനീളം പ്രത്യക്ഷമായിരുന്നു. ഫെബ്രുവരി 4-ാംതീയതി സ്ത്രീകൾക്കായി മാററിവയ്ക്കപ്പെട്ടു. അന്നത്തെ ദിവ്യബലിയിൽ ഒന്നരലക്ഷം സ്ത്രീകൾ സംബന്ധിച്ചു. അന്നുരാത്രി രണ്ടരലക്ഷം പുരുഷന്മാർ ദിവ്യകാരുണ്യനാഥനുമുമ്പിൽ ആരാധനനടത്തി. അടുത്തദിവസം പുരുഷന്മാർക്കുള്ളതായിരുന്നു. മൂന്നൂറുപുരോഹിതന്മാരാണ് ദിവ്യകാരുണ്യം എഴുന്നെള്ളിച്ചുകൊടുക്കാൻ നിയോഗിക്കപ്പെട്ടതു്. ഫെബ്രുവരി 6-ാംതീയതിയിലെ കുട്ടികളുടെ സമ്മേളനത്തിൽ അറുപതിനായിരംപേർ ദിവ്യനാഥനെ സ്വീകരിച്ചു.

സമാപനപ്രദക്ഷിണത്തിനു് അഞ്ചുലക്ഷംപേരുണ്ടായിരുന്നു. ഫിലിപ്പീൻസിലെ ഉയന്ന ഗവണ്മെൻറുദ്യോഗസ്ഥൻ മുതൽ പാവപ്പെട്ട കൃഷിക്കാരൻവരെ എല്ലാ മനുഷ്യരും ദിവ്യനാഥൻെറ മുമ്പിൽ കൈകൂപ്പിനില്ക്കുന്ന കാഴ്ച ഭക്തിപ്രചോദകമായിരുന്നു. വി. കുർബ്ബാനയുടെ വാഴ്‌വുകഴിഞ്ഞപ്പോൾ പരിശുദ്ധപിതാവിൻെറ റേഡിയോപ്രഭാഷണത്തിൻെറ ശബ്ദം കോൺഗ്രസ്സന്തരീക്ഷത്തിൽ മുഴങ്ങി. ഇരുളിലും മരണനിഴലിലും അലയുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും ലോക്സമാധാനത്തിനുവേണ്ടിയും ഹൃദയംതുറന്നു പ്രാർത്ഥിക്കണമെന്നു തിരുമേനി ഉദ്ബോധിപ്പിച്ചു.

## 34) ബുഡാപ്പെസ്റ്റ് (1938)

ഹങ്കറിയിലെ രാജാവായ വി. സ്റ്റീഫൻ മരിച്ചതിൻെറ ഒൻപതാംശതവത്സരപൂർത്തിയായിരുന്നു ആയിരത്തിത്തൊള്ളായിരത്തിമുപ്പത്തെട്ടു്. പ്ലാനിട്ടൊരുക്കങ്ങൾ ആരംഭിച്ചിരിക്കുന്ന ആ ദേശീയമഹോത്സവത്തിനു മകുടമാകും അടുത്ത കോൺഗ്രസ്സ് ബുഡാപ്പെസ്റ്റിലാഘോഷിച്ചാൽ എന്നു പീയൂസ്പതിനൊന്നാമൻ കണ്ടു; അങ്ങനെതന്നെ തീരുമാനിക്ക

കയും ചെയ്തു. ഇതറിഞ്ഞ ഹങ്കേറിയൻജനതയ്ക്കുണ്ടായ ആഹ്ളാദത്തിനതിരില്ലായിരുന്നു. പരിശുദ്ധപിതാവു സ്റ്റെയിറുസെക്രട്ടറി കാർഡിനൽ പച്ചേല്ലിയെത്തന്നെ തൻെറ പ്രതിനിധിയായി നിയമിച്ചു.

വിവിധവും വിപുലവുമായ ഒരുക്കങ്ങൾ കോൺഗ്രസ്സിന്നണിയറയിൽ നടന്നു. അവിസ്മരണീയങ്ങളായ പല നവീനതകളും ബുഡാപ്പെസ്ററുകോൺഗ്രസ്സിനുണ്ട്.

## പീററിൻെറ തീ

പരിശുദ്ധപിതാവുകൊളുത്തിയ ഒരു ദീപശിഖ റോമിലെ സെൻറ്പീറേഴ്സ് ബസിലിക്കയിൽനിന്നു ഹങ്കറിയിലേയ്ക്കു സാഘോഷമാവഹിക്കപ്പെട്ടു. ഇററലിയും ഓസ്ത്രിയയും കടന്ന് ഓഗസ്ററു 15-ാംതീയതി 'പീററിൻെറ വെളിച്ചം' ഹങ്കറിയിലെ എസ്റെറർഗൺപട്ടണത്തിലെത്തി. ദീപശിഖയ്ക്കു സാഡംബരമായൊരു സ്വീകരണംനല്കാൻ ഒരു വലിയ ജനക്കൂട്ടം അവിടെ എത്തിയിട്ടുണ്ടായിരുന്നു. ആ ദീപശിഖയിൽനിന്നു കൊളുത്തിയെടുത്ത കൊച്ചുതിരികളുമായി ഹങ്കറിയുടെ നാനാഭാഗത്തേക്കുമവർ ഓടി. ഹങ്കറിയിലെ എല്ലാ ദേവാലയങ്ങളിലേയ്ക്കും ആ തിരിയിൽനിന്നു പകന്നു വെളിച്ചം സംവഹിക്കപ്പെട്ടു. വി. സ്റ്റീഫൻെറ ദിനമായ ഓഗസ്റ്റ് 20-ാംതീയതി ഹങ്കറിയിലെ എല്ലാദേവാലയങ്ങളിലും പരിശുദ്ധപിതാവു കൊളുത്തിയ 'പീററിൻെറ ദീപം' വെളിച്ചംവിതറി. സ്നേഹത്തിൻേറയും ഐക്യത്തിൻേറയും പ്രതീകമായിരുന്നു ആ പ്രകാശക്കതിരുകൾ.

## കുർബാനവിഞ്ഞു്

കോൺഗ്രസ്സുദിവസങ്ങളിൽ ആവശ്യമായ കുർബാനവിഞ്ഞു സ്പെയിൻ സംഭാവന ചെയ്തു, സ്പാനീഷ് ആഭ്യന്തരസമ

രകാലത്തു കമ്മ്യൂണിസ്ററുചെമ്പട ചെയ്ത അപരാധങ്ങൾക്കു പരിഹാരമായി. സ്പെയിനിലേ കാർഡിനൽ ഗോമാ വികാരാധീനനായിപ്പറഞ്ഞു: "ആയിരക്കണക്കിനു പുരോഹിതന്മാരുടേയും അല്മായരുടേയും ചുടുരക്തംവീണു നനഞ്ഞുകുതിന്ന ഞങ്ങളുടെ വയലുകളിൽവിളഞ്ഞ മുന്തിരിപ്പഴങ്ങളിൽനിന്നാണു് ഈ വീഞ്ഞു്. ആ രക്തത്തിൻെറ പ്രതീകമാണിതു്. ഞങ്ങളുടെ ഈ കാഴ്ച സ്നേഹത്തിൻേറയും പരിത്യാഗത്തിൻേറയും സന്ദേശംവഹിക്കുന്നു."

## തിരുവോസ്തി.

കോൺഗ്രസ്സിനുവേണ്ട ഓസ്തി ബൽജിയത്തിൽനിന്നു ലഭിച്ചു. അവിടുത്തെ കുട്ടികളുടെ സംഭാവനയായിരുന്നതു്. സ്മര്ത്തവ്യമായ സംഗതി, ഓരോ ഗോതമ്പുമണിയും കുട്ടികൾ കോൺഗ്രസ്സവിജയത്തിനർപ്പിച്ച പുണ്യപ്രവൃത്തികളുടെ പ്രതീകമാണെന്നതാണു്. ഇതിന്നായി വിദ്യാലയങ്ങളിലും വീടുകളിലും കൊച്ചുകൊച്ചു 'കോൺഗ്രസ്സപെട്ടികൾ' സ്ഥാപിച്ചിരുന്നു. കുട്ടികൾ ഇതിൽ ഓരോ ഗോതമ്പുമണികൾ നിക്ഷേപിക്കും, തങ്ങൾ ചെയ്യുന്ന ഓരോ പുണ്യപ്രവൃത്തിക്കും.

## പൂമഴ

ഇററാലിയൻ കുട്ടികളുടെ സമ്മാനമായിരുന്നു പുഷ്പങ്ങൾ. ഇററലിയുടെ പുഷ്പസമ്പത്തന്നു് എല്ലാവരും കണ്ടറിഞ്ഞു. കടലാസുപൂക്കളുടെ ദളങ്ങളിൽ കോൺഗ്രസ്സിനുവേണ്ടി കുട്ടികൾ ചെയ്ത പരിത്യാഗപ്രവർത്തികളുടെ എണ്ണം രേഖപ്പെടുത്തിയിരുന്നു. പ്രദക്ഷിണസമയത്തു് ആകാശത്തിൽനിന്നു വിമാനങ്ങൾ പൂക്കൾ വർഷിച്ചുകൊണ്ടിരുന്നു. കോൺഗ്രസ്സിൽസംബന്ധിച്ചിരുന്നവരുടെമേൽ ദിവ്യനാ

ഥൻ സ്വർഗ്ഗത്തിൽനിന്നു വർഷിച്ച അനുഗ്രഹങ്ങളെ പ്രദ്യോതിപ്പിച്ചു ആ പൂമഴ.

## ആഘോഷങ്ങൾ

മെയ് 25-ാംതീയതി കോൺഗ്രസ്സ് ഉദ്ഘാടനംചെയ്യപ്പെട്ടു. പേപ്പൽലഗേററിനെക്കൂടാതെ പതിന്നാലു കർദ്ദിനാളന്മാരും ഇരുനൂററമ്പതു മെത്രാന്മാരും സമ്മേളനത്തിൽ സന്നിഹിതരായിരുന്നു. കോൺഗ്രസ്സിൻെറ രണ്ടാംദിവസമാണ് അത്ഭുതപൂർവ്വമായ 'ജലപ്രദക്ഷിണം' നടന്നതു്. ഡാന്യൂബുനദിയിലെ ഓളങ്ങൾ 'ഹല്ലേലൂയ്യാ' പാടി ദിവ്യനാഥനെ എതിരേററ രംഗം അതീവഹൃദ്യമായിരുന്നു.

അലങ്കരിച്ച ഒരു ബോട്ടിൽ തയ്യാറാക്കിയ സിംഹാസനത്തിൽ ദിവ്യനാഥനാരൂഢനായി. ജറൂസലംദൈവാലയത്തിലേയ്ക്കു കഴുതപ്പുറത്തു ജൈത്രയാത്രനടത്തിയ കർത്താവിനെ പണ്ടു യഹൂദജനത ഒലീവുശിഖരങ്ങൾ കുലുക്കി ജയാരവങ്ങളോടെ സ്വീകരിച്ചു. ഇന്നാവട്ടെ ഡാന്യൂബ്നദിയിലെ ഓളങ്ങളെ മുറിച്ചുമുറിച്ചു മുമ്പോട്ടുപോകുന്ന ബോട്ടിലെ അൾത്താരയിൽ പള്ളികൊള്ളുന്ന അതേ കർത്താവിനു നൂറുനൂറു ബോട്ടുകൾ അകമ്പടിനിന്നു. അവയിൽ തിങ്ങിക്കൂടിയ ജനസഹസ്രങ്ങൾ ഒന്നിച്ചാലപിച്ച ദിവ്യസ്തുതിഗീതങ്ങൾ ഡാന്യൂബിൻെറ അക്കരെയുമിക്കരെയുംനിന്ന ജനക്കൂട്ടങ്ങൾ ഏററുപാടി. പ്രദക്ഷിണം കരയ്ക്കടുത്തപ്പോൾ രണ്ടരലക്ഷം ജനങ്ങൾ ഒന്നിച്ചാലപിച്ചു "എക്സുൾത്താത്തെ" എന്നാരംഭിക്കുന്ന കോൺഗ്രസ്സുഗാനം.

മഹായുദ്ധത്തിൽ മുറിവേററവർക്കും അംഗവിഹീനരായവർക്കുംവേണ്ടി പ്രതിഷ്ഠിക്കപ്പെട്ടിരുന്നു 27-ാംതീയതി. അന്നവിടെ സമ്മേളിച്ച അയ്യായിരംപേർ നിശ്ശബ്ദസ്വരത്തിൽ വിളിച്ചറിയിക്കുകയായിരുന്നു യുദ്ധത്തിൻെറ ഭീകരതകൾ. ഇനിയൊരുയുദ്ധം അനുവദിക്കരുതേ എന്നവർ സമാധാനത്തിൻെറ

നാഥനോടു കരംനൊന്തു പ്രാർത്ഥിച്ചു. കോൺഗ്രസ്സിലെ വികാരസ്പർശിയായൊരു രംഗമായിരുന്നു വേദനിക്കുന്നവരുടെ ആ സമ്മേളനം.

28-ാംതീയതി പൗരസ്ത്യറീത്തിൽ ദിവ്യബലിയർപ്പിക്കപ്പെട്ടു. സമാപനദിനമായ 29-ാംതീയതി പേപ്പൽപ്രതിനിധിയർപ്പിച്ച ദിവ്യബലിയോടെ സാഘോഷപരിപാടികൾ ആരംഭിച്ചു. ദിവ്യകാരുണ്യം എഴുന്നെള്ളിച്ചുകൊടുക്കാൻ മുന്നൂറുവൈദികന്മാർ നാലുമണിക്കൂർ എടുത്തു. ദിവ്യബലികഴിഞ്ഞപ്പോൾ റോമിൽനിന്നു മാർപ്പാപ്പായുടേ ശബ്ദം കോൺഗ്രസ്സുഗ്രൗണ്ടിൽ കേൾക്കായി. ഒൻപതുമിനിട്ടു ദീർഘിച്ച ഒരു ചെറുപ്രസംഗമായിരുന്നതു്. പതിനൊന്നാംപീയൂസ് നടത്തുന്ന അവസാനത്തേ കോൺഗ്രസ്സുസമാപനപ്രസംഗം. ഒൻപതുലക്ഷം ആളുകൾ നിശ്ശബ്ദരായിനിന്നു് ഇടയൻെറ സ്വരം ശ്രവിച്ചു. പ്രസംഗാനന്തരം സമാപനപ്രദക്ഷിണമാരംഭിച്ചു; തകർത്തടിച്ചു മഴയും തുടങ്ങി. പക്ഷേ, ആരും മടിച്ചുനിന്നില്ല, നിരവിട്ടു പോയുമില്ല. പെരുമഴനനഞ്ഞു് അവർ മുമ്പോട്ടുനീങ്ങി. വിശ്വാസത്തിൻെറ വിശ്വാകർഷകമായ പ്രദർശനം. ഒററവാക്കുകൊണ്ടു കാററും കോളും കടലും ശാന്തമാക്കിയവൻ അന്നു ബുഡാപ്പെസ്റ്റിലേ നഗരവീഥിയിലൂടെ മഴനനഞ്ഞു കടന്നുപോയി. പ്രദക്ഷിണാവസാനം പേപ്പൽ പ്രതിനിധി ജർമ്മൻഭാഷയിൽ ഒരു പ്രസംഗംചെയ്തു. കോൺഗ്രസ്സു സമാപിച്ചു.

പാപ്പാ പീയൂസ്പതിനൊന്നാമൻ കണ്ട അവസാനത്തേ സാർവ്വദേശീയദിവ്യകാരുണ്യകോൺഗ്രസ്സായിരുന്നു ബുഡാപ്പെസ്റ്റിലേതു്. ലോകത്തെവിടെയെങ്കിലുമൊരു ദേശീയദിവ്യകാരുണ്യകോൺഗ്രസ്സോ രൂപതാദിവ്യകാരുണ്യകോൺഗ്രസ്സോ സമാഘോഷിക്കപ്പെടാത്ത ഒരൊററ മാസംപോലുമില്ല, തിരുമേനിയുടെ ഭരണത്തിൻെറ അവസാനവർഷങ്ങളിൽ. അതിൻെറയെല്ലാം അവസാനം തിരുമേനിയുടെ റേഡിയോപ്രഭാഷണവുമുണ്ടാവും. അത്യുജ്ജ്വലദാത്തമായിരുന്നു അവിടു

ത്തേ ദിവ്യകാരുണ്യസ്നേഹം. മഹാനായ ആ പാപ്പ ഒരിക്കൽ പറഞ്ഞു: "ക്രിസ്തീയജീവിതത്തിൻെറ കേന്ദ്രമായിവേണം ദിവ്യകാരുണ്യത്തെ കാണുവാൻ. സഭയുടെ ആത്മാവുതന്നെ ദിവ്യകാരുണ്യമാണെന്നു പറയാം. ദിവ്യനാഥനു വിശ്വാസികൾ പരസ്യാരാധനനല്കട്ടെ, അവിടുത്തെ ഭക്ത്യാദരപൂർവ്വം വി. കുർബാനയിൽ സ്വീകരിക്കട്ടെ, തീർച്ച, ആത്മീയരോഗങ്ങളിൽനിന്നവർ മുക്തരാകും; ക്രിസ്തീയപുണ്യങ്ങളിലവർ ശക്തരാകും."

1939 ഫെബ്രുവരി 9-ാംതീയതി പതിനൊന്നാംപീയൂസ് ദിവംഗതനായി. കഷ്ടിച്ചു ഏഴുമാസംകഴിഞ്ഞു, രണ്ടാം മഹായുദ്ധം ആരംഭിച്ചുകഴിഞ്ഞു. ഇരുളിൻെറയും വേദനയുടേയും കുറെവർഷങ്ങൾ പിന്നെയങ്ങോട്ട്. കോൺഗ്രസ്സുസമ്മേളനത്തിനാവശ്യമായ നല്ല അന്തരീക്ഷത്തിനു് പതിന്നാലു വർഷംകാത്തിരിക്കേണ്ടിവന്നു.

# IV

# മഹായുദ്ധാനന്തരംനടന്ന നാലു കോൺഗ്രസ്സുകൾ

## രണ്ടാംമഹായുദ്ധവും മററും

1939 സെപ്ററംബറിൽ രണ്ടാംമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതോടെ ദിവ്യകാരുണ്യകോൺഗ്രസ്സിൻെറ ഗതിമുട്ടി. ഒന്നാംമഹായുദ്ധം എട്ടുവർഷത്തേ വിടവേ വരുത്തിവെച്ചുള്ളു; രണ്ടാംമഹായുദ്ധമായപ്പോൾ അതു പതിന്നാലുവർഷമായി.

പല സമരമുഖങ്ങൾ സൃഷ്ടിച്ചു യുദ്ധംമുന്നേറിക്കൊണ്ടിരുന്നപ്പോഴും കോൺഗ്രസ്സുപ്രവർത്തനം നിശ്ശബ്ദമായി പുരോ

ഗമിച്ചിരുന്നു. ദിവ്യകാരുണ്യകോൺഗ്രസ്സു വിശ്വാസികളു ടെയിടയിൽ ഉളവാക്കുന്ന മഹത്തായ ഫലത്തെപ്പററി തിക ച്ചും ബോധവാനായിരുന്നു, പീയൂസ് പന്ത്രണ്ടാമൻ. വിജ യകരമായി നടത്തപ്പെട്ട രണ്ടു കോൺഗ്രസ്സുകൾക്ക്—ബ്യൂ നോസ്ഐയേഴ്സ്, ബുഡാപ്പെസ്റ്റ്—പേപ്പൽപ്രതിനിധി യെന്നനിലയിൽ ദൃക്സാക്ഷിയാണവിടുന്ന്. മഹായുദ്ധാ രംഭത്തിൽത്തന്നെ അവിടുന്നു പുറത്തുവിട്ട ചാക്രികലേഖന ത്തിൽ ദിവ്യകാരുണ്യകോൺഗ്രസ്സുകളുടെകാര്യം പ്രത്യേകം എടുത്തുപറഞ്ഞതു് ഇതുകൊണ്ടാവണം. അവിടുന്നു പറയു ന്നു: "....നമ്മുടെ മുൻഗാമികളിൽനിന്നു പ്രശംസയും പ്രോ ത്സാഹനവും ലഭിച്ച ദിവ്യകാരുണ്യകോൺഗ്രസ്സ് ശക്തിയു ടേയും പ്രസാദവരത്തിൻേറയും സമൃദ്ധമായൊരു സ്രോതസ്സാ ണു്....ഇത്തരം ഫലാഢ്യങ്ങളായ പ്രസ്ഥാനങ്ങൾക്കു ശരിക്കു വിലയിരുത്തുക എളുപ്പമുള്ള കാര്യമല്ല."

മഹായുദ്ധം വരുത്തിക്കൂട്ടിയ വിനകൾക്കു കണക്കില്ല; വാസ്തവം. പക്ഷേ, അതുകൊണ്ടു ചില ഗുണങ്ങളുമുണ്ടായി. വർദ്ധിച്ച വ്യോമയാനംവഴി അന്താരാഷ്ട്രമണ്ഡലത്തിൻേറ വ്യാപ്തി കുറഞ്ഞെന്നതാണു് ഒരുകാര്യം. ഒരേയൊരു ദിവ സംകൊണ്ടു സാർവ്വദേശീയസമ്മേളനംതന്നെ നടത്താമെന്ന നിലവന്നു. മഹായുദ്ധത്തിനുമുമ്പു ദേശീയപ്രാധാന്യംമാത്രമു ണ്ടായിരുന്ന കാര്യങ്ങളിപ്പോൾ അന്താരാഷ്ട്രപ്രശ്നങ്ങളാ യി മാറി. ലോകത്തിൻേറ വല്ലമുക്കിലും കോണിലുമുണ്ടാകു ന്ന നിസ്സാരപൊട്ടലുകൾപോലും ഇപ്പോൾ സർവരാഷ്ട്രാന്ത രീക്ഷത്തിൽ പ്രതിധ്വനിയുണ്ടാക്കുമെന്നായി.

'കാത്തലിക്കു്' എന്ന വാക്കിൻേറ വാച്യാർത്ഥത്തിൽമാ ത്രമല്ല യാഥാർത്ഥ്യത്തിലും കത്തോലിക്കതിരുസ്സഭ സാർവ്വത്രി കമാണു്. ഈ പ്രത്യേകതയുടെ ഒന്നാംതരം പ്രാദുർഭാവമാ ണു സാർവ്വദേശീയദിവ്യകാരുണ്യകോൺഗ്രസ്സുകൾ. 'ഏകവും സാർവ്വത്രികവും'—ഒന്നിച്ചുപോകണം ഈ ഗുണങ്ങൾ രണ്ടും.

കോൺഗ്രസ്സ് പ്രവൎത്തനങ്ങളുടെകാര്യത്തിൽ പെട്ടെന്നു ചില വ്യതിയാനങ്ങളൊക്കെ വന്നു. 1901-തൊട്ടു 1938 വരെ ഇരുപതുകോൺഗ്രസ്സുകളിൽ ആധ്യക്ഷ്യംവഹിച്ച വിശ്രുതനായ മോൺ. ലൂയിഹെയ്ലൻ 1941-ൽ എൺപത്തഞ്ചാമത്തേ വയസ്സിൽ ദിവംഗതനായി. സ്റ്റാൻറിംഗ് കമ്മററി തയ്യാറാക്കിയ പുതിയ നിയമങ്ങൾ 1950-ൽ പീയൂസ് പന്ത്രണ്ടാമൻ അംഗീകരിച്ചു. നാലുവർഷം ഇടവിട്ടാവണം ഇനിയത്തേ ദിവ്യകാരുണ്യകോൺഗ്രസ്സുകളെന്ന് ഈ നിയമങ്ങളിൽ പ്രത്യേകം വ്യവസ്ഥചെയ്തു. പ്രസിഡൻറിൻെറ കാലാവധി പത്തുവർഷമാക്കിയതും പുതിയ നിയമാവലിയനുസരിച്ചാണ്. ഇങ്ങനെ, ദിവ്യകാരുണ്യകോൺഗ്രസ്സുകളുടെ മൂന്നാംഘട്ടമാരംഭിക്കുവാനുള്ള ഒരുക്കങ്ങളൊക്കെ പൂർത്തിയായി.

## 35) ബാർസെലോണ (1952)

സ്പെയിനിൽവച്ചു നടക്കുന്ന രണ്ടാമത്തേ ദിവ്യകാരുണ്യകോൺഗ്രസ്സാണിത്. 1911-ലെ ഇരുപത്തിരണ്ടാം ദിവ്യകാരുണ്യകോൺഗ്രസ്സാണ് ഒന്നാമത്തേത്. രണ്ടാംമഹായുദ്ധത്തിനുവെളിയിലായിരുന്നു, സ്പെയിൻ. 1944-ൽ യുദ്ധവും നരവേട്ടയും തുടൎന്നുകൊണ്ടിരിക്കവേ ബാർസെലോണ ഒരു ദേശീയദിവ്യകാരുണ്യകോൺഗ്രസ്സ സംഘടിപ്പിച്ചു. അതൊരു മഹാവിജയമായിരുന്നു. ബാർസെലോണയിൽ ഒരു സാവ്വദേശീയദിവ്യകാരുണ്യകോൺഗ്രസ്സ് വിജയപ്രദമായി നടത്താൻ സാധിക്കുമെന്നു സഭാധികാരികൾക്കു പെട്ടെന്നു ബോധ്യമായി. 1951-ൽ പീയൂസ് പന്ത്രണ്ടാമൻതന്നെയാണ്, ബാർസെലോണ മുപ്പത്തഞ്ചാംകോൺഗ്രസ്സിന്നായി തെരഞ്ഞെടുത്തത്. 1951 ഫെബ്രുവരി ഇരുപത്തഞ്ചാംതീയതി, എന്നുവച്ചാൽ കോൺഗ്രസ്സാരംഭിക്കുന്നതിനു കഷ്ടിച്ചൊരു വർഷംമുമ്പുമാത്രമാണ് ആ വാൎത്ത പ്രസിദ്ധപ്പെട്ട

ത്തിയതു്. സ്പെയിൻ ആഹ്ലാദഭരിതയായി. മഹായുദ്ധാനന്തരം നടക്കുന്ന ആദ്യത്തേകോൺഗ്രസ്സെന്നിരിക്കെ, പ്രധാന പ്രമേയമായി 'ദിവ്യകാരുണ്യവും സമാധാനവും' സ്വീകരിച്ചതു തികച്ചും ഉചിതമായി.

മുൻകോൺഗ്രസ്സുകളിലെപ്പോലെ ഏതാനും പ്രസംഗങ്ങൾകൊണ്ടു ചർച്ചാക്ലാസ്സുകൾ അവസാനിപ്പിച്ചില്ല. പ്രമേയത്തെ ശരിക്കപോലധരിച്ചും അപഗ്രഥിച്ചും സമഗ്രമായി പഠിച്ചുവെന്നതു ബാർസെലോണകോൺഗ്രസ്സിൻെറ ഒരു നേട്ടമാണു്. പ്രമേയത്തിൻെറ വിവിധവശസ്പർശിയായ ഒരു പുസ്തകംതന്നെ കാലേ പ്രസിദ്ധീകരിക്കപ്പെട്ടു. ഇതിൻെറ ആദ്യഭാഗത്തു വിഷയസംബന്ധമായ ഒരു സാമാന്യവിശകലനം നല്കിയിരിക്കുന്നു. രണ്ടാംഭാഗത്തു ചർച്ചചെയ്യപ്പെട്ടിരിക്കുന്നതു പ്രധാനമായും അഞ്ചുകാര്യങ്ങളാണു്: (1) ദിവ്യകാരുണ്യവും വ്യക്തിസമാധാനവും (2) ദിവ്യകാരുണ്യവും കുടുംബസമാധാനവും (3) ദിവ്യകാരുണ്യവും സാമൂഹ്യസമാധാനവും (4) ദിവ്യകാരുണ്യവും അന്താരാഷ്ട്രീയസമാധാനവും (5) ദിവ്യകാരുണ്യവും സമാധാനവും. ഇതേ പ്രമേയസ്പർശിയായ വേറെയൊരു തൊണ്ണൂറാശയങ്ങൾകൂടി ഗ്രന്ഥാവസാനത്തിൽ കൊള്ളിച്ചിരുന്നു. കലാലയങ്ങളിലേയ്ക്കും സെമിനരികളിലേയ്ക്കുമായി ഈ പുസ്തകത്തിൻെറ അറുപതിനായിരത്തിൽപ്പരം കോപ്പികളാണയച്ചുകൊടുത്തതു്. അങ്ങനെ എല്ലായിടത്തും അതു പഠനവിഷയമായി. ചുരുങ്ങിയദിവസങ്ങൾക്കുള്ളിൽ ഈ വിഷയത്തെപ്പററി അറുനൂറുലേഖനങ്ങൾ ഡോക്ടൈനൽകമ്മററിക്കു കിട്ടി. വിശ്വപ്രഥിതരായ ദൈവശാസ്ത്രജ്ഞന്മാരും ഗ്രന്ഥകാരന്മാരുമാണു്, ബാർസെലോണകോൺഗ്രസ്സിൽ പ്രസംഗിച്ചവർ. ചർച്ചാവിഷയസംബന്ധമായ കാര്യങ്ങളെല്ലാം രണ്ടു വലിയ വാല്യങ്ങളായി പ്രസിദ്ധീകൃതമായി. അവയ്ക്കു മൊത്തം ആയിരത്തിയെണ്ണൂറിൽശിഷ്ടം പുറങ്ങളുണ്ടെന്നറിയുമ്പോൾ വിഷയാപഗ്രഥന

സ്വഭാവം ഏതാണെന്നൂഹിക്കുവാൻ കഴിയും. 'ദിവ്യകാരുണ്യവും സമാധാനവും' എന്ന വിഷയത്തെപ്പററി ഇത്ര സമഗ്രമായൊരുപഠനം ഇന്നുവരെ ഉണ്ടായിട്ടില്ല.

### കോൺഗ്രസ്സാഘോഷങ്ങൾ

വളരെക്കാലം സ്പെയിനിൽ 'നൻഷിയൊ' ആയിരുന്ന കാർഡിനൽ തെദെഷീനിയെത്തന്നെ പേപ്പൽപ്രതിനിധിയായി പീയൂസ് പന്ത്രണ്ടാമൻ നിയമിച്ചു. മെയ് 27-ാംതീയതി ബാർസലോണയിലെത്തിയ അദ്ദേഹത്തിന് എല്ലാവിധയകമ്പടികളോടുംകൂടെ വമ്പിച്ച ഒരു സ്വീകരണമാണു നല്കപ്പെട്ടതു്. അന്നുതന്നെ കോൺഗ്രസ്സ് ഉദ്ഘാടനംചെയ്യപ്പെട്ടു. 'കത്തോലിക്കകുടുംബങ്ങളുടെ ദിവസം' എന്നൊന്നു പരിപാടിയിൽ കൊള്ളിച്ചിരുന്നതു പ്രത്യേകപരാമർശമർഹിക്കുന്നു. ഇരുപത്തയ്യായിരം കുട്ടികളുൾപ്പെടെ ഒന്നേമുക്കാൽലക്ഷമാളുകൾ അതിൽ പങ്കെടുത്തു. സമാധാനത്തിനുവേണ്ടി പ്രാർത്ഥിക്കുവാനും ക്രിസ്തീയകുടുംബങ്ങളെ ദിവ്യകാരുണ്യത്തിനു പ്രതിഷ്ഠിക്കുവാനുമാണ്, കുട്ടികളുന്നവിടെ സമ്മേളിച്ചതു്. ആ സന്ദർഭത്തിനുവേണ്ടി പ്രത്യേകംതയ്യാറാക്കിയ ഒരു പ്രതിഷ്ഠാപ്രകരണമാണ് അന്നവരെല്ലാവരുംകൂടെ ചൊല്ലിയതു്. "നമ്മളെല്ലാവരും കാത്തിരുന്ന ആ നിമിഷം വന്നു" എന്നാണാപ്രകരണം ആരംഭിക്കുക. "അവിടുത്തേയഭീഷ്ടമതെങ്കിൽ രക്തസാക്ഷിത്വംവരിക്കാൻതന്നെ ഞങ്ങൾ തയ്യാറാണ്. ഞങ്ങളുടെ യുവത്വത്തിലേ പ്രാർത്ഥനകളും പരിത്യാഗപ്രവൃത്തികളും ഇനിയും ഞങ്ങൾ ചെയ്യുവാനിരിക്കുന്നവയും നിത്യസമ്മാനത്തിനുപകരിക്കട്ടെ." ഒരുറച്ച വിശ്വാസപ്രഖ്യാപനംതന്നെയായ ഈ വാചകങ്ങളോടെയാണു പ്രാത്ഥനയുടെ അവസാനം.

പ്രാത്ഥനാനന്തരം അമ്മായരുടെഭാഗത്തുനിന്നു മൂന്നു പ്രസംഗങ്ങൾ നടന്നു. പതിന്നാലു മക്കളുടെ പിതാവായ അ

ഡ്മിറൽ പാസ്കൊവൽ സെർവെരായാണാദ്യം പ്രസംഗി ച്ചതു്. സ്പാനിഷ് ആഭ്യന്തരയുദ്ധത്തിൽ ഏഴുമക്കൾ നഷ്ട പ്പെട്ട ഒരു മാതാവു രണ്ടാമത്തേ പ്രാസംഗിക; ദൈവശുശ്രൂ ഷക്കായി ഏഴുമക്കളെ സമർപ്പിച്ച ഒരു പിതാവു മൂന്നാമത്തേ പ്രാസംഗികനും.

സ്പെയിനിലെ സെമിനരികളിൽനിന്നും ലോകത്തി ന്റെ വിവിധഭാഗങ്ങളിൽനിന്നുമെത്തിയ തൊള്ളായിരം പേർ പുരോഹിതപട്ടം സ്വീകരിച്ചതാണു്, എണ്ണപ്പെട്ട മ റ്റൊരുസംഭവം. ഇത്രയധികംപേർക്കൊന്നിച്ചു പട്ടംകൊടുക്കു കയെന്നതു ചരിത്രത്തിലന്നാദ്യമാണു്. ഇതിന്റെയൗചി ത്യത്തിൽ ചിലർക്കു ശങ്കയുണ്ടായി. പക്ഷേ, പരിപാടിപ്ര കാരം അതു നടക്കുകതന്നെ ചെയ്തു. ഇന്നതു ദിവ്യകാരുണ്യ കോൺഗ്രസ്സിന്റെ പരിപാടികളിലൊന്നായി അംഗീകരി ക്കപ്പെട്ടിരിക്കുന്നു.

പട്ടംകൊടുക്കൽച്ചടങ്ങിനായി സമ്മേളനസ്ഥലത്തു് ഇരുപത്തൊന്നൾത്താരകൾ പ്രത്യേകം സജ്ജീകരിക്കപ്പെട്ടു. ഓരോന്നിലുമുണ്ടായിരുന്നു, കർമ്മാനുഷ്ഠാനനിരതരായി മെത്രാ ന്മാർ. വിവിധരാജ്യക്കാരായ തൊള്ളായിരംപേർക്കൊന്നിച്ചു പട്ടംകൊടുത്ത ആ സുമോഹനരംഗം സഭൈക്യത്തിന്റെ ഒരൊന്നാംതരം പ്രതീകമായി പലരും വ്യാഖ്യാനിച്ചു.

ആഭ്യന്തരയുദ്ധകാലത്തു കമ്മ്യൂണിസ്റ്റുകാരുടെ ശ കതിദുർഗ്ഗമായിരുന്നു ബാർസലോണ. അങ്ങനെയിരിക്കെ, അ വിടെക്കൂടിയ കോൺഗ്രസ്സിനൊരു സാമൂഹ്യമുഖം കൊടുക്കണ മെന്നു പലർക്കും തോന്നി. ജോലിയില്ലാതെ വിഷമിക്കുന്നവ ർക്കായി അറുനൂറുഭവനങ്ങൾ കോൺഗ്രസ്സ്സ്മാരകമായി പ ണിതീർത്തു. കോൺഗ്രസ്സ്സമ്മേളനദിവസങ്ങളിൽ തങ്ങളു ടെ തൊഴിലാളികൾക്കു് ഇരട്ടിക്കൂലി കൊടുക്കുമെന്നു് അവി

ടത്തേ തൊഴിലുടമകൾ ഒത്തൊരുമിച്ചു തീരുമാനിച്ചപ്പോൾ സാമൂഹ്യമുഖ ഒന്നുകൂടിയാഴത്തിൽപ്പതിഞ്ഞു.

സമാപനദിവസത്തേ പ്രദക്ഷിണം പുതിയൊരു റിക്കാർഡുസൃഷ്ടിക്കുന്നവിധത്തിലാണു സംഘടിപ്പിച്ചതു്. പതിനൊന്നു കർദ്ദിനാളന്മാരും മുന്നൂറുമെത്രാന്മാരും പതിനയ്യായിരം വൈദികന്മാരും അഞ്ഞൂറു രാജ്യതന്ത്രജ്ഞന്മാരും, മതപരമായ സംഘടനകളുടെ പതിനാറായിരം പ്രതിനിധികളും പതിമൂന്നുലക്ഷം വേറെയാളുകളും അതിൽസ്സംബന്ധിച്ചെന്നു പറയുമ്പോൾ ആ പ്രദക്ഷിണത്തിന്റെ വലിപ്പവും ഗാംഭീര്യവും ഏതാണ്ടൊന്നൂഹിക്കുവാൻ കഴിയും. പ്രദക്ഷിണത്തിൽ സംബന്ധിക്കാൻ തരപ്പെടാതെ വേറൊരു പതിനഞ്ചുലക്ഷമാളുകൾ വെറും കാഴ്ചക്കാരായിമാത്രം നിന്നെന്ന യാഥാർത്ഥ്യം ദിവ്യകാരുണ്യനാഥനോടു സ്പാനിഷ്ജനതയ്ക്കുള്ള സ്നേഹത്തിന്റെ മാററു കുറിക്കുന്നു.

തലേദിവസം പുരോഹിതപട്ടമേററ തൊള്ളായിരം വൈദികന്മാരിൽനിന്നു് ഇരുന്നൂററമ്പതുപേർ ചേർന്നൊത്തുവലിച്ചിരുന്ന ഒരു വണ്ടിയിലാണു്, വി. കുർബാന പ്രതിഷ്ഠിച്ചതു്. നാലടി ഉയരമുള്ള അരുളിക്കയ്ക്കുപിന്നിൽ പേപ്പൽപ്രതിനിധി മുട്ടുകുത്തി. അമേരിക്കയിലേക്കു നടത്തിയ ആദ്യത്തേ കപ്പൽയാത്രയിൽ ശേഖരിച്ച സ്വർണ്ണവും വെള്ളിയുംകൊണ്ടുണ്ടാക്കിയ ആ അരുളിക്ക സ്പെയിന്റെ മൂല്യമററ നിധികളിലൊന്നാണു്.

പ്രദക്ഷിണാവസാനം പീയൂസ്പന്ത്രണ്ടാമൻ സ്പാനിഷിലൊരു റേഡിയോപ്രഭാഷണം നടത്തി. "1938–ലേ വസന്തകാലത്തു്, ബുഡാപ്പെസ്റ്റിൽവെച്ചു നടന്ന മുപ്പത്തിനാലാമത്തു ദിവ്യകാരുണ്യകോൺസ്സിനെ നാം അഭിസംബോധനംചെയ്തപ്പോൾ ആരു വിചാരിച്ചു, നീണ്ടതും വേദനാജനകവുമായ ഒരിടക്കാലത്തിനുശേഷം നടക്കുന്ന ഈ 35-ാംസമ്മേളന

ത്തെ ഈ അപ്പസ്തോലികസിംഹാസനത്തിൽനിന്നു നാം അഭിസംബോധനംചെയ്യുമെന്ന്?" പ്രഭാഷണാവസാനം കോൺഗ്രസ്സ് സംഘാടകരെ പ. പിതാവു മുക്തകണ്ഠം പ്രശംസിക്കുകയുണ്ടായി. "നമ്മുടെ അഭിലാഷത്തിനിണങ്ങിയവിധം കോൺഗ്രസ്സ് നിർദ്ദേശിച്ച സാമൂഹ്യപദ്ധതികൾ, മർദ്ദിതരായ നമ്മുടെ സഹോദരങ്ങളുടെയനുസ്മരണം, കത്തോലിക്കചൈതന്യത്തിന്റെ ഉത്തേജനം, സംബന്ധിച്ച ജനങ്ങളുടെ വർദ്ധിച്ച സംഖ്യ, വി. കുർബാന എഴുന്നെള്ളിച്ചുവയ്ക്കുന്നതിനു മുമ്പേ നടന്ന ആഡംബരപ്പണികളുടെ ഔജ്ജ്വല്യം, പഠനത്തിനായി തിരഞ്ഞെടുത്ത മഹത്തമവും അനന്തമവുമായ പ്രമേയം, പരിപൂർണ്ണമായ സംഘടനയും ഒപ്പം പൂർണ്ണമായ തയ്യാറെടുപ്പും ഒക്കെ കണക്കിലെടുക്കുമ്പോൾ ഈ മുപ്പത്തഞ്ചാം സാർവ്വദേശീയദിവ്യകാരുണ്യകോൺഗ്രസ്സ് ദിവ്യകാരുണ്യമഹാസംഭവങ്ങളുടെ സുവർണ്ണഗ്രന്ഥത്തിൽത്തന്നെ സ്ഥലംപിടിക്കും."

മൂന്നുലക്ഷം മറുരാജ്യക്കാർ ഈ കോൺഗ്രസ്സിൽസ്സംബന്ധിച്ചെന്നതു പ്രത്യേകിച്ചനുസ്മരണീയമാണ്. ബാർസെലോണയിലേ എല്ലാ വീട്ടുകാർക്കുമുണ്ടായിരുന്നു, വൈദേശികാതിഥികൾ. തീർത്ഥയാത്രക്കാരുടെ സൗകര്യാർത്ഥം പതിനഞ്ചു കപ്പലുകൾ ചലിക്കുന്ന ഹോട്ടലുകളായി പ്രവർത്തിച്ചു. ശരിക്കും സാർവ്വദേശീയമായി നടത്തപ്പെട്ടതു ബാർസലോണാകോൺഗ്രസ്സാണെന്നുവേണം പറയാൻ. പ. പിതാവുതന്നെ ഇക്കാര്യം എടുത്തുപറയുകയുണ്ടായി: "വിവിധരാജ്യക്കാരും വിവിധവർഗ്ഗക്കാരും വിവിധറീത്തുകാരുമായ ആളുകൾ ഒരു ഹൃദയവും ഒരാത്മാവുമായി ഇങ്ങനെ സമ്മേളിച്ചതു നല്ലൊരു മാതൃകതന്നെ. വ്യക്തിപരവും കുടുംബപരവും, സാമൂഹ്യവും അന്താരാഷ്ട്രീയവുമായ യഥാർത്ഥസമാധാനത്തിന്റെ സ്രോതസ്സ് എവിടെയാണെന്ന് ഇതുവഴി ലോകം മനസ്സിലാക്കും."

## 36) റയോഡിജനീറൊ (1955)

മുപ്പത്തഞ്ചാംകോൺഗ്രസ്സ്, കഴിഞ്ഞ പുറങ്ങളിൽ കണ്ടതുപോലെ, കത്തോലിക്കസ്പെയിനിൽവെച്ചാർഭാടപൂർവ്വം നടന്നു. മുപ്പത്താറാംകോൺഗ്രസ്സിൻെറ രംഗസ്ഥലമായി തെരഞ്ഞെടുക്കപ്പെട്ടതും ഒരു കത്തോലിക്കരാജ്യംതന്നെ— ബ്രസീൽ. ലോകത്തിലേററവും കൂടുതൽ കത്തോലിക്കർ നിവസിക്കുന്നതു ബ്രസീലിലാണു്. ആറുകോടിയിൽപ്പരം വരുന്നു, അവിടത്തെ കത്തോലിക്കജനസംഖ്യ. ബ്രസീലിൽ പതിനഞ്ചുവർഷം അപ്പസ്തോലിക്ക് നൻഷ്യോയായിരുന്ന കാർഡിനൽ മാസെല്ലയാണു്, പേപ്പൽപ്രതിനിധിയായി നിയമിതനായതു്.

### തയ്യാറെടുപ്പുകൾ

മുപ്പത്താറാംകോൺഗ്രസ്സ് റയോഡിജനീറോയിൽവെച്ചാണെന്നു പ. പിതാവു പ്രഖ്യാപിച്ച താമസം, തയ്യാറെടുപ്പുകൾക്കു ബ്രസീലൊന്നാകെയുണന്നുകഴിഞ്ഞു. അവിടത്തെ കാർഡിനൽ ആർച്ചുബിഷപ്പ് വിദഗ്ധനായ ഒരു കോൺഗ്രസ്സുനടത്തിപ്പുകാരനെ റോമിൽനിന്നു പ്രത്യേകം വരുത്തി. ബ്യൂനോസ് അയേഴ്സ്കോൺഗ്രസ്സിൻെറ ജനറൽസെക്രട്ടറിയായി പ്രവത്തിച്ച ഫാ. ഹെൻറി അല്ല (Henri Alla) ആയിരുന്നു, ഇദ്ദേഹം.

സമ്മേളനത്തിനുപററിയ സ്ഥലം കണ്ടുപിടിക്കുവാനാണവർ ആദ്യംശ്രമിച്ചതു്. അതൊരു പ്രശ്നംതന്നെയായിരുന്നു. ലോകത്തിൻെറ വിവിധഭാഗങ്ങളിൽനിന്നെത്തുന്ന ലക്ഷക്കണക്കിനാളുകൾക്കു നില്ക്കുവാനെങ്കിലും സ്ഥലവിസ്തൃതിയുണ്ടാവണം. പക്ഷേ, റയോഡിജനീറോയുടെ ഭൂമിശാസ്ത്രപരമായ കിടപ്പുതന്നെ ഇതിനുവിലങ്ങുതടിയായി.എങ്ങുനോക്കിയാ

ലും ഉഗ്രംപശ്ച്യാകാരംപൂണ്ടുനില്ക്കുന്ന ത്രക്കായപർവ്വതനിരകൾ! രാജ്യമാകെ ചുററിയടിച്ച് അനേകം സ്ഥലങ്ങളവർ പരിശോധിച്ചു. പക്ഷേ, ഒന്നിനുമില്ല ആവശ്യത്തിനുതകുന്ന വിസ്തൃതി. തെരഞ്ഞുതെരഞ്ഞു പലരുടേയും മനസ്സിടിഞ്ഞു.

മഹത്തായ ഈ സമ്മേളനത്തിനുവേണ്ട സ്ഥലം കരയിൽക്കിട്ടുക സാധ്യമല്ലെന്നു കണ്ട കോൺഗ്രസ്സുസംഘാടകരുടെ നോട്ടം കടലിലേയ്ക്കുതിരിഞ്ഞു. കരക്കുതരാൻകഴിയാത്ത സ്ഥലം കടലിലവർ കണ്ടു, ഉൾക്കടലിൽ. ഉൾക്കടൽ തീരത്തുനിന്നൊരു വിളിപ്പാടകലെ ഉയന്നുനിന്നിരുന്നു, വലിയൊരു മല. ആ മലകൊണ്ടുൾക്കടൽ നികത്തി സമ്മേളനസ്ഥലം സജ്ജമാക്കുവാൻതന്നെ അവസാനമവർ തീരുമാനിച്ചു. ഭഗീരഥപ്രയത്നംകൊണ്ടുമാത്രം സാധിക്കാവുന്ന ഒരു കാര്യമാണത്.

ഉടൻ തുടങ്ങി, അതിനുള്ള പണികൾ. മാമലമാററാൻ തന്നെ തീരുമാനിച്ചുകൊണ്ടു ധാരാളമാളുകൾ മുന്നോട്ടുവന്നു. അനേകം ടീമുകളായിത്തിരിഞ്ഞ് അവർ സംഘടിച്ചു പ്രവത്തിച്ചു. കല്ലും മണ്ണും വഹിച്ചുകൊണ്ടു കരയിൽനിന്നു കടലിലേയ്ക്കു രാപകലില്ലാതെ ട്രക്കുകൾ ഇരമ്പിപ്പാഞ്ഞു. ഒരു വർഷത്തിലധികംകാലത്തെ വിശ്രമമറിയാപ്രവർത്തനം; മാമലമാറി സമഭൂമിയായി; ഉൾക്കടൽ നികന്നു കരഭൂമിയായി. ദിവ്യകാരുണ്യകോൺഗ്രസ്സ്സമ്മേളനത്തിനു വേണ്ടതിലധികം സ്ഥലം ഉൾക്കടൽ നികത്തിക്കിട്ടിയപ്പോൾ പണ്ടു മനസ്സിടിഞ്ഞവർ മനംതുറന്നാഹ്ളാദിച്ചു. തങ്ങൾ നില്ക്കുന്ന മൂന്നുലക്ഷം ചതുരശ്രഗജം വിസ്തീർണ്ണമുള്ള ആ സ്ഥലം ഒരൊന്നര വർഷംമുമ്പു നാലഞ്ചാൾ വെള്ളമുള്ള ഉൾക്കടലായിരുന്നുവെന്നു തീർത്ഥാടകർക്കു വിശ്വസിക്കുവാൻ കഴിഞ്ഞില്ല.

മുൻകോൺഗ്രസ്സുകളിൽനിന്നൊക്കെ വ്യത്യസ്തമായിരുന്നു, റയോഡിജനീറോവിലേത്. ബ്രസീലിൻെറ ചരിത്രപ

ശ്ചാത്തലത്തെക്കുറിക്കുംവിധമാണു്, അവരതു സജ്ജീകരിച്ചതു്. പൊക്കിപ്പണിതുറപ്പിച്ചിട്ടുള്ള ഒരു പീഠത്തിലുയർന്നുനിന്നു കപ്പലിന്റെ അണിയം അനുസ്മരിപ്പിക്കുന്ന ഒരു ചെറുസ്തംഭം. നാലുശതർഷംമുമ്പു പോർട്ടുഗീസ്നാവികർ ബ്രസീൽ കണ്ടുപിടിച്ചു് അടുത്തുള്ളൊരു ബീച്ചിൽ ആദ്യത്തെ ദിവ്യബലിയർപ്പിച്ചു രാജ്യം അവകാശമാക്കിയതിന്റെ പ്രതീകമായിരുന്നു, ഉയർന്നുനിന്ന അണിയം. അണിയത്തിന്റെ പിൻഭാഗം സവ്പ്രേക്ഷകരുടെ ശ്രദ്ധയാകർഷിച്ചു. സ്റ്റീലുകൊണ്ടുണ്ടാക്കിയ നാല്പതുഗജം ഉയരമുള്ള ഒരു കൂപകത്തിൽ എണ്ണൂറ്റിയെൺപതുഗജം വലിപ്പമുള്ള ഒരു കപ്പൽപ്പായ് കെട്ടിയിരുന്നു. നന്നായി കാറ്റുപിടിക്കുമ്പോൾ വലിഞ്ഞുവിടർന്നുനില്ക്കുന്ന ആ കപ്പൽപ്പായുടെ പുരോഭാഗത്തു ഉന്നീതമായൊരു സ്ഥലത്തു് അൾത്താര ശരിയാക്കി. അൾത്താരയുടെ ഇരുവശത്തുമായിട്ടാണു്, സമ്മേളനത്തിനെത്തിയിരിക്കുന്ന കർദ്ദിനാളന്മാക്കു സിംഹാസനങ്ങൾ തയ്യാറാക്കിയതു്.

ആ സന്ദർഭത്തിനുവേണ്ടി പ്രത്യേകമുണ്ടാക്കി, വലിപ്പമേറിയ ഒരരുളിക്ക. മുന്നൂറു പൗണ്ടു് തൂക്കമുണ്ടായിരുന്നതിനു്. അൻപത്താറു വജ്രക്കല്ലുകളും ആയിരത്തിയിരുനൂറ്റിയൻപതു വിലപിടിപ്പുള്ള മുത്തുകളും അതിൽ പതിച്ചിരുന്നു. വലിയ അരുളിക്കയ്ക്കുള്ളിൽ വളരെ വിദഗ്ധമായി ഘടിപ്പിച്ചിരുന്നു, ചെറിയൊരരുളിക്ക. അയ്യാരത്തിയറുനൂറ്റിത്തൊണ്ണൂറ്റാറു രത്നങ്ങളും നൂറ്റൻപത്തിനാലു വിശേഷതരം മുത്തുകളും അതിനെ അലങ്കരിച്ചിരുന്നു. ബ്രസീലിയൻപ്രകൃതി അതിന്റെ വിധാതാവിനർപ്പിച്ച കാണിക്കയാണിതു്.

ആധ്യാത്മികമായ ഒരുക്കങ്ങളുടെ കാര്യത്തിലേയ്ക്കു കടക്കുമ്പോഴും കാണാം ഇത്തരം മഹാദൃശ്യങ്ങൾ. എഴുപത്തഞ്ചുവൈദികന്മാരുടെ ഒരു പ്രത്യേകസംഘം അനേകം ഇടവകകളിൽ പതിനഞ്ചുദിവസംവീതം മിഷൻധ്യാനപ്രസംഗങ്ങൾ നടത്തി. നൂറ്റിയിരുപതോളം പ്രാദേശികദിവ്യകാരുണ്യ

കോൺഗ്രസ്സുകൾ വിജയപ്രദമായി നടത്തപ്പെട്ടു. കോൺഗ്രസ്സ്സമ്മേളനത്തിലേക്കു പരിശീലിപ്പിക്കപ്പെട്ടത്ത ഗായകസംഘത്തിൽ ഒരു ലക്ഷം പേരാണുണ്ടായിരുന്നതു്. "രക്ഷകനായ ക്രിസ്തുവും അവിടുത്തെ ദിവ്യകാരുണ്യസാമ്രാജ്യവും" റയോ ഡിജനീറോകോൺഗ്രസ്സിലെ പ്രധാനപ്രമേയമായി സ്വീകരിച്ചു.

## സമ്മേളനം

ഇരുപത്തൊന്നു കർദ്ദിനാളന്മാരും നാനൂറിൽപ്പരം മെത്രാന്മാരും ആയിരക്കണക്കിനു വൈദികന്മാരും ഈ കോൺഗ്രസ്സിൽസ്സംബന്ധിച്ചു. ബ്രസീലിയൻകത്തോലിക്കരുടെകൂടെ ഇരുപതിനായിരത്തിൽപ്പരം മറുനാടൻതീർത്ഥകർകൂടിയായപ്പോൾ സമ്മേളനസ്ഥലം നിറഞ്ഞുകവിഞ്ഞു.

ബെലൊഹൊരിസോന്തെയിൽനിന്നു സമ്മേളനസ്ഥലത്തേക്കു നടത്തിയ തീർത്ഥയാത്ര പ്രത്യേകം ശ്രദ്ധേയമാണു്. മുന്നൂറുമൈൽ ദൈർഘ്യമുള്ള ഒരു പ്രദക്ഷിണമായിരുന്നു, വാസ്തവത്തിലതു്. ഒരു സ്പെഷൽട്രെയിനിൽ അഞ്ഞൂറുതീർത്ഥയാത്രക്കാർ. ട്രെയിനിൻെറ കോച്ചുകളിലൊന്നു ചലിക്കുന്ന ചാപ്പൽ. വി. കർബാന എഴുന്നള്ളിച്ചുവെച്ചുകൊണ്ടായിരുന്നായാത്ര. ഹൊറിസോന്തെയിലെ ആർച്ചുബിഷപ്പാണാ തീർത്ഥയാത്ര നയിച്ചതു്.

സാൻപാവുളോവിൽനിന്നു പ. ജനനിയുടെ അത്ഭുതകരമായ ഒരു പ്രതിമ—Senhora Aparecida—സാഘോഷം സമ്മേളനസ്ഥലത്തേയ്ക്കു കൊണ്ടുവന്നതാണു മറെറാരു സ്മരണീയമായ സംഭവം. ഈ തിരുസ്വരൂപം വഹിച്ചു റെയിൽവേസ്റ്റേഷനിൽനിന്നു സമ്മേളനസ്ഥലത്തേക്കു നടത്തിയ രണ്ടുമൈൽ പ്രദക്ഷിണം മൂന്നു മണിക്കൂർ ദീർഘിച്ചു. ആയിരങ്ങളുടെ പലയായിരങ്ങളാണു്, ദൈവമാതൃസ്തുതിഗീതങ്ങളോടെ ആ പ്രദക്ഷിണത്തിൽ സംബന്ധിച്ചതു്.

ഉൽഘാടനത്തിന്റെ കാര്യത്തിലുമുണ്ടായിരുന്നു, ചെറിയൊരു പ്രത്യേകത. അഞ്ചുലക്ഷത്തിൽപ്പരമാളുടെ സാന്നിധ്യത്തിൽ ഉൽഘാടനച്ചടങ്ങുകൾ നടന്നുകൊണ്ടിരിക്കവേ കാണായി ഉൾക്കടലിലൊരു ദിവ്യകാരുണ്യപ്രദക്ഷിണം. രണ്ടു യുദ്ധക്കപ്പലുകളുടേയും നാന്നൂറു നാവികരുടേയും അകമ്പടിയോടെ വി.കുർബാനയും സംവഹിച്ചുകൊണ്ടു ബ്രസീലിലേ കാർഡിനൽ പ്രൈമററ് ഉൾക്കടലിൽനിന്നു സമ്മേളനസ്ഥലത്തേക്കു നീങ്ങി. വി. കുർബാനയുടെ വാഴ്വോട്ടുകൂടെ ഉൽഘാടനച്ചടങ്ങുകളവസാനിപ്പിക്കത്തക്കവിധം സമയത്താപ്രദക്ഷിണം സ്ഥലത്തെത്തി.

രോഗികൾക്കു നല്കിയ ആശീർവ്വാദമാണു മറെറാരു മഹാസംഭവം. ഇതു ശരിക്കു നിർവ്വഹിക്കുവാൻ വളരെ മുൻകരുതലുകൾ ചെയ്യേണ്ടിയിരുന്നു– മാസങ്ങൾതന്നെ നീണ്ട തയ്യാറെടുപ്പ്. കോൺഗ്രസ്സിന്റെ വിജയത്തിനായി രോഗികൾ സമർപ്പിച്ച സുകൃതമഞ്ജരി ഒരു പുതിയ റിക്കാർഡുതന്നെ സൃഷ്ടിച്ചു. രോഗീസ്സ്ഥലയർ കണ്ടവർകണ്ടവരെല്ലാം നിന്നിമേഷരായി നിന്നുപോയി. വടികുത്തിയും വലിഞ്ഞുനീന്തിയും എത്തിയവർ, കരുണയുള്ളവരുടെ കൈയിൽപ്പിടിച്ചെത്തിയവർ, മിലിട്ടറിസ്റ്റ്രെച്ചർവാഹകന്മാർ എടുത്തുകൊണ്ടുവന്നു കിടത്തിയവർ തുടങ്ങി അയ്യായിരത്തിൽപ്പരം രോഗികൾ!

സമാപനദിവസം പത്തുലക്ഷത്തിലധികമാളുകൾ റിയോഡിജനീറോവിൽ തിങ്ങിക്കൂടി. പേപ്പൽപ്രതിനിധിയാണന്ന് ആഘോഷമായ ദിവ്യബലിയർപ്പിച്ചതു്. അതുകഴിഞ്ഞയുടനെ സെനററിന്റെ പ്രസിഡൻറും റിപ്പബ്ളിക്കിന്റെ വൈസ്പ്രസിഡൻറുമായ ഡോ. നേരെൻ റാമോസ് ബ്രസീലിയൻപൗരന്മാരെ അഹ്വാനംചെയ്തു, രാജ്യത്തെ ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിക്കാൻ. കർദ്ദിനാൾ

തിരുമേനി പ്രതിഷ്ഠാപ്രകരണം ചൊല്ലിക്കൊടുത്തു. ജനലക്ഷങ്ങളതേററുചൊല്ലി. പ്രദക്ഷിണാനന്തരം നടന്ന പേപ്പൽ പ്രക്ഷേപണത്തോടേ കോൺഗ്രസ്സ് സമാപിച്ചു. റയോഡിജനീറോകോൺഗ്രസ്സിൻെറ വിജയത്തെപ്പററി ഒരു നിരീക്ഷകനെഴുതി: "യഥാർത്ഥമതാഭ്യാസത്തിൽനിന്നാളുകളെ വലിച്ചകററുന്ന സുഖോപഭോഗത്തിൻേറയും പേഗൻസ്വാധീനത്തിൻേറയും ഈ യുഗത്തിൽപ്പോലും ആധ്യാത്മികതലത്തിനു ശക്തിക്ഷയം സംഭവിച്ചിട്ടില്ലെന്നു ദിവ്യകാരുണ്യകോൺഗ്രസ്സ് തെളിയിച്ചു. കത്തോലിക്കസഭയുടെ സാർവ്വത്രികതയാമാണു കോൺഗ്രസ്സിൽ ഏററവും തെളിവായിക്കണ്ടതു്. ഒരു വിശ്വാസത്തിൻെറ തണലിൽ ഒന്നിച്ചുകൂടിയും ഒരു വിശ്വാസപ്രമാണം ഏററുപറഞ്ഞും വിവിധരാജ്യക്കാരും വിഭിന്നഭാഷ സംസാരിക്കുന്നവരുമായ ജനലക്ഷങ്ങളാണു് അന്നവിടെ ഒന്നിച്ചുകൂടിയതു്: നാഥനൊന്നു്, വിശ്വാസമൊന്നു്, സഭയൊന്നു്."

## 37) മ്യൂനിക്കു് (1960)

ദിവ്യകാരുണ്യകോൺഗ്രസ്സിൻെറ ചരിത്രത്തിലേ പുതിയൊരദ്ധ്യായത്തിന്നാരംഭവും ഇരുപതാംനൂററാണ്ടിൻെറ ആരംഭത്തിലുദയംകൊണ്ടു വളർന്നു വികസ്വരംപ്രാപിച്ച ഒരാദ്ധ്യാത്മികനവോത്ഥാനത്തിൻെറ അരങ്ങേററവുമാണു മ്യൂനിക്ക്കോൺഗ്രസ്സ്. മഹാനായ ജോൺ ഇരുപത്തിമൂന്നാമൻെറ ഭരണകാലത്തേ ഏകദിവ്യകാരുകോൺഗ്രസ്സമാണിതു്.

ജർമ്മനിയിൽ ഇതിനുമുമ്പു രണ്ടു ദിവ്യകാരുണ്യകോൺഗ്രസ്സുകൾ സമ്മേളിച്ചിട്ടുണ്ടു്:മെത്ത്സിലും കൊളോണിലും. മൂന്നാമത്തേ കോൺഗ്രസ്സിൻെറ രംഗഭൂമിയായി മ്യൂനിക്ക് തിരഞ്ഞെടുക്കപ്പെട്ടതു പൂർണ്ണമായും അർത്ഥവത്താണു്. ആയിര

ത്തിത്തൊള്ളായിരത്തിയൊൻപതിൽനടന്ന കൊളോൺകോൺഗ്രസ്സിനും ആയിരത്തിത്തൊള്ളായിരത്തിയറുപതിൽ സമ്മേളിച്ച മ്യൂനിക്ക്കോൺഗ്രസ്സിനുമിടക്ക് ലോകത്തെ ഞെട്ടിപ്പിച്ച ആ രണ്ടു മഹായുദ്ധങ്ങൾ നടന്നു. രണ്ടിലുമുണ്ടായിരുന്നു, മററേതൊരു രാഷ്ട്രത്തെക്കാൾ കൂടുതലായി, ജർമ്മനിക്കൊരു പങ്ക്. രണ്ടാം ലോകമഹായുദ്ധത്തിൻെറ തീപ്പൊരി കത്തിവീണതും ഹിററ്ലറിൻെറ വർഗ്ഗമേധാവിത്വസിദ്ധാന്തത്തിൻെറ കാറേററ് ആ തീ ആളിക്കത്തിത്തുടങ്ങിയതും ജർമ്മനിയിൽത്തന്നെ. അതുകൊണ്ടാണു മ്യൂനിക്ക് കോൺഗ്രസ്സിനെ പലരും പരസ്യപരിഹാരത്തിൻെറ സമ്മേളനമായെണ്ണിയതു്.

## അരുളിക്കയിൽനിന്ന് അൾത്താരയിലേയ്ക്കു്

ആദ്യന്തൂററാണ്ടുതൊട്ടിങ്ങോട്ടുനോക്കിയാൽ കാണാം ദിവ്യകാരുണ്യഭക്തിയിലും പല പരിവർത്തനങ്ങളും പരിണാമങ്ങളും വളർച്ചയും വികാസവും. ആദിമക്രിസ്ത്യാനികളനുഷ്ഠിച്ചിരുന്ന ദിവ്യകാരുണ്യാഘോഷം ദിവ്യബലിമാത്രമാണ്. ബലിയിൽനിന്നു വേറിട്ടൊരു ദിവ്യകാരുണ്യാരാധന അന്നജ്ഞാതവുമായിരുന്നു. പക്ഷേ, കാലക്രമത്തിൽ നിയതമായ ആരാധനക്രമം രൂപംകൊണ്ടുവളർന്നു വികാസംപ്രാപിച്ചു. ദിവ്യകാരുണ്യത്തിലേ മറഞ്ഞിരിക്കുന്ന കർത്താവിനുമുമ്പിൽ വിശ്വാസികൾ ആരാധന നടത്തിത്തുടങ്ങി. സക്രാരിയുടെ മുമ്പിൽ ധ്യാനത്തിൽ ലീനരാവുക സ്വർഗ്ഗസൗഭാഗ്യത്തിൻെറ മുന്നാസ്വാദനമാണെന്നബോധം വളർന്നു. പിന്നെ, ക്രമേണ ദിവ്യകാരുണ്യഭക്തി വളർന്നു വിവിധരൂപത്തിൽ പ്രകടിതമായി. അങ്ങനെയാണു വി. കുർബ്ബായുടെ ആശീർവ്വാദവും തിരുമണിക്കൂറും ദിവ്യകാരുണ്യപ്രദക്ഷിണവും സഭയിലുണ്ടായതു്. ഈ പശ്ചാത്തലത്തിലേ നമുക്കു മനസ്സിലാവൂ, സഭ പരസ്യാ

രാധനയ്ക്കും ദിവ്യകാരുണ്യകോൺഗ്രസ്സിനും നല്കിയ പ്രാധാന്യം. റയോഡിജനീറോകോൺഗ്രസ്സുവരെ പരമപ്രധാനമായ കോൺഗ്രസ്സുപരിപാടി ദിവ്യകാരുണ്യപ്രദക്ഷിണമായിരുന്നു.

പക്ഷേ ഈ നൂററാണ്ടിന്റെ ആരംഭത്തിൽത്തന്നെ ദിവ്യകാരുണ്യത്തെസംബന്ധിക്കുന്ന ആരാധനക്രമസംബന്ധവും ദൈവശാസ്ത്രപരവുമായ വീക്ഷണത്തിൽ പുതിയൊരു പരിവർത്തനം ഉണ്ടായിവന്നു. ഫ്രാൻസിലും ജർമ്മനിയിലുമുദയംകൊണ്ട ആരാധനക്രമസംബന്ധിയായ നവോത്ഥാനം അരുളിക്കയും സക്രാരിയും അൾത്താരയുടെ പശ്ചാത്തലത്തിൽവേണം കാണുവാനെന്നു വ്യക്തമാക്കി. ക്രിസ്തീയജീവന്നുറവിടം അൾത്താരയിലെ ദിവ്യനാഥനെങ്കിൽ, ക്രിസ്തീയജീവിതത്തിനും ക്രിസ്ത്യൻഭക്തിക്കുമാധാരവും കേന്ദ്രവും അൾത്താരയിലെ ബലിയാണെന്ന സത്യത്തെപ്പററി കൂടുതൽ കൂടുതൽ അവബോധമുണ്ടായി. ദശാബ്ദങ്ങളിലൂടെ വളന്ന ഈ മനോഭാവത്തിന്റെ പരസ്യമായ അംഗീകാരമാണു മ്യൂനിക്ക്കോൺഗ്രസ്സെന്നു പറയാം.

മ്യൂനിക്ക്കോൺഗ്രസ്സിലെ എല്ലാ പരിപാടികളും ദിവ്യബലിയെ ചൂഴ്ന്നാണു നിലകൊണ്ടതു്. അൾത്താരയും സക്രാരിയും വേർപെട്ടല്ല നില്ക്കുക; അവ ഒരേ യാഥാർത്ഥ്യത്തിന്റെ ര വിവിധഭാഗങ്ങളാണു്.

ദിവ്യകാരുണ്യകോൺഗ്രസ്സിലൂടെ ഔദ്യോഗികമായി സമുദ്ഘാടിതമായ ഈ പരിവർത്തനം മനുഷ്യസാഹോദര്യത്തിന്റെ മാഹാത്മ്യത്തെപ്പററി ആധുനികലോകത്തിനുള്ള അവബോധത്തിന്റേറയും സാർവ്വത്രികൈക്യത്തിനുവേണ്ടി മനുഷ്യനുള്ള അഭിലാഷത്തിന്റേറയും പ്രകടീഭാവമാണു്. ഏകവും വിശുദ്ധവുമായ ബലിയിലൂടെ സഭയുടെ ഐക്യം പ്രകടമാക്കിയ ആദിമക്രിസ്ത്യാനികളുടെ ജീവിതവീക്ഷണത്തിലേക്കും സ്നേഹത്തിലേയ്ക്കുമുള്ള ആഹ്വാനമാണുമ്യൂനിക്ക്കോൺഗ്രസ്സ്.

## സമ്മേളനങ്ങൾ

രണ്ടാംലോകമഹായുദ്ധത്തിൻെറ വിനാശഫലങ്ങൾ ഏററം തിക്തകമായനുഭവിച്ചൊരു രാഷ്ട്രമാണു ജർമ്മനി. മഹായുദ്ധത്തിൻെറ ഏററവും മാരകമായ ഫലം ആധ്യാത്മികവും ശാരീരികവുമായി ഒട്ടേറെ ജീവിതങ്ങൾ നശിച്ചുകൊണ്ടിരുന്നതാണു്. അങ്ങനെയിരിക്കെ 'ദിവ്യകാരുണ്യം ലോകത്തിൻെറ ജീവനുവേണ്ടി "എന്ന മുദ്രാവാക്യം കോൺഗ്രസ്സ് സ്വീകരിച്ചതു സമുചിതമായി. മനുഷ്യജീവിതത്തിൻെറ എല്ലാ മണ്ഡലങ്ങളിലും ജീവൻെറ ചലനങ്ങൾ സൃഷ്ടിക്കേണ്ടതു് ദിവ്യനാഥനാണെന്നു മ്യൂനിക്ക് കോൺഗ്രസ്സ് വിളിച്ചറിയിച്ചു. കോൺഗ്രസ്സിനോടനുബന്ധിച്ചു ചർച്ചാസമ്മേളനങ്ങൾ പലതു നടത്തപ്പെട്ടു, "ലോകത്തിൻെറ ജീവനാ"യ ദിവ്യകാരുണ്യത്തിനു മനുഷ്യജീവിതത്തിലുള്ള സ്ഥാനത്തെപ്പററി പഠിക്കുവാൻ ലോകപ്രശസ്തരായ പല പണ്ഡിതരും സമ്മേളനത്തിൽ പ്രസംഗിച്ചു. കേരളീയനായ ശ്രീ. കെ. സി. ചാക്കോ രണ്ടു പ്രസംഗങ്ങൾ നടത്തി.

കോൺഗ്രസ്സിന്നൊരുക്കമായി മ്യൂനിക്കിലേ എല്ലാ ഇടവകദൈവാലയങ്ങളിലും ധ്യാനയോഗങ്ങൾ സംഘടിപ്പിക്കപ്പെട്ടു. ആസന്നമായ ദിവ്യകാരുണ്യകോൺസ്സിനെ അനുസ്മരിപ്പിച്ചുകൊണ്ടു് നൂററിയെൺപതു വൈദികന്മാർ "നാഥൻ വരുന്നു" എന്ന പ്രമേയത്തെപ്പററി ധ്യാനപ്രസംഗങ്ങൾ നടത്തി.

കോൺഗ്രസ്സ് സമ്മേളനരംഗമായി തിരഞ്ഞെടുത്തതു 'തെരേസിയൻവീസ്' സ്ക്വയറാണു്. മുപ്പതടി ഉയരവും മുന്നൂറടി വ്യാസവുമുള്ള ഒരു പ്ലാററുഫോം നിഷ്കർഷയോടേ നിർമ്മിച്ചിരുന്നാഗ്രൗണ്ടിൻെറ മധ്യത്തിലായി.

പൗരസ്ത്യതിരുസ്സംഘത്തിൻെറ ഇപ്പോഴത്തേ സെക്രട്ടറി കാർഡിനൽ ഗുസ്താവോ തെസ്താ‍യായിരുന്ന പേപ്പൽപ്രതി

നിധി. ഇരുപത്തിയാറു കർദ്ദിനാളന്മാരും അഞ്ഞൂറു മെത്രാന്മാരും അയ്യായിരത്തിലേറെ വൈദികന്മാരും കോൺഗ്രസ്സിൽ സംബന്ധിച്ചു. കേരളത്തിൽനിന്നു ചങ്ങനാശ്ശേരി തിരുവനന്തപുരം വരാപ്പുഴ എന്നീ അതിരൂപതകളിലെ അദ്ധ്യക്ഷന്മാരും കോട്ടയം കോതമംഗലം പാലാ എന്നീ രൂപതകളിലേ അദ്ധ്യക്ഷന്മാരും കോൺഗ്രസ്സിൽ പങ്കെടുത്തു.

ഓഗസ്റ്റ് 6-ാംതീയതി വലേറിയൻ കാർഡിനൽ ഗ്രാഷ്യസ് സമ്മേളനപ്പന്തലിൽ പൊന്തിഫിക്കൽ ദിവ്യബലി യർപ്പിച്ചു. തിരുവനന്തപുരം മെത്രാപ്പോലീത്താതിരുമേനി മലയാളത്തിൽ ദിവ്യബലിയർപ്പിച്ച കാര്യം പ്രത്യേകിച്ചും സ്മരണീയമാണ്.

വലിയ ആഴ്ചയിലേ തിരുക്കർമ്മങ്ങളുടെ മാതൃകയിലായിരുന്നു കോൺഗ്രസ്സ്പരിപാടികളെല്ലാം. കുരിശിന്റെവഴിയും കാല്കഴുകിച്ചുംബിക്കലുമെല്ലാം അങ്ങനെ ദിവ്യകാരുണ്യകോൺഗ്രസ്സിന്റേയും പരിപാടികളിൽ ഉൾപ്പെട്ടു.

കോൺഗ്രസ്സിലെ അത്യാകർഷകമായ ചടങ്ങു പേപ്പൽലഗേററർപ്പിച്ച സമാപനദിവ്യബലി ആയിരുന്നു. ലോകത്തെങ്ങുമുള്ള കത്തോലിക്കരുടെ ഐക്യം കാണിക്കാൻ, ലോകത്തിലേ എല്ലാ രൂപതകളുടേയും പ്രതിനിധികൾ സമാപനബലിയിലേ കാഴ്ചവയ്പിന്റെ സമയത്തു തങ്ങളുടെ രൂപതയ്ക്കുവേണ്ടി കാഴ്ചകളർപ്പിച്ചു. ആയിരത്തിയിരുന്നൂറു കുസ്തോദികൾ നിറയെ തിരുവോസ്തികളാണ് അന്നു കൂദാശചെയ്യപ്പെട്ടതു്. വി. കർബാന സ്വീകരണത്തിന്റെ സമയമായപ്പോൾ രണ്ടുനിര വൈദികന്മാർ പ്ലാററുഫോറത്തിന്റെ താഴത്തേ പടവിയിലേക്കുവന്നു. രണ്ടുപേർ അൾത്താരയിൽനിന്നു കുസ്തോദികളെടുത്തെടുത്തു വൈദികന്മാരെ ഏല്പിച്ചു. വൈദികന്മാരുടെ നീണ്ട നിര, വി. കർബാനയ്ക്കണഞ്ഞവരുടെ അവസാനിക്കാത്ത നിര; ഹൃദയാകർഷകമായിരുന്നാരംഗം.

## 38) ബോംബെ ദിവ്യകാരുണ്യകോൺഗ്രസ്
## 1964

"ഭാരതമേ, ഉണർന്നിരിക്കൂ. നിൻെറ അർച്ചനയുടെ കാഴ്ചവസ്തുക്കളെ ആ പുലരിയിലേക്കായി ഒരുക്കൂ. അതിൻെറ സ്വാഗതഗാനം നിൻെറ ശബ്ദത്തിൽ അലിഞ്ഞുചേരട്ടെ. എന്നിട്ട നീയിങ്ങനെ പാടൂ: "ദൈവത്തിൻെറതന്നെ സഹനത്തിൻെറ പുത്രിയായ സമാധാനമേ, വരൂ. നിൻെറ സംതൃപ്തിയുടെ ഭണ്ഡാഗാരവും ധൈര്യത്തിൻെറ പടവാളും നിൻെറ നെററിത്തടത്തിന്നലങ്കാരമായ ശാന്തതയുമായി നീ വരൂ." ഇൻഡ്യൻ സ്വാതന്ത്ര്യദിനത്തിൻെറ പൊൻപുലരിയെ മുന്നിൽ കണ്ടുകൊണ്ടാണ ടാഗോർ ഈ വരികൾ കുറിച്ചത്. അദ്ദേഹമുന്നിയ അതേവിധത്തിലുള്ളൊരു പൊൻപുലരി ദർശിച്ചു 1964-ൽ ഭാരതം. 38-ാമത്തു സാർവത്രിക ദിവ്യകാരുണ്യകോൺഗ്രസ്സിൻെറ പുലരിയായിരുന്നത്. ഭാരതത്തിൻെറ മുഖത്തിനുതന്നെ പരിവത്തനം വരുത്താനും ലോകജനതയ്ക്കു് ആധ്യാത്മികനവീകരണത്തിൻെറ ആഹ്വാനം നല്കാനും ഒന്നുപോലെ ഉപകരിച്ചു, ഭാരതീയ ദിവ്യകാരുണ്യകോൺഗ്രസ്സ്.

നമ്മയുടെ പാപ്പയായ പോപ്പ ജോൺ ആണ് ഇൻഡ്യയിലൊരു സാർവത്രികദിവ്യകാരുണ്യകോൺഗ്രസ്സ് സംഘടിപ്പിക്കണമെന്നു നിശ്ചയിച്ചതു്, 1960-ൽ. ഭാരതസഭയുടെ തലവന്മാരിൽ ആ നിശ്ചയം ഒരേസമയം സന്തോഷത്തിൻേറയും ഉൽകണ്ഠയുടേയും സമ്മിശ്രവികാരങ്ങളുളവാക്കി. ക്രൈസ്തവിശ്വാസം സ്വീകരിച്ചിട്ടു നൂററാണ്ടുകളായ ഭാരതത്തിൽ ദിവ്യകാരുണ്യകോൺഗ്രസ്സുവഴി ക്രിസ്തുവിനു പരസ്യമായ അംഗീകാരം ലഭിക്കുമല്ലോ എന്നതു നിശ്ചയമായും ആ

നന്ദത്തിനു വക നല്കി. അതേസമയം ഭാരതത്തിൽ കോൺഗ്രസ്സൊരു വിജയമാവുമോ എന്ന ഭീതിയുണ്ടായിരുന്നു മറുവശത്ത്. ഭാരതീയമെത്രാൻസംഘത്തിന്റെ സെക്രട്ടറിയായ കാർഡിനൽ ഗ്രേഷ്യസിനെത്തന്നെ കോൺഗ്രസ്സിന്റെ ഭാരം മുഴുവൻ മാർപ്പാപ്പാ ഏല്പിച്ചു. ഭാരതജനതയുടെ ആധ്യാത്മികചൈതന്യത്തിൽ പൂർണ്ണമായും ശരണംവെച്ച അദ്ദേഹം വിശ്വസിച്ചു, കോൺഗ്രസ്സൊരു വിജയമാവും എന്ന്. കോൺഗ്രസ്സിനു തൊട്ടുമുമ്പ് ഒരു റേഡിയോപ്രഭാഷണത്തിൽ ഇക്കാര്യം അദ്ദേഹം വ്യക്തമാക്കുകയും ചെയ്തു: "നൂറാണ്ടുകൾ പഴക്കമുള്ള ഒരാധ്യാത്മികപാരമ്പര്യമുണ്ടീ രാജ്യത്തിന്. ദൈവികമായവയെയൊക്കെ ഭവ്യതയോടെ വീക്ഷിക്കുന്ന പ്രകൃതമാണീ മണ്ണിന്റേത്. ഈയടുത്തുവരുന്ന ദിവസങ്ങളിൽ ആ ആധ്യാത്മികചൈതന്യത്തിന്റെ വ്യക്തമായ ബാഹ്യപ്രകടനം നടക്കും. നമ്മുടെ ജനതയുടെ സത്യസന്ധമായ വിശ്വാസം എന്നെ പുളകം കൊള്ളിക്കുന്നു. പൊന്നും വെള്ളിയും നമുക്കില്ല. പകരം, ദൈവത്തിലുള്ള ദൃഢമായ ശരണവും അവിടുത്തെ പരിപാലനയിലുള്ള നിശ്ചഞ്ചലമായ വിശ്വാസവുമാണു നമ്മുടെ കൈമുതൽ. അതുതന്നെയാണു നമ്മുടെ മഹത്വവും" (നവം. 27, 1964).

1960-ലേ തുടങ്ങി, കോൺഗ്രസ്സിനുള്ള ഒരുക്കങ്ങൾ. ഗവണ്മെൻറിന്റെ സഹകരണം തേടുകയായിരുന്നു ഏററവും ആദ്യത്തെ പരിശ്രമം. സഹായാഭ്യർത്ഥനയുമായിച്ചെന്ന കാർഡിനൽ ഗ്രേഷ്യസിനു കേന്ദ്രഗവണ്മെൻറിന്റേയും മഹാരാഷ്ട്രഗവണ്മെൻറിന്റേയും കലവറയില്ലാത്ത സഹായവാഗ്ദാനം ലഭിച്ചു. ഗവണ്മെൻറിന്റെ നിരന്തരമായ സഹായമില്ലായിരുന്നെങ്കിൽ കോൺഗ്രസ്സൊരു വിജയമാവില്ലായിരുന്നുതാനും. ഒരു സാർവ്വത്രികദിവ്യകാരുണ്യകോൺഗ്രസ്സുവഴി ഭാരതത്തിന് എന്തെന്തുനേട്ടങ്ങളുണ്ടാകുമെന്നു നന്നായറി

ഞ്ഞു അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ശ്രീ ജവഹരിലാൽ നെഹ്റു. ലോകത്തിന്റെ മുമ്പിൽ ഭാരതത്തിനു ലഭിക്കാൻ പോകുന്ന ഔന്നത്യത്തെ മുന്നിൽക്കണ്ടുകൊണ്ട് അദ്ദേഹം കേന്ദ്രഗവൺമെൻറിന്റെ സകല സഹായവും കാർഡിനൽ ഗ്രേഷ്യസിനു വാഗ്ദാനം ചെയ്തു. നെഹ്റുവിന്റെ മരണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ടു കോൺഗ്രസ്സ് ബുള്ളററിൻ ഇങ്ങനെയെഴുതി: "ബോംബെ ദിവ്യകാരുണ്യ കോൺഗ്രസ്സിന്റെ പ്രാധാന്യം പെട്ടെന്നു ഗ്രഹിച്ച ശ്രീ നെഹ്റു. സ്വന്തമായ സകല സഹായങ്ങളും കോൺഗ്രസ്സിന്റെ വിജയത്തിനുവേണ്ടി വാഗ്ദാനം ചെയ്തതോടൊപ്പം വേണ്ടത്ര സഹായം നല്കാൻ മഹാരാഷ്ട്രഗവൺമെൻറിനോടദ്ദേഹം ആവശ്യപ്പെടുകയുംചെയ്തു." ശ്രീ നെഹ്റുവിന്റെ നിര്യാണത്തിനുശേഷം ആ വാഗ്ദാനം അതേപടി നിറവേററി ശ്രീ ലാൽ ബഹദൂർ ശാസ്ത്രി. അന്നത്തെ മഹാരാഷ്ട്ര മുഖ്യമന്ത്രിയായിരുന്ന ശ്രീ. വൈ. ബി. ചവാനും സഹായങ്ങളുമായി മുന്നോട്ടുവന്നു. അദ്ദേഹത്തിന്റെ അനുഗാമി ശ്രീ. വി. പി. നായകും കോൺഗ്രസ്സിനെ വിജയത്തിലെത്തിക്കാൻ കിണഞ്ഞുപണിയെടുത്തു. സെപ്ററംബർ 10-ാം തീയതിയിലെ ഒരു പത്രസമ്മേളനത്തിൽ കാർഡിനൽ ഗ്രേഷ്യസ് ഇപ്രകാരം വ്യക്തമാക്കുകയുംചെയ്തു. "ഒരു മതേതര രാഷ്ട്രമാണു നമ്മുടേതു് എന്ന വസ്തുത കണക്കിലെടുക്കുമ്പോൾ ലോകത്തിലെ വേറൊരു ഗവൺമെൻറും ചെയ്യാൻ മുതിരാത്തതു നമ്മുടെ കേന്ദ്രഗവൺമെൻറും സ്റ്റേയ്ററു ഗവൺമെൻറും ചെയ്തെന്നു് ഉറച്ചു പറയാൻ എനിക്കു സന്തോഷമുണ്ട്."

*എതിർപ്പുകളുണ്ടായി പക്ഷേ, . . .*

കോൺഗ്രസ്സിന്റെ വിജയത്തിനായി ഇൻഡ്യാഗവൺമെൻറു് അനാവശ്യകമായ ശ്രദ്ധ ചെലുത്തുന്നു എന്നു പരാ

തികളുണ്ടായി ചിലിടത്തുനിന്നൊക്കെ. കോടതിയിൽവരെ ആക്ഷേപങ്ങളുണ്ടായി. ഇൻഡ്യയുടെ ചീഫ്ജസ്റ്റിസ് അതെപ്പററിയുള്ള തൻെറ വിധിയിൽ വ്യക്തമാക്കി: "ഇൻഡ്യയുടെ മതേതരത്വത്തിന്നർത്ഥം മതവിദ്വേഷം എന്നല്ല. ലോകമതങ്ങളെയൊക്കെ സമചിത്തതയോടും സഹോദര്യത്തോടുംകൂടെ പരിഗണിക്കുകയാണു നമ്മുടെ ലക്ഷ്യം." മാർപ്പാപ്പായുടെ വരവിലും അതൃപ്തി പ്രകടിപ്പിക്കാൻ മുതിർന്നു ചിലർ. പക്ഷേ, ഭാരതജനതയുടെ വലിയ സഹകരണത്തോടും സഹവർത്തിത്വത്തോടും തട്ടിച്ചുനോക്കുമ്പോൾ ആ എതിർപ്പുകൾ തികച്ചും അപ്രസക്തമായിരുന്നു.

### ബോംബെ —തിരഞ്ഞെടുക്കപ്പെട്ട പട്ടണം

ഇൻഡ്യയിലെ ഒന്നാമത്തെ പട്ടണമാണു ബോംബെ. ഒപ്പം ഈ ഉപഭൂഖണ്ഡത്തിലേക്കുള്ള കവാടവുമാണതു്. നാലുമില്യനാണു ബോംബെയിലെ ആകെ ജനസംഖ്യ. അതിൽ മൂന്നു ലക്ഷമേ കത്തോലിക്കരുള്ളു. എങ്കിലും ഇൻഡ്യയിലെ കത്തോലിക്കപ്രവർത്തനങ്ങളിൽ പലതിൻേറയും കേന്ദ്രമാണു ബോംബെ. കോൺഗ്രസ്സിൻെറ വിജയത്തിനു കാതലായ പങ്കുവഹിച്ചതു ബോംബെയിലെ കത്തോലിക്കരുടെ പ്രവർത്തനത്തോടൊപ്പം അവിടത്തെ അക്രൈസ്തവസഹോദരരുടെ ഉദാരമായ സഹകരണമാണെന്ന വസ്തുത വിസ്മരിച്ചുകൂടാ. സ്വന്തം ഭവനങ്ങൾപോലും കോൺഗ്രസ്സിലേക്കു വരുന്ന അതിഥികൾക്കായി ഒഴിഞ്ഞുകൊടുത്ത ആ നല്ല സഹോദരങ്ങൾ ക്രിസ്തുവിനു പരസ്യമായ അംഗീകാരം കൊടുക്കുകയായിരുന്നെന്നു തീർച്ച.

നാലു നീണ്ടവർഷത്തെ ഒരുക്കങ്ങളാണു ബോംബെയിൽ നടന്നതു്. ററാ. ബലാഗറിൻെറ നേതൃത്വത്തിലുള്ള ഒരു കേ

ന്ദ്രസമതിയാണു് ഒരുക്കങ്ങൾക്കു നിർദ്ദേശം നല്കിയതു്. താമസസൗകര്യം, ഭക്ഷണം, ഉചിതമായ സമ്മേളനരംഗം, ഫണ്ടുകൾ, ആരാധനാനുഷ്ഠാനങ്ങൾ, വാഹനസൗകര്യം ഇങ്ങനെ പലതിലും ഒരുക്കങ്ങൾ നടക്കേണ്ടതുണ്ടായിരുന്നു. ഓരോന്നിനും ഉപസമിതികളും രൂപംകൊണ്ടു. ഓവൽമൈതാനിയാണു കോൺഗ്രസ്സിൻെറ സമ്മേളനരംഗമായി തിരഞ്ഞെടുക്കപ്പെട്ടതു്. യാത്രാസൗകര്യമുള്ളതും വിശാലവുമായൊരു മൈതാനി—"ലോകത്തിലെ ഏററവും വലിയ കത്തീഡ്രൽ" എന്നു പറയത്തക്കവിധം അത്രയ്ക്കു മോടിയായി കോൺഗ്രസ്സിൻെറ സമ്മേളനരംഗത്തിലേ സജ്ജീകരണങ്ങൾ—ക്രൂപ്പരേജ്ഗ്രൗണ്ടുംകൂടെ ഓവൽമൈതാനിയോടുചേർത്തു് ഏററവും വിസ്തൃതമായ രീതിയിലായിരുന്നു രംഗസജ്ജീകരണം. അതിനു നടുവിൽ അൾത്താരയും. ത്രികോണാകൃതിയിൽ സ്വർഗ്ഗോന്മുഖമായി നില്ക്കുന്ന ആ വലിയ കലാസൗധം കാണികളെ നന്നായാകർഷിച്ചു. ബോംബയിലെ പ്രധാനകേന്ദ്രങ്ങളിലൊന്നായ ബ്രബോൺസ്റ്റേഡിയവും കോൺഗ്രസ്സിനോടനുബന്ധിച്ചുള്ള കലാപ്രദർശനങ്ങൾക്കായി സജ്ജീകരിക്കപ്പെട്ടു.

ബോംബെപട്ടണംമാത്രമല്ല ഭാരതസമഗ്രംമുഴുവനും തങ്ങളുടേതായ വിധത്തിൽ കോൺഗ്രസ്സിനായി ഒരുങ്ങി. തങ്ങളാലാവുന്ന സഹായങ്ങളും ഓരോ രൂപതയും നല്കി. വിദേശങ്ങളിൽനിന്നും ആവുന്നത്ര സഹായം ലഭിച്ചു. ഒരുക്കങ്ങളുടെ വ്യക്തമായ ചിത്രം ലോകത്തിനു നല്കാനായി 1962-ൽ ഒരു കോൺഗ്രസ്സുബുള്ളററിനും പ്രസിദ്ധീകരണമാരംഭിച്ചു.

*ആധ്യാത്മികമായ ഒരുക്കം*

തികച്ചും കൗദാശികമായ പരിവേഷമുണ്ടാവണം, കോൺഗ്രസ്സിനെന്നു സംഘാടകർക്കു നിർബന്ധമുണ്ടായിരു

ന്നു. വത്തിക്കാൻ കൗൺസിലിൻെറ ആരാധനക്രമസംബ ന്ധമായ ഡിക്രിയുടെ തനിക്കമ്മട്ടത്തിലാണു കോൺഗ്രസ്സിൻെറ വിഷയമുഖവും ശുശ്രൂഷകളും കരുപ്പിടിപ്പിക്കപ്പെട്ടതു്. "ലോകത്തിൻെറ ജീവൻ"—അതായിരുന്നു മ്യൂനിക്കകോൺഗ്രസ്സിൻെറ മുദ്രാവാക്യം. നവീകരണത്തിൻെറ യുഗത്തിലെ പുതിയ കോൺഗ്രസ്സ ലോകത്തിൻെറ നവീകരണത്തെ ലക്ഷ്യം വച്ചുകൊണ്ടൊരു പുതിയവിഷയം സ്വീകരിച്ചു: "ദിവ്യകാരുണ്യവും പുതിയ മനുഷ്യനും." പുതിയ മനുഷ്യൻെറ പുതിയ ധർമ്മമായി എടുത്തുകാട്ടപ്പെട്ടതു്, "സ്നേഹത്തിൽ നിങ്ങളുടെ ജീവിതങ്ങളെ ക്രമപ്പെടുത്തുക'' എന്ന വി. പൗലോസിൻെറ വാക്കുകളായിരുന്നു. ആ പുതിയ ധർമ്മം നിറവേററപ്പെടണോ, ക്രിസ്തുവുമായി അടുത്ത ബന്ധം കൈവളത്തണം ഓരോ മനുഷ്യനും. ആ അഭേദ്യബന്ധത്തിനുള്ള മാർഗ്ഗമായി കോൺഗ്രസ്സ് എടുത്തുകാട്ടിയതു കൂദാശകളെയാണു്. ദിവ്യകാരുണ്യംതന്നെ അവയുടെ കേന്ദ്രബിന്ദു. അതുകൊണ്ടു്, ഓരോ ദിവസത്തേയും ശുശ്രൂഷയിലും മുന്നിട്ടു നിന്നതു ദിവ്യബലിയർപ്പണവും മററുകൂദാശകളുടെ പരികർമ്മവുമായിരുന്നു. അത്തരത്തിലൊരു സജ്ജീകരണം ഏറെ മെച്ചപ്പെട്ടതായിരുന്നുതാനും.

## ലോകത്തിൻെറ കേന്ദ്രം

ആദിമനൂററാണ്ടുകളിലൊരു പതിവുണ്ടായിരുന്നു—റോമിലെ കത്തോലിക്കരെല്ലാം പ്രധാനതിരുനാൾദിവസം മാർപ്പാപ്പായ്ക്കു ചുററും ഒന്നിച്ചുകൂടി ദൈവശുശ്രൂഷ നടത്തിയിരുന്നു. "സ്താസിയോ ഓർബിസ്" എന്നാണത്തരം ശുശ്രൂഷയ്ക്കു ലഭിച്ച പേരു്. കോൺഗ്രസ്സിൻെറ അവസരത്തിൽ സർവലോകത്തിൻേറയും ആസ്ഥാനമാകാൻപോകുന്ന ബോം

ബേനഗരവും ഒരുപാട് ഒരുങ്ങാനുണ്ടായിരുന്നു. ലോകത്തിന്റെ എല്ലാ കോണിൽനിന്നുമുള്ള പ്രതിനിധികളൊന്നിച്ച് മാർപ്പാപ്പായും ചുറ്റും ഒന്നിച്ചുകൂടി ക്രിസ്തുവിനു പരസ്യാരാധന നല്കിയപ്പോൾ ഭാരതത്തിലെ അക്രൈസ്തവരായ വലിയ ജനത അത്ഭുതസ്തബ്ധരായി. കൗൺസിൽ പറഞ്ഞതുപോലെ, "ചിന്നിച്ചിതറിക്കിടക്കുന്ന ദൈവമക്കളെയൊക്കെ ഒന്നിച്ചുകൂട്ടുന്ന ഉയർത്തി നാട്ടപ്പെട്ട അടയാളമായി അക്രൈസ്തവർക്കു സഭയെ കാട്ടിക്കൊടുക്കാൻ" കോൺഗ്രസ്സിനു കഴിഞ്ഞു. ആ വലിയ ദൃശ്യത്തിന്റെ കേന്ദ്രം ക്രിസ്തുതന്നെ ആയിരുന്നു. സഭയിൽ ക്രിസ്തുവിനുള്ള സജീവസാന്നിധ്യത്തിന്റെ വലിയ പ്രകടനമായിരുന്നു കോൺഗ്രസ്സ്. "സഭയിൽ സദാ സന്നിഹിതനാണു ക്രിസ്തു, പ്രത്യേകിച്ച് ആരാധനക്രമാനുഷ്ഠാനങ്ങളിൽ. ദിവ്യബലിയിൽ സന്നിഹിതനാണവിടുന്ന്. പുരോഹിതന്റെ അനുഷ്ഠാനങ്ങളിലെന്നതിനെക്കാൾ ദിവ്യകാരുണ്യത്തിന്റെ ഇരുസാദൃശ്യങ്ങളിൽ അവിടുന്നു സന്നിഹിതനായിരിക്കുന്നു. അഭൗമികമായ തന്റെ ശക്തിയാൽ കൂദാശകളിലും സന്നിഹിതനാണവിടുന്ന്. അതുകൊണ്ടുതന്നെ ഒരു മനുഷ്യൻ ജ്ഞാനസ്നാനം നല്കുമ്പോൾ ക്രിസ്തുവാണു മാമ്മോദീസാ നല്കുന്നത്. തന്റെ വചനത്തിലും സന്നിഹിതനാണവിടുന്ന്. സഭയിൽ വായിക്കപ്പെടുന്ന വി. ലിഖിതത്തിലൂടെ അവിടുന്നുതന്നെയാണു സംസാരിക്കുക. സഭ പ്രാർത്ഥിക്കുകയും പ്രകീർത്തിക്കുകയും ചെയ്യുമ്പോഴും ക്രിസ്തു സന്നിഹിതനാണവിടെ. കാരണം, എന്റെ നാമത്തിൽ രണ്ടോ മൂന്നോ പേർ ഒന്നിച്ചുകൂടുമ്പോൾ ഞാനവിടെ സന്നിഹിതനാണ് എന്ന് അവിടുന്നുതന്നെ അരുളിച്ചെയ്തിട്ടുണ്ട്." കൗൺസിലിന്റെ ഈ വാക്കുകൾ നിയതാർത്ഥത്തിൽ അന്വർത്ഥമായി ബോംബെകോൺഗ്രസ്സിൽ.

ഓവലിൽ നടത്തപ്പെട്ട ഓരോ അനുഷ്ഠാനവും ക്രിസ്തുവിന്റെ സജീവസാന്നിധ്യത്തെ സുതരാം വ്യക്തമാക്കി.

ജീവിതത്തിൻെറ വിവിധ തുറകളിൽ വർത്തിക്കുന്ന ഓരോ മനുഷ്യനേയും സ്വന്തം അനുഗ്രഹങ്ങൾ നല്കിക്കൊണ്ടു ക്രിസ്തു എങ്ങനെ പരിപോഷിപ്പിക്കുന്നു എന്നു വ്യക്തമാക്കത്തക്കവിധമായിരുന്നു അവയുടെ ക്രമീകരണം. അതെപ്പററി 1965 ഫെ. 5–ാം തീയതിയിലെ "ഒസർവത്തോരെ റൊമാനോ"യിൽ ഫാ. മസാലിയാ എഴുതിയ ജ്ഞാനസ്നാനശുശ്രൂഷയിൽ ഗായകസംഘത്തിൻെറ തെളിഞ്ഞ സ്വരത്തോടൊപ്പം എൺപതോളം കുഞ്ഞുങ്ങളുടെ കരച്ചിലും ഇടക്കിടെ കേൾക്കാമായിരുന്നു. വിവാഹശുശ്രൂഷയിൽ പരസ്പരസമ്മതം കൈമാറുന്ന ദമ്പതികളുടെ സ്വരവും പൊങ്ങിക്കേട്ടു. ദിവ്യകാരുണ്യത്തിലധിഷ്ഠിതമായ ഒരു സജീവദൈവശാസ്ത്രത്തിൻെറ പ്രത്യക്ഷപ്രകടനമായിരുന്നതു്. വി. തോമസ് അക്വീനാസ് പറഞ്ഞതുപോലെ കൂദാശകളുടെയൊക്കെ ഉറവയും അന്ത്യവുമാണു ദിവ്യകാരുണ്യം എന്ന വസ്തുതയ്ക്കവിടെ പരസ്യമായ അംഗീകാരം കിട്ടിയെന്നു സാരം.

### *സംയുക്ത ഇടയലേഖനം*

1964 ജൂലൈ മാസത്തിൽ ഭാരതീയമെത്രാന്മാർ കോൺഗ്രസ്സിൻെറ വിവിധലക്ഷ്യങ്ങളെ വ്യക്തമാക്കിക്കൊണ്ടു രു സംയുക്ത ഇടയലേഖനം പ്രസിദ്ധീകരിച്ചു. ഭാരതീയ ജനത കോൺഗ്രസ്സിനുവേണ്ടി എങ്ങനെ ഒരുങ്ങണമെന്നവർ വ്യക്തമാക്കി: "കോൺഗ്രസ്സിൻെറ പ്രവർത്തകസമിതിക്കു് ആവുന്നത്ര സഹായസഹകരണം നല്കാൻ നമുക്കൊക്കെ കടമയുണ്ടു്. ഭൗതികമായ വശത്തു നാം ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ കോൺഗ്രസ്സിൻെറ ആധ്യാത്മികവശത്തെ ഒരിക്കലും അവഗണിച്ചുകൂടാ. ഇൻഡ്യ മുഴുവനിലും വിദേശങ്ങളിൽ ചിലിടത്തും കോൺഗ്രസ്സിനുവേണ്ടി പ്രാർത്ഥനകളർപ്പിക്കപ്പെട്ടുവരുന്നുണ്ടെന്നറിയുന്നതു് ആശ്വാസജനകമാണു്. പക്ഷേ,

അതുകൊണ്ടുമാത്രമായില്ല. ദിവസങ്ങളടുക്കുംതോറും ദൈവാനുഗ്രഹത്തിനായി നിരന്തരം നാം പ്രാർത്ഥിക്കേണ്ടതുണ്ട്. അതോടൊപ്പം ദിവ്യകാരുണ്യമെന്ന വലിയ രഹസ്യത്തിന്റെ അന്തരാർത്ഥം ഗ്രഹിക്കാൻ ഈ മാസങ്ങളിൽ നാം മനസ്സിരുത്തണം. ആഗസ്റ്റ് പതിനഞ്ചു കഴിഞ്ഞുവരുന്ന ഞായറാഴ്ച ഭാരതത്തിലെ എല്ലാ കത്തോലിക്കാദൈവാലയങ്ങളിലും ഒരു മണിക്കൂർ ആരാധന നടത്തണമെന്നു ഞങ്ങളാഗ്രഹിക്കുന്നു.

പ്രാർത്ഥനയിലും പരിത്യാഗത്തിലും സഹകരണബുദ്ധ്യാ പങ്കുചേരണമെന്നു മററുസഹോദരങ്ങളോടും ഞങ്ങളഭ്യർത്ഥിക്കുന്നു. ബോംബെയിൽ വ്യക്തിപരമായി സന്നിഹിതരാകാൻ ആഗ്രഹിക്കുന്നവരൊക്കെ ഇപ്പോൾത്തന്നെ പ്രാർത്ഥനയിലും പരിത്യാഗത്തിലും സഹകരിച്ചുകൊണ്ടു് ഒരുക്കം പൂർത്തിയാക്കുന്നതു നന്നായിരിക്കും.'' കോൺഗ്രസ്സിന്റെ വിവിധലക്ഷ്യങ്ങളേയും സംയുക്ത ഇടയലേഖനത്തിൽ എടുത്തുകാട്ടുന്നുണ്ടു്. ലൗകികപ്രശ്നങ്ങളാൽ ഞെരുക്കപ്പെടുന്ന മനുഷ്യഹൃദയങ്ങളിൽ പ്രത്യാശയുടെ ഭദ്രദീപം കൊളുത്താൻ ഈ കോൺഗ്രസ്സിനു കഴിയണം. സ്തുതിയുടെ ബലിയിൽ സകല മനുഷ്യരേയും സഹോദരങ്ങളെപ്പോലെ ഒന്നുചേർക്കണം. ഒരു മെച്ചപ്പെട്ട ലോകത്തേയും മെച്ചപ്പെട്ട പട്ടണത്തേയും മെച്ചപ്പെട്ട കുടുംബത്തേയും എല്ലാററിലുമുപരി മെച്ചപ്പെട്ടൊരു വ്യക്തിത്വത്തേയും രൂപപ്പെടുത്തുക. എളിമയിൽ സേവനം ചെയ്തുകൊണ്ടു സകലർക്കും അർഹമായ പരിഗണന നല്കുക—ഇതൊക്കെയാണു സംയുക്ത ഇടയലേഖനത്തിൽ എടുത്തുപറയുന്ന കാര്യങ്ങൾ.

### കോൺഗ്രസ്സിൻെറ വിഷയമുഖം

വത്തിക്കാൻകൗൺസിലിൻെറ ചൈതന്യത്തിൽനിന്നു തന്നെയാണു കോൺഗ്രസ്സിൻെറ വിഷയമുഖവും ലക്ഷ്യങ്ങളും ഉരുത്തിരിഞ്ഞതു്. വിദഗ്ദ്ധന്മാരുടെ ഒരു സംഘം രൂപംകൊടുത്ത വിഷയമുഖം "ദിവ്യകാരുണ്യവും പുതിയ മനുഷ്യനും" എന്നതായിരുന്നു. അതോടൊപ്പം രണ്ടു മുദ്രാവാക്യങ്ങൾകൂടെ വെളിച്ചം കണ്ടു: "അവൻ ഞാൻ വഴി ജീവിക്കും" (യോഹ. 6: 58). നിങ്ങളുടെ ജീവിതങ്ങളെ സ്നേഹത്തിൽ ക്രമപ്പെടുത്തുക" (എഫേ. 5: 2).

ക്രിസ്തീയജീവിതം പരിപൂർണ്ണനവീകരണത്തിനു വിധേയമാവണം എന്ന സഭയുടെ ആഗ്രഹമാണു കോൺഗ്രസ്സിൻെറ വിഷയമുഖത്തിൽ വ്യക്തമായി തെളിയുക. അതിനുവേണ്ട കഴിവു ലഭിക്കുന്നതോ ക്രിസ്തുവിൻെറ ബലിയിൽനിന്നാണു്. പ്രസാദവരത്തിൻെറ ഉറവക്കണ്ണിയായ ആ ബലി സനാതനമാകുന്നതു് ദിവ്യകാരുണ്യത്തിലൂടെയാണു്. ജീവിതനവീകരണത്തിൻെറ സ്രോതസ്സാണു് ദിവ്യകാരുണ്യം. പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞു പുതിയ മനുഷ്യനെ ധരിക്കുന്നവരൊക്കെ ക്രിസ്തുവിൽ ഒരു പുതുജീവിതത്തിലേക്കു വിളിക്കപ്പെട്ടിരിക്കുന്നെന്നും ആ പുതുജീവിതത്തിൻെറ പ്രമാണം സ്നേഹമാണെന്നും വി. പൗലോശ്ലീഹാ വ്യക്തമാക്കുന്നുണ്ടു്. ഈ ആശയം തന്നെയാണു കോൺഗ്രസ്സിൻെറ മുദ്രാവാക്യങ്ങളിൽ ഉൾത്തിങ്ങിനില്ക്കുക. 1963 സെപ്റ്റംബറിലെ കോൺഗ്രസ്സ് ബുള്ളറ്റിൻ ഈ വിഷയമുഖത്തിൻെറ പ്രാധാന്യം എടുത്തുകാട്ടി: "കൗൺസിൽ കഴിഞ്ഞതോടെ, സഭ മുഴുവനും അതിലെ ഓരോ വ്യക്തിക്കും ഒരു പുതിയ കടമ കൈവന്നിരിക്കയാണു്. പുതിയ മനുഷ്യനെ ധരിച്ചുകൊണ്ടു ക്രിസ്തുവിൻെറ മുഖം ലോകത്തിനു വ്യ

ക്തമാക്കിക്കൊടുക്കുകയാണീ പുതിയകടമ.'' കൗൺസിലുന്നിയ നവീകരണത്തിന്റെ കാതലായൊരു നാഴികക്കല്ലായിരുന്നു കോൺഗ്രസ്സ്. കോൺഗ്രസ്സിനോടനുബന്ധിച്ചു നടന്ന മെത്രാന്മാരുടെ സമ്മേളനത്തിൽ കാർഡിനൽ സഫ്നർ പറഞ്ഞു: "ലോകത്തിന്റെ ജീവൻ" എന്ന മുദ്രിച്ച കോൺഗ്രസ്സിന്റെ ലക്ഷ്യം പ്രാവർത്തികമാക്കപ്പെട്ടതു ബോംബെകോൺഗ്രസ്സിലാണ്. ഈ പുതിയ മനുഷ്യന്റേയും പുതിയ ജീവിതത്തിന്റേയും ആശയങ്ങൾ കോൺഗ്രസ്സിന്റെ ഔദ്യോഗികചിഹ്നത്തിലും മുന്നിട്ടു നില്ക്കുന്നുണ്ട്."

## രണ്ടു പ്രത്യേകതകൾ

ബോംബെകോൺഗ്രസ്സിനുണ്ടായിരുന്നു ചില പ്രത്യേകതകൾ. അവയിലേറെ പ്രധാനം വത്തിക്കാൻ കൗൺസിലുമായി അതിനുണ്ടായിരുന്ന അഭേദ്യബന്ധവും മാർപ്പാപ്പായുടെ സന്ദേശവുമായിരുന്നു. കൗൺസിൽ തീരുന്നതിനുമുമ്പേ കോൺഗ്രസ്സ് തുടങ്ങി. കോൺഗ്രസ്സിന്റെ പലേ ആശയങ്ങളും കൗൺസിലിന്റേതായിരുന്നുതാനും. ആരാധനക്രമാനുഷ്ഠാനങ്ങളുടെ കാര്യത്തിലും അവയോടനുബന്ധിച്ചകലാസാംസ്കാരികപരിപാടികളിലും കൗൺസിലുന്നംവച്ച ലക്ഷ്യം കോൺഗ്രസ്സ് പ്രവൃത്തിയിലാക്കി. സഭ ഈലോകത്തിലസ്തിത്വമുള്ളൊരു പ്രതിഭാസമാണെന്നും ആ നിലക്കു സഭയ്ക്കു ഈലോകത്തിൽ ചിലതു ചെയ്തുതീർക്കാനുണ്ടെന്നുമുള്ള ആശയം കോൺസ്സിലൂടെ വ്യക്തമാക്കപ്പെട്ടു. കൗൺസ്സിൽ വിഭാവനംചെയ്ത സാമൂഹ്യപ്രവർത്തനങ്ങൾക്കും കോൺഗ്രസ്സ് കളമൊരുക്കി.

മാർപ്പാപ്പായുടെ സാന്നിധ്യമാണു കോൺഗ്രസ്സിനു കൂടുതൽ ചൈതന്യവും പ്രാധാന്യവും നല്കിയതു്. 1964 സെ-

പ്റെറംബർ 10-ാം തീയതി നല്കിയ ഒരു പ്രസ്കോൺഫ്റൻസിൽ കാർഡിനൽ ഗ്രേഷ്യസു പറഞ്ഞു: "കോൺഗ്രസ്സിൻെറ അവസരത്തിൽ ഭാരതം സന്ദർശിക്കുന്നതിനു പ്രസിഡൻറു രാധാകൃഷ്ണൻ മാർപ്പാപ്പായെ പ്രത്യേകം ക്ഷണിച്ചിട്ടുണ്ട്. തൻെറ ക്ഷണം മാർപ്പാപ്പാ നന്ദിപൂർവ്വം കൈപ്പററിയിരിക്കുന്നതായും അതെപ്പററി പരിഗണിക്കുന്നതായും അറിയിച്ചിട്ടുണ്ട് എന്നു പ്രസിഡൻറുതന്നെ ഈയിടെ എന്നോടുപറഞ്ഞു."അധികം കഴിഞ്ഞില്ല കോൺഗ്രസ്സിൻെറ ഒരുക്കത്തെപ്പററി കൃത്യമായി പഠിക്കുന്നതിനു റോമിൽനിന്നും രണ്ടു പ്രതിനിധികൾ ബോംബയിൽവന്നു.

1964 ഒക്ടോബർ പതിനൊന്നാം തീയതി, മിഷൻ ഞായറാഴ്ചദിവസം. ഉഗണ്ടായിലെ രക്തസാക്ഷികളുടെ നാമകരണശുശ്രൂഷയിൽവച്ചു കോൺഗ്രസ്സിൻെറ വേളയിൽ താൻ ഭാരതം സന്ദർശിക്കുമെന്നു മാർപ്പാപ്പാ വ്യക്തമാക്കി. അതേസമയത്തുതന്നെ ബോംബെയിലും മാർപ്പാപ്പായുടെ ആഗമനവൃത്താന്തം പരസ്യമാക്കപ്പെട്ടു. ഉയർന്നുപൊങ്ങിയ കരഘോഷങ്ങളോടേയും സന്തോഷത്തിമർപ്പിലൂടേയും ഭാരതീയജനത ആ വാർത്ത സ്വീകരിച്ചു. അതെപ്പററി കാർഡിനൽ ഗ്രേഷ്യസു തുടർന്നു പറഞ്ഞു: "മാർപ്പാപ്പായുടെ ആഗമനവൃത്താന്തം പരസ്യമാക്കപ്പെട്ട നിലയ്ക്ക് അത്തരമൊരു തീരുമാനത്തിലെത്താൻ പരിശുദ്ധ പിതാവിനെ പ്രേരിപ്പിച്ച സാഹചര്യങ്ങളറിയാൻകൂടെ പലർക്കും താൽപര്യം കാണും. 1961-ലും '62-ലും പോപ്പു ജോണുമായി ഞാൻ വ്യക്തിപരമായി സമ്പക്കംപുലത്തിയിരുന്നു. കോൺഗ്രസ്സിൻെറ വിജയത്തിലവിടുന്നു അതീവം തത്പരനായിരുന്നു. ഇൻഡ്യയിലേക്കു വരുമോ, എന്നു ഞാനദ്ദേഹത്തോടു ചോദിച്ചപ്പോൾ "ഞാൻ നന്നേ വയസ്സനാണു '64 ആവുമ്പോഴേക്കും ഞാൻ മറുലോകത്തിലാവും" എന്നായിരുന്നു മറുപടി. പോ

പ്പ പോലും കോൺഗ്രസ്സിൻെറ വിജയത്തിൽ കൂടുതൽ ശ്രദ്ധ വച്ചു." കോൺഗ്രസ്സിൻെറ വിവിധവശങ്ങളെപ്പററിയും ഭാരത സഭയുടെ നിലപാടിനെപ്പററിയും കാർഡിനൽ ഗ്രേഷ്യസ് പോഠം മാർപ്പാപ്പായെ അപ്പപ്പോഠം ബോധവാനാക്കിക്കൊണ്ടിരുന്നു. മാർപ്പാപ്പായുടെ വി. സ്ഥലസന്ദർശനം കഴിഞ്ഞു തിരിച്ചുവന്നതോടെ ബോംബെയിലേക്കുള്ള യാത്രയും അസാധ്യമാവില്ലെന്നു് ഔദ്യോഗികകേന്ദ്രങ്ങഠം വിശ്വസിച്ചു. പത്രങ്ങഠം മാർപ്പാപ്പായുടെ സന്ദർശനം തീർച്ചയാണെന്നുതന്നെ വിധിയുമെഴുതി. കാർഡിനൽ ഗ്രേഷ്യസിനെത്തന്നെ ഉദ്ധരിക്കാം: "കഴിഞ്ഞമാസം റോമ സന്ദർശിച്ചപ്പോഠം മാർപ്പാപ്പായുമായി ഒരു നീണ്ട സന്ദർശനത്തിനെനിക്കു് അനുമതി ലഭിച്ചു. അന്നേ, പ. പിതാവിൻെറ മനഃസ്ഥിതി ഇക്കാര്യത്തിൽ എന്തായിരിക്കുമെന്നു ഞാനൂഹിച്ചു."

"താൻ ബോംബെയിലേക്കു വരുന്നെങ്കിൽത്തന്നെ രണ്ടു മൂന്നു വ്യവസ്ഥകഠം കൃത്യമായി പാലിക്കണമെന്നു പോപ്പു പോഠം ശഠിച്ചു. തികച്ചും ലളിതമായിരിക്കണം തൻെറ സന്ദർശനം—അതായിരുന്നു ആദ്യത്തെ വ്യവസ്ഥ. മഹാത്മഗാന്ധിയുടെ മാതൃക അദ്ദേഹം എടുത്തുകാട്ടി. തൻെറ പര്യടനം ആധ്യാത്മികമായൊരു തീർത്ഥാടനമായിരിക്കുമെന്നും മാർപ്പാപ്പാ വ്യക്തമാക്കി. ആധ്യാത്മികതത്വത്തിൻെറ പുണ്യഭൂമിയായ ഭാരതത്തിലേക്കുള്ള തീർത്ഥാടനമാവുമതു്. തീർന്നില്ല. ഒരു കാര്യംകൂടെ. ജാതിമതഭേദമെന്യേ ഭരിദ്രരായ എല്ലാമനുഷ്യരേയും കാണാനും അവരോടൊത്തു സമയം ചെലവഴിക്കാനും താനാഗ്രഹിക്കുന്നു എന്നുംകൂടെ മാർപ്പാപ്പാ വ്യക്തമാക്കി. ആ സന്ദർശനവേളയിലും മാർപ്പാപ്പാ വ്യക്തമായൊരു തീരുമാനമറിയിച്ചില്ല. അടുത്തുതന്നെ തൻെറ തീരുമാനമറിയിക്കാമെന്നുപറഞ്ഞു അവിടുന്നെന്നെ യാത്രയാക്കി. സെപ്ററംബർ 30-ാം തീയതി രാത്രിയിൽ, അപ്പോഠം

ത്തന്നെ മാർപ്പാപ്പാ എന്നെ കാണാനുദ്ദേശിക്കുന്നുണ്ടെന്നും പറഞ്ഞു വത്തിക്കാനിൽ നിന്നെനിക്കു ഫോൺ ലഭിച്ചു. ഞാൻ ചെല്ലുമ്പോൾ വേറൊരു കുട്ടിനാൾ അകത്തുണ്ടായിരുന്നു. അവിടെനിന്നുകൊണ്ടു ജപമാലയുടെ പതിനഞ്ചു രഹസ്യങ്ങളും ഞാൻ ചൊല്ലി. മുറിയിൽ കടന്നതോടെ മാർപ്പാപ്പാ എന്നെ ആലിംഗനംചെയ്തു. എന്നിട്ട് ഇററാലിയനിൽപ്പറഞ്ഞു: "ദൈവത്തിനിഷ്ടമാണെങ്കിൽ ഞാൻ ഇൻഡ്യയിലേക്കു വരും." 'ദൈവത്തിനു സ്തുതി' എന്നു പറഞ്ഞുകൊണ്ടു ഞാനവിടത്തെ കരങ്ങൾ ചുംബിച്ചു. ആ രാത്രിയിൽ വിവിധവികാരങ്ങളെന്നിൽ സമരം നടത്തി. സന്തോഷത്തിൻെറ വികാരമായിരുന്നു ആദ്യം. പക്ഷേ, മാർപ്പാപ്പായുടെ സന്ദർശനത്തെപ്പററി ചിന്തിച്ചപ്പോഴൊക്കെ ചുമതലാബോധത്തിൻെറ വലിയഭാരം എന്നെ മഥിച്ചു. അധികം കഴിഞ്ഞില്ല; ഡിസംബർ രണ്ടാം തീയതി ആ ജഗദ്ഗുരു ബോംബെയിലെത്തുമെന്നു സന്ദേശം ലഭിച്ചു." കത്തോലിക്കരുടെ ജഗദ്ഗുരുവായ അദ്ദേഹത്തിനു് ഉചിതമായ സ്വീകരണം നല്കാൻ മതേതര രാഷ്ട്രമായ ഭാരതം പുതിയ സജ്ജീകരണങ്ങളൊരുക്കി. ഭാരതത്തിലെ ഓരോ പൗരനും ആ ശുഭമുഹൂർത്തത്തിനായി ആർത്തിയോടെ കാത്തിരുന്നു.

### കോൺഗ്രസ്സിനു തൊട്ടുമുൻപു്

നവംബർ 28-ാംതീയതിയാണു കോൺഗ്രസ്സ് ഔദ്യോഗികമായി ഉൽഘാടനം ചെയ്യപ്പെട്ടതു്. എങ്കിലും നവംബർ 22-ാം തീയതിമുതൽ കോൺഗ്രസ്സിനോടനുബന്ധിച്ച പലേ പരിപാടികളും നടത്തപ്പെട്ടു. "പുതിയ മനുഷ്യൻ" എന്ന പ്രദർശനത്തിൻെറ ഉദ്ഘാടനം, ജർമ്മൻ ദൈവാലയങ്ങളുടെ മാതൃകാപ്രദർശനം, ഫ്റാൻസിലെ ക്രൈസ്തവകലാപ്രദർശനം, ഗ്രന്ഥങ്ങളുടേയും ഭക്തസാധനങ്ങളുടേയും പ്ര

ദർശനം ഇങ്ങനെ പലതുണ്ടായിരുന്നു അക്കൂട്ടത്തിൽ. നവംബർ 27-ാം തീയതി രാവിലേ കോൺഗ്രസ്സിൽ സംബന്ധിക്കുന്നതിനായി മാർപ്പാപ്പായുടെ പ്രതിനിധിയും മുന്നോടിയുമായ കാർഡിനൽ അഗാജിയാനിയൻ ആഗതനായി. ബോംബെയിലെ ഉയർന്ന ഉദ്യോഗസ്ഥന്മാരോടൊപ്പം കാർഡിനൽ ഗ്രേഷ്യസ് മാർപ്പാപ്പായുടെ പ്രതിനിധിയെ സ്വീകരിച്ചു. ഭക്തിനിർഭരമായൊരു വരവേല്പായിരുന്നു അതു്. ശബ്ദമയാർന്ന ആ സ്വീകരണത്തിനുശേഷം വിമാനത്താവളത്തിൽവെച്ചു ചെയ്ത പ്രസംഗത്തിൽ കാർഡിനൽ അഗാജിയാനിയൻ പ്രസ്താവിച്ചു: "ഭാരതീയജനതയ്ക്കാകമാനം മാർപ്പാപ്പായുടെ ആശംസകൾ നല്കാൻ എനിക്കു സന്തോഷമുണ്ടു്. ഒന്നു രണ്ടു ദിവസങ്ങൾക്കകം അവിടുന്നുതന്നെ ഇവിടെയെത്തും. മനുഷ്യസ്വാതന്ത്ര്യത്തേയും സമാധാനത്തേയും മനുഷ്യന്റെ ആധ്യാത്മികജീവിതത്തേയും മാനിക്കുന്ന ഭാരതജനതയ്ക്കു ഞാനഭിവാദനമർപ്പിക്കുന്നു. മഹാത്മാഗാന്ധിയുടേയും ശ്രീ നെഹ്റുവിന്റേയും ഭാരതത്തിന്റെ ആധ്യാത്മികചൈതന്യത്തെ ഞാനനുസ്മരിക്കുന്നു. നിങ്ങളോടൊന്നായിരിക്കുന്നതിൽ ഞാൻ സന്തുഷ്ടനാണു്; നിങ്ങളെനിക്കു നല്കിയ സ്വീകരണം തിച്ചും ഹൃദയസ്പർശിയാണു്. ജയ്ഹിന്ദു്."

### *കാർഡിനലിന്റെ റേഡിയോപ്രഭാഷണം*

നവംബർ 27-ാം തീയതി വൈകിട്ടു കാർഡിനൽ ഗ്രേഷ്യസ് സമസ്ത ലോകത്തോടുമായി ഒരു പ്രഭാഷണം നടത്തി. ദിവ്യകാരുണ്യകോൺഗ്രസ്സെന്ന വലിയ തിരുനാളിന്റെ സജ്ജീകരണങ്ങൾ പൂർത്തിയായിരിക്കുന്നു എന്നദ്ദേഹം ലോകജനതയെ അറിയിച്ചു: "ഈ വലിയ നിമിഷത്തിൽ സന്മനസ്സുള്ള എല്ലാ മനുഷ്യരോടും—അവരുടെ ജാതിയോ

മതമോ ഏതുമായിക്കൊള്ളട്ടെ—ഞാനഭ്യർത്ഥിക്കുകയാണ് ഈ കോൺഗ്രസ്സിൻെറ വിജയത്തിനായി ആത്മനായെങ്കിലും പരിശ്രമിക്കണമെന്ന്. ലോകത്തിലാകമാനം തകർച്ചയും വൃഥയും നിറഞ്ഞുനില്ക്കുന്നു. ദൈവത്തെക്കൂടാതെയുള്ള ശാസ്ത്രീയപുരോഗതിയത്രയും ചിലമ്പുന്ന ചെമ്പോ കിലുങ്ങുന്ന കൈത്താളമോ ആണ്. അതുകൊണ്ടുതന്നെ ഈ എട്ടുദിവസങ്ങളിൽ ദൈവത്തിനർപ്പിക്കുന്ന പരസ്യാരാധനയിൽ എല്ലാ നല്ലമനുഷ്യരും പങ്കുചേരണമെന്നു ഞാനഭ്യർത്ഥിക്കുന്നു." ആ പ്രഭാഷണം ഒരേസമയം ഒരു ക്ഷണവും പ്രത്യുത്തരവുമായിരുന്നു. ഭാരതജനതയുടെ പേരിൽ ലോകത്തിനദ്ദേഹം നല്കിയ ക്ഷണമായിരുന്നു അത്. ഒപ്പം ലോകത്തിൻെറ വിവിധകോണുകളിൽനിന്നുയർന്നുവന്ന നൂറായിരം പ്രശ്നങ്ങൾക്കുള്ള ഉത്തരവുമായിരുന്നു അത്.

അന്നേരാത്രിയിൽത്തന്നെ ഇൻഡ്യയിലെ എല്ലാ കത്തോലിക്കാ സ്ഥാപനങ്ങളിലും കോൺഗ്രസ്സിൻെറ വിജയത്തിനായി ഒരു മണിക്കൂർ ആരാധന നടത്തപ്പെട്ടു. അന്നുതന്നെ കോൺഗ്രസ്സിൻെറ സ്മാരകമായി കൊലാബോയിൽ നിത്യാരാധനയ്ക്കായി ഒരു പുതിയ ദൈവാലയം ഉദ്ഘാടനം ചെയ്യപ്പെട്ടു. നവംബർ 28-ാം തീയതി കോൺഗ്രസ്സിൻെറ ഉദ്ഘാടനദിവസം രാവിലെ ബോംബെയിലെ നാലു ദൈവാലയങ്ങളുടെ കൂദാശകർമ്മം നടത്തപ്പെട്ടു. "ദൈവത്തോടു കൂടുതൽ അടുക്കാനുള്ള ഒരുക്കമാണ് ഈ ദിവസത്തിൻെറ പ്രത്യേകത" എന്നു കോൺഗ്രസ്സിൻെറ മാനുവൽ എടുത്തു പറയുന്നുണ്ട്. ബോംബെയിലെ നാലു പ്രധാനദൈവാലയങ്ങളാണു കൂദാശ ചെയ്യപ്പെട്ടത്; മെത്രാപ്പോലീത്തൻപള്ളി, ക്രിസ്ത്യാനികളുടെ സഹായമായ മറിയത്തിൻെറ നാമത്തിൽ മാട്ടുംഗായിലുള്ള ദൈവാലയം, ബാൻട്രയിലേ പത്രോസിൻെറ ദൈവാല

യം, ഡാബ്ലൂളിലെ ഫ്റാൻസിസ് സേവ്യറിൻെറ ദൈവാല ലയം—ഇവയായിരുന്നു അവ നാലും.

### കോൺഗ്രസ്സിൻെറ പ്രതിദിന പരിപാടി

സമർത്ഥരായ ഒരു വിദ്ഗ്ദ്ധസംഘം ഏറെനാൾ ചിന്തിച്ചൊരുക്കിയ ഒരു രൂപരേഖയനുസരിച്ചാണു കോൺഗ്രസ്സ് പരിപാടികൾ സംഘടിപ്പിക്കപ്പെട്ടതു്. ഓരോ ദിവസത്തേയും ശുശ്രൂഷകളുടെ പ്ലാനിതായിരുന്നു.

രാവിലെ — 8 മണിക്കു ദിവ്യബലി
10 മണിക്കു ചർച്ചായോഗങ്ങൾ
ഉച്ചകഴിഞ്ഞു്— പാവങ്ങളേയും രോഗികളേയും സന്ദർശിക്കൽ
സന്ധ്യക്കു് — ഓവലിലെ പ്രധാന ആരാധനക്രമം നുഷ്ഠാനങ്ങൾ
രാത്രിയിൽ — കലാസാംസ്കാരികപ്രകടനങ്ങൾ

ഇവയിലൊക്കെ പ്രധാനം ഓവലിലെ ആരാധനക്രമാനുഷ്ഠാനങ്ങളായിരുന്നു. കോൺഗ്രസ്സിനപ്പാടേ കൗദാശികമായൊരു ഘടനയാണുണ്ടായിരുന്നതു്. ആ മെച്ചപ്പെട്ട രൂപരേഖയുടെ അനാവരണമായിരുന്നു ഓരോദിവസവും സന്ധ്യയ്ക്കു് അഞ്ചുമണിമുതൽ നടന്നതു്. ദിവ്യബലിക്കിടയ്ക്കു മററു കൂദാശകൾ പരികർമ്മം ചെയ്യുക. അതാണു് ഏററവും ഉചിതം. അങ്ങനെയാണു കോൺഗ്രസ്സിൻെറ ശുശ്രൂഷകൾ നടത്തപ്പെട്ടതും. പ്രതിദിനപരിപാടികൾ ദിവ്യബലിയോടെ ആരംഭിച്ചു. കത്തീഡ്രലിൽ മിക്കദിവസവും പൗരസ്ത്യറീത്തുകളിലായിരുന്നു ബലിയർപ്പണം. അതെത്തുടർന്നു നഗരത്തിൻെറ വിവിധഭാഗങ്ങളിൽ യോഗങ്ങളും റാലികളും സംഘടിപ്പിക്കപ്പെട്ടു. രാവിലെതന്നെ ദിവ്യബലി കോൺഗ്രസ്സിനായി തടി

ച്ചുകൂടിയ ദൈവജനത്തിനു് ആധ്യാത്മികഭക്ഷണം നല്കി. അതേസമയം ഓരോ ദിവസവും സംഘടിപ്പിക്കപ്പെട്ട ചർച്ചായോഗങ്ങൾ അതിഥികൾക്കൊക്കെ കോൺഗ്രസ്സിൻെറ ലക്ഷ്യത്തേയും അർത്ഥത്തേയുംപററി വ്യക്തമായ ധാരണ നല്കി. അവയുടെയൊക്കെ കേന്ദ്രവിഷയം "ദിവ്യകാരുണ്യവും പുതിയ മനുഷ്യനും" എന്നതായിരുന്നു. ഓരോ ദിവസത്തിനും പ്രത്യേകംപ്രത്യേകം വിഷയങ്ങളും വായനകളുമുണ്ടായിരുന്നു. ഓരോ ദിവസത്തേയും വിവിധശുശ്രൂഷകളിൽ പങ്കുചേരാൻ കോൺഗ്രസ്സുമാനുവൽ നന്നായി സഹായിച്ചു.

ഉദ്ഘാടനദിവസം 1964 നവംബർ 28-ാം തീയതി ഉച്ചകഴിഞ്ഞു നാലുമണിയായതോടെ ഓവൽമൈതാനി ഒരു മനുഷ്യമഹാസമുദ്രമായി മാറി. ആ വലിയ സമ്മേളനരംഗത്തിൻെറ കേന്ദ്രത്തിൽ ധവളിമയാർന്ന അൾത്താര വെട്ടിത്തിളങ്ങി. ഒരുക്കങ്ങളെല്ലാം പൂർത്തിയായി. അടുക്കും ചിട്ടയുമുള്ള സജ്ജീകരണങ്ങൾ. അയ്യായിരത്തിലേറെ വരുന്ന ഗായകർ അവർക്കായി ഒരുക്കിയ പ്രത്യേകസ്ഥലത്തു് അണിനിരന്നപ്പോൾ അതിൻെറ മറുവശത്തു് ഔദ്യോഗികവസ്ത്രങ്ങളണിഞ്ഞ മെത്രാന്മാരുടെ ഒരു വലിയ ഗണം പ്രത്യക്ഷപ്പെട്ടു.

കോൺഗ്രസ്സിൻെറ ഉദ്ഘാടനം മതപരമായിരുന്നു. ഒരു നിലയ്ക്കു് അതേസമയം അതു കുറെയൊക്കെ രാഷ്ട്രീയവുമായിരുന്നു. മാർപ്പാപ്പായുടെ പ്രതിനിധിക്കു നല്കിയ മതപരമായ സ്വീകരണത്തോടെയാണു് അതാരംഭിച്ചതു്. പരി. കുർബാനയുടെ ആശീർവ്വാദത്തോടെ ഉദ്ഘാടനപരിപാടി സമാപിക്കുകയുംചെയ്തു. പക്ഷേ, ഭാരതത്തിൻേറയും ബോംബെയുടേയും ഔദ്യോഗികപ്രതിനിധികളുടെ സാന്നിധ്യത്തിലാണവ നടത്തപ്പെട്ടതു്. പോരാ, അവർതന്നെയാണുൽഘാടനച്ചടങ്ങിനു നേതൃത്വം നല്കിയതു്. കൃത്യം അഞ്ചുമണി

ക്ക് പേപ്പൽപ്രതിനിധിയുടെ ഔദ്യോഗികവരമേൽപ്പായി രുന്നു. ഓവലിലെ വലിയ ജനക്കൂട്ടം എഴുന്നേററുനിന്നു പേപ്പൽ പ്രതിനിധിക്കഭിവാദനം അർപ്പിച്ചപ്പോൾ ഓവലിൽ മുഴുവൻ പാപ്പാഗാനത്തിൻെറ ഈരടികൾ മുഴങ്ങി. കാർഡിനൽ ഗ്രേഷ്യസ് അൾത്താരയിലൊരുക്കിയിരുന്ന പ്രത്യേക പീഠത്തിലേക്ക് അദ്ദേഹത്തെ നയിച്ചു. കാർഡിനൽ അഗജിയാനിയനെ മാർപ്പാപ്പയുടെ പ്രതിനിധിയായി നിയമിച്ച ബുളാ പിന്നെ വായിക്കപ്പെട്ടു. അനന്തരം വിശ്വാസപ്രഖ്യാപനം നടന്നു.

കാർഡിനൽ ഗ്രേഷ്യസ് എല്ലാവരേയും കോൺഗ്രസ്സിലേക്ക സ്വാഗതംചെയ്തു. പേപ്പൽ പ്രതിനിധിയോടായി അദ്ദേഹം പറഞ്ഞു: "പേപ്പൽപ്രതിനിധിയായി അങ്ങു നിയമിതനായതുതുടങ്ങി പത്രങ്ങളിൽ അങ്ങയെപ്പററി ഏറെ വാർത്തകൾ പ്രസിദ്ധീകൃതമായിട്ടുണ്ട്. ആ നിലയ്ക്ക് അങ്ങയുടെ വ്യക്തിത്വത്തേയും നേട്ടങ്ങളേയും ഇനിയും എടുത്തുപറയേണ്ട ആവശ്യമില്ല.'' വൈസ് പ്രസിഡൻറ് ഡോ. സക്കീർഹുസൈനും ഗവർണർ ശ്രീ പി. വി. ചെറിയാനും കാർഡിനൽ പ്രത്യേകം പ്രത്യേകം സ്വാഗതമരുളി. സ്വന്തം മതത്തിൻെറ വിശ്വസ്തനായ അനുയായിയായിരിക്കെ ധീരനായ ദേശസ്നേഹിയെന്ന നിലയ്ക്കു രാജ്യത്തിൻെറ നന്മയ്ക്കായി അങ്ങു ജീവിതം ഒഴിഞ്ഞുവച്ചിരിക്കയാണ് എന്നു ഡോക്ടർ സക്കീർഹുസൈനോടായി അദ്ദേഹം പറഞ്ഞു.

### ഉപരാഷ്ട്രപതിയും ഗവർണ്ണരും

ആതിഥേയരാജ്യത്തിൻെറ ഔദ്യോഗിക വക്താവെന്ന നിലയ്ക്കു ഡോക്ടർ സക്കീർഹുസൈൻ പ്രസംഗിച്ചു. ഭാരതത്തിനു ക്രിസ്തുമതം നല്കിയ പ്രശസ്തസേവനങ്ങളെ

അദ്ദേഹം എടുത്തുകാട്ടി: "ഇൻഡ്യയൊരു മതേതരരാഷ്ട്രമാണെന്നതിൽ നാമഭിമാനം കൊള്ളുന്നു. ഒരു മതവുമായി അവർക്കു പ്രത്യേക വേഴ്ചയില്ല. പക്ഷേ, എല്ലാമതങ്ങളേയും അവർ ബഹുമാനിക്കുന്നു, ആദരിക്കുന്നു. കത്തോലിക്കാസ്ഥാപനങ്ങൾ പ്രത്യേകിച്ചു സ്കൂളുകളും കോളേജുകളും സാമൂഹ്യപ്രവർത്തനകേന്ദ്രങ്ങളും ഭാരതജനതയിൽ മായാത്ത മുദ്ര പതിച്ചിട്ടുണ്ട്........ആയിരക്കണക്കിനു അക്രൈസ്തവസഹോദരങ്ങൾ ബൈബിൾ നിത്യേന വായിക്കുന്നുണ്ട്. ഭാരതത്തിൻെറ സ്വാതന്ത്ര്യം നേടിയെടുക്കുന്നതിൽ ബൈബിൾ വഹിച്ചിട്ടുള്ള സ്വാധീനം വലുതാണ്. രാഷ്ട്രപിതാവായ ഗാന്ധിജി വിഷമനിമിഷങ്ങളിൽ ആശ്വാസം കണ്ടെത്തിയതു ബൈബിളിലാണ്. മലയിലെ പ്രസംഗം അദ്ദേഹത്തെ നന്നായാകർഷിച്ചു. ലോകത്തിനു് എളിമയുടേയും സ്നേഹത്തിൻെറയും മാതൃക നല്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. സ്വന്തം ജീവിതാഭിലാഷങ്ങളെ സുവിശേഷസൗഭാഗ്യങ്ങളോടിണക്കിച്ചേർക്കാൻ അദ്ദേഹം സദാ പരിശ്രമിച്ചു." ലോകജനതയിലാകമാനം അവശ്യം അനുഭവപ്പെടേണ്ട ആധ്യാത്മനവീകരണത്തേയും സമാധാനാരൂപിയേയും അദ്ദേഹം എടുത്തുകാട്ടി. രാജ്യങ്ങളും ജനതകളും തമ്മിൽ നിരന്തരമായ സഹവർത്തിത്വമുളവാക്കാൻ കോൺഗ്രസ്സിനു കഴിയുമെന്നു ഉപരാഷ്ട്രപതി പ്രത്യാശ പ്രകടിപ്പിച്ചു. അദ്ദേഹം തുടർന്നു: "ബോംബെ കോൺഗ്രസ്സിൻെറ രംഗമായി തിരഞ്ഞെടുത്തതിലും പോൾ മാർപ്പാപ്പ ഭാരതം സന്ദർശിക്കുന്നതിലും ഇൻഡ്യൻ ഗവണ്മെൻറും ഭാരതജനതയും അതീവം സന്തുഷ്ടരാണ്." ലോകത്തിൻെറ വിവിധകോണുകളിൽനിന്നു ഭാരതത്തിലെത്തിയിട്ടുള്ള ഓരോരുത്തരേയും ഉപരാഷ്ട്രപതി സ്വാഗതംചെയ്തു.

ദൈവത്തിൻെറ അനുഗ്രഹം കോൺഗ്രസ്സിൽ അനുസ്യൂതം വർഷിക്കട്ടെ എന്നു ഗവർണ്ണർ ചെറിയാൻ പ്രാർത്ഥി

ച്ചു. തൻെറ പ്രസംഗത്തിൽ അദ്ദേഹം എടുത്തുപറഞ്ഞു: "ഈ കോൺഗ്രസ്സിൻെറ അരൂപിയും വിഷയമുഖവും പ്രത്യേകം പ്രാധാന്യമർഹിക്കുന്നുണ്ട്. ദിവ്യകാരുണ്യമെന്നതിനു "നന്ദിപ്രകടന"മെന്നാണർത്ഥം. ഈ കോൺഗ്രസ്സിൻെറ വിഷയമുഖംതന്നെ "ദിവ്യകാരുണ്യവും പുതിയ മനുഷ്യനും" എന്നാണു്. വളരുന്ന രാഷ്ട്രങ്ങളിൽ മുഖ്യസ്ഥാനമുണ്ടു ഭാരതത്തിനു്. നവോത്ഥാനമെന്ന വലിയ യജ്ഞത്തിനായി പാടുപെടുന്ന ഒരു ജനതയാണു നാം. എങ്കിലും പരമ്പരാഗതമായി ഏററു വാങ്ങിയ ആധ്യാത്മികചൈതന്യത്തെ ഒരിക്കലും നാമുപേക്ഷിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ഇത്തരമൊരു കോൺഗ്രസ്സിനു് അധികപ്രാധാന്യമുണ്ട്. തുടർന്നുള്ള നമ്മുടെ തീർത്ഥാടനത്തിൽ ദൈവത്തിൻെറ പ്രത്യേകാനുഗ്രഹം നേടാനാണു നാമിറങ്ങിത്തിരിച്ചിരിക്കുന്നതു്."

*കോൺഗ്രസ്സിനെപ്പററി കാർഡിനൽ ഷീൻ*

വിദേശീയരായ വിരുന്നുകാരെല്ലാവരുടേയുംപേരിൽ കാർഡിനൽ ഷീൻ ഉപരാഷ്ട്രപതിയ്ക്കു നന്ദി പ്രകടിപ്പിച്ചു. "എല്ലാ മതങ്ങളിലേയും സഹോദരങ്ങൾ തങ്ങളുടെ ക്രൈസ്തവസഹോദരങ്ങളോടു സഹകരിക്കാനിവിടെയെത്തിയിട്ടുണ്ടു്. ഈ കോൺഗ്രസ്സിൻെറ ആഘോഷങ്ങളവസാനിക്കുമ്പോഴായിരിക്കും ഇന്ത്യ ഈ വലിയ ആതിഥ്യത്തിൻെറ ഫലമെടുക്കുക" എന്നദ്ദേഹം പറഞ്ഞു. ദിവ്യകാരുണ്യത്തിൻെറ അർത്ഥം വിശദമാക്കിക്കൊണ്ടദ്ദേഹം തുടർന്നു: "ദിവ്യകാരുണ്യമെന്നാൽ ക്രിസ്തുവാണു്. ദൈവം ജീവനും സ്നേഹവുമാണു്. ദിവ്യകാരുണ്യത്തിലൂടെ ആ സ്നേഹത്തിൽ നമ്മെ അവിടുന്നു പങ്കു ചേർക്കുന്നു. തൻെറ തിരുസുതൻെറ നവജീവനിൽ അവിടുന്നു നമ്മെ പങ്കുകാരാക്കുന്നു." തൻെറ ദൈവികജീവനിൽ നമ്മെ ഭാഗഭാക്കുകളാക്കാൻ അവിടുന്നു നമുക്കു

അമൂല്യമായ വാഗ്ദാനങ്ങൾ നല്കിയിട്ടുണ്ട് എന്ന വി. പത്രോസിൻെറ വാക്കുകൾ അദ്ദേഹം അനുസ്മരിച്ചു. "നി ങ്ങൾക്കു നിങ്ങളിൽത്തന്നെ ജീവനുണ്ടാകണം. അതു സമൃദ്ധമായി ഉണ്ടാകുവാനാണു ഞാൻ വന്നതു്" എന്ന ദിവ്യരക്ഷ കൻെറ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടദ്ദേഹം പറഞ്ഞു, ദിവ്യ കാരുണ്യത്തിലൂടെ നാം ആ ജീവനിൽ പങ്കുചേരുന്നു. അതി ലൂടെ നാം പുതിയ മനുഷ്യരായി മാറണം എന്നു്. "ദിവ്യകാ രുണ്യമെന്നതിൻെറ അർത്ഥമെന്തെന്നു നിങ്ങൾക്കറിയണോ? നിഷ്കളങ്കനായൊരു കത്തോലിക്കക്കുഞ്ഞിനോടു ചോദിക്കും. അവൻ പറയും അതു് ഈശോ ആണെന്നു്'' "ദിവ്യകാരുണ്യ കോൺഗ്രസ്സെന്നതൊരു സ്നേഹവിരുന്നാണു്. ദിവ്യകാരു ണ്യത്തിൽ സദാ സന്നിഹിതനായിരിക്കുന്ന ക്രിസ്തുവിനോടു ള്ള തങ്ങളുടെ നന്ദി പ്രകടിപ്പിക്കാൻ അവിടുത്തെ സ്നേഹി തർ ഒന്നിച്ചുകൂടുന്നു. തിരുനാഥനെ സ്വീകരിച്ചുകൊണ്ടു് അ വിടുന്നു നല്കുന്ന വലിയ പ്രസാദവരത്തിൻെറ വെളിച്ച ത്തിൽ, സഹോദരങ്ങളെ ദൈവത്തിനുവേണ്ടി സ്നേഹിക്കുമെ ന്നവിടെവെച്ചവർ പ്രതിജ്ഞ ചെയ്യുന്നു." തൻെറ ചരിത്ര ത്തിൽ ആദ്യമായൊരു സാർവ്വത്രികദിവ്യകാരുണ്യകോൺഗ്ര സ്സൊരുക്കിക്കൊണ്ടു് ഇൻഡ്യയിന്നു തൻെറ പ്രഥമദിവ്യകാ രുണ്യസ്വീകരണം നടത്തുകയാണു്. കിഴക്കിനേയും പടി ഞ്ഞാറിനേയും ദൈവത്തിൻെറ നാമത്തിൽ ഒന്നിപ്പിക്കുന്ന ഒരു വലിയ ശക്തിയായിരിക്കും ഈ കോൺഗ്രസ്സെന്നു പറ ഞ്ഞുകൊണ്ടദ്ദേഹം നിറുത്തി.

### *പേപ്പൽ പ്രതിനിധിയുടെ ഉൽഘാടനപ്രസംഗം*

ദിവ്യകാരുണ്യകോൺഗ്രസ്സുകമ്മററിയുടെ സ്ഥിരം പ്ര സിഡൻറായ ആർച്ചുബിഷപ്പു മൊൺസ്രേഗോ കസാവ്യ സ് കോൺഗ്രസ്സുൽഘാടനം ചെയ്യാനഭ്യർത്ഥിച്ചുകൊണ്ടു

പറഞ്ഞു: "എല്ലാം നവീകരിക്കപ്പെടട്ടെ, ഹൃദയങ്ങളും വാക്കുകളും പ്രവൃത്തികളുമെല്ലാമെല്ലാം." അതെത്തുടർന്നു പേപ്പൽ പ്രതിനിധി തൻെറ ഉൽഘാടനപ്രസംഗം നിർവ്വഹിച്ചു. "ഏഷ്യയുടെ പുത്രനെന്ന നിലയ്ക്കു് എനിക്കേല്പിപ്പിച്ചിരിക്കുന്ന വലിയ ദൗത്യം നിർവ്വഹിക്കാൻ പുരാതനവും സമ്പന്നവുമായ ഈ ഏഷ്യൻ രാജ്യത്തിലേക്കു സന്തോഷത്തോടെ ഞാൻ വന്നിരിക്കുന്നു" എന്ന വാക്കുകൾ കേട്ടപ്പോൾ ശ്രോതാക്കൾ ഹർഷാരവം മുഴക്കി. ഇൻഡ്യയുടെ ആദ്ധ്യാത്മസമ്പത്തിനെ എടുത്തുകാട്ടിക്കൊണ്ടു് അദ്ദേഹം തുടർന്നു പറഞ്ഞു: "ലോകത്തിലെ പ്രധാന കത്തോലിക്ക കേന്ദ്രങ്ങളിലാണു പണ്ടൊക്കെ ഇത്തരമൊരു ദിവ്യകാരുണ്യ കോൺഗ്രസ്സ സംഘടിപ്പിക്കാറു്. പക്ഷേ, ഈ കോൺഗ്രസ്സിൻെറ നിലയതല്ല. ഭാരതത്തിലെ ന്യൂനപക്ഷമാണു കത്തോലിക്കർ. അതുകൊണ്ടുതന്നെ ഇവിടെ നല്കപ്പെടുന്ന വലിയ ആതിഥേയത്തിനു മഹത്വം വർദ്ധിക്കുന്നു; അക്രൈസ്തവ സഹോദരങ്ങൾ അകൈതവമായ കൃതജ്ഞതയർഹിക്കുന്നു. പണ്ടേമുതൽ ആദ്ധ്യാത്മികതയ്ക്കു പുകൾപെററൊരു മണ്ണാണിതു്. നമ്മെ പലതും പഠിപ്പിക്കാൻ ഇൻഡ്യ ശക്തയാണു്.... അവളിൽനിന്നും പലതും പഠിക്കാൻകൂടെയാണു നാമിവിടെ ഒന്നിച്ചുകൂടിയിരിക്കുന്നതും. ഇൻഡ്യ തികച്ചും മതാത്മകമായൊരു നാടാണു്. അവൾ തികച്ചും ധന്യയാണു്. ഈ കോൺഗ്രസ്സ് എല്ലാംകൊണ്ടും ഒരു നവഭാരതത്തിൻെറ കാഹളധ്വനികൂടെയാകട്ടെ" എന്നദ്ദേഹം പറഞ്ഞു. ഓരോരുത്തരേയും പ്രത്യേകം പ്രത്യേകം നന്ദിയോടെ അനുസ്മരിച്ചുകൊണ്ടു പേപ്പൽപ്രതിനിധി 38-ാമതു സാർവ്വദേശീയ ദിവ്യകാരുണ്യകോൺഗ്രസ്സ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

*ആമുഖമേ കഴിഞ്ഞുള്ളൂ.*

ഉൽഘാടനച്ചടങ്ങിൽ നടന്ന പ്രസംഗങ്ങളൊക്കെ കോൺഗ്രസ്സിന്റെ ശരിയായ ഉൽഘാടനത്തിനുള്ള മുഖവുരയായിരുന്നു. പ്രസംഗങ്ങൾക്കുശേഷം ദിവ്യനാഥൻ ആഘോഷപൂർവ്വം അൾത്താരയിലേക്കു സംവഹിക്കപ്പെട്ടു. "ദൈവമേ, അങ്ങേ നാമം വലുതാകുന്നു, അതിന്റെ മഹത്വം പ്രപഞ്ചത്തെ നിറയ്ക്കുന്നു എന്ന സങ്കീർത്തനം ഗായകസംഘം ഈണത്തിൽപ്പാടി. ദിവ്യനാഥൻ അൾത്താരയിൽ പരസ്യമായി പ്രതിഷ്ഠിക്കപ്പെട്ടു. പരി. കുർബാനയുടെ ആശീർവാദത്തോടെ കോൺഗ്രസ്സിന്റെ ഉൽഘാടനകർമ്മം പൂർത്തിയായി.

*നവംബർ 29 ഞായർ*

കോൺഗ്രസ്സിന്റെ രണ്ടാംദിവസം ഞായറാഴ്ച രാവിലെ കത്തീഡ്രൽ ദേവാലയത്തിൽ അർമേനിയൻ പാത്രിയർക്കീസ് പീറ്റർ ബറ്റാനിയൻ അർമേനിയൻ റീത്തിൽ ദിവ്യബലിയർപ്പിച്ചു. അടുത്തകാലംവരെ അർമേനിയൻ പാത്രിയർക്കായിരുന്ന പേപ്പൽ പ്രതിനിധിയും അതിൽ സംബന്ധിച്ചു. പ്രത്യുത്തരം നല്കാനും പാട്ടുപാടാനും ഒരു കൊച്ചുഗണം അർമേനിയരേ ഉണ്ടായിരുന്നുള്ളുവെങ്കിലും ആ ശുശ്രൂഷയുടെ ചൈതന്യം വിശ്വാസികളെ ഭക്തിനിർഭരരാക്കി.

അന്നുച്ചകഴിഞ്ഞു സ്താസിയാ ഓർബിസ് എന്ന മനോഹരമായ ശുശ്രൂഷ നടത്തപ്പെട്ടു. കാർഡിനൽ ഗ്രേഷ്യസ് ലോകത്തിലെ എല്ലാരാജ്യങ്ങളിൽനിന്നുമുള്ള പ്രതിനിധികളെ അൾത്താരയിലേക്കു ക്ഷണിച്ചു. സുവിശേഷത്തിലെ വിരുന്നിന്റെ പശ്ചാത്തലമുദ്ധരിച്ചുകൊണ്ട് അത്തരമൊരു വി

രുന്നിനു ലോകജനത മുഴവൻ ഇന്നു ക്ഷണിക്കപ്പെട്ടുകയാണെന്നു കർദ്ദിനാൾ വ്യക്തമാക്കി. പ്രതിനിധികൾ തങ്ങളുടെ മാതൃരാജ്യത്തിൻെറ പേരിൽ കാഴ്ചവസ്തുക്കളുമായി അൾത്താരയിലേക്കു നീങ്ങി, അവിടെ ആവിഷ്ടരായി—അതോടെ പേപ്പൽ പ്രതിനിധിയെ പ്രദക്ഷിണമായി അൾത്താരയിലെയ്ക്കെത്തിരേററു. പ്രദക്ഷിണത്തിൻെറ മുന്നിൽ ക്രിസ്തുവിൻെറ പ്രതീകമായ മെഴുകുതിരി സംവഹിക്കപ്പെട്ടു. "എഴുന്നേററു നിങ്ങളുടെ ദൈവത്തിങ്കലേക്കു വരിക. അവിടുത്തേ സ്തുതിച്ചു പാടുക" എന്ന ഗാനം ഗായകസംഘം ആവർത്തിച്ചപ്പോൾ "ക്രിസ്തുവിൻെറ പ്രകാശം നമ്മുടെ മനസ്സിനെ പ്രകാശിപ്പിക്കട്ടെ" എന്നു പറഞ്ഞുകൊണ്ടു പേപ്പൽ പ്രതിനിധി ക്രിസ്തുവിൻെറ പ്രതീകമായ മെഴുകുതിരി കത്തിച്ചു അൾത്താരയിൽ പ്രതിഷ്ഠിച്ചു. അനന്തരം അദ്ദേഹം പൊൻറിഫിക്കൽ ദിവ്യബലിയർപ്പിച്ചു. നവീകരണത്തിൻെറ ആശയമാണ് ആ ദിവസത്തെ ശുശ്രൂഷകളിൽ മുന്നിട്ടു നിന്നതു്. ജീവിതനവീകരണത്തിൻെറ മാഗ്നാകാർത്തയായ എഫേസ്യർക്കുള്ള ലേഖനം ദിവ്യബലിയിൽ വായിക്കപ്പെട്ടു. "അന്ധകാരത്തിൻെറ വഴികളുപേക്ഷിച്ചു നമുക്കു പ്രകാശത്തിൻെറ പരിച ധരിക്കാം." സുവിശേഷവായനയ്ക്കുശേഷം പേപ്പൽപ്രതിനിധിതന്നെ സുവിശേഷപ്രഘോഷണം നടത്തി. കോൺഗ്രസ്സിനായി നടത്തപ്പെട്ട ഒരുക്കങ്ങളൊക്കെ, ഓവലിൽ നടത്തപ്പെടുന്ന ശുശ്രൂഷകളൊക്കെ ഒരേയൊരു കാര്യത്തിലേക്കാണു് എത്തിയെത്തിനില്ക്കുകയെന്നദ്ദേഹം എടുത്തുപറഞ്ഞു— നമ്മുടെ വിശ്വാസചൈതന്യത്തിലേക്ക്. "ഇതെൻെറ ശരീരമാകുന്നു, ഇതെൻെറ രക്തമാകുന്നു" എന്ന ദിവ്യനാഥൻെറ വാക്കുകൾക്കു പ്രത്യുത്തരം നല്കിക്കൊണ്ടു നാം നമ്മുടെ വിശ്വാസം പ്രകടമാക്കുകയാണിവിടെ. "ഒരു ക്രിസ്ത്യാനി ക്രിസ്ത്യാനിയായിരിക്കുന്നതു് അവൻ നമ്മുടെ കർത്താവിനെ സ്നേഹിക്കുന്നതുകൊണ്ടും ആദരിക്കുന്നതുകൊണ്ടും മാത്രമല്ല,

പകരം, വിശ്വാസത്തോടും സ്നേഹത്തോടുംകൂടെ കൂദാശകൾ സ്വീകരിച്ച് അവിടുത്തോട് ഐക്യപ്പെടുന്നതിലൂടെയാണ്'' എന്നദ്ദേഹം വ്യക്തമാക്കി. ജീവിതനവീകരണത്തിനുള്ള ക്ഷണമാണ് ഈ ദിവ്യബലിയിലൂടെ ക്രിസ്തു നമുക്കു തരുന്നതെന്നും വിശ്വസ്തതയോടെ ആ ക്ഷണത്തിനു പ്രത്യുത്തരം നല്കണമെന്നും അദ്ദേഹം പറഞ്ഞു. കാഴ്ചവെയ്പ്പിന്റെ പ്രദക്ഷിണമാണു പിന്നെ നടന്നത്. ലോകത്തിന്റെ നാനാഭാഗത്തുനിന്നുമുള്ള പ്രതിനിധികൾ ആ വലിയ വിരുന്നിലേക്കാന് കാഴ്ചവസ്തുക്കൾ കൊണ്ടുവന്നു. അവർ കൊണ്ടുവന്ന അപ്പവും വീഞ്ഞും കൂദാശചെയ്തു ക്രിസ്തുവിന്റെ ശരീരവും രക്തവുമാക്കിക്കൊണ്ടു കാർമ്മികൻ അവരുടെ ദാനത്തിനു പ്രതിദാനം നല്കി.

*നവംബർ 30 തിങ്കൾ–വിശ്വാസദിനം*

"ക്രിസ്തു വിശ്വാസനിർഭരമായ നിങ്ങളുടെ ഹൃദയത്തിൽ ഉചിതമായ വാസസ്ഥലം കാണട്ടെ'' എന്ന എഫേസ്യർക്കുള്ള ലേഖനഭാഗമായിരുന്നു അന്നത്തെ വായന (എഫേ. 3, 16-17). ദിവ്യബലിയോടനുബന്ധിച്ചു നടത്തപ്പെട്ട ജ്ഞാനസ്നാനവും സ്ഥൈര്യലേപനവുമായിരുന്നു ഓവലിൽ നടത്തപ്പെട്ട പ്രധാനശുശ്രൂഷകൾ—തിങ്കളാഴ്ചത്തെ ചർച്ചായോഗത്തിന്റെ വിഷയം—വിശ്വാസജീവിതം, വിശ്വാസം ആധുനികലോകത്തിൽ ഇവയായിരുന്നു.

വിശ്വാസമാണു ക്രിസ്തുവിലുള്ള നമ്മുടെ നവജീവന്റെ തുടക്കം. വിശ്വാസമെന്നതു ദൈവത്തിനുള്ള നമ്മുടെ സമ്പൂർണ്ണസമർപ്പണമാണ്. വിശ്വാസം വെല്ലുവിളിക്കപ്പെടുന്ന ഈലോകത്തിൽ നമ്മുടെ വിശ്വാസജീവിതം കൂടുതൽ ചൈ

തനുവത്താകണം. ഇതൊക്കെയായിരുന്നു ചർച്ചായോഗങ്ങളിലെ നിഗമനങ്ങൾ.

കത്തീഡ്രലിൽ രാവിലെ 8 മണിക്കു സീറോമലബാർ റീത്തിൽ ദിവ്യബലിയർപ്പിക്കപ്പെട്ടു. വൈകിട്ടു കൃത്യസമയത്തുതന്നെ പ്രധാനകാർമ്മികനായ ആർച്ചുബിഷപ്പ് ബെക്കും സഹകാർമ്മികരും അൾത്താരയിൽ പ്രവേശിച്ചു. അൾത്താരയിൽനിന്നു് അന്നത്തെ തിരുക്കർമ്മങ്ങളെപ്പററി വ്യക്തമായ വിശദീകരണം നല്കപ്പെട്ടു: "കൂദാശകൾ ക്രിസ്തുവിൻെറ പ്രവർത്തനങ്ങളാണു്. മാമോദീസാ പ്രസാദവരത്തിലേക്കും ക്രിസ്തുസമൂഹത്തിലേക്കും ദൈവികജീവനിലേക്കുമുള്ള ആദ്യകാൽവെപ്പാണു്." കുർബ്ബാനയുടെ ആദ്യഭാഗത്തിനുശേഷം മാമോദീസാജലം വെഞ്ചരിക്കപ്പെട്ടു. വിശ്വാസപ്രഖ്യാപനത്തിനും തൈലാഭിഷേകത്തിനുംശേഷം കാർമ്മികരും സഹകാർമ്മികരും മാമോദീസാ നല്കി. കാർമ്മികൻെറ സുവിശേഷപ്രഭാഷണത്തിനുശേഷം സ്ഥൈര്യലേപനത്തിൻെറ കൂദാശയും പരികർമ്മം ചെയ്യപ്പെട്ടു. 35 മെത്രാന്മാർ 5000 കുഞ്ഞുങ്ങൾക്കു സ്ഥൈര്യലേപനം നല്കി. അതോടെ ജീവിതത്തിൽ ക്രിസ്തുവിൻെറ പുതിയ സാക്ഷികളായി മാറിക്കൊണ്ടു് അവർ അൾത്താരയിൽനിന്നു തങ്ങളുടെ ജീവിതസാഹചര്യങ്ങളിലേക്കിറങ്ങിത്തിരിച്ചു; അവയെ വിശുദ്ധീകരിക്കാനും പവിത്രമാക്കാനും സ്ഥൈര്യലേപനത്തിൻെറ ശുശ്രൂഷകഴിഞ്ഞു ദിവ്യബലി തുടർന്നു. കാർമ്മികനോടൊത്തു് ആ വലിയ സമൂഹം ദിവ്യബലിയിൽ സജീവമായി പങ്കുകൊണ്ടു.

*ഡിസംബർ 1 ചൊവ്വ*

*ദിവ്യകാരുണ്യത്തിൻെറ ദിവസം.*

"ദൈവത്തിൻെറ വത്സലതനയരെന്ന നിലക്കു നിങ്ങൾ അവിടുത്തേപ്പോലെയാകണം. ക്രിസ്തു നമുക്കു കാട്ടിത്തന്ന മാതൃകയ്ക്കൊത്തു സ്നേഹത്തിൽ നിങ്ങളുടെ ജീവിതങ്ങളെ ക്രമപ്പെടുത്തുക". . . . (എഫേ. 5. 1-22) എന്ന ലേഖനഭാഗമാണ് അന്നത്തേക്കായി നിയോഗിക്കപ്പെട്ടിരുന്നത്. ദിവ്യകാരുണ്യം ക്രിസ്തുവുമായുള്ള നമ്മുടെ ഐക്യത്തെ സൂചിപ്പിക്കുന്നു. ക്രിസ്തുവിനോട് ഐക്യപ്പെടുന്നതോടെ സകലരുടേയും ആനന്ദത്തിലും തൻെറ ശിഷ്യന്മാരുടെ ഐക്യത്തിലും ലോകജനതയുടെ മുഴുവൻ ക്ഷേമത്തിലും ക്രിസ്തുവിനുള്ള താല്പര്യത്തിൽ നാമും സജീവമായി പങ്കു ചേരുന്നു.

ക്രിസ്തീയസാഹോദര്യം ക്രിസ്ത്യാനിയുടെ സാമൂഹ്യമതലകൾ ഇവയായിരുന്നു അന്നു ചർച്ച ചെയ്യപ്പെട്ട വിഷയങ്ങൾ.

കുഞ്ഞുങ്ങളുടെ പ്രഥമദിവ്യകാരുണ്യസ്വീകരണവും സീറോമലബാർ സഭയിൽപ്പെട്ട 130-ഓളം പേരുടെ വൈദികപട്ടവും അന്നത്തെ ശുശ്രൂഷയ്ക്കു മാറേകി.

രാവിലെ പതിവുപോലെ കത്തീഡ്രൽ ദേവാലയത്തിൽ ദിവ്യപൂജയർപ്പിക്കപ്പെട്ടു. ബൈസെൻറയിൻ റീത്തിലായിരുന്നു അന്നത്തെ ദിവ്യബലി. രണ്ടു പതിററാണ്ടുകൾ വിശ്വാസത്തിനുവേണ്ടി കമ്മ്യൂണിസ്ററു ജയിലറകളിൽ ചെലവഴിച്ച ആർച്ചുബിഷപ്പു സ്ലിപ്പിയായിരുന്നു കാർമ്മികൻ. അദ്ദേഹത്തിൻെറ സാന്നിധ്യംതന്നെ മററുള്ളവരിൽ വിശ്വാസചൈതന്യം പകർന്നു. ബൈസൻറയിൻ റീത്തിൻെറ സമ്പത്ത് അന്നു ലോകജനത വ്യക്തമായി ദർശിച്ചു.

3600 കുഞ്ഞുങ്ങൾ അന്നു രാവിലെ ക്രൂപ്പറേജ് മൈതാനിയിൽവച്ചു പ്രഥമദിവ്യകാരുണ്യം സ്വീകരിച്ചു. ആർച്ചു ബിഷപ്പ് മക്കാൻ കുഞ്ഞുങ്ങൾക്കുവേണ്ടിയുള്ള ദിവ്യബലിയർപ്പിച്ചു. അദ്ദേഹം കുഞ്ഞുങ്ങളോടായി പറഞ്ഞു: "ദൈവം നിങ്ങൾക്കു ജീവൻ നല്കി, മാതാപിതാക്കളേയും ബന്ധുക്കളേയും നല്കി, ജ്ഞാനസ്നാനംവഴി വിശ്വാസവും നല്കി. ഇന്നു നിങ്ങൾ ആദ്യമായി ദിവ്യകാരുണ്യം സ്വീകരിച്ചപ്പോൾ അവിടുന്നു തന്നെത്തന്നെ നിങ്ങൾക്കു നല്കിയിരിക്കുന്നു."

ഓവലിൽ നടത്തപ്പെട്ട ശുശ്രൂഷകളിൽ ഏററവും ഹൃദയാവർജ്ജകമായ ഒന്നായിരുന്നു ചൊവ്വാഴ്ച വൈകിട്ടു സീറോ–മലബാർ റീത്തിൽ നടത്തപ്പെട്ട പൗരോഹിത്യശുശ്രൂഷ. കേരളത്തിൽനിന്നുള്ള 130 ശെമ്മാശ്ശന്മാർ അന്നു കോൺഗ്രസ്സിൻെറ അൾത്താരയിൽവച്ചു വൈദികപട്ടം സ്വീകരിച്ചു. കേരളത്തിലെ സീറോ-മലബാർ സഭയിലെ ഏഴു മെത്രാന്മാരിൽ ആറുപേരും തങ്ങളുടെ വൈദികാർത്ഥികൾക്കു പൗരോഹിത്യം നല്കി. വർണ്ണപ്പകിട്ടുള്ള തിരുവസ്ത്രങ്ങളണിഞ്ഞു് അൾത്താരയിൽനിന്നു് ആ നൂററിമുപ്പതു ശെമ്മാശ്ശന്മാരും അവരുടെ മേലധ്യക്ഷന്മാരും കോൺഗ്രസ്സിനു നിറപ്പകിട്ടു നല്കി, തീർച്ച. ഇന്ത്യയിലെ ഏററവും പൗരാണികമായ ആ റീത്തിൻെറ മാഹാത്മ്യവും സമ്പത്തും അന്നു പ്രത്യക്ഷമായനുഭവപ്പെട്ടു. പാട്ടും പ്രാർത്ഥനകളും എല്ലാം ഭാരതീയരീതിയിലായിരുന്നു. കാർമ്മികരും വൈദികാർത്ഥികളും ഭാരതീയർ. എല്ലാംകൊണ്ടും ഭാരതസഭയുടെ വീരസന്താനങ്ങളാണു കേരളമക്കളെന്നു് ആ തിരുക്കർമ്മത്തിൻെറ വിവിധരംഗങ്ങൾ വെളിപ്പെടുത്തി.

വിശ്വാസപ്രഖ്യാപനത്തിനും മദ്ബഹാപ്രവേശനത്തിനുംശേഷം വൈദികാർത്ഥികളുടെ കരം ഗ്രഹിച്ചുകൊണ്ടു മെ

ത്രാന്മാർ പ്രാർത്ഥിച്ചു. ശിരസ്സിൽ കൈവച്ചുകൊണ്ടു രോഗികളുടെ മേൽ കൈവയ്ക്കാനും അൾത്താരയെ ശുശ്രൂഷിക്കാനും മാമോദീസായും പാപമോചനവും നല്കാനും അവർക്കധികാരം നല്കി. കൈവെപ്പിന്റെ ശുശ്രൂഷയോടെ ആ ബലഹീനരായ മനുഷ്യർ വൈദികരായുയർത്തപ്പെട്ടു. പിന്നെ തിരുവസ്ത്രങ്ങളും സുവിശേഷപുസ്തകവും അവർക്കു നല്കപ്പെട്ടു. കാർമ്മികരുടെ അവസാനപ്രാർത്ഥനയ്ക്കുശേഷം തിരുപ്പട്ടത്തിന്റെ ശുശ്രൂഷയവസാനിച്ചു. അതേത്തുടർന്നു സീറോ-മലബാർ റീത്തിൽ പൊന്തിഫിക്കൽ ദിവ്യബലിയർപ്പിക്കപ്പെട്ടു. പേപ്പൽപ്രതിനിധിയും ഇൻററർനൺസിയോ തിരുമേനിയും ഈ തിരുക്കർമ്മങ്ങളിൽ മുഴുവൻസമയവും സന്നിഹിതരായിരുന്നു.

*ഡിസംബർ 2 ബുധൻ—പൗരോഹിത്യദിനം.*

മലങ്കരറീത്തിലും ലത്തീൻറീത്തിലും പൗരോഹിത്യം നല്കുന്ന ശുശ്രൂഷയായിരുന്നു ഇന്നത്തെ പ്രധാന തിരുക്കർമ്മങ്ങൾ. പരിശുദ്ധമായ ജനത—സഭയിലെ പൗരോഹിത്യം വൈദികരിലും അല്മായരിലും—എന്നതായിരുന്നു ചർച്ചാവിഷയം. "രക്ഷയുടെ ദിവസംവരെ നിങ്ങൾ നിങ്ങളിൽ ത്തന്നെ ആരുടെ മുദ്ര വഹിക്കുന്നുവോ ആ പരിശുദ്ധാത്മാവിനെ നിങ്ങൾ അലട്ടരുതു്" എന്നു തുടങ്ങുന്ന ലേഖനഭാഗം (എഫേ. 4: 29-30) അന്നു വായിക്കപ്പെട്ടു. ക്രിസ്തു തന്റെ പൗരോഹിത്യാധികാരം തന്റെ സഭയ്ക്കു കൈമാറി. ലോകത്തെ മുഴുവൻ വിശുദ്ധീകരിക്കാനുള്ള ദിവ്യാധികാരമാണതു്. സഭയിലെ സകല അംഗങ്ങളും തങ്ങളുടേതായവിധത്തിൽ അതിൽ പങ്കുചേരുന്നുണ്ടു്. ഈ വസ്തുതയാണു് അന്നത്തെ ശുശ്രൂഷയിലൊക്കെ തെളിഞ്ഞു കണ്ടതു്. രാവിലെ കത്തീഡ്രൽ ദൈവാലയത്തിൽ സീറോ-മലങ്കരറീത്തിലേ ദിവ്യബ

ളിയോടനുബന്ധിച്ച 13 പേർ വൈദികപട്ടം സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് ഓവലിൽവച്ചു കാർഡിനൽ റുഗ്ഗംബ്വയുടെ പ്രധാന കാർമ്മികത്വത്തിൽ ലത്തീൻ റീത്തിൽ പട്ടംകൊടുക്കൽശുശ്രൂഷ ആരംഭിച്ചു. 110 പേരാണ് ഇൻഡ്യയുടെ വിവിധഭാഗങ്ങളിൽനിന്നായി പട്ടംസ്വീകരിക്കാനുണ്ടായിരുന്നത്. പൗരോഹിത്യത്തിൻെറ മഹത്വത്തെ എടുത്തുകാട്ടുന്ന പഴയനിയമഭാഗങ്ങളും പുതിയനിയമഭാഗങ്ങളും വായിക്കപ്പെട്ടു. ക്രിസ്തുവിൻെറ പ്രതീകമായി അൾത്താരയിൽ കത്തിനിന്ന മെഴുകുതിരിയിൽനിന്നും ഓരോ വൈദികാർത്ഥിയും തങ്ങളുടെ കൊച്ചുതിരികൾ കത്തിച്ചെടുത്തു. പതിവുപോലെ ദിവ്യബലി തുടർന്നു. 5 അൾത്താരകളിലായി 5 മെത്രാന്മാർ കൈവെപ്പിൻെറ ശുശ്രൂഷ നടത്തി. പിന്നെ നവവൈദികർക്ക് ഔദ്യോഗികവസ്ത്രങ്ങൾ നല്കപ്പെട്ടു. തൈലാഭിഷേകത്താൽ അവരുടെ കരങ്ങൾ പരിശുദ്ധമാക്കപ്പെട്ടു. തലേദിവസം പട്ടം സ്വീകരിച്ച വൈദികരും ആ സമയം അൾത്താരയിലേക്കു വന്നു. അവർ യഥാസ്ഥാനങ്ങളിൽ ഇരിപ്പുറപ്പിച്ചപ്പോഴേക്കും മാർപ്പാപ്പാ അൾത്താരയിലേക്കാഗതനാകുന്നു എന്ന അറിയിപ്പുണ്ടായി. "മാർപ്പാപ്പാ നീണാൾ വാഴട്ടെ" എന്നു തിങ്ങിനിന്ന ജനക്കൂട്ടം ആനന്ദത്തിമർപ്പിൽ വിളിച്ചുപറഞ്ഞു. ആ വലിയ നേതാവിൻെറ സാന്നിദ്ധ്യത്തിൽ സകല മനുഷ്യരും സന്തുഷ്ടരായി. അൾത്താരയിൽ കയറി വട്ടമിട്ടു കൊണ്ട് എല്ലാവശത്തുമുള്ള ജനങ്ങൾക്കു കയ്യുയർത്തി പോൾ മാർപ്പാപ്പ പ്രത്യഭിവാദനം നല്കി. ഭാരതീയാചാരമനുസരിച്ചു കൂപ്പുകൈകളോടെ അദ്ദേഹം എല്ലാവരോടും നമസ്തേ, ജയ് ഹിന്ദ് എന്നു പറഞ്ഞപ്പോൾ ജനക്കൂട്ടം സന്തോഷംകൊണ്ടു തുള്ളിച്ചാടി. ഒരു ലഘുപ്രസംഗത്തിനുശേഷം അദ്ദേഹം ജനക്കൂട്ടത്തെ ആശീർവ്വദിച്ചു. പിന്നെ നവവൈദികർക്ക് പ്രത്യേകാശീർവ്വാദം നല്കിക്കൊണ്ടു നടകളിറങ്ങി മെത്രാപ്പോലീത്തൻഭവനത്തിലേക്കു തിരിച്ചു. അവിടെവച്ചു പട്ടം

സ്വീകരിച്ച നവവൈദികർ കത്തിച്ച മെഴുകുതിരികൾ കാർമ്മികർക്കു കാഴ്ചയർപ്പിച്ചു. എല്ലാവരുംകൂടെ കൂദാശവചനമുച്ചരിച്ചു. കുർബ്ബാനക്കിടക്കുവച്ചുതന്നെ പാപമോചനാധികാരവും അവർക്കു നല്കപ്പെട്ടു. അവിടെക്കൂടിയവരൊക്കെ ആ നവവൈദികരുടെ പുരോഹിതശുശ്രൂഷ വിജയപ്രദമാകാൻ ദൈവത്തോടു പ്രാർത്ഥിച്ചു.

*ഡിസംബർ 3 വ്യാഴം-മിഷൻദിനം*

സഭയുടെ ദൗത്യത്തെ കേന്ദ്രമാക്കിയുള്ള ശുശ്രൂഷകളാണ് അന്നു സജ്ജമാക്കപ്പെട്ടതു്. ഓവലിൽവച്ചു 5 വൻകരകളിൽനിന്നായി 6 പേർക്കു പരിശുദ്ധപിതാവു മെത്രാൻപട്ടം നല്കി. ലോകത്തിൻെറ മുമ്പിൽ ക്രിസ്തുവിനു സാക്ഷ്യം വഹിക്കുക, സഭയുടെ പ്രേഷിതദൗത്യം എന്നീ വിഷയങ്ങൾ അന്നു പഠനവിഷയമായി. പുറജാതികളോടു സുവിശേഷം പ്രസംഗിക്കാൻ കർത്താവു തന്നെ തിരഞ്ഞെടുത്തതിനെ വി. പൗലോസ്ലീഹാ വിവരിക്കുന്ന (എഫേ. 3. 8-9) ഭാഗമായിരുന്നു ആ ദിവസത്തിൻെറ വായന. ഡിസംബർ 3 വലിയ മിഷനറിയായ വി. ഫ്റാൻസീസ് സേവ്യറിൻെറ തിരുനാൾദിനംകൂടിയായിരുന്നു.

രാവിലെ ബൈസൻറയിൻ റീത്തിൽ ദിവ്യബലിയർപ്പിക്കപ്പെട്ടു.

ഉച്ചകഴിഞ്ഞു അഞ്ചുമണിക്കുമുമ്പേ അരക്കോടിയിലേറെ ആളുകൾ ഓവലിൽ തടിച്ചുകൂടി. തുറന്ന ഒരു ജീപ്പിൽ തികച്ചും അനാർഭാടമായ വിധത്തിൽ മാർപ്പാപ്പാ ഓവൽമൈതാനിയിലെ എല്ലാ വശത്തുംചെന്നു ജനങ്ങൾക്കഭിവാദനം നല്കി. ഗായകസംഘം "നീ പത്രോസാകുന്നു" "ഭാരതമേ, ഉണരു" എന്നു തുടങ്ങുന്ന ഗാനങ്ങൾ ശ്രുതിമധുരരായി പാടി.

മൈതാനിയുടെ എല്ലാഭാഗത്തും ചുററിയശേഷം മാർപ്പാപ്പാ തിരിച്ചു അൾത്താരയിലെ പീഠത്തിൽ ആസനസ്ഥനായപ്പോൾ കർദ്ദിനാൾ ഗ്രേഷ്യസ് തൻെറ സ്വാഗതപ്രസംഗമാരംഭിച്ചു: "പോപ്പു പോളിനെ ഭാരതത്തിലേക്കു ഞങ്ങൾ സ്വാഗതംചെയ്യുന്നു. ഈ നാടിൻെറ ആധ്യാത്മികപാരമ്പര്യത്തേയും, ഇവിടത്തെ സഭയുടെ പ്രവത്തനത്തേയും അവിടുന്നുതന്നെ നേരിലറിയട്ടെ. വി. തോമാശ്ലീഹായുടേയും വി. ഫ്രാൻസിസ് സേവ്യറിൻേറയും പാരമ്പര്യത്തിൽ വളർന്നൊരു സഭയാണിവിടത്തേതെന്നു അദ്ദേഹം വ്യക്തമാക്കി." അനന്തരം കോൺഗ്രസ്സിൻെറ സ്മാരകമായ സെൻറ് ജോൺസ് മെഡിക്കൽ കോളേജിൻെറ അടിസ്ഥാനശില മാർപ്പാപ്പാ വെഞ്ചരിച്ചു. അതെത്തുടർന്നു കുർബാനയാരംഭിച്ചു. കുർബാനമദ്ധ്യേ മെത്രാഭിഷേകശുശ്രൂഷ നടത്തപ്പെട്ടു. കോങ്കോ, എക്യുഡോർ, കോഗോ, മഡഗാസ്കർ, ആസ്ട്രേലിയ, ഇൻഡ്യാ എന്നിവിടങ്ങളിൽനിന്നായിരുന്നു ആ ആറു മെത്രാന്മാർ. വിശുദ്ധീകരിക്കുകയും വിധിക്കുകയും വ്യാഖ്യാനിക്കുകയും പൗരോഹിത്യവും സ്ഥൈര്യലേപനവും നല്കുകയും ബലിയർപ്പിക്കയുമാണു മെത്രാന്മാരുടെ കടമയെന്നു മാർപ്പാപ്പാ വ്യക്തമാക്കി. സകല വിശുദ്ധരുടെ ലുത്തിനിയായ്ക്കുശേഷം "നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുക" എന്നു പറഞ്ഞുകൊണ്ടു കാർമ്മികോപകാർമ്മികന്മാർ മെത്രാൻസ്ഥാനത്തേക്കുയത്തപ്പെടേണ്ടവരുടെ ശിരസ്സിൽ കൈവെച്ചു പ്രാർത്ഥിച്ചു. അവരുടെ ശിരസ്സ് അഭിഷേകംചെയ്തുകൊണ്ടു സ്ഥാനവസ്ത്രങ്ങളണിയിച്ചു. സുവിശേഷവായനയ്ക്കുശേഷം മാർപ്പാപ്പാതന്നെ സുവിശേഷപ്രഭാഷണം നടത്തി: "ലോകാവസാനത്തോളം ഞാൻ നിങ്ങളോടൊത്തുണ്ടാകുമെന്ന ദിവ്യനാഥൻെറ വാക്കുകൾ ദിവ്യകാരുണ്യത്തിലൂടെ ഇന്നും അന്വത്ഥമാകുന്നു. ദിവ്യകാരുണ്യം നമുക്കു ഭാവിമഹത്വത്തിൻെറ

അച്ചാരമാണ്." ടാഗോറിൻെറ വരികളുദ്ധരിച്ചുകൊണ്ടദ്ദേഹം തുടർന്നു:

"ജീവൻെറ നാഥാ, നിത്യേന അങ്ങേ മുമ്പിൽ ഞാൻ നില്ക്കും; സർവ്വലോകത്തിൻേറയും നാഥാ, കൂപ്പുകൈകളോടെ ഞാനങ്ങേ മുമ്പിൽ നില്ക്കും. ഏകാന്തതയിലും നിശ്ശബ്ദതയിലും നീലാകാശത്തിനു കീഴിൽ വിനീതഹൃദയത്തോടെ ഞാനങ്ങേ മുമ്പിൽ നില്ക്കും. പ്രയാസങ്ങളുടെ ഈ ലോകത്തിൽ, കഷ്ടതയുടെയും സമരത്തിൻേറയും ഏറ്റുപ്പാടിൽ, ധൃതികൂട്ടുന്ന ജനക്കൂട്ടത്തിനുമദ്ധ്യേ ഞാനങ്ങേ മുമ്പിൽ നില്ക്കും.'' ആ വരികൾ അവിടെക്കൂടിയവർക്കു പുതുമ പകർന്നു. അവസാനമായി പുതിയ മെത്രാന്മാരുടെ നേരെ തിരിഞ്ഞുകൊണ്ടവിടുന്നു പറഞ്ഞു: "ക്രിസ്തുവിൻെറ പുരോഹിതരേ, അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാരേ, നമ്മുടെ എളിമയേയും മഹത്വത്തേയും നമുക്കോറു പറയാം . . . . . സമാധാനത്തിൻെറ ദൂതന്മാരേ, വിനീതമാണു നിങ്ങളുടെ ദൗത്യം. ആയുധങ്ങളോ, സമ്പത്തോ, വിജയഭേരിയോ അല്ല നിങ്ങളുടെ ശക്തി. പകരം ദൈവവചനത്തിൻെറ സദ്വാർത്തയാണ്. നിങ്ങളുടെ വചനങ്ങൾ ദൈവികസത്യത്തിൻെറ മാറെറാലിയാവട്ടെ." "സത്യംമാത്രം ജയിക്കുന്നു"എന്ന മുണ്ഡകോപനിഷദ്വാക്യം ഉദ്ധരിച്ചുകൊണ്ടദ്ദേഹം തുടർന്നു: "സ്നേഹമാണു നിങ്ങളുടെ ശക്തി. നിങ്ങൾക്ക് ഒന്നും ചോദിക്കാനില്ല. എല്ലാമെല്ലാം നിങ്ങളെത്തന്നെ കൊടുക്കാനേയുള്ളു". അനന്തരം പുതിയ മെത്രാന്മാർ മാർപ്പാപ്പായോടൊത്തു ദിവ്യബലിയർപ്പിച്ചു. ഒരേ അപ്പത്തിൽനിന്നുതന്നെ അവർ ഭക്ഷിച്ചു; ഒരേ കാസായിൽനിന്നവർ പാനം ചെയ്തു.

*ഡിസംബർ 4 വെള്ളി—വി. കുരിശിൻെറ ഓർമ്മ*

"ക്രിസ്തുവിനോടൊത്തു നിങ്ങൾ ക്രൂശിതരായിരിക്കുന്നു. പാപം, സഹനത്തിൻെറ അർത്ഥം—ഇവയൊക്കെയാണ് അന്നു പഠനംചെയ്യപ്പെട്ട വിഷയങ്ങൾ. സീറോ–മലബാർ റീത്തിൽ നടത്തപ്പെട്ട വി. കുരിശിൻെറ ബഹുമാനാർത്ഥമുള്ള കുർബാനയിൽ മാർപ്പാപ്പാ ആധ്യക്ഷ്യം വഹിച്ചു. സീറോ—മലബാർറീത്തിൽ അവിടുന്നു രോഗീലേപനം നല്കി. കുരിശിൻെറ വഴിക്കു നേതൃത്വംകൊടുത്തു.

"പാപംമൂലം നാം മൃതരായി; തൻെറ അനുഗ്രഹത്താൽ ക്രിസ്തുവിലൂടെ ദൈവം നമ്മെ ജീവിപ്പിച്ചു" എന്നു തുടങ്ങുന്ന ലേഖനഭാഗം (എഫേ. 2, 4-5) അന്നു വായിക്കപ്പെട്ടു. പാപം ദൈവത്തിൽനിന്നകററുന്നെന്നും നമ്മുടെ പീഡാസഹനങ്ങൾവഴി ക്രിസ്തുവിനോടു നാം അടുക്കുകയാണെന്നുമുള്ള ആശയങ്ങളായിരുന്നു അന്നത്തെ തിരുക്കർങ്ങളുടെ ഊന്നൽ പാവും.

വൈകിട്ടു സീറോ-മലങ്കര റീത്തിൽ ദിവ്യബലിയർപ്പിക്കപ്പെട്ടു. മാർപ്പാപ്പാ ആ തിരുക്കർമ്മങ്ങളിൽ ആധ്യക്ഷ്യം വഹിച്ചു. തുടക്കത്തിലേ മാർപ്പാപ്പായെ കാർമ്മികോപകാർമ്മികന്മാർ ഔദ്യോഗികമായി അൾത്താരയിലേക്കു സ്വീകരിച്ചു. വി. കുരിശിൻെറ വണക്കമാണു പിന്നെ നടന്നതു്. തികച്ചും ആഘോഷനിബിഡമായിരുന്നു ശുശ്രൂഷ. സുവിശേഷവായനയ്ക്കുശേഷം മലങ്കരറീത്തിൻെറ മഹത്വത്തേയും പാരമ്പര്യത്തിലധിഷ്ഠിതമായ വളർച്ചയേയും അനുസ്മരിച്ചുകൊണ്ടു മാർപ്പാപ്പാ പ്രസംഗിച്ചു. പരിശുദ്ധാത്മാവു വന്നു ബലിപൂർത്തിയാക്കട്ടെ എന്നു പറഞ്ഞുകൊണ്ടുള്ള റൂഹാക്ഷണം പലർക്കും ഒരു പുതുമയായിത്തോന്നി. വി. അപ്രേമിൻേറയും

മററു പൗരസ്ത്യപിതാക്കന്മാരുടേയും കീർത്തനങ്ങൾ അന്നത്തെ ദിവ്യബലിക്കു കൂടുതൽ ചൈതന്യം പകർന്നു.

ദിവ്യബലിക്കുശേഷം സീറോ-മലബാർ റീത്തിൽ മാർപ്പാപ്പാ രോഗീലേപനശുശ്രൂഷ നടത്തി. പൗരസ്ത്യറീത്തുകൾക്കുചിതമായ തിരുവസ്ത്രങ്ങളിൽ മാർപ്പാപ്പായെ കണ്ടപ്പോൾ സഭയ്ക്ക് എല്ലാ റീത്തുകളോടുമുള്ള സമഭാവന കൂടുതൽ വ്യക്തമാക്കപ്പെട്ടു. ആശീർവാദപ്രാർത്ഥനയ്ക്കുശേഷം കുരിശുകൊണ്ടു മാർപ്പാപ്പാ രോഗികളെ ആശീർവദിച്ചു. എന്നിട്ട് അൾത്താരയ്ക്കു താഴെ കിടത്തിയിരുന്ന രോഗികളെ മാർപ്പാപ്പാ വി. തൈലത്താൽ അഭിഷേകംചെയ്തു.

9-30-നു മാർപ്പാപ്പായുടെ നേതൃത്വത്തിൽ ഓവലിൽ കുരിശിന്റെ വഴി നടത്തപ്പെട്ടു. ക്രിസ്തുവിന്റെ കുരിശു ക്രിസ്തീയജീവിതത്തിന്റെ കേന്ദ്രമാണെന്നും അവന്റെ പീഡാസഹനത്തിൽ പോരായ്കയുള്ളതു സ്വന്തം ജീവിതത്തിൽ തികയ്ക്കുകയാണ് ഓരോ ക്രിസ്ത്യാനിയുടേയും ജീവിതലക്ഷ്യമെന്നും ആ ശുശ്രൂഷ വ്യക്തമാക്കി. 12-ാം സ്ഥലത്തെത്തിയപ്പോൾ പരി. പിതാവുതന്നെ കുരിശു സ്വന്തം കരങ്ങളിലേറുവാങ്ങി ഉയർത്തിപ്പിടിച്ചു. ആ കുരിശിന്റെ വഴി വിശ്വാസികളിൽ ഭക്തിയും ചൈതന്യവും പകർന്നു. അതേസമയം സ്വന്തംജീവിതത്തെ പരിപൂർണ്ണമായും മിശിഹായ്ക്കു സമർപ്പിക്കാൻവേണ്ട പ്രേരണയും അതവർക്കു നല്കി.

കുരിശിന്റെ വഴിക്കുശേഷം ഒരു മണിക്കൂർ ആരാധന നടത്തപ്പെട്ടു. അതെത്തുടർന്നു കാർഡിനൽ സ്ഫേനർ ഒരു പ്രസംഗംചെയ്തു. കഷ്ടതയിലും നിത്യദുഃഖത്തിലും കഴിയുന്ന പാവപ്പെട്ടവരേയും മാനുഷികാവകാശങ്ങൾ നിഷേധിക്കപ്പെട്ടു ഇരുമ്പുമറയ്ക്കുള്ളിൽ കഴിയുന്ന വിശ്വാസികളേയും അദ്ദേഹം അനുസ്മരിച്ചു. കാർഡിനൽ സ്ലിപ്പിയർപ്പിച്ച ദിവ്യ

ബലികഴശേഷം ബാൻസ്റയിലേയ്ക്കൊരു പരിഹാരപ്രദക്ഷി ണവും നടത്തപ്പെട്ടു.

*ഡിസംബർ 4 ശനി—ക്രിസ്തീയസ്നേഹത്തിൻെറ ദിനം*

രാവിലെ കത്തീഡ്രൽദൈവാലയത്തിൽ മാർപ്പാപ്പാ ദിവ്യബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞു ഓവലിൽ വിവാഹത്തിൻെറ ശുശ്രൂഷ നടത്തപ്പെട്ടു. പരസ്നേഹത്തെ ദ്യോതിപ്പിക്കുന്ന വി. പൗലോസിൻെറ ലേഖനഭാഗം (എഫേ. 4, 31-32) അന്നു പ്രത്യേകം ചിന്താവിഷയമായി. സ്നേഹത്തിൻെറ മാതൃകകളാണു് ഈലോകത്തിൽ ഓരോ കത്തോലിക്കനും. ഈ ലോകത്തെ മുഴുവനും ദൈവസ്നേഹത്തിൻെറ അരുപിയിൽ വിശുദ്ധീകരിച്ചെടുക്കുകയാണവൻെറ ധർമ്മം. ത്രിത്വത്തിലെ സ്നേഹത്തിൻെറ ഏററവുംനല്ല പ്രതീകമാണു ദാമ്പത്യസ്നേഹം. വിവാഹാശീർവാദത്തിലൂടെ ഓവൽമൈതാനിയിൽ വച്ചു സ്നേഹത്തിലധിഷ്ഠിതമായ പല പുതിയ കുടുംബങ്ങൾക്കും അടിസ്ഥാനമിട്ടു.

കോൺഗ്രസ്സുശുശ്രൂഷകളിൽവച്ചു വിവാഹത്തിൽെറ ശുശ്രൂഷയിലാണു് അല്മായൻെറ സജീവമായ ഭാഗഭാഗിത്വം ഏററവും വ്യക്തമായിത്തെളിഞ്ഞതു്. കാർഡിനൽ കോൺവെ ആയിരുന്നു വിവാഹക്കുർബാനയിലെ പ്രധാന കാർമ്മികൻ. വധൂവരന്മാരുടെ ആഘോഷമായ വരവേല്പായിരുന്നു ആദ്യം. അതെത്തുടർന്നു ഇംഗ്ലീഷിൽ ദിവ്യബലിയർപ്പിക്കപ്പെട്ടു. പുരുഷൻ തൻെറ പിതാവിനേയും മാതാവിനേയുംവിട്ടു സ്ത്രീയോടു ചേരുമെന്ന വി. മത്തായിയുടെ സുവിശേഷഭാഗം വായിക്കപ്പെട്ടു. അതെത്തുടർന്നു കാർമ്മികൻ സുവിശേഷപ്രഭാഷണം നടത്തി: "സ്വർഗ്ഗത്തിൽ ഇവർ വിവാഹിതരാവുന്ന അതേ നിമിഷത്തിൽ, തങ്ങളുടെ വിവാഹജീ

വിതത്തിന്റെ ഓരോ ദിവസങ്ങളിലും ദൈവത്തിന്റെ പ്രത്യേകാനുഗ്രഹങ്ങൾക്ക് ഇവർക്കവകാശം ലഭിക്കുന്നു'' എന്നു പറഞ്ഞുകൊണ്ടദ്ദേഹം അവരുടെ വിവാഹത്തിന്റെ ശുശ്രൂഷയിലേക്കു കടന്നു. അവരുടെ പരസ്പരസമ്മതം സ്വീകരിച്ചശേഷം വിവാഹമോതിരങ്ങൾ ആശീർവദിച്ചു നല്കിയപ്പോൾ അവർ പരസ്പരം അവ കൈമാറി. തുടർന്നു നടന്ന കുർബാനയിൽ ഓരോ നവദമ്പതികളും തങ്ങളുടെ കാഴ്ചവസ്തുക്കളർപ്പിച്ചു; ഒപ്പം തങ്ങളെത്തന്നേയും. 35 നവദമ്പതിമാരുണ്ടായിരുന്നു ആകെ. വിവാഹാശീർവ്വാദത്തിനുശേഷം അവരെല്ലാം ഇരുസാദൃശ്യങ്ങളിലും ദിവ്യകാരുണ്യം സ്വീകരിച്ചു. ഗായകസംഘത്തിന്റെ 'മാഗ്നിഫിക്കാത്ത്'' എന്ന ഗാനത്തോടെ വിവാഹത്തിന്റെ ശുശ്രൂഷ അവസാനിച്ചു. അതെത്തുടർന്നു കുടുംബപ്രാർത്ഥനയുടെ പ്രേഷിതനായ ഫാ. പെയ്റ്ററിന്റെ പ്രസംഗമായിരുന്നു. "ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ചു നിലനില്ക്കും" എന്നദ്ദേഹം തറച്ചുപറഞ്ഞു. കുടുംബജീവിതത്തിന്റെ പരിശുദ്ധി നിലനിറുത്തണോ, അവശ്യം സജീവമായ പ്രാർത്ഥനാചൈതന്യം അവിടെ വളരണമെന്നദ്ദേഹം എടുത്തുകാട്ടി.

*ഡിസംബർ 6–സമാപനദിനം*

"തന്റെ മുമ്പിൽ കളങ്കമില്ലാത്ത വിശുദ്ധരായി വർത്തിക്കുന്നതിന് അവൻ ക്രിസ്തുവിൽ നമ്മെ തിരഞ്ഞെടുത്തിരിക്കുന്നു'' (എഫേ. 1, 3-4) എന്നു തുടങ്ങുന്ന ലേഖനഭാഗമാണു അന്നത്തേക്കായി തിരഞ്ഞെടുക്കപ്പെട്ടതു്. ലോകത്തെ മുഴുവൻ നവീകരിക്കുന്നതിനുള്ള ആഹ്വാനവുമായാണ് ഓരോരുത്തരും അന്നു അൾത്താരയ്ക്കു ചുററുംനിന്നു പിരിഞ്ഞുപോയതു്. രാവിലെ വിവിധരാഷ്ട്രങ്ങളിൽനിന്നു വന്ന മെത്രാന്മാ

രൊന്നിച്ചു സമസ്തലോകത്തിനുമായി ഒരു സന്ദേശം നല്കി. വൈകിട്ടു മെത്രാന്മാരുടേയും വൈദികരുടേയും പ്രതിനിധികൾചേർന്നു സമൂഹദിവ്യബലിയർപ്പിച്ചു. ഇൻഡ്യയുടെ കവാടത്തിലേക്കുള്ള ദിവ്യകാരുണ്യപ്രദക്ഷിണത്തോടെ ദിവ്യകാരുണ്യകോൺഗ്രസ്സ സമംഗളം സമാപിച്ചു.

രാവിലെ കാൽസിയൻ പാത്രിയർക്കീസ് പോൾ രണ്ടാമൻ കൽദായറീത്തിൽ ദിവ്യബലിയർപ്പിച്ചു. പുരാതനവും ഭക്തിനിർഭരവുമായ ആ തിരുക്കർമ്മത്തിൽ സംബന്ധിക്കാൻ വന്ന ജനക്കൂട്ടം കത്തീഡ്രലിൽ തിങ്ങിക്കൂടി.

വൈകിട്ടത്തെ ശുശ്രൂഷ തികച്ചും ഹൃദയാവർജ്ജകമായിരുന്നു. ആദ്യംതന്നെ വിവിധരാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികൾ അൾത്താരയുടെ താഴത്തെ നിലയിലേക്കു ക്ഷണിക്കപ്പെട്ടു. പിന്നെ മെത്രാന്മാരും വൈദികരിൽ ഔദ്യോഗികവസ്ത്രങ്ങളണിഞ്ഞ 500 പേരും അണിനിരന്നു. ആതോടെ പ്രധാനകവാടത്തിൽനിന്നു പേപ്പൽ പ്രതിനിധിയെ എതിരേററു് അൾത്താരയിലേക്കു നയിച്ചു. അനന്തരം ദിവ്യകാരുണ്യത്തിൻെറ സ്തുതിക്കായി 18 പേർകൂടി സമൂഹബലിയർപ്പിച്ചു. സുവിശേഷവും ലേഖനവും വി. കർബാനയെക്കുറിച്ചായിരുന്നു. സുവിശേഷവായനയ്ക്കുശേഷം പേപ്പൽപ്രതിനിധിതന്നെ പ്രഭാഷണം നടത്തി. "എനിക്കു വിശന്നു നിങ്ങളെനിക്കു ഭക്ഷിക്കാൻ തന്നു." എന്ന സുവിശേഷഭാഗം ഉദ്ധരിച്ചുകൊണ്ടദ്ദേഹം പറഞ്ഞു: "സ്നേഹത്തിലാണു സുവിശേഷത്തിൻെറ പരിപൂർത്തി." "ഇവിടെനിന്നു പടിഞ്ഞാറിനെ കാണുകയായിരുന്നു നാം. ഇവിടത്തെ ആധ്യാത്മികസമ്പത്തു

ലോകത്തിലുള്ള സകല ജനങ്ങൾക്കുമായി ദൈവം നല്കിയ പൈതൃകസമ്പത്താണെന്നു നമുക്കിവിടെവച്ചു ബോധ്യമായി." "ക്രിസ്തുവിൻെറ നാമത്തിൽ നാം തുടക്കമിട്ട ഈ കോൺഗ്രസ്സ് അവിടത്തെ നാമത്തിൽത്തന്നെ സമാപിക്കുകയാണു്'' എന്നു പറഞ്ഞദ്ദേഹം നിറുത്തി. വിശ്വാസികളുടെ പ്രാർത്ഥനക്കുശേഷം സഹകാർമ്മികരെല്ലാവരുംകൂടെ ദിവ്യബലിയുടെ സുപ്രധാനഭാഗമായ 'കാനൻ' പാടി. വിശ്വാസികളിൽ ഒരു വലിയഭാഗം ദിവ്യകാരുണ്യം സ്വീകരിച്ചു. ദിവ്യബലിക്കുശേഷം സമാപന പ്രദക്ഷിണത്തിനുള്ള ഒരുക്കമായി. ഓവലിൻെറ ഇരുവശങ്ങളിലുമുള്ള റോഡുകളിൽ രണ്ടുലക്ഷംപേർ അണിനിരന്നു. അല്മായർ, സന്യാസിനീസന്യാസികൾ, വൈദികർ, തിരുവസ്ത്രങ്ങളണിഞ്ഞു നിന്നവർ, അവർക്കു പിറകിലായി ഉയർന്ന പീഠത്തിൽ പരസ്യമായി പ്രതിഷ്ഠിച്ച അരുളിക്കയും വഹിച്ചുകൊണ്ടു പേപ്പൽ പ്രതിനിധി, ആ വാഹനത്തിനു പിറകിലായി കർദ്ദിനാളന്മാരും പാത്രിയർക്കീസുമാരും—ഇതായിരുന്നു പ്രദക്ഷിണത്തിൻെറ ക്രമം. ആ വലിയ പ്രദക്ഷിണം ബോംബെയിലെ പ്രധാന തെരുവുകളിലൂടെ മന്ദംമന്ദം നീങ്ങിയപ്പോൾ അതിൻെറ മനോഹാരിതയിൽ അന്യമതസ്ഥർപോലും അത്ഭുതസ്തബ്ധരായി. ഗാനമാധുരിയാൽ ആ തെരുവുകളത്രയും മുഖരിതമായി. ഇൻഡ്യയുടെ കവാടത്തിലെത്തിയപ്പോൾ ജനക്കൂട്ടം ഇരുവശങ്ങളിലേക്കും ആദരവോടെ വഴിമാറി. അവിടെവച്ചു പേപ്പൽപ്രതിനിധിതന്നെ ദിവ്യകാരുണ്യാശീർവാദം നല്കി. കാർഡിനൽ ഗ്രേഷ്യസിൻെറ വിടവാങ്ങൽപ്രസംഗമായിരുന്നു അടുത്ത പരിപാടി. "38-ാമത്തു ദിവ്യകാരുണ്യകോൺഗ്രസ്സിൻെറ തിരശ്ശീലയിതാ വീണു കഴിഞ്ഞു . . . .''

എന്നു പറഞ്ഞുകൊണ്ടദ്ദേഹം ആരംഭിച്ചു. കോൺഗ്രസ്സിനെ വിജയത്തിലെത്തിക്കാൻ കിണഞ്ഞുപരിശ്രമിച്ച ഓരോരു ത്തരേയും അദ്ദേഹം നന്ദിപൂർവ്വം അനുസ്മരിച്ചു. കോൺഗ്ര സ്സുന്നംവച്ച നവീകരണം നമ്മിലൊക്കെ പുതിയ ഫലങ്ങളു ളവാക്കട്ടെ എന്നദ്ദേഹം പ്രാർത്ഥിച്ചു. നമ്മുടെ ഹൃദയങ്ങളിൽ ഉദ്ദീപ്തമായ നവീകരണത്തിൻെറ ഈ അരൂപി കുടുംബങ്ങ ളിലേക്കും രൂപതകളിലേക്കും രാജ്യങ്ങളിലേക്കും കടന്നുചെ ല്ലട്ടെ. അതുവഴി മനുഷ്യനെ പരസ്പരം അകററുന്ന സ്പർദ്ധയും വിദ്വേഷവും അകന്ന ഒരു പൊൻപുലരി വിടരട്ടെ എന്ന പ്രാർത്ഥനയോടെ ദിവ്യകാരുണ്യകോൺഗ്രസ്സ സമംഗളം സമാപിച്ചു.

# തീർത്ഥാടകനായ പാപ്പാ

ഡിസംബർ 2–ാം തീയതി ഇററാലിയൻ സമയം 4. 20-നു മാർപ്പാപ്പാ വിമാനത്താവളത്തിലെത്തി. അദ്ദേഹത്തിൻെറ യാത്രക്കായി ഒരുങ്ങിനിന്ന എയർ ഇൻഡ്യൻ വിമാനത്തിൽക്കയറുന്നതിനുമുമ്പ്, വെളുപ്പിനു തന്നെ യാത്രയാക്കാൻ തിങ്ങിക്കൂടിയ ജനക്കൂട്ടത്തോടദ്ദേഹം സംസാരിച്ചു: "എൻെറ ചിന്ത ഇപ്പോഴേ കിഴക്കൻരാജ്യത്തിലേക്കു പറക്കുകയാണ്." സ്നേഹത്തോടെ തന്നെ എതിരേല്ക്കാൻനിന്ന ഇൻഡ്യൻ പ്രതിനിധിസംഘത്തെ കണ്ടുകൊണ്ടദ്ദേഹം തുടർന്നു: "മഹത്തായ ഭാരതരാഷ്ട്രത്തെ നേരിൽ കാണുന്നതിനു മുമ്പേ അതിൻെറ മുന്നാസ്വാദനം അനുഭവിക്കുകയാണു ഞാനിപ്പോൾ. ദിവ്യകാരുണ്യകോൺഗ്രസ്സിൽ പരസ്യമായി ആരാധിക്കപ്പെടുന്ന ദിവ്യനാഥനെ സന്ദർശിക്കുക എന്നതിലേറെ എൻെറ യാത്രയ്ക്കു് ഉദ്ദേശ്യമൊന്നുമില്ല. സ്നേഹത്തിൻേറയും സമാധാനത്തിൻേറയും പേരിലുള്ളൊരു യാത്രയാണിതു്. സകല ജനങ്ങളും തമ്മിലുള്ള പരസ്പരധാരണയ്ക്കു പിരിമുറുക്കം നല്കുകയാണ് എൻെറ ലക്ഷ്യം. പരസ്പരം അറിയുന്നതിനും സ്നേഹിക്കുന്നതിനും സഹായിക്കുന്നതിനും ഓരോരുത്തർക്കുമുള്ള കടമയെ വ്യക്തമാക്കാൻകൂടെ ഈ തീർത്ഥാടനത്തിനു കഴിയട്ടെ." 4. 30–നു മാർപ്പാപ്പാ വിമാനത്തിൽക്കയറി. ഒപ്പം അദ്ദേഹത്തെ അകമ്പടിസേവിക്കുന്ന 15 പേരും. 4000 മൈലോളം ദീർഘമുള്ള യാത്രക്കിടയിൽ താൻ പിന്നിടുന്ന രാജ്യങ്ങളിലെ ജനങ്ങൾക്കു മാർപ്പാപ്പാ സന്ദേശങ്ങളയച്ചു. വിമാനം ബെയ്റൂട്ടിൽ ഇറങ്ങിയപ്പോൾ രാഷ്ട്രീ

യാധികാരികളും ഒരു ലക്ഷത്തോളം വരുന്ന ജനതയും അദ്ദേഹത്തെ സ്വീകരിക്കുവാൻ ഓടിക്കൂടി. ഫ്റഞ്ചുഭാഷയിൽ അദ്ദേഹമവരോടു സംസാരിച്ചു. 4. 15–നു മാർപ്പാപ്പായേയും വഹിച്ചുകൊണ്ടു വിമാനം ഇന്ത്യൻ തീരത്തെത്തി. ഇന്ത്യൻ എയർഫോഴ്സിലെ വിമാനങ്ങൾ അദ്ദേഹത്തിന്നകമ്പടി സേവിച്ചു. സാൻന്താക്രൂസ് വിമാനത്താവളത്തിനു ചുററും അഞ്ചുലക്ഷത്തോളം ജനങ്ങൾ തടിച്ചുകൂടി. വിമാനത്തിൻെറ കവാടം തുറക്കപ്പെട്ടു. മാർപ്പാപ്പാ 'നമസ്തേ, ജയ്ഹിന്ദ്'' എന്നു പറഞ്ഞു ജനക്കൂട്ടത്തെ അഭിസംബോധനചെയ്തപ്പോൾ തങ്ങളറിയാതെതന്നെ 'മാർപ്പാപ്പാ നീണാൾ വാഴട്ടെ' എന്നു ജനക്കൂട്ടം വിളിച്ചുപറഞ്ഞു. വിമാനത്താവളത്തിൽ മാർപ്പാപ്പായെ സ്വീകരിക്കാനെത്തിയ രാഷ്ട്രനേതാക്കളോടു മാർപ്പാപ്പാ കുശലപ്രശ്നം നടത്തി. അന്നത്തെ വൈസ്പ്രസിഡൻറ് ഡോ. സക്കീർഹുസൈൻ മാർപ്പാപ്പായെ സ്വാഗതംചെയ്തുകൊണ്ടു പ്രസംഗിച്ചു: "ഇൻഡ്യയിലേക്കു വരാനങ്ങു സംതൃപ്തി കാട്ടിയതിൽ ഇൻഡ്യൻ ജനതയും ഗവണ്മെൻറും തികച്ചും സന്തുഷ്ടരാണു്. ഒരു വലിയ ആധ്യാത്മികനേതാവിനെ ഉചിതമായി എതിരേല്ക്കുക എന്നതു ഞങ്ങളുടെ പാരമ്പര്യത്തോടു ഒട്ടിച്ചേർന്നൊരു കാര്യമാണു്. അങ്ങു പ്രതിനിധാനം ചെയ്യുന്ന ആധ്യാത്മികമൂല്യങ്ങളും ആഗ്രഹിക്കുന്ന സമാധാനവും ഞങ്ങളുടെ പാരമ്പര്യസമ്പത്തിൻെറ അടിസ്ഥാനശിലകളാണു്. സത്യത്തിൻേറയും അഹിംസയുടേയും ശിലകൾതന്നെ. മനുഷ്യവംശം സന്തുഷ്ടിയിൽ തുടരണമെങ്കിൽ, യുദ്ധവും ദാരിദ്ര്യവും അമ്പേ മാറണമെന്നു ഞങ്ങളും അങ്ങയോടൊത്തു വിശ്വസിക്കുന്നു" എന്നദ്ദേഹം പറഞ്ഞു. മാർപ്പാപ്പാ തൻെറ മറുപടിപ്രസംഗത്തിൽ വ്യക്തമാക്കി: ''ഞാനൊരു തീർത്ഥാടകനായിട്ടു വന്നിരിക്കുന്നു. സമാധാനത്തിൻേറയും സന്തോഷത്തിൻേറയും സ്നേഹത്തിൻേറയും തീർത്ഥാടകനായിട്ടു്. ഓരോ ഇൻഡ്യാക്കാരനേയും ഞാനഭി-

വാദനംചെയ്യുന്നു. എല്ലാ ഏഷ്യൻരാജ്യങ്ങൾക്കും ലോകരാഷ്ട്ര ങ്ങൾക്കും ഞാനെന്റെ ആശംസകൾ നല്കുന്നു. ദൈവത്തി ന്റെ പിതൃത്വത്തിൽ എല്ലാമനുഷ്യരും സഹോദരാണെന്ന കാര്യം സകലരും അനുസ്മരിക്കട്ടെ." ജയ്ഹിന്ദിന്റെ മാ റ്റൊലിയോടെ മാർപ്പാപ്പാ തന്റെ ലഘുപ്രസംഗം അവ സാനിപ്പിച്ചു. 18 മൈൽ ദൂരത്തുള്ള ഓവലിലേക്കുള്ള വരവേ ല്പായിരുന്നു അടുത്ത പരിപാടി. വഴിനീളെ ആളുകൾ അഭി വാദനങ്ങളുമായി കാത്തുനിന്നു. 7. 15ഓടുകൂടി മാർപ്പാപ്പാ കാർഡിനൽ അഗാജിയാനിയനോടും കാർഡിനൽ ഗ്രേഷ്യ സിനോടുംകൂടെ ഓവലിലെത്തി. ഓവലിലേക്കു കയറിച്ചെ ന്നിട്ടു ജയ്ഹിന്ദ് എന്നു പറഞ്ഞദ്ദേഹം ജനങ്ങളെ അഭിവാ ദനം ചെയ്തു. ഒരു ലഘുപ്രസംഗത്തിനുശേഷം അൾത്താര യിൽക്കൂടിയിരുന്ന നവവൈദികരെ ആശീർവ്വദിച്ചിട്ടു മാർപ്പാ പ്പാ മെത്രാപ്പോലീത്തൻ ഭവനത്തിലേക്കു പോയി. 7. 55-നു മാർപ്പാപ്പാ കത്തീഡ്രലിൽ ദിവ്യബലിയർപ്പിച്ചു. അവിടെ തിങ്ങിക്കൂടിയിരുന്ന സന്യാസിനികളോടു കുർബാനമദ്ധ്യേ അവിടുന്നു പ്രസംഗിച്ചു. വൈകിട്ടു ഡോ. സക്കീർഹുസൈ നും പ്രധാനമന്ത്രി ലാൽബഹദൂർശാസ്ത്രിയും മാർപ്പാപ്പായെ കാണാനെത്തി. മാർപ്പാപ്പാ ഉള്ളുതുറന്ന് അവരോടു സംസാ രിച്ചു. അവർക്കൊക്കെ സമ്മാനങ്ങളും നല്കി. ദിവ്യകാരു ണ്യകോൺഗ്രസ്സിനോടനുബന്ധിച്ചു പ്രതിഷേധപ്രകടനം നടത്തിയതിനാൽ ജയിലിലടയ്ക്കപ്പെട്ടവരെ മോചിപ്പിക്കണ മെന്നു മാർപ്പാപ്പാ അവരോടാവശ്യപ്പെട്ടു. ആ സന്ദർശനം രാത്രി 10 മണിവരെ ദീർഘിച്ചു.

*സുഹൃദ്സംഭാഷണം*

3-ാം തീയതി രാവിലെതന്നെ മാർപ്പാപ്പാ തന്റെ സു ഹൃദ്സംഭാഷണം ആരംഭിച്ചു. ആദ്യം സ്വീകരിച്ചതു്

ബോംബേ മേയറേയും ഉന്നതോദ്യോഗസ്ഥന്മാരേയുമായിരുന്നു. തന്റെ സന്ദർശനവേളയിൽ അവരോരുത്തരും അനുഷ്ഠിച്ച വലിയ സേവനത്തിനു മാർപ്പാപ്പാ പ്രത്യേകം നന്ദിപറഞ്ഞു. ബോംബെയെ താൻ ഒരിക്കലും മറക്കില്ലെന്നവിടുന്നു തറച്ചു പറഞ്ഞു. അന്നുതന്നെ ഭാരതത്തിലെ പല പ്രശസ്ത വ്യക്തികളും മാർപ്പാപ്പായെ സന്ദർശിക്കാനെത്തി. നാഗന്മാർക്കും പ്രത്യേക സന്ദർശനം നല്കി.

*ഐക്യത്തിന്റെ അനുസ്മരണ*

രാവിലെ 9.45-നു മാർപ്പാപ്പാ യാക്കോബായസഭയുടെ തലവനായ കാതോലിക്കോസ് മാർ ബസേലിയോസ് ഔഗേൻ തിരുമേനിയുമായി സ്വന്തം മുറിയിൽവച്ചു കൂടിക്കാഴ്ച നടത്തി. "കത്തോലിക്കരുടെ കേന്ദ്രമായ കേരളം സന്ദർശിക്കാനും അവിടുത്തെ ജനങ്ങളോടു വ്യക്തിപരമായി ബന്ധം പുലർത്താനും ഞാനതിയായാഗ്രഹിക്കുന്നു. ഇവിടത്തെ ക്രൈസ്തവസഭകൾ അതിപുരാതനമായ പാരമ്പര്യമേറ്റുവാങ്ങിയിട്ടുണ്ട്. പക്ഷേ, സാഹോദര്യത്തിന്റെ സന്ദേശം അവരിനിയും കൈമാറേണ്ടതുണ്ട്. നമ്മൾ കൈമാറുന്ന ഈ അഭിവാദനങ്ങൾ ഓർത്തഡോക്സുസഭയുടേയും കത്തോലിക്കസഭയുടേയും ഐക്യത്തിന്റെ അച്ചാരമാകട്ടെ." ഓർത്തഡോക്സുസഭയുടെ ഒരു സമ്പൂർണ്ണ ചരിത്രം കാതോലിക്കോസ് ബാവാ മാർപ്പാപ്പയ്ക്കു നല്കി. അന്നുതന്നെ മറ്റു ക്രൈസ്തവസഭകളുടെ പ്രതിനിധികളോടൊത്തു നാല്പത്തഞ്ചു മിനിററു നേരം മാർപ്പാപ്പാ ചെലവഴിച്ചു. സഭൈക്യത്തിന്റെ ആവശ്യകതയെ അവിടുന്നെടുത്തുകാട്ടി.

### അക്രൈസ്തവസഹോദരങ്ങളോടൊത്തു്

അന്നുതന്നെ 10. 30-ന വിവിധ അക്രൈസ്തവമതങ്ങളിലെ 350 പ്രതിനിധികളുമായി മാർപ്പാപ്പാ സംഭാഷണം നടത്തി: "ഭാരത്തിലേ എന്റെ സന്ദർശനം ഏറെനാളത്തെ ആഗ്രഹത്തിന്റെ പൂർത്തീകരണമാണു്. വലിയ പല മതങ്ങളുടേയും പിള്ളത്തൊട്ടിലാണീ രാഷ്ട്രം. അതോടൊപ്പം നിശ്ശബ്ദതയിൽ ദൈവത്തെ അന്വേഷിക്കുന്ന ഒരു ജനതയാണിടെയുള്ളതു്." ഉപനിഷത്തിലെ വാക്കുകൾതന്നെ അവിടുന്നു ധരിച്ചു: "അസത്യത്തിൽനിന്നു നാഥാ, എന്നെ സത്യത്തിലേക്കു നയിക്കുക, അന്ധകാരത്തിൽനിന്നു പ്രകാശത്തിലേക്കും മർത്ത്യതയിൽനിന്നു് അമർത്ത്യതയിലേക്കും അവിടുന്നെന്നെ നയിക്കുക.'' ആധുനികജീവിതത്തിന്റെ സങ്കീർണ്ണതകളുടുത്തനുഭവിക്കുന്ന ഓരോ ഭാരതീയനും ആവർത്തിച്ചു ചൊല്ലേണ്ടൊരു പ്രാർത്ഥനാണിതെന്നദ്ദേഹം പറഞ്ഞു. മനുഷ്യൻ മനുഷ്യനേയും രാഷ്ട്രം രാഷ്ട്രത്തേയും സഹവർത്തനത്തിന്റെ അരൂപിയിൽ കാണണമെന്നദ്ദേഹം എടുത്തുകാട്ടി. "ദൈവം തന്റെ സ്നേഹത്തിൽ നമ്മെ പങ്കുചേർക്കട്ടെ. തന്റെ മക്കളായ നമ്മെയൊക്കെ ഒരേയൊരു കുടുംബമായി അവിടുന്നു മാററട്ടെ."

### സന്ദർശനവും പ്രതിസന്ദർശനവും

ഉച്ചയ്ക്കുമുമ്പേ ബോംബെയിലെ നഗരസഭാപ്രതിനിധികളോടു മാർപ്പാപ്പാ സംസാരിച്ചു. അനുച്ചയ്ക്കു രാജഭവനിൽ പോൾ മാർപ്പാപ്പാ പ്രസിഡൻറിനെ സന്ദർശിച്ചു. "അങ്ങുന്നങ്ങളോടൊത്തായിരിക്കുന്നതിൽ ഈ രാജ്യം മുഴുവൻ ആനന്ദിക്കുന്നു" എന്നു പ്രസിഡൻറു് ഡോക്ടർ രാധാകൃഷ്ണൻ

പറഞ്ഞു. മാർപ്പാപ്പായുടെ സർവ്വമതസാഹോദര്യയജ്ഞങ്ങളെ പ്രസിഡൻറു ശ്ലാഘിച്ചു. പല സമ്മാനങ്ങളോടൊപ്പം മാർപ്പാപ്പാ വത്തിക്കാൻെറ ഏററവും വലിയ ബഹുമതിയും പ്രസിഡൻറിനു നല്കി. പ്രസിഡൻറിനോടും കുടുംബത്തോടുമൊത്തു മാർപ്പാപ്പാ ശീതളപാനീയം കഴിച്ചു.

ഉച്ചകഴിഞ്ഞു കർദ്ദിനാളിൻെറ വസതിയിൽപോയി പ്രസിഡൻറു മാർപ്പാപ്പായെ സന്ദർശിച്ചു. തൻെറ കൃതിയുടെ ഓരോ കോപ്പിയും മററു സമ്മാനങ്ങളോടൊത്തു പ്രസിഡൻറു മാർപ്പാപ്പായ്ക്കു നല്കി.

തൻെറ വരവേല്പിനിടയിൽ അപമൃത്യുവിനിരയായ പത്രപ്രതിനിധി ശ്യാംകിലാജ്ഞയുടെ ഭവനത്തിലേക്കു മാർപ്പാപ്പാ തൻെറ പ്രതിനിധിയെ അയച്ചു. കാർഡിനൽ ടിസറൻറായിരുന്നു പ്രതിനിധി. 5000 ഡോളർ മാർപ്പാപ്പാ തൻെറ സമ്മാനമായി ആ പത്രപ്രവർത്തകൻെറ ഭവനത്തിനു നല്കി.

യഹൂദപ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തിയ ശേഷം ഉച്ചകഴിഞ്ഞു മാർപ്പാപ്പാ ഓവലിലേക്കു പോയി. ഓവലിൻെറ ഓരോ ഭാഗത്തും പോയി അവിടുന്നു ജനങ്ങൾക്കു അഭിവാദനം നല്കിയ രംഗം ഉള്ളിൽത്തട്ടുന്നതായിരുന്നു. അതെത്തുടർന്നു 6 പേരെ മെത്രാന്മാരായി അവിടുന്നു വാഴിച്ചു. അവരോടൊത്തു ഓവലിലെ അൾത്താരയിൽ സമൂഹബലിയർപ്പിച്ചു.

രാത്രിയിൽ "പുതിയ മനുഷ്യൻ", "നമ്മുടെ സമ്പത്തു്" എന്നീ പ്രദർശനങ്ങൾ മാർപ്പാപ്പാ സന്ദർശിച്ചു. രാത്രി പത്തു മണിക്കുശേഷം നടത്തപ്പെട്ട ഇൻഡ്യൻ ബാലേയിൽ 20 നിമിഷത്തോളം മാർപ്പാപ്പാ ചെലവഴിച്ചു. "ഇവിടെ വന്നതിൽ എനിക്കു സന്തോഷമുണ്ടു്. നിങ്ങളെയെല്ലാം ഞാൻ അകമഴി

ഞ്ഞു ആശീർവ്വദിക്കുന്നു'' എന്നു പറഞ്ഞുകൊണ്ടു് അതിൻെറ സംഘാടകനായ ഫാ. ജോർജ്ജ് പ്രോക്ഷിനെ മാർപ്പാപ്പാ കെട്ടിപ്പുണർന്നു.

*തൊഴിലാളികളോടും പാവങ്ങളോടുമൊത്തു്*

പരേൽ, ബോംബെയിലെ തൊഴിലാളികളുടെ കേന്ദ്രമാണവിടം, അവർക്കുവേണ്ടി 4-ാം തീയതി വെള്ളിയാഴ്ച രാവിലെ മാർപ്പാപ്പാ ദിവ്യബലിയർപ്പിച്ചു. ആ ദിവ്യബലിയിൽവച്ചു തൊട്ടടുത്ത മാതാവിൻെറ നാമത്തിലുള്ള അനാഥാലയത്തിലെ കുട്ടികൾക്കു് അവിടുന്നു പ്രഥമദിവ്യകാരുണ്യം നല്കി. മുട്ടുകുത്തികൊണ്ടാണു് അവിടുന്നവർക്കു ദിവ്യകാരുണ്യം നല്കിയതു്. കുർബാനയോടനുബന്ധിച്ചു മാർപ്പാപ്പാ നടത്തിയ പ്രസംഗം അത്യാകർഷകമായിരുന്നു. മററു മതസ്ഥരോടായി അവിടുന്നു പറഞ്ഞു: "ഫലദായകമായ ഒരു സൗഹൃദ്സംഭാഷണത്തിനു നാം പരസ്പരം അറിഞ്ഞേ പററൂ.'' വി. തോമാ ശ്ലീഹായും ഫ്റാൻസിസ് സേവ്യറും ഭാരതത്തിൽ നട്ടുനനച്ച സഭാതരുവിനെപ്പററി മാർപ്പാപ്പാ സന്തുഷ്ടി പ്രകടിപ്പിച്ചു: "മതാത്മകമായ കാഴ്ചപ്പാടിനേയും കുടുംബജീവിതത്തിൽ നിങ്ങൾക്കുള്ള വിശ്വസ്തതയേയുംപററി തികച്ചും ബോധവാനാണു ഞാൻ." "ക്രിസ്തുവിൻെറ സന്ദേശവാഹകനെന്ന നിലയ്ക്കാണു ഞാൻ നിങ്ങളുടെടുത്തേക്കു വന്നിരിക്കുന്നതു്. നിങ്ങളിൽ പലർക്കും ക്രിസ്തുവിനെപ്പററി അറിയാം. മഹാത്മഗാന്ധിയെപ്പോലെ നിങ്ങളിൽപ്പലരും അവിടത്തെ പഠനത്തെ ആദരിക്കുന്നുമുണ്ടു്. ഏഷ്യയിലേയും ഇൻഡ്യയിലേയും ജനതയ്ക്കു ക്രിസ്തുവിൻെറ തത്വങ്ങളിൽനിന്നു വെളിച്ചവും ശക്തിയും ആർജ്ജിക്കാനാവും. അവിടത്തെ സ്നേഹത്തിലും അനുകമ്പയിലുംനിന്നു നിർഭാഗ്യരെ സഹായിക്കാനും സാഹോദര്യം പുലർത്താനും മററുള്ളവരുമായി സമാധാ

നത്തിൽ കഴിയാനും അതവർക്കു് അവസരം നല്കും. ഈ രാജ്യത്തു സുവിശേഷം പ്രസംഗിക്കാൻ സ്വാതന്ത്ര്യമുണ്ടെന്ന തിൽ സന്തുഷ്ടനാണു ഞാൻ. ഞാൻ നിങ്ങളുടെയിടയിലൊരു അപരിചിതനല്ല.'' അനന്തരം മാർപ്പാപ്പാ സെൻറ് പോൾ ദൈവാലയത്തിൽവച്ചു രോഗികളെ സന്ദർശിച്ചു അവരെ ആശീർവദിച്ചു. അനന്തരം മാതാവിൻെറ ഭവനം എന്ന അനാഥാലയത്തിൽ അനാഥക്കുഞ്ഞുങ്ങളോടൊത്തു മാർപ്പാപ്പാ പ്രാതൽ കഴിച്ചു. യുവക്രൈസ്തവതൊഴിലാളിസംഘടനയുടെ ആഭിമുഖ്യത്തിൽ പരേലിൽ ആരംഭിക്കാനിരുന്ന ടെക്നിക്കൽസ്കൂളിൻെറ ശിലാസ്ഥാപനകർമ്മവും അന്നു രാവിലെ നടത്തപ്പെട്ടു.

*വിദ്യാർത്ഥികളോട്ട്*

രാവിലെ 10 10-നു മാർപ്പാപ്പാ മാട്ടുംഗായിലെ ഡോൺ ബോസ്കോ സ്കൂളിലെത്തി. 50000 വിദ്യാത്ഥികൾ മാർപ്പാപ്പായെ ശ്രവിക്കാൻ അക്ഷമരായി അവിടെ കാത്തുനിന്നു. അധരങ്ങളിൽ "ജയ് ഹിന്ദു"മായി സ്റ്റേജിലെത്തിയ പോപ്പിനെ കണ്ടപ്പോൾ യുവവിദ്യാർത്ഥികൾ കുതിച്ചുചാടി. "ഞാനെല്ലാവരേയും, ദൈവത്തിൻെറ ഓരോരോ പുത്രന്മാരേയും സ്നേഹിക്കുന്നു, പ്രത്യേകിച്ചു യുവാക്കളെ. ഒരാശയം ഞാനിന്നു നിങ്ങളോടുന്നിപ്പറയുന്നു. ക്രിസ്തുവിനെ അറിയുക, കൂടുതൽ അറിയുക. ക്രിസ്തുവിലുണ്ടായിരുന്ന അതേ മനസ്സുതന്നെ നിങ്ങളിലും ഉണ്ടാകട്ടെ."

വിദ്യാത്ഥികളുടെ അടുത്തുനിന്നു മാർപ്പാപ്പാ നേരേ പോയതു് ജെ. ജെ. ഹോസ്പ്പററലിലേക്കാണു്. അവിടെ രോഗികളുടെ കിടക്കയ്ക്കരികിലേക്കു് അദ്ദേഹം കടന്നുചെന്നു. അവരോടാശ്വാസവാക്ക പറയാനും അവരെ അനുഗ്രഹിക്കാ

നം അദ്ദേഹം സമയം കണ്ടു. ഹോസ്പിററലിനായി ഒരു റേഡിയോ തൊപ്പിയന്ത്രം സമ്മാനിച്ചുകൊണ്ടു മാർപ്പാപ്പാ തിരിച്ചുപോയി. പോകുംവഴി നഗരസഭാപ്രതിനിധികളുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തി.

### *മാർപ്പാപ്പായുടെ സന്ദേശം*

ഉച്ചകഴിഞ്ഞു് ഓവലിലെ ശുശ്രൂഷയ്ക്കുശേഷം രാജ്യരക്ഷാമന്ത്രി ശ്രീ ചവാനുമായി മാർപ്പാപ്പാ കൂടിക്കാഴ്ച നടത്തി. അനന്തരം നടന്ന പ്രസ്സ് കോൺഫറൻസിൽവച്ചു മാർപ്പാപ്പാ സർവ്വലോകത്തിനുമായി തൻെറ സന്ദേശങ്ങൾ നല്കി. പത്രങ്ങൾ ആ സന്ദേശത്തിനു് അധികപ്രാധാന്യം നല്കി: "സർവ്വലോകത്തിനുമുള്ള എൻെറ സന്ദേശം ഞാൻ നിങ്ങളെ ഏല്പിക്കുന്നു. രാജ്യങ്ങൾ തമ്മിലുള്ള പരസ്പരയുദ്ധം അവസാനിപ്പിച്ചു അതിനായി അവർ ചെലവാക്കുന്ന വലിയ തുക അവികസിതരാജ്യങ്ങളുടെ ഉന്നമനത്തിനായി ചെലവാക്കുന്നതു് എത്രയോ അഭികാമ്യമായിരിക്കും. രാഷ്ട്രങ്ങളൊക്കെ സമാധാനത്തിൻെറ ഭാഷയിൽ സംസാരിക്കട്ടെ. യുദ്ധത്തിനു ചെലവാക്കുന്ന ഭീമമായ തുകയിലൊരു വീതം സാർവ്വലൗകികപ്രശ്നങ്ങളുടെ പരിഹാരത്തിനായി നീക്കിവയ്ക്കട്ടെ. ഈ ദിവ്യകാരുണ്യകോൺഗ്രസ്സിൻെറ അൾത്താരയിൽനിന്നുള്ള നമ്മുടെ വിളി ലോകരാഷ്ട്രങ്ങളിലേക്കെത്തട്ടെ. തങ്ങളുടെ സഹോദരങ്ങളുടെ ദാരിദ്ര്യത്തിനും ദുഃഖത്തിനും എതിരായി ഒരു പുതിയ സമരമുറ സജ്ജീകരിക്കാൻ ദൈവം അവരെ അനുഗ്രഹിക്കട്ടെ."

### ക്രിസ്തുവിൻെറ പ്രതിനിധി കുരിശിൻെറ വഴിയിൽ

മാർപ്പാപ്പായുടെ സന്ദർശനത്തിൽ ഏററവും ഹൃദയാവർജ്ജകമായ രംഗം കുരിശും പിടിച്ചുകൊണ്ടു ഓവൽമൈതാനിയിൽ അവിടുന്നു നടത്തിയ കുരിശിൻെറ വഴിയായിരുന്നു. വെള്ളിയാഴ്ച രാത്രി 9-30-നു കുരിശിൻെറ വഴി ആരംഭിച്ചു. കോൺഗ്രസ്സ് പരിപാടിയനുസരിച്ച് അന്നു കുരിശിൻെറ ദിവസമായിരുന്നു താനും. സമാധാനത്തിൻെറ തീർത്ഥാടകനായ മാർപ്പാപ്പാ ഉയർത്തിപ്പിടിച്ച കുരിശിനു പിന്നിൽ അമ്പതിനായിരംപേർ അണിനിരന്നു. അദ്ദേഹത്തോടൊത്ത് അവരും പ്രാർത്ഥിച്ചു. രക്ഷകനായ ക്രിസ്തുവിൻെറ ചിഹ്നമായ ക്രൂശിതരൂപം ഉയർത്തിപ്പിടിച്ച പാപ്പയുടെ രൂപം ആ ജനതയിൽ മാഞ്ഞുപോകാത്ത മുദ്ര പതിച്ചു.

### മരിയത്തിൻെറ പാദത്തിങ്കൽ

൩-ാം തീയതി രാവിലെ കത്തീഡ്രലിൽ തിങ്ങിനിന്ന അൾത്താരബാലന്മാർക്കുവേണ്ടി മാർപ്പാപ്പാ ദിവ്യബലിയർപ്പിച്ചു. "സക്രാരിയിലെ ഈശോയ്ക്ക് ഏററം ഇഷ്ടപ്പെട്ട ചങ്ങാതിമാരാണ് അൾത്താരബാലന്മാർ. അതുകൊണ്ടുതന്നെ നിങ്ങൾ നിഷ്കളങ്കരും നല്ലവരുമായിരിക്കണം" എന്നു കുർബാനമദ്ധ്യേ കുഞ്ഞുങ്ങളോടവിടുന്നു പറഞ്ഞു.

കത്തീഡ്രലിൽനിന്നു ബാൻഡ്രയിലുള്ള മരിയൻ തീർത്ഥകേന്ദ്രത്തിലേക്കാണു മാർപ്പാപ്പാ പോയതു്. മാതാവിൻെറ അൾത്താരയ്ക്കുമുമ്പിൽ മുട്ടുമടക്കി നിശ്ശബ്ദനായി അവിടുന്നു പ്രാർത്ഥിച്ചു. അവിടെവച്ചു ലോകസമാധാനത്തെക്കുറിച്ചവിടുന്നു പ്രസംഗിച്ചു. മറിയം ഭാരതത്തിൻേറയും സാർവ്വത്രികസഭയുടേയും മാതാവാണെന്നവിടുന്നു പ്രസ്താവിച്ചു: "ഇക്കഴി

ഞ്ഞ ദിവസങ്ങളിൽ സാഹോദര്യത്തിൻെറ തനിനിറം അട്ടുത്തറിഞ്ഞ ഭാരതത്തിൽ സമാധാനം എപ്പോഴും അപകടത്തിലായിരിക്കുന്ന ലോകരാഷ്ട്രങ്ങളെ ഞാനനുസ്മരിക്കുന്നു. സമാധാനത്തിനെതിരെ സമരകാഹളം മുഴക്കുന്ന ജനതയ്ക്കും രാഷ്ട്രങ്ങൾക്കുംവേണ്ടി സമാധാനദൂതനായ ക്രിസ്തുവിനോടു നമുക്കു പ്രാർത്ഥിക്കാം. ദൈവം സകലരിലും സമാധാനത്തിൻെറ അരൂപിയെ അവസിപ്പിക്കട്ടെ.'' ഇൻഡ്യയിലെ വി. പത്രോസിൻെറ ദൈവാലയത്തിൽ കൂടിയ സന്യാസിനീ സന്യാസികളോടു മാർപ്പാപ്പാ സംസാരിച്ചു. അവിടെനിന്നു ഗോരിഗോൺ സെമിനാരിയിലേക്കവിടുന്നു പോയി. 2000–ത്തിലേറെ വൈദികർ അവിടെ കാത്തുനിന്നിരുന്നു. അവരോടായി മാർപ്പാപ്പാ പറഞ്ഞു: "എല്ലാം ഉപേക്ഷിച്ചു ക്രിസ്തുവിനെ പിൻചെല്ലുമ്പോൾ മനുഷ്യവർഗ്ഗത്തിനു കൂടുതൽ സേവനമനുഷ്ഠിക്കാൻ നിങ്ങൾക്കാവും. ക്രിസ്തുവിൻെറ നാമത്തിൽ നിങ്ങളോടു ഞാനഭ്യർത്ഥിക്കുന്നു. ധൈര്യമായിരിക്കുക, വിശ്വസ്തതയോടെ ഐക്യത്തിൽ വർത്തിക്കുക, നിങ്ങൾ ക്രിസ്തുവിൻെറ യഥാർത്ഥ അനുഗാമികളായിരിക്കുക. ക്രിസ്തുവിൻെറ വഴി എളുപ്പമല്ല; പരിത്യാഗംകൂടാതെ ക്രിസ്തുവിനെ പിൻചെല്ലാൻ നമുക്കാവില്ല."

*വിടവാങ്ങൽ*

വിടവാങ്ങാനുള്ള സമയമായി. രാവിലെ 11. 10-നു മാർപ്പാപ്പാ വിമാനത്താവളത്തിൽ വന്നു. രാഷ്ട്രത്തലവന്മാരൊക്കെ മാർപ്പാപ്പായെ യാത്രയാക്കാനവിടെയെത്തി. അവിടുന്നു പറഞ്ഞു: "പ്രിയപ്പെട്ട ഭാരതത്തിൽ എൻെറ താമസം ചെറുതായിരുന്നെങ്കിലും അതെൻെറ ഹൃദയത്തെ സന്തോഷം കൊണ്ടു നിറയ്ക്കുന്നു.'' ഓരോരുത്തർക്കും പ്രത്യേകം പ്രത്യേകം നന്ദി രേഖപ്പെടുത്തിയശേഷം അവിടുന്നു പറഞ്ഞു:

"എൻെറ ഹൃദയം ഞാനിവിടെ നിക്ഷേപിക്കുന്നു. ഇന്ത്യയുടെ ധാർമ്മികപൗരത്വത്തിൽ പങ്കുപററുന്നൊരനുഭവമാണ് എനിക്കിപ്പോൾ. ഇന്ത്യയുടെ ഭാവിപുരോഗതിയെ താത്പര്യത്തോടെ ഞാൻ വീക്ഷിക്കും. ഭാരതത്തിൻെറ പുരോഗതിക്കായി ആവുന്നത്ര പരിശ്രമിക്കാൻ ക്രൈസ്തവസഹോദരങ്ങളെ ഉദ്ബോധിപ്പിക്കുകയുംചെയ്യും." 11. 50–നു മാർപ്പാപ്പാ വിമാനത്താവളംവിട്ടു. ഇന്ത്യയുടെ അതിർത്തികടക്കുംവരെ ഇൻഡ്യൻ എയർഫോഴ്സിൻെറ വിമാനം മാർപ്പാപ്പായ്ക്കകമ്പടി സേവിച്ചു.

*ചർച്ചാക്ലാസ്സുകൾ*

ഒരു പുതിയ മനുഷ്യനെ വാർത്തെടുക്കുകയായിരുന്നു കോൺഗ്രസ്സിൻെറ ലക്ഷ്യം. അതുകൊണ്ടുതന്നെയാണു ദിവ്യകാരുണ്യവും പുതിയ മനുഷ്യനും എന്ന വിഷയമുഖം കോൺഗ്രസ്സിൽ സ്വീകരിച്ചതും. ഓരോ ദിവസവും ഈ വിഷയമുഖത്തെ സഗാഢം സ്പർശിക്കുന്ന ഒരു ആശയം പഠനവിഷയമാക്കപ്പെട്ടു.

*വിശ്വാസം ആധുനികലോകത്തിൽ*

ഈ വിഷയമാണ് ആദ്യം ചർച്ച ചെയ്യപ്പെട്ടതു്. ബിഷപ്പ് ഹോളൻറ്, പ്രൊഫ. ലാക്രോം, ആർച്ചുബിഷപ്പ് സ് നിക്കൊദെമോ, ബെക്ക് എന്നിവർ ചർച്ചയ്ക്കു നേതൃത്വം നല്കി. അവർ തങ്ങളുടെ പ്രബന്ധങ്ങളവതരിപ്പിച്ചപ്പോൾ വിശ്വാസത്തിൻെറ മഹത്വവും ആധുനികലോകം അതിനെതിരേ നടത്തുന്ന വെല്ലുവിളിയും കൂടുതൽ വ്യക്തമാക്കപ്പെട്ടു. ഒരു തത്വസംഹിതയ്ക്കു നമ്മുടെ മനസ്സു നല്കുന്ന അംഗീകാ

രമോ അടിയറവോ അല്ല വിശ്വാസം. സഭയുടെ നിയമങ്ങളോടും അനുഷ്ഠാനവിധികളോടുമുള്ള പൊരുത്തപ്പെടലുമല്ലതു്. ക്രിസ്തുവിൽ സ്വയം വെളിപ്പെടുത്തിക്കൊണ്ടു സ്നേഹത്തിലേക്കു നമ്മെ ക്ഷണിക്കുന്ന ദൈവത്തിനു വ്യക്തിപരമായി മനുഷ്യർ നല്കുന്ന പ്രത്യുത്തരമാണതു്. ദിവ്യകാരുണ്യത്തിൽ നാം ദൈവത്തെ കണ്ടെത്തുന്നു. അവിടുത്തോടു ഐക്യപ്പെടുന്നു. അതുകൊണ്ടുതന്നെ നമ്മുടെ വിശ്വാസം നമ്മുടെ സമ്പൂർണ്ണസമർപ്പണമാണു്. ദൈവത്തിനുള്ള സമർപ്പണം. ദൈവവും മനുഷ്യനും തമ്മിലുള്ള സൗഹൃദ്സംഭാഷണത്തിന്റെ തുടക്കമാണതു്. വിശ്വാസജീവിതം വിഷമകരമാവുന്ന ഈ നൂററാണ്ടിൽ നമ്മുടെ വിശ്വാസം ചൈതന്യപൂർണ്ണമാകണം, വ്യക്തിപരമാവണം.

വിശ്വാസമെന്നതു ശാസ്ത്രത്തിനും ബുദ്ധിക്കും എതിരല്ലെന്നും ചർച്ചായോഗം എടുത്തു കാട്ടി. മനുഷ്യന്റെ സ്വാഭാവിക കഴിവുകളെയൊക്കെ വിശ്വാസം കണക്കിലെടുക്കുന്നുണ്ടെന്നും വിശ്വാസം അവയ്ക്കു മുടി ചൂടുന്നെന്നും പ്രസംഗകർ ചൂണ്ടിക്കാട്ടി. വിശ്വാസികളൊക്കെ ദൈവശാസ്ത്രജ്ഞന്മാരാവണമെന്നാരും ശഠിക്കുന്നില്ല. പകരം, അവരെല്ലാം വിശ്വാസത്തിന്റെ സജീവസാക്ഷ്യങ്ങളാവണം. വിശ്വാസജീവിതത്തിന്റെ നവീകരണം സാർവ്വത്രികസഭയെ മുഴുവൻ കാര്യമായി സ്പർശിക്കുന്നൊരു പ്രശ്നമാണു്, പ്രത്യേകിച്ചു ഭാരതസഭയെ.

### *ക്രിസ്ത്യാനിയുടെ ദൈവവിളി*

കാർഡിനൽ കൊൺവേയുടേയും ബിഷപ്പ് സെസോർ ച്ലേഴ്സിന്റെയും നേതൃത്വത്തിൽ ക്രിസ്ത്യാനിയുടെ ദൈവവിളി എന്ന വിഷയം ചർച്ച ചെയ്യപ്പെട്ടു. ദൈവത്താൽ

വിളിക്കപ്പെട്ടതുകൊണ്ടും വിശുദ്ധീകരിക്കപ്പെട്ടതുകൊണ്ടും ക്രിസ്ത്യാനികൾ പുതിയ ഉടമ്പടിയിലെ ദൈവത്തിൻെറ ജനമായി മാറിയിരിക്കുന്നു. മററുള്ളവരെക്കാൾ മെച്ചപ്പെട്ടവരാണു തങ്ങളെന്ന തള്ളിച്ചയിലേക്കല്ല, അനർഹരായ തങ്ങൾക്കു ദൈവംതന്ന വലിയ ദാനത്തിൻെറ എളിയ അംഗീകരണത്തിലേക്കാണീ വസ്തുത ക്രിസ്ത്യാനിയെ നയിക്കേണ്ടതു്. ദൈവത്തെ കുത്തകയാക്കാനുള്ള അവകാശം കൈവന്നെന്നു ദൈവജനം ശഠിക്കുന്നില്ല. ദൈവത്തിനു തങ്ങളെ സ്വന്തമാക്കാൻ പൂർണ്ണാവകാശമുണ്ടെന്നേ ആ തിരഞ്ഞെടുപ്പു സൂചിപ്പിക്കൂ. ക്രിസ്തുവിലൂടെ ദൈവവുമായി നാമൈക്യപ്പെട്ടിരിക്കുന്നു. അവിടുന്നു ശിരസ്സായ ശരീരത്തിലെ അവയവങ്ങളെന്ന നിലക്ക് അതേ ജീവനിൽ നാമും പങ്കുപററുന്നു. അവിടുത്തെ പൗരോഹിത്യത്തിൽ വിവിധ പടികളിൽ പങ്കുപററിക്കൊണ്ടു ദൈവത്തിനാരാധനയർപ്പിക്കാൻ നാം നിയുക്തരാകുന്നു. ഒപ്പം പരിശുദ്ധാത്മാവിൻെറ പ്രവത്തനത്തിന്നായി നമ്മെ മുഴുവനായും സമർപ്പിക്കയും ചെയ്യുന്നു. ദൈവജനത്തിൻെറ അംഗമാവുക എന്നുവച്ചാൽ ഇതാണത്ഥം. അത്തരമൊരു ജീവിതം ശരിക്കും നയിക്കണമെങ്കിൽ അതിന്നമാനുഷികശക്തിതന്നെ വേണം. ദിവ്യകാരുണ്യം ഈ അഭൗമികശക്തി നമുക്കു തരുന്നു. ദൈവം തൻെറ ജനമാവാൻ നമ്മെ ക്ഷണിക്കുന്നു. തൻെറ ഹിതത്തിനൊത്തു വത്തിക്കാനുള്ള ഒരു വെല്ലുവിളികൂടിയാണാ ക്ഷണം.

## ക്രിസ്തീയദൗത്യം

ദൈവജനമെന്ന ആശയത്തോടു ബന്ധപ്പെട്ടുത്തിയാണു സഭയുടെ ദൗത്യം എന്ന വിഷയം ചർച്ചചെയ്യപ്പെട്ടതു്. ക്രിസ്തുവിൻെറ ദൗത്യം നാമെല്ലാവരും ഏററുവാങ്ങിയിരിക്ക

യാണു്. അവിടുത്തെ ജീവിക്കുന്ന സാക്ഷ്യങ്ങളായി വർത്തിക്കാനും സകലരേയും അവിടുത്തേ പക്കലേയ്ക്കു നയിക്കാനുമാണു അവിടുന്നു നമ്മോടാവശ്യപ്പെടുക. എല്ലാം ക്രിസ്തുവിൽ നവീകരിക്കപ്പെടണമെങ്കിൽ നാമോരോരുത്തരും നമ്മുടേതായ പങ്കു വഹിക്കേണ്ടതുണ്ടു്. സഭയുടെ ദൗത്യത്തിൽ ട്രിയാഫലിസത്തിൻെറ ജയഭേരിയല്ല ദൈവത്തിൻേറയും മനുഷ്യരുടേയും ദാസിയുടെ പ്രവർത്തനങ്ങളുടെ നിഴലാട്ടമാണു ദർശിക്കപ്പെടേണ്ടതു്. അല്മായർ സഭയുടെ എല്ലാഘടകങ്ങളിലും ക്രിസ്തുവിൻെറ ദൗത്യം നിർവഹിക്കാൻ കടപ്പെട്ടവരാണെന്നും ചർച്ചയിൽ ഊന്നിപ്പറഞ്ഞു. കാർഡിനൽ റുഗ്ഗംബ്വാ, ബിഷപ്പ് പിക്കാച്ചി, ബിഷപ്പ് ചിറിബോഗ, ജോസ് ഫെർണാണ്ടസ്, ബിഷപ്പ് റെറാമിസ്മാ, ആർച്ചുബിഷപ്പ് മബസ്തുവാന, എന്നിവർ ചർച്ച നയിച്ചു.

### ഐക്യമനോഭാവവും സാമൂഹ്യചുമതലകളും

ദിവ്യകാരുണ്യം ഐക്യത്തിൻെറ കൂദാശയാണു്. ദിവ്യകാരുണ്യംവഴി ക്രിസ്തുവിനോടു മാത്രമല്ല നാം ഐക്യപ്പെടുന്നതു്, സകല മനുഷ്യരോടും അതുവഴി നാം സഗാഢം ബന്ധപ്പെടുന്നു. അവികസിതരാജ്യങ്ങളിലെ ജനങ്ങളെ സഹായിക്കാൻ വികസിതരാജ്യങ്ങൾക്കുള്ള കടമയെപ്പററി മിസ് ക്ലോം സംസാരിച്ചു. വിശപ്പിനും ദാരിദ്ര്യത്തിനും എതിരായ സമരത്തിൽ സഭ മുൻകയ്യെടുക്കണമെന്നവർ വ്യക്തമാക്കി. അവികസിതരാജ്യങ്ങളിലെ കത്തോലിക്കരുടെ സാമൂഹ്യചുമതലകളെപ്പററി ആർച്ചുബിഷപ്പു ഫെർണാണ്ടസ് സംസാരിച്ചു. സകല മനുഷ്യരും ഒരേ കുടുംബത്തിലെ അംഗങ്ങളെന്ന നിലയ്ക്കു ലോകത്തിൻെറ ഒരു കോണിലുണ്ടാകുന്ന പ്രശ്നങ്ങൾ ഓ

രോഗത്തന്റേയും പ്രശ്നങ്ങളായി പരിഗണിക്കപ്പെടണം. ആർച്ചുബിഷപ്സ് യൂജിൻ ഡിസൂസ, ഹർലി തുടങ്ങിയവർ അതേവിഷയത്തിലേക്കു കൂടുതൽ വെളിച്ചം വീശി.

### ക്രിസ്തീയമൂല്യങ്ങൾ സമുദായതലത്തിൽ

ബിഷപ്പ് സെസ്മിത്ത്, മിസ് സിസാമിയാ തുടങ്ങിയവർ ഈ വിഷയത്തെ പുരസ്കരിച്ചു പ്രബന്ധങ്ങളവതരിപ്പിച്ചു. ആഗോളവ്യാപകമായ മതേതരസംഘടനകളെ എടുത്തുകാട്ടിക്കൊണ്ടവർ വിശദീകരിച്ചു, ലോകത്തിന്റെ കെടുതികളകററുവാനും വ്യക്തിസ്വാതന്ത്ര്യം സംരക്ഷിക്കാനുമുള്ള യജ്ഞത്തിനു് അവയൊക്കെ നമുക്കു മാതൃകകളാകണം എന്നു്. കൗൺസിലാവശ്യപ്പെടുന്ന നവീകരണം നന്നാവാനുള്ള വെറുമൊരു കാൽവെപ്പുമാത്രമല്ല. കറതീർന്ന ഒരു നവീകരണമാണതു്. ക്രിസ്തീയവെളിപാടിലും സഭയുടെ സത്താപരമായ ഘടനയിലും നവികരണം വേണമെന്നല്ല ഇതിനർത്ഥം. പകരം അവയുടെ നേരെ നമുക്കുള്ള കാഴ്ചപ്പാടിലും നമ്മുടെ ജീവിതത്തിൽത്തന്നെയും കാതലായ പരിവർത്തനം വരണം. ക്രിസ്തുവിൽ പകുത വന്ന ക്രിസ്ത്യാനിയെപ്പോലെ ജീവിക്കാൻ നമുക്കാവണമെന്നു വ്യക്തം.

### പാപവും സഹനവും

പാപത്തേയും പശ്ചാത്താപാരൂപിയേയുംപററി ആർച്ചുബിഷപ്പ് കൊർസെയിരോയും ഫ്രാങ്ക്ഷീസും പ്രബന്ധങ്ങളവതരിപ്പിച്ചു. പാപബോധം പാടേ ഇല്ലാതായിരിക്കുന്ന ലോകത്തിൽ ദൈവത്തിന്റെ വിശുദ്ധിക്കു സാക്ഷ്യം വഹിക്കേണ്ടവരാണു കത്തോലിക്കരെന്നവർ വ്യക്തമാക്കി. സഹന

ത്തിന്റെ പ്രശ്നത്തെ പുരസ്കരിച്ചു മി. ഷെഷയർ സംസാരിച്ചു. ക്രിസ്തുവിന്റെ ദീനാനുകമ്പയും സ്നേഹവും ഓരോ ക്രിസ്ത്യാനിയും ഏറ്റു വാങ്ങണം. സഹനമെന്ന ആശയത്തെയല്ല ഈ ലോകത്തിൽ സഹനമനുഭവിക്കുന്നവരുടെ പ്രശ്നങ്ങളെയാണു് അദ്ദേഹം വെളിച്ചത്തുകൊണ്ടുവന്നതു്. സമുദ്ധാരണപ്രവർത്തനങ്ങളൊക്കെ കുറെ സംഘടനകൾക്കു വിട്ടിട്ടു കയ്യുംകെട്ടിയിരിക്കുകയല്ല, പകരം പീഡിതരിൽ ക്രിസ്തുവിനെ ദർശിച്ചുകൊണ്ടു് അവരെ ശുശ്രൂഷിക്കുകയാണു ക്രിസ്ത്യാനിയുടെ കർത്തവ്യമെന്നു ചർച്ചായോഗം തറച്ചു പറഞ്ഞു.

*സ്നേഹം ക്രിസ്തീയവീക്ഷണത്തിൽ*

മനുഷ്യവ്യക്തി സ്നേഹിക്കാൻവേണ്ടി സൃഷ്ടിക്കപ്പെട്ടവനാണെന്നു മി. ഉലനോവു വ്യക്തമാക്കി. വ്യക്തിപരമായ ഐക്യത്തിലൂടെ ആ സ്നേഹബന്ധം തുടരണം. സ്നേഹത്തിന്റെ മഹത്വവും ഭംഗിയും, അതിലടങ്ങിയിരിക്കുന്ന ആത്മപരിത്യാഗവുമൊക്കെ സകലരും മനസ്സിലാക്കണം. അതു സാധിക്കുക ഓരോ ക്രിസ്ത്യാനിയുടെയും ജീവൻ എങ്ങനെ സ്നേഹത്തിലധിഷ്ഠിതമാകുന്നു എന്നതിന്റെ തോതനുസരിച്ചായിരിക്കും.

പരിവർത്തനനിരതമായ ലോകത്തിൽ കുടുംബജീവിതത്തിന്റെ മാഹാത്മ്യം അവഗണിക്കപ്പെട്ടുകൂടാ എന്നു ബിഷപ്പ് റൈററ് പ്രസ്താവിച്ചു. കുടുംബജീവിതത്തിന്റെ പരിശുദ്ധിയെ കളങ്കപ്പെടുത്തുന്ന ഘടകങ്ങളെ അദ്ദേഹം എടുത്തുകാട്ടി. തങ്ങളുടെ ദൈവവിളിയോടു ഓരോരോ ദമ്പതികളും വിശ്വസ്തത കാട്ടിയാലേ വിവാഹജീവിതത്തിന്റെ പരിശുദ്ധി കാക്കാൻ അവർക്കാവൂ. കത്തോലിക്കദമ്പതികൾ ഇക്കാര്യത്തിൽ മററുള്ളവർക്കു മാതൃകയാകേണ്ടതുണ്ടു്.

പൊതുവേ, ദൈവജനമെന്ന നിലയ്ക്കു ക്രൈസ്തവർ അനുഭവിക്കുന്ന മഹത്വത്തേയും ഈലോകത്തിൽ അവർക്കുള്ള ചുമതലകളേയും ചർച്ചായോഗങ്ങൾ എടുത്തു കാട്ടി.

## പ്രദർശനങ്ങളും കലാപരിപാടികളും

കോൺഗ്രസ്സിന്റെ വിഷയമുഖത്തെ പുരസ്കരിച്ചു സംഘടിപ്പിക്കപ്പെട്ടൊരു പ്രദർശനമായിരുന്നു പുതിയ മനുഷ്യൻ. മനുഷ്യചരിത്രത്തിലും ഇന്ത്യാചരിത്രത്തിലും ദൈവസ്നേഹത്തിന്റെ കരങ്ങൾ എന്തെന്തു പ്രവൃത്തികൾ ചെയ്തെന്ന് അതു വ്യക്തമാക്കി. ആ വലിയ സ്നേഹത്തിനു മനുഷ്യൻ എങ്ങനെ പ്രതിസ്നേഹം കാട്ടണമെന്നും പ്രദർശനം വ്യക്തമായി ചിത്രീകരിച്ചു. ദൈവസ്നേഹത്തേയും അതിനു മനുഷ്യന്റെഭാഗത്തുനിന്നു നല്കുന്ന പ്രതികരണത്തേയും ബാഹ്യമായി പ്രകാശിപ്പിക്കുന്നതിൽ പ്രദർശനം തികച്ചും വിജയിച്ചു.

പ്രതീകങ്ങളുടെ ഊട്ടം പാവുമാണു പ്രദർശനത്തിനു മോടിയേകിയതു്. ദൈവസ്നേഹത്തിന്റെ പ്രക പ്രകടനമായ സൃഷ്ടികർമ്മം, പരിത്രാണം, കൂദാശകൾ, അതിൽ പ്രത്യേകിച്ചു ദിവ്യകാരുണ്യം, സാർവ്വത്രികസഭ, ഭാരതസഭ, അതിന്റെ ചരിത്രവും വളർച്ചയും ഇതൊക്കെ പ്രദർശനത്തിന്റെ വിവിധഘട്ടങ്ങളായിരുന്നു. ആദ്യഭാഗത്തു സൃഷ്ടികർമ്മം, മനുഷ്യന്റെ വീഴ്ച, രക്ഷകന്റെ വാഗ്ദാനം, പഴയനിയമത്തിലെ ഉടമ്പടി ഇവയൊക്കെ ഉൾക്കൊള്ളിച്ചു. രണ്ടാംഘട്ടം ക്രിസ്തുവിന്റെ വരവിനേയും അവിടത്തെ ദിവ്യദൗത്യത്തേയും അവിടുന്നു പ്രദാനം ചെയ്യുന്ന നവജീവനേയും പ്രദർശനവിഷയമാക്കി. ദിവ്യകാരുണ്യത്തിന്റെ പ്രാധാന്യത്തേയും അർത്ഥവ്യാപ്തിയേയും വ്യക്തമാക്കുന്ന

രംഗങ്ങളായിരുന്ന അവസാനഭാഗം. ഭക്തവസ്തുക്കളുടെ പ്രദർശനത്തിലൂടെ മനുഷ്യൻ ദൈവത്തിൻെറ ക്ഷണത്തിനു നല്കുന്ന പ്രത്യുത്തരം ചിത്രീകരിക്കപ്പെട്ടു.

കൂദാശകളുടെ വിവിധ ദൃശ്യങ്ങളുൾക്കൊള്ളുന്ന പ്രദർശനരംഗം കൂടുതൽ ശ്രദ്ധയാകർഷിക്കുന്നു. സഭയെ ചിത്രീകരിക്കുന്ന പവലിയനിൽ ദൈവജനത്തിൻെറ തിരഞ്ഞെടുപ്പ്, മൗതികശരീരത്തിൻെറ പ്രവർത്തനം, ക്രിസ്തുവിൻെറ ദിവ്യരൗത്യം തുടരുന്ന സഭ ഇവയൊക്കെ അവതരിപ്പിക്കപ്പെട്ടു. വി. തോമാശ്ലീഹായും ഫ്രാൻസീസ്സേവ്യറും നട്ടുനനച്ചു വളർത്തിയ ഭാരതസഭയുടെ ചരിത്രപരവും സാംസ്കാരികവുമായ രംഗങ്ങൾ അതോടൊത്തവതരിപ്പിക്കപ്പെട്ടു. ക്രിസ്തുമതം ഭാരതത്തിനു നല്കിയ സംഭാവനകളും പ്രദർശനവിഷയമായി.

ഭാരതീയക്രൈസ്തവകലയുടെ വിവിധപ്രകടനങ്ങൾ ഒരു കൊച്ചുസ്റ്റോളിൽ നിരത്തിയിരുന്നു. 26 കലാകാരന്മാരുടെ കലാവസ്തുക്കൾ അവിടെ പ്രദർശിപ്പിക്കപ്പെട്ടു. പൗരസ്ത്യസഭകളുടെ പ്രത്യേകതയായ ഛായാപടങ്ങൾ വിദേശീയരെ നന്നായാകർഷിച്ചു. വിശിഷ്ടഗ്രന്ഥങ്ങളുടേയും ഭക്തവസ്തുക്കളുടേയും പ്രദർശനവും അതോടൊത്തുനടന്നു.

*ജർമ്മൻ ദൈവാലയങ്ങളും*

*ഫ്രാൻസിലെ ക്രൈസ്തവകലയും.*

മ്യൂനിക്ക കോൺഗ്രസ്സിൻെറ വിവിധദൃശ്യങ്ങളും അതോടനുബന്ധിച്ചു രൂപംകൊണ്ട പുതിയ വസ്തുശില്പവുമാണു് ജർമ്മൻ ദൈവാലയങ്ങളുടെ പ്രദർശനങ്ങളുടെ മുഖ്യഘടകം. ഫ്രാൻസിലെ ക്രൈസ്തവകലാസമ്പത്തിനെ അതേപടി

എടുത്തുകാട്ടി 'ക്രൈസ്തവകല ഫ്റാൻസിൽ' എന്ന പ്രദർശനം. അവിടത്തെ ലോകപ്രസിദ്ധമായ കത്തീഡ്രലുകളുടേയും കലാവസ്തുക്കളുടേയും പ്രദർശനവും കാണികളെ ആകർഷിച്ചു.

*'നമ്മുടെ സമ്പത്തു്'*

ഭാരതീയകരകൗശലസംഘടനയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെട്ട 'നമ്മുടെ സമ്പത്തു്' എന്ന പ്രദർശനം ഭാരതീയകലയുടെ ഏററവും മെച്ചപ്പെട്ട പ്രകടനമായിരുന്നു. ഭാരതത്തിലെ എല്ലാ സ്റ്റേററുകളും തങ്ങളുടെ പ്രത്യേക കലാസമ്പത്തുമായി ഈ പ്രദർശനത്തിൽ പങ്കെടുത്തു. യൂണിയൻ മന്ത്രി ശ്രീ എം. സി. ചഗ്ല പ്രദർശനം ഉദ്ഘാടനംചെയ്തു. സമാപനപരിപാടിയിൽ രാഷ്ട്രപതിയും സംബന്ധിച്ചിരുന്നു. ഡിസംബർ 3-ാം തീയതി മാർപ്പാപ്പായും പ്രദർശനം സന്ദർശിച്ചു് അതിൻെറ സംഘാടകരെ തൻെറ അഭിനന്ദനങ്ങളറിയിച്ചു. കാണികൾക്കോരോരുത്തർക്കും ഭാരതത്തിൻെറ കലാസമ്പത്തിൻേറയും സംസ്കാരത്തിൻേറയും ഒരു തനിരൂപം സംഭാവനചെയ്യാൻ പ്രദർശനത്തിനു കഴിഞ്ഞു.

*കോൺഗ്രസ്സിലെ കലാപ്രകടനം*

തീർത്ഥാടകരുടെ പ്രത്യേകാവശ്യങ്ങൾ പരിഗണിച്ചു കോൺഗ്രസ്സിനോടനുബന്ധിച്ചു വിവിധകലാപ്രകടനങ്ങൾ നടത്തപ്പെട്ടു. ഫാ. പെയ്ററൻെറ നേതൃത്വത്തിൽ നടത്തപ്പെട്ട ജപമാലരഹസ്യങ്ങളുടെ പ്രദർശനം അനേകരെ ആകർഷിച്ചു. തികച്ചും കലാപരമായി സംവിധാനം ചെയ്യപ്പെ

ട്ട ആ ചിത്രം ഒരേസമയം കഥാസ്വാദനത്തിനും ഭക്തിനിർഭരമായ ചിന്തകൾക്കും അവസരം നല്കി.

'ജീവന്മരണങ്ങൾ'

"ഇതിൽ വലിയ സ്നേഹമില്ല" എന്ന ശീർഷകത്തിൽ സംഘടിപ്പിക്കപ്പെട്ട ഇൻഡ്യൻ ബാലേ നൃത്തരൂപത്തിലായിരുന്നു. "കിഴക്കും പടിഞ്ഞാറും" എന്ന പരിപാടി ഗാനരൂപത്തിലും. തികച്ചും നാടകീയമായി സംഘടിപ്പിക്കപ്പെട്ടൊരു പ്രദർശനമായിരുന്നു "ജീവന്മരണങ്ങൾ." മനുഷ്യന് എന്നും ജീവിക്കാൻ കൊതിയുണ്ട്; ഒപ്പം അവശ്യം അവൻ മരണത്തിനു വിധേയനുമാണ്. ഈ പിരിമുറുക്കത്തിൽനിന്നു കൊരുത്തെടുത്തൊരു നല്ല പ്രകടനമായിരുന്നതു്. ക്രിസ്തു തൻെറ ഉത്ഥാനത്തിലൂടെ മരണത്തെ ജയിച്ചു. തൻെറ ശരീരവും രക്തവും പങ്കുവച്ചു തന്നിട്ട് അവിടുന്നു നമുക്കു നിത്യജീവൻെറ ഭക്ഷണം തരുന്നു. ഇതാണ് അവതരിപ്പിക്കപ്പെട്ട വിഷയമുഖം.

"ഇതിൽ വലിയ സ്നേഹമില്ല"—രക്ഷാകരചരിത്രത്തിൻെറ നൃത്തരൂപത്തിലുള്ള പ്രദർശനമായിരുന്നതു്. അണിഞ്ഞൊരുങ്ങി അലംകൃതയായ ഭാരതം ക്രിസ്തുവിൻെറ പാദാന്തികത്തിങ്കൽ നടത്തിയ അർച്ചനയായിവേണം ആ വലിയ പ്രസ്ഥാനത്തെ കാണാൻ. കഥകളിയും ഭരതനാട്യവും, നാടൻനൃത്തവും എല്ലാമെല്ലാം ഉണ്ടതിൽ. വി. യോഹന്നാൻെറ സുവിശേഷത്തിൻെറ ഉപോദ്ഘാതത്തോടെ ബാലേ ആരംഭിക്കുന്നു. സൃഷ്ടികർമ്മം, ആദത്തിൻേറയും ഹവ്വായുടേയും നേതൃത്വത്തിൽ മനുഷ്യൻ നടത്തുന്ന സന്തോഷപ്രകടനം, പറുദീസാ, പാപം, ക്രിസ്തുവിൻെറ പ്രവർത്തനങ്ങൾ, സഭ ഇവയൊക്കെ നൃത്തത്തിൻെറ വിഷയങ്ങളായ

പ്പോൾ പ്രത്യേകമൊരു വശ്യത കൈവന്നു. 100 പേരടങ്ങിയ ഗായകസംഘവും മുന്നൂറിലേറെ നർത്തകരുംകൂടി തികച്ചും ഭാരതീയ രീതിയിൽ രക്ഷാകര ചരിത്രത്തിന്റെ വിവിധരംഗങ്ങളഭിനയിച്ചപ്പോൾ ലോകജനത ആ വലിയ കലാപ്രകടനത്തിന്റെ മേന്മയിൽ അത്ഭുതസ്തബ്ധരായി. 'കിഴക്കും പടിഞ്ഞാറും' എന്ന പ്രദർശനത്തിൽ ഫ്രാൻസ്, ജർമ്മനി, ഇന്ത്യ, ഫിലിപ്പൈൻസ് എന്നീ രാജ്യങ്ങൾ പങ്കെടുത്തു. കിഴക്കിന്റേയും പടിഞ്ഞാറിന്റേയും സംഗീതസമ്പത്തിന്റെ കലവറ തുറക്കലായിരുന്നു അത്.

അതോടൊപ്പംതന്നെ ആദിവാസികളുടെ നൃത്തപ്രകടനവും നടന്നു. വിവിധ വേഷവിധാനത്തിൽ പ്രത്യക്ഷപ്പെട്ടു തന്മയത്വത്തോടെ നൃത്തം ചവുട്ടിയ ആ ആദിവാസികളുടെ ഓർമ്മ കോൺഗ്രസ്സ് കഴിഞ്ഞാലും പലവർഷത്തേക്ക നീണ്ടുനില്ക്കും.

*സെമിനാറുകൾ*

കോൺഗ്രസ്സിനോടനുബന്ധിച്ച ഭക്ഷണത്തേയും ആരോഗ്യത്തേയും സംബന്ധിച്ചൊരു സെമിനാർ നടത്തുക തികച്ചും കാലോചിതമായിരിക്കുമെന്നു പലർക്കും തോന്നി. ഫാവോയുടെ ഡയറക്ടർ ജനറലായ ശ്രീ ബി. ആർ. സെൻ തന്റെ സകല സഹകരണവും സെമിനാറിനു വാഗ്ദാനം ചെയ്തു. നവംബർ 25-ാം തീയതി കാർഡിനൽ ഗ്രേഷ്യസിന്റെ നേതൃത്വത്തിൽ സെമിനാർ ആരംഭിച്ചു. ഓരോ ദിവസവും ഓരോവിഷയം മുഖ്യമായും ചർച്ച ചെയ്യപ്പെട്ടു. ചർച്ചയ്ക്കു നേതൃത്വം നല്കിയതു് ഓരോ വിഷയത്തിലും ആധികാരികമായി നിർദ്ദേശങ്ങൾ നല്കാൻ കഴിവുള്ള വ്യക്തികളായിരുന്നു. "വിശപ്പിനെതിരായ സമരം" എന്ന വിഷയത്തെ

പ്പററി ശ്രീ ചാൾസ് വെയ്ററ്സ് പ്രബന്ധമവതരിപ്പിച്ചു. "ഭക്ഷണസാധനങ്ങളുടെ ഉല്പാദനം" എന്ന വിഷയത്തെക്കുറിച്ചു ഭക്ഷ്യമന്ത്രി ശ്രീ സുബ്രഹ്മണ്യം രണ്ടാംദിവസം പ്രസംഗിച്ചു. ഡോ. ജസീനാ അന്നു നടന്ന പൊതുയോഗത്തിൽ 'വിശപ്പുകൊണ്ടുണ്ടാകുന്ന രോഗങ്ങൾ' എന്ന വിഷയത്തെപ്പററി സംസാരിച്ചു. മൂന്നാംദിവസം കത്തോലിക്ക സഹായസംഘടനകളുടെ പ്രതിനിധികളെല്ലാം പങ്കെടുത്തുകൊണ്ടു കൂടുതൽ സഹകരണത്തെപ്പററി ചർച്ച നടത്തി. അന്നു നടന്ന പൊതുയോഗത്തിൽ 'ജനനനിയന്ത്രണവും അവികസിതരാജ്യങ്ങളും, എന്ന വിഷയമുഖത്തെപ്പററി മി. കോളിയൻ ക്ലാർക്ക്, മി. ബാരി ഉലനോവ്, ഡോ. ററി. മായൂരാ, ഫാ. അന്തോണി ഡിസൂസാ, ബിഷപ്പ് സ്മിത്തു തുടങ്ങിയവർ പ്രബന്ധമവതരിപ്പിച്ചു.

ലോകത്തിലെ ഭക്ഷ്യപ്രശ്നത്തിൻെറ ഗതി രണ്ടു ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നെന്നു സെമിനാർ വ്യക്തമാക്കി. ഒന്ന്: വിശപ്പിനേയും ഭക്ഷണക്കുറവിനേയും വിപാടനം ചെയ്യുക. രണ്ട്: മെച്ചപ്പെട്ട കൃഷിസമ്പ്രദായങ്ങൾ ആവിഷ്കരിക്കുക. ഇന്നു 3000 മില്യൻ ജനങ്ങളാണു ലോകത്തിലുള്ളത്. ഈ നൂററാണ്ടിൻെറ അന്ത്യത്തിൽ അതു 6000 മില്യനാകുമെന്നു കണക്കുകളുദ്ധരിച്ചുകൊണ്ടു സെമിനാർ വ്യക്തമാക്കി. വിശപ്പുമൂലം ലോകത്തിലെ പകുതിയോളം ജനത ദുരിതമനുഭവിക്കുന്നുണ്ടിന്ന്. 1980 നോടടുത്തു 80% വർദ്ധനവു ഭക്ഷ്യവിളയിലുണ്ടായാലേ ഈ വലിയ പ്രശ്നം പരിഹരിക്കാനാവൂ. ഭാരതത്തിൽ ഏററവും രൂക്ഷമാണീ പ്രശ്നം. വേണ്ടതിൻെറ പകുതിപോലും ഭക്ഷണസാധനങ്ങൾ ഇവിടെയുള്ളവർക്കു ലഭിക്കുന്നില്ല. ഇന്ത്യയുടെ കാർഷികസമ്പ്രദായങ്ങൾ പരിഷ്കരിച്ചേ പററൂ. ശാസ്ത്രീയമാർഗ്ഗങ്ങളുപയോഗിച്ചു വരുന്നനൂററാണ്ടിൻെറ തുടക്കത്തിലെങ്കിലും വേ

ണ്ടത്ര ഭക്ഷ്യസാധനങ്ങളുല്പാദിപ്പിക്കാൻ സാധിക്കുമെന്നു സെമിനാർ വ്യക്തമാക്കി. ഭക്ഷ്യസാധനങ്ങൾ ഇന്ന് ആവശ്യത്തിനുള്ള വികസിതരാജ്യങ്ങളിലാണു കൂടുതൽ ഭക്ഷ്യ വിളയുളവാക്കാൻ കഴിയുന്നതെന്നും ഭക്ഷ്യസാധനം ആവശ്യമുള്ള അവികസിതരാജ്യങ്ങളിൽ വിളയുടെ തോതു നന്നേ മോശമാണെന്നും ചർച്ച നയിച്ചവർ ചൂണ്ടിക്കാട്ടി. പ്രായോഗികമായ പരിഹാരമാർഗ്ഗം നിർദ്ദേശിക്കാൻ സഹകരിച്ചുള്ള പ്രവർത്തനത്തിനു സാധിക്കുമെന്നും അവർ എടുത്തു പറഞ്ഞു.

### അവികസിതരാജ്യങ്ങളുടെ നില മെച്ചപ്പെടണം

അവികസിതരാജ്യങ്ങളെ ഏററവും രൂക്ഷമായി ബാധിക്കുന്ന പ്രശ്നം ഭക്ഷ്യവിളയുടെ കുറവാണ്. വ്യക്തികളുടെ പരിശ്രമം ഇക്കാര്യത്തിൽ വിജയിക്കണമെങ്കിൽ ഗവണ്മെൻറിൻെറ സഹായമുണ്ടായേ പററൂ. സാങ്കേതികമാർഗ്ഗങ്ങളുപയോഗിച്ചു കൃഷി നടത്തുകയാണ് ഏററവും മെച്ചപ്പെട്ട മാർഗ്ഗം. അതിനുതകുംവിധം ഉപദേശകസമിതികളും സംഘടനകളും രൂപം കൊള്ളണം. കൃഷിയുടെ മണ്ഡലം ഉദ്ധരിച്ചാലേ അവികസിതരാജ്യങ്ങളുടെ നവോത്ഥാനം കൈവരൂ.

ഗവണ്മെൻറിൻെറയും സഭയുടേയും കൂട്ടായ പ്രവർത്തനം ഇക്കാര്യത്തിൽ വളരെ പ്രയോജനപ്പെടും. ഗവണ്മെൻറിനു മാത്രം ചെയ്യാനാവുന്ന കാര്യങ്ങൾ പലതുണ്ട്. ഉചിതമായ പദ്ധതികളും പരിപാടികളും ആസൂത്രണംചെയ്തുകൊണ്ടു കൃഷിയും സമൂഹത്തിൻെറ ആരോഗ്യനിലയും മെച്ചപ്പെടുത്തുകയാണ് ആദ്യം വേണ്ടതു്. സ്വയംസഹായിക്കുന്നതിനുള്ള പരിതഃസ്ഥിതി കൈവരണം. എന്നും കടം വാങ്ങാനല്ല സ്വന്തം നാടിൻെറ വിഭവങ്ങൾ ആവുന്നത്ര ശേഖരിക്കാൻ കർ

ഷ്ക്കുന്ന കഴിയണം. ഇക്കാര്യത്തിൽ നേതൃത്വം കൊടുക്കാൻ സഭാഘടകങ്ങൾക്കു കഴിയും. സഭയുടെ വലിയ സഹായ സംഘടനകളത്രയും ഇക്കാര്യത്തിൽ വേണ്ടതു ചെയ്യാൻ ഒരുക്കമാണെന്ന് അതതിൻെറ പ്രതിനിധികൾ തീർത്തു പറഞ്ഞു. വിശപ്പും ദാരിദ്ര്യവും ആഗോളവ്യാപകമായൊരു പ്രശ്നമാണ്. അതിനു പരിഹാരം കണ്ടെത്തേണ്ടതു് എല്ലാ നല്ല മനുഷ്യരുടേയും രാഷ്ട്രങ്ങളുടേയും കടമയാണ്. ആർക്കും അതിൽ നിന്നൊഴിഞ്ഞു നില്ക്കാനാവില്ലെന്നു സെമിനാർ ഊന്നിപ്പറഞ്ഞു.

*ദൈവശാസ്ത്രസെമിനാർ*

ഈ സെമിനാറിൻെറ ലക്ഷ്യമെന്താണെന്ന് അതിൻെറ സംഘടാകർതന്നെ വ്യക്തമാക്കുന്നുണ്ട്: "ദൈവശാസ്ത്രത്തിൻെറ ഉറച്ച തറയിൽ ചവിട്ടിനിന്നുകൊണ്ടു സഭയ്ക്കും മിഷനും ഏററവും മുഖ്യമായൊരു പ്രശ്നം ചർച്ച ചെയ്യുകയാണീ സെമിനാറിൻെറ ലക്ഷ്യം." അക്രൈസ്തവമതങ്ങളുടെ പ്രാധാന്യവും അവയുടെനേരെ നാം സ്വീകരിക്കേണ്ട നിലപാടും—ഇതാണാ സുപ്രധാനവിഷയം. അജപാലനത്തിലേർപ്പെട്ടിരിക്കുന്ന വൈദികർക്കും ഇതെപ്പററി വ്യക്തമായ ധാരണ നല്കാനും പ്രമുഖദൈവശാസ്ത്രജ്ഞന്മാരുമായി ഈ വിഷയത്തിൻെറ വിവിധവശങ്ങളെപ്പററി ചർച്ചചെയ്യാനും സെമിനാർ പ്രയോജനപ്പെട്ടും. നേരായിരുന്നു. നവംബർ 25 തുടങ്ങി 28 വരെ നടത്തപ്പെട്ട സെമിനാറിൽ പ്രശസ്തരായ പലേ ദൈവശാസ്ത്രജ്ഞന്മാരും പങ്കെടുത്തു. ഫാ. നോയ്നറായിരുന്നു സെമിനാറിൻെറ സംഘാടകൻ. "രക്ഷാകരചരിത്രത്തിൽ അക്രൈസ്തവമതങ്ങളുടെ സ്ഥാനം" എന്ന വിഷയത്തെപ്പററി പ്രൊഫ. ഹാൻസ്കുംഗ് ഒരു പ്രബന്ധമവതരിപ്പിച്ചു. സഭ ലോകമതങ്ങളെയൊന്നും കീഴടക്കി ഭരിക്കാ

ന്നുള്ളവളല്ലെന്നും അവയ്ക്കു ശുശ്രൂഷയർപ്പിക്കുകയാണവളുടെ ധർമ്മമെന്നും അദ്ദേഹം തറച്ചു പറഞ്ഞു. സുവിശേഷത്തിനു സാക്ഷ്യം വഹിക്കുക എന്ന അവളുടെ വലിയ ദൗത്യത്തിൽ അന്യമതസ്ഥരോടു തുറന്ന സുഹൃദ്സംഭാഷണം നടത്താനുള്ള കടമ അന്തർലീനമാണെന്നദ്ദേഹം പറഞ്ഞു. സഭയ്ക്കു പുറമേ രക്ഷയില്ലെന്ന തത്വം പലപ്പോഴും തെററിദ്ധരിക്കപ്പെടുന്നുണ്ടെന്നും ദൈവോന്മുഖമായ കാഴ്ചപ്പാടിൽ ഓരോ മതത്തിനും എന്തർത്ഥമുണ്ടെന്നും നാം വിലയിരുത്തണമെന്നും ഫാ. ഹാൻസുക്യൂ വ്യക്തമാക്കി. സ്വന്തം മതങ്ങളിലൂടെ അക്രൈസ്തവനെങ്ങനെ രക്ഷപ്രാപിക്കാം എന്നതിനെപ്പററി ഫാ. ഫ്റാൻസൻ എസ്. ജെ. സംസാരിച്ചു. അക്രൈസ്തവമായ തങ്ങളുടെ മതങ്ങളിൽ ആയിരിക്കുമ്പോൾത്തന്നെ അവർക്കു രക്ഷപ്രാപിക്കാമെന്ന കൗൺസിലിന്റെ നിഗമനത്തെ എടുത്തു കാട്ടിക്കൊണ്ടു രക്ഷാകര വരപ്രസാദം അവർക്കെങ്ങനെ ലഭിക്കുന്നു എന്നദ്ദേഹം വ്യക്തമാക്കി. സമ്പൂർണ്ണസമർപ്പണത്തിനായി ദൈവം മനുഷ്യനെ ക്ഷണിക്കുന്നു. ആ സമർപ്പണത്തിന്റെ തോതനുസരിച്ചാണ് ഓരോരുത്തരുടെയും മതപരമായ ജീവിതം മഹത്വമണിയുക. വിവിധസാമൂഹികപ്രവർത്തനങ്ങൾപോലുള്ള കർമ്മപരിപാടികൾക്കിടയിൽത്തന്നെ ഇത്തരമൊരു സമ്പൂർണ്ണസമർപ്പണത്തിനുള്ള ആന്തരികപ്രചോദനം ദൈവത്തിന്റെ അരൂപി അവർക്കു നല്കുന്നു. അത്തരമൊരു സമ്പൂർണ്ണ സമർപ്പണത്തിനുള്ള നിരന്തരാഹ്വാനം നല്കിക്കൊണ്ടു സഭ മററുമതങ്ങൾക്കു സേവനമർപ്പിക്കുന്നു.

മിഷനും അക്രൈസ്തവമതങ്ങളും എന്ന വിഷയത്തെപ്പററി ഫാ. മെയ്സൺ എസ്. ജെ. പ്രബന്ധമവതരിപ്പിച്ചു. ട്രയംഫലിസത്തിന്റെ മനോഭാവം സഭയുടെ പ്രവർത്തനങ്ങളിൽ ഒരിക്കലും പാടില്ലെന്നദ്ദേഹം പറഞ്ഞു. ലോകത്തി

ന്റെ വിശുദ്ധീകരണത്തിനായുള്ള നിരന്തരക്ഷണം സകലമനുഷ്യർക്കും നല്കിക്കൊണ്ടു ക്രിസ്തു ഓരോരുത്തരേയും സ്നേഹിക്കുന്നു. ആ സ്നേഹത്തിൽ മനുഷ്യർ പങ്കുപറ്റുക—അതാണു യഥാർത്ഥ മിഷൻപ്രവർത്തനം. മനുഷ്യാവതാരംവഴി ദൈവം ഭൗതികമൂല്യങ്ങളെയപ്പാടേ വിശുദ്ധീകരിച്ചു. അവയൊന്നും മിഷൻപ്രവത്തനത്തിൽ അവഗണിക്കപ്പെട്ടുകൂടാ. പരസ്പരം വിട്ടുവീഴ്ചയ്ക്കും ആത്മസമർപ്പണത്തിനും തയ്യാറാവുന്ന ഒരു തുറന്നബന്ധത്തിൽ നിന്നാവണം മിഷൻപ്രവത്തനം ആരംഭിക്കുക. പൂണ്ണമനുഷ്യനേയും കണക്കിലെടുത്തെങ്കിലേ സഭയുടെ മിഷൻ പ്രവത്തനത്തിനു വിജയംവരിക്കാനാവൂ.

“അക്രൈസ്തവസാഹചര്യങ്ങളോടു ക്രൈസ്തവർക്കുള്ള ബന്ധം” എന്ന വിഷയമവതരിപ്പിച്ചുകൊണ്ടു ഫാ. പണിക്കർ പറഞ്ഞു: “ക്രിസ്തീയദൈവവിളി മറ്റു മനുഷ്യരുടെ പ്രശ്നങ്ങളിൽ നമുക്കു പങ്കില്ലാതാക്കുന്നില്ല. വിവിധമതങ്ങളുടെ മദ്ധ്യേയാണു നാമിന്നു വസിക്കുക. ദൈവത്തോടുള്ള ഓരോ കത്തോലിക്കന്റേയും ബന്ധം കെട്ടുറപ്പുള്ളതാവണമെങ്കിൽ, മറ്റുമനുഷ്യരുടെ പ്രശ്നങ്ങളിൽ അവൻ പങ്കുപറ്റണം. ക്രിസ്തുവിന്റെ സഹപ്രവത്തകനാണ് ഓരോ ക്രിസ്ത്യാനിയും. സൃഷ്ടികർമ്മത്തിലൂടേയും രക്ഷാകർമ്മത്തിലൂടേയും മഹത്വീകരണത്തിലൂടെയും ക്രിസ്തു ലോകചരിത്രത്തിന്റെ കേന്ദ്രമായി. ക്രിസ്ത്യാനിക്കുമുണ്ട് ഈ ലോകത്തിൽ മൂന്നു സുപ്രധാന ധർമ്മങ്ങൾ. ഈലോകത്തോടുള്ള സഹവത്തിത്വമനോഭാവം, ഈ ലോകത്തിന്റെനേരെ അവളനുഷ്ഠിക്കേണ്ട ശുശ്രൂഷ, അതോടൊപ്പംതന്നെ ഈ ലോകത്തിൽ ക്രിസ്തുവിന്നവൾ നല്കുന്ന സാക്ഷ്യം. ലോകത്തെ കുറ്റം വിധിക്കാനല്ല പകരം അതിനെ സംസ്കരിച്ചെടുക്കാനാണു

ക്രൈസ്തവരാകെ പരിശ്രമിക്കേണ്ടതെന്നും പ്രബന്ധം വ്യക്തമാക്കി.

ഓരോ പ്രബന്ധാവതരണത്തിനുംശേഷം കൂട്ടമുള്ള ചർച്ച നടന്നു. ഭാരതത്തിന്റെ വിവിധഭാഗങ്ങളിൽനിന്നുവന്ന ദൈവശാസ്ത്രപടുക്കൾ ചർച്ചയിൽ സജീവമായി പങ്കെടുത്തു.

*മതബോധന സെമിനാർ*

ദൈവശാസ്ത്രസെമിനാർ നടന്ന അതേ ദിവസങ്ങളിൽത്തന്നെ ഒരു മതബോധനസെമിനാറും നടത്തപ്പെട്ടു. സി. ബി. സി. ഐയുടെ മതബോധനക്കമ്മററിയാണീ സെമിനാറിനു നേതൃത്വം നല്കിയതു്. മൂന്നു പ്രധാനവിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടു—പാഠ്യപദ്ധതിയും പഠനസമ്പ്രദായങ്ങളും, മതബോധനവും ആരാധനക്രമവും, മതബോധനത്തിലെ സഹകരണം. മാനിലായിലെ മതബോധനകേന്ദ്രത്തിൽനിന്നു ഫാ. പോൾ ബ്രൂണ്ണർ, വാഷിംഗ്ടണിൽ നിന്നു ഫാ. റസ്സൽ നെയ്ബോർ, ബ്രസ്സൽസിൽ നിന്നു ഫാ. ആൻഡ്രേഗോസിൻ ഇവരാണു ചർച്ചയ്ക്കു നേതൃത്വം നല്കിയതു്. മതബോധനത്തിലെ പാഠ്യപദ്ധതിയെപ്പററിയും പഠനസമ്പ്രദായത്തെപ്പററിയും പല പുതിയ നിഗമനങ്ങളും സെമിനാറിനു നല്കാനൊത്തു. ആധുനികമനഃശാസ്ത്രത്തിന്റെ വെളിച്ചത്തിൽ ഇൻഡ്യയിൽ പുത്തനൊരു പാഠ്യപദ്ധതി രൂപീകരിക്കപ്പെട്ടു എന്നു ചർച്ചകൾ വ്യക്തമാക്കി. മററുവിഷയവുംപോലല്ല മതബോധനം കൈകാര്യം ചെയ്യുക. അറിവു കൈമാറുക എന്നതിനെക്കാൾ ശരിയായൊരു ക്രിസ്തീയ ജീവിതം കരുപ്പിടിപ്പിക്കാൻ മതബോധനക്ലാസ്സിനു കഴിയണം. ഒരുപാടു തത്വങ്ങൾ മനഃപാഠം പഠിപ്പിക്കുകയല്ല അഭിലഷണീയം ദൈവത്തിന്റെ ക്ഷണത്തിനു സ്വന്തം ജീ

വിതത്തിലൂടെ പ്രത്യുത്തരം നല്കുകയാണെന്നു സെമിനാർ സ്ഥാപിച്ചു. ദേശീയതലത്തിൽ പൊതുപാഠ്യപ്പുസ്തകങ്ങൾ പ്രസിദ്ധീകരിക്കണം, അധ്യാപകർക്കു ഉചിതമായ പരിശീലനം നല്കണം, ഇവയൊക്കെയാണു നിഗമനങ്ങളിൽ പ്രധാനമായവ.

ആരാധനക്രമത്തിൽ സജീവമായി പങ്കുചേരാൻ ഓരോ വിദ്യാർത്ഥിക്കും മതബോധനത്തിലൂടെ പരിശീലനം ലഭിക്കണം. മതബോധനം ആരാധനക്രമവത്സരത്തിൻെറ ചുവടു പിടിച്ചു ക്രമീകരിക്കപ്പെടണം. ശരിയായ മതബോധനത്തിൻെറ സങ്കേതങ്ങളിലൊന്നായി ആരാധനക്രമം പരിഗണിക്കപ്പെടേണ്ടതുണ്ടു്. ആരാധനക്രമത്തിൽ അധ്യാപകർക്കു് അറിവു നല്കാനുതകുന്ന അധ്യാപകസഹായികളുണ്ടാവണം. ഇടവകജീവിതത്തോടു മതബോധനക്ലാസ്സുകൾ ഒട്ടിച്ചേർന്നു നില്ക്കേണ്ടതിൻെറ ആവശ്യത്തെ സെമിനാർ വ്യക്തമാക്കി. ആരാധനക്രമനവീകരണത്തെപ്പററി ഇടവകജനങ്ങൾക്കു സംഘടിതമായ ശിക്ഷണം നല്കണമെന്നും ഓരോ രൂപതയിലും ആരാധനക്രമത്തിൽ സുപരിചിതരായവരുടെ ഒരു കമ്മീഷനുണ്ടാകണമെന്നും കോൺഗ്രസ്സ നിർദ്ദേശിച്ചു.

സഹകരണതലത്തിൽ പ്രവർത്തിച്ചാലേ മതബോധനം കാര്യക്ഷമമാക്കാനൊക്കു. ഇടവകയിലെ ഏററവും അർഹരായ വ്യക്തികളെ തിരഞ്ഞെടുത്തു അവരെക്കൊണ്ടുവേണം മതബോധനം നടത്തുക. രൂപതാതലത്തിലും പ്രാദേശികതലത്തിലും ദേശീയതലത്തിലും മതബോധനത്തെ നയിക്കുന്നതിനു പ്രത്യേക കമ്മററികളും ഡയറക്ടർമാരുമുണ്ടാവണം. അങ്ങനെ സംഘടിച്ചുള്ള പ്രവർത്തനംവഴി മതബോധനം നന്നേ കാര്യക്ഷമമാക്കാമെന്നു സെമിനാർ എടുത്തുകാട്ടി.

*മെത്രാന്മാരുടെ സമ്മേളനം*

കോൺഗ്രസ്സിൻെറ സമാപനദിവസം രാവിലെ പത്തു മണിക്കു കോൺഗ്രസ്സിൽ സംബന്ധിക്കാനെത്തിയ മെത്രാന്മാർ പേപ്പൽപ്രതിനിധിയുടെ അധ്യക്ഷതയിൽ ഒന്നിച്ചുകൂടി. കാർഡിനൽ ഗ്രേഷ്യസ് എല്ലാവരേയും സ്വാഗതംചെയ്തു.

കോൺഗ്രസ്സിനെപ്പററി പ്രഗത്ഭരായ പലേ മെത്രാന്മാരും സംസാരിച്ചു. മ്യൂനിക്കുകോൺഗ്രസ്സിൻെറ സംഘാടകനായ കാർഡിനൽ വെൻ്റ്ഹാഫ് ആയിരുന്നു ആദ്യത്തെ പ്രസംഗകൻ. "ലോകത്തിൻെറ ജീവൻ" എന്ന മ്യൂനിക്കു കോൺഗ്രസ്സിൻെറ വിഷയമുഖം പ്രാവർത്തികമാക്കപ്പെട്ടതു ബോംബെകോൺഗ്രസ്സിലാണെന്നദ്ദേഹം പറഞ്ഞു. ക്രിസ്തുവിൻെറ സ്നേഹത്തിനു സാക്ഷ്യം വഹിക്കാനുള്ള സന്ദേശമാണു ബോംബെകോൺഗ്രസ്സ നല്കുന്നത്. സാർവ്വജനീനമായ സ്നേഹത്തിനുള്ള ആഹ്വാനമാണു ബോംബെകോൺഗ്രസ്സിൻേറതു്; ക്രിസ്തുവിൽ സകല മനുഷ്യരേയും സഹോദരങ്ങളായിക്കാണാനുള്ള ആഹ്വാനം" എന്നദ്ദേഹം പറഞ്ഞു.

ഭാരതത്തിൽ ഇത്തരമൊരു കോൺഗ്രസ്സ സംഘടിപ്പിക്കപ്പെട്ടതിൻെറ ആവശ്യകതയേയും കോൺഗ്രസ്സ വിജയത്തിലെത്താനുള്ള കാരണങ്ങളേയും എടുത്തു കാട്ടിക്കൊണ്ടു കാർഡിനൽ ഹീനാൻ പ്രസംഗിച്ചപ്പോൾ കോൺഗ്രസ്സിലെ ആരാധനാനുഷ്ഠാനങ്ങളുടെ ക്രമീകരണം ലിററർജിക്കൽ കോൺസ്ററിററ്യൂഷൻെറ നിർദ്ദേശങ്ങൾക്കൊത്തവിധമാണെന്ന് ആർച്ചുബിഷപ്പു ജെയിംസ് ഗ്ലീസൺ പ്രശംസിച്ചു. പ്രസംഗകർക്കൊക്കെ എടുത്തുപറയാനുണ്ടായിരുന്ന ഒരു കാര്യം, ഭാരതത്തിൽ അവർ കണ്ടെത്തിയ ആദ്ധ്യാത്മികചൈതന്യമായിരുന്നു.

പുത്തനായ ചിന്തയ്ക്കും പ്രവർത്തനത്തിനുമുള്ള ഒരു പ്രേരകമായിരിക്കണം ബോംബെകോൺഗ്രസ്സ് ഓരോരുത്തർക്കുമെന്നു കാർഡിനൽ ലെഗെററ് തന്റെ പ്രസംഗത്തിൽ ഊന്നിപ്പറഞ്ഞു. ഒററനോട്ടത്തിൽ ചെറുതാണു ഭാരതസഭയെങ്കിലും വ്യാപകമായ പ്രവർത്തനശേഷിയുണ്ടവർക്കെന്നു കോൺഗ്രസ്സ് വ്യക്തമാക്കുന്നുണ്ടെന്നദ്ദേഹം സൂചിപ്പിച്ചു. ഈ കോൺഗ്രസ്സ് സഭാനവീകരണത്തിന്റെ പാതയിലെ സുപ്രധാനമായൊരു നാഴികക്കല്ലാണെന്നു പറഞ്ഞുകൊണ്ടദ്ദേഹം ഉപസംഹരിച്ചു.

### കോൺഗ്രസ്സ് സ്മാരകങ്ങൾ

രണ്ടു സുപ്രധാനസ്മാരകങ്ങളാണു കോൺഗ്രസ്സിന്റെ സ്മരണ അനശ്വരമാക്കാനായി ഉയർത്തപ്പെട്ടത്. ഒന്നു തികച്ചും ആധ്യാത്മികമാണെങ്കിൽ മറേറതു തികച്ചും സാമൂഹ്യമാണ്. നിത്യാരാധനയ്ക്കായി കൊളോബോയിൽ പണിയപ്പെട്ട പുതിയ ദൈവാലയമാണു കോൺഗ്രസ്സിന്റെ ആധ്യാത്മികസ്മാരകം. നവംബർ 2–ാം തീയതി കാർഡിനൽ ഗ്രേഷ്യസ് അവിടെ നിത്യാരാധന ഔദ്യോഗികമായി ഉൽഘാടനം ചെയ്തു. ചെറിയൊരു ദൈവാലയമാണതു്. എങ്കിലും ദിവ്യനാഥൻ എന്നും പരസ്യമായവിടെ ആരാധിക്കപ്പെടുന്നു എന്നതുകൊണ്ടു് അതിന്റെ മഹത്വം വർദ്ധിക്കുന്നു. കോൺഗ്രസ്സിന്റെ. പ്രധാനസ്മാരകം ബാംഗളൂരിലെ സെൻറ് ജോൺസ് മെഡിക്കൽ കോളേജാണ്. 1964 ഡിസംബർ 3–ാം തീയതി പരിശുദ്ധപിതാവുതന്നെയാണ് അതിന്റെ അടിസ്ഥാനശില ആശീർവ്വദിച്ചതു്. ഭാരതത്തിലെ വർദ്ധിച്ച രോഗനിരക്കിനെ കണക്കിലെടുത്തുകൊണ്ടാണു മേലധ്യക്ഷന്മാർ കോൺഗ്രസ്സിന്റെ ശാശ്വതസ്മാരകമായി ഒരു മെഡി

ക്കൽകോളേജുതന്നെ വേണമെന്ന നിഗമനത്തിലെത്തിയ തു്. അതുമല്ല കത്തോലിക്ക വിദ്യാർത്ഥികളിൽ അർഹതയും അഭിരുചിയുമുള്ളവർക്കു പലപ്പോഴും മററു കലാലയങ്ങളിൽ പ്രവേശനം ലഭിക്കാതെപോകുന്നുണ്ടുതാനും. ഏഴരക്കോടി ഡോളറാണു കോൺഗ്രസ്സസ്മാരകത്തിന്റെ ആകെ ചിലവു്. ഭാരതത്തിലെ എല്ലാരൂപതകളുടേയും പൊതുവായൊരു സ്ഥാപനമാണതു്.

*ആത്മാവിലൊരു ശാശ്വതസ്മാരകം*

കോൺഗ്രസ്സിന്റെ സ്മാരകങ്ങൾ വേറെയും പലതുണ്ടു്. "കോൺഗ്രസ്സിന്റെ പ്രധാനസ്മാരകംകൂടാതെ ഓരോ രൂപതയിലും ഇടവകയിലും സ്ഥാപനത്തിലും പാവങ്ങളുടെ ശുശ്രൂഷയ്ക്കായി ഉചിതമായ കോൺഗ്രസ്സ സ്മാരകങ്ങൾക്കു രൂപം കൊടുക്കേണ്ടതുണ്ടു്"—ഭാരതമെത്രാന്മാരുടെ സംയുക്ത ഇടയലേഖനത്തിലെ വരികളാണിവ എല്ലാററിലുമുപരിയായി മനുഷ്യഹൃദയങ്ങളുടെ ഉള്ളറകളിൽ കോൺഗ്രസ്സിന്റെ ശാശ്വതസ്മാരകങ്ങളുയർത്തപ്പെട്ടിട്ടുണ്ടു്. ഒരു പുതിയ ഹൃദയവും പുതിയ അരൂപിയും സ്വീകരിക്കാനുള്ള കോൺഗ്രസ്സിന്റെ സന്ദേശത്തിനൊത്തു നവീകരിക്കപ്പെട്ട പുതിയ മനുഷ്യരാണു് കോൺഗ്രസ്സിന്റെ ഏററവും വലിയ സ്മാരകങ്ങൾ. യോഹന്നാന്റെ വെളിപാടിന്റെ പുസ്തകത്തിൽ രേഖപ്പെടുത്തപ്പെട്ട വരികൾ കോൺഗ്രസ്സിലൂടെ അന്വർത്ഥമായി, തീർച്ച. "ഞാൻ ഒരു പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു, ആദ്യത്തെ ആകാശവും ആദ്യത്തെ ഭൂമിയും കടന്നുപോയി........

ഇതാ മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം. അവിടുന്നു അവരോടുകൂടെ വസിക്കും; അവർ അവിടുത്തെ ജനമായിരിക്കും. ദൈവം അവരോടുകൂടെ അവരുടെ ദൈവമായി വർത്തിക്കും. അവരുടെ കണ്ണിൽനിന്നു കണ്ണീരെല്ലാം ദൈവം തുടച്ചുനീക്കും. മേലിൽ മരണമോ ദുഃഖമോ വിലാപമോ കഷ്ടതയോ ഉണ്ടാവില്ല. എന്തെന്നാൽ ആദ്യത്തെ വ്യവസ്ഥിതി പാടേ മാറിപ്പോയിരിക്കുന്നു" (വെളി. 21. 1–4).

## ബൊഗോട്ടാ കോൺഗ്രസ്സ്

**ആഗസ്റ്റ് 18–25, 1968**

ലാററിൻ അമേരിക്കയിലെ ബോഗോട്ടയാണു 39–ാമത്തു സാർവ്വദേശീയ ദിവ്യകാരുണ്യകോൺഗ്രസ്സിൻെറ സമ്മേളന രംഗമായി തിരഞ്ഞെടുക്കപ്പെട്ടതു്. രണ്ടുവിധത്തിൽ ഈ കോൺഗ്രസ്സ് പ്രാധാന്യമർഹിക്കുന്നു. തെക്കേ അമേരിക്കൻ രാജ്യങ്ങളിലേക്കു ഒരു മാർപ്പാപ്പാ ആദ്യമായി കാലുകുത്തിയതു ബൊഗോട്ടാ കോൺഗ്രസ്സിനോടനുബന്ധിച്ചായിരുന്നു. തെക്കേ അമേരിക്കയിലെ സങ്കീർണ്ണങ്ങളായ സാമൂഹ്യപ്രശ്നങ്ങളിലേക്ക് ഏറെ വെളിച്ചം വീശാൻ കോൺഗ്രസ്സിനു കഴിഞ്ഞു.

### ഉദ്ഘാടനം

ആഗസ്ററു 18–ാം തീയതി ഞായറാഴ്ചയാണു് ഔദ്യോഗികമായി കോൺഗ്രസ്സ് ഉദ്ഘാടനം ചെയ്യപ്പെട്ടതു്. പേപ്പൽ പ്രതിനിധിയായ കാർഡിനൽ ലെർക്കാറോ "എൻ സലിത്രെ"യിലെ കോൺഗ്രസ്സമണ്ഡപത്തിൽ ദിവ്യബലിയർപ്പിച്ചു. ബൊളോഞ്ഞായിലെ മെത്രാപ്പോലീത്താ ആയിരിക്കുമ്പോൾ പാവങ്ങളുടെ വക്താവായി വർത്തിച്ചു അവർക്കുവേണ്ടി നിരന്തരം വാദിച്ചിട്ടുള്ള വ്യക്തിയാണു കാർഡിനൽ ലെർക്കാറോ. കർബാനമധ്യേയുള്ള സുവിശേഷപ്രഭാഷണത്തിൽ കോൺഗ്രസ്സിൻെറ മുഖ്യവിഷയമായ "ദിവ്യകാരുണ്യം സ്നേഹത്തിൻെറ ബന്ധം" എന്ന ആശയത്തെ പേപ്പൽ പ്രതിനിധി വിശദീകരിച്ചു. ദൈവസ്നേഹത്തിൻെറ ഐക്യത്തിൽ നിന്നകന്നു സ്വാർത്ഥതാല്പര്യങ്ങളെ പൂജിക്കാനുള്ള മനുഷ്യൻെറ പ്രവണതയെ അദ്ദേഹം അപലപിച്ചു. അ

നീതിയുടേയും സ്വർദ്ധയുടേയും മറയിൽനിന്നുകൊണ്ടു മെച്ചപ്പെട്ടൊരു സാമൂഹ്യവ്യവസ്ഥിതിയെ പൊക്കിക്കാട്ടുന്നവർ ഇന്നു വളരെയുണ്ടെന്നദ്ദേഹം പറഞ്ഞു. പന്ത്രണ്ടു കർദ്ദിനാളന്മാരും നൂറോളം മെത്രാന്മാരും മൂന്നുലക്ഷത്തിലേറെ വിശ്വാസികളും അന്നത്തെ തിരുക്കർമ്മങ്ങളിൽ പങ്കുകൊണ്ടു, ബൊഗോട്ടായിലെ അപ്പസ്തോലിക്ക് അഡ്മിനിസ്ട്രേററായ ആർച്ചുബിഷപ്പ് മുഫിയോസ് ഡ്യൂക്ക് ലാററിൻ അമേരിക്കയുടെ വളർച്ചയ്ക്കു സഭ നല്കിയ വലിയ സംഭാവനകളെ അനുസ്മരിച്ചുകൊണ്ടു പ്രസംഗിച്ചു.

### ആഗസ്റ്റ് 19-സഭൈക്യദിനം

സഭൈക്യത്തെപ്പററിയുള്ള പഠനത്തിനായി നിയോഗിക്കപ്പെട്ട ദിവസമായിരുന്നു അന്ന്. നാലു സാർവ്വദേശീയ സെമിനാറുകൾ അന്നുദ്ഘാടനം ചെയ്യപ്പെട്ടു. ദൈവശാസ്ത്രം, ലാററിൻ അമേരിക്കയിലെ ക്രിസ്തീയകുടുംബപ്രസ്ഥാനം, ലീജിയൻ ഓഫ് മേരി ഇവയെ പുരസ്കരിച്ചായിരുന്നു ആദ്യത്തെ മൂന്നു ചർച്ചായോഗം. ലാററിൻഅമേരിക്കയിലെ ക്രൈസ്തവസമ്മേളനവും അന്നുതന്നെ നടത്തപ്പെട്ടു. "ജനതകളുടെ പുരോഗതി" എന്ന ചാക്രികലേഖനമായിരുന്നു അവരുടെ ചർച്ചാവിഷയം. അന്നുച്ചകഴിഞ്ഞു വിവിധക്രൈസ്തവസഭാ പ്രതിനിധികളുടെ ആഭിമുഖ്യത്തിൽ ഒരു സഭൈക്യശുശ്രൂഷ നടത്തപ്പെട്ടു. പോപ്പു ജോൺ വിഭാവനം ചെയ്ത ഐക്യത്തിൻെറ മാർഗ്ഗങ്ങളെപ്പററി കാർഡിനൽ ലെർക്കാറോ ആർച്ചുബിഷപ്പു മുഫിയോസ് ഡ്യൂക്ക്, ലൂഥറൻ ബിഷപ്പ് ഡിയെററ്സ് ഫെൻബിക്കർ, ആംഗ്ളിക്കനായ ഫാ. സാമുവൽ പിൻസോൺ തുടങ്ങിയവർ പ്രസംഗിച്ചു. പ്രൊട്ടസ്റ്റൻറു ഗായകസംഘം സഭൈക്യത്തെപ്പററിയുള്ള കീർത്തനങ്ങളാലപിച്ചപ്പോൾ വിവിധസഭകളിൽനിന്നുള്ള പ്രതിനി

ധികൾ സമാധാനത്തിൻെറ ചുംബനം കൈമാറി. തിങ്ങി ക്കൂടിയിരുന്ന ജനങ്ങളുടെ ഉള്ളിൽത്തട്ടുന്നൊരു ശുശ്രൂഷയാ യിരുന്നു അതു്.

*ആഗസ്റ്റ് 20—മിഷൻദിനം*

സഭയുടെ മിഷനറിദൗത്യത്തെ എടുത്തുകാട്ടുന്ന ശുശ്രൂ ഷകളുന്നു നടത്തപ്പെട്ടു. "മാമ്മോദീസായിലൂടേയും സ്ഥൈ ര്യലേപനത്തിലൂടേയും ദിവ്യകാരുണ്യത്തിലൂടേയും ഓരോ കത്തോലിക്കനും മിഷൻപ്രവർത്തനത്തിനുള്ള ആഹ്വാനം ല ഭിക്കുന്ന സമൂഹബലിയർപ്പണത്തോടനുബന്ധിച്ച് കാർഡി നൽ ലെർക്കാറോ 20 ജ്ഞാനസ്നാനാർത്ഥികൾക്കു മാമ്മോദീ സായും സ്ഥൈര്യലേപനവും ദിവ്യകാരുണ്യവും പരികർമ്മം ചെയ്തു. അന്നുച്ചകഴിഞ്ഞു ബൊഗോട്ടായിൽ വി. ലൂയിസ് ബെർട്രിൻറിൻെറ നാമത്തിൽ പണികഴിപ്പിക്കപ്പെട്ട മിഷൻ സെമിനാരി പേപ്പൽപ്രതിനിധി ആശീർവ്വദിച്ചു. കൊളംബി യായിലെ 18 മിഷൻകേന്ദ്രങ്ങളിലെ വൈദികരെ പരിശീ ലിപ്പിക്കാനുള്ള കേന്ദ്രമാണതു്.

*ആഗസ്റ്റ് 21—പരിഹാരദിനം*

വിവിധ സാമൂഹ്യസംഘടനകളുടെ പ്രതിനിധികൾ ചേർന്നു കോൺഗ്രസ്സ്മണ്ഡലത്തിൽ അന്നൊരു പരിഹാര പ്രദക്ഷിണം നടത്തി. തങ്ങളുടെ സഹോദരങ്ങളോടു തങ്ങൾ ചെയ്തിട്ടുള്ള തെററുകൾക്കു പരസ്യമായവർ ദൈവത്തോടു പ്രാർത്ഥിച്ചു.

പേപ്പൽപ്രതിനിധിയും മെത്രാന്മാരിൽ പലരുംകൂടെ അന്നു ബൊഗോട്ടായിലെ ജയിൽ സന്ദർശിച്ചു. ബൊളോ

ഞായിൽ പണ്ടു താനൊരു ജയിൽചാപ്ലിനായിരുന്നെന്നും ജയിൽജീവിതത്തിൻെറ വിവിധവശങ്ങൾ തനിക്കു നന്നായിട്ടറിയാമെന്നും കാർഡിനൽ ലെർക്കാറോ അവരോടു പറഞ്ഞു. അവരിൽ ചിലരെ അദ്ദേഹം കെട്ടിപ്പുണർന്നപ്പോൾ ഒരു നിമിഷത്തേക്കു് ആ ജയിലറ ക്രിസ്തുവിൻെറ സ്നേഹത്താൽ നിറഞ്ഞു.

## *ആഗസ്റ്റ് 22—മാർപ്പാപ്പായുടെ വരവ്*

ആഗസ്റ്റ് 18-ാം തീയതി കാസ്റ്റൽഗൊണ്ടോൾഫോയിൽ തന്നെ സന്ദർശിക്കാനെത്തിയ തീർത്ഥാടകരോടു തൻെറ തെക്കേ അമേരിക്കൻപര്യടനത്തിൻെറ ഉദ്ദേശ്യം മാർപ്പാപ്പാ വ്യക്തമാക്കി. ദിവ്യകാരുണ്യനാഥനു ആരാധനയർപ്പിക്കാനും പാവങ്ങളെ സന്ദർശിക്കാനും ലോകസമാധാനത്തിനും ഐക്യത്തിനുംവേണ്ടി പ്രാർത്ഥിക്കാനുമാണു താൻ ബൊഗോട്ടായ്ക്കു പോകുന്നതെന്നവിടുന്നു പറഞ്ഞു.

രാവിലെ 5. 34-നു മാർപ്പാപ്പാ റോമിൽനിന്നു യാത്രയായി. താൻ പിന്നിട്ട രാജ്യങ്ങളിലെ ജനതയ്ക്കു വിമാനത്തിൽനിന്നു മാർപ്പാപ്പാ ആശംസകളയച്ചു. ബൊഗോട്ടായുടെ മണ്ണിൽ കാലുകുത്തിയിട്ടവിടുന്നാദ്യം ചെയ്തതു് നിലത്തു മുട്ടുകുത്തി അവിടത്തെ മണ്ണു ചുംബിക്കുകയായിരുന്നു. പേപ്പൽ പ്രതിനിധിയും, ഗവണ്മെൻറധികാരികളും ഒരു വലിയ ജനാവലിയും വിമാനത്താവളത്തിൽ തിങ്ങിക്കൂടിയിരുന്നു. കൊളമ്പിയായുടെ പ്രസിഡണ്ടു് ഡോ. കാർലോസ് റെസ്ട്രെപോ മാർപ്പാപ്പായ്ക്കു സ്വാഗതമാശംസിച്ചപ്പോൾ അവിടുന്നതിനു് ഉചിതമായ മറുപടി പറഞ്ഞു. വിമാനത്താവളത്തിൽനിന്നു പട്ടണത്തിലേക്കുള്ള 7മൈൽ ദൂരം തിങ്ങിനിന്ന ജനക്കൂട്ടം മാർപ്പാപ്പായെ ഹർഷാരവത്തോടെ എതിരേററു. ഒരു ലക്ഷംജനങ്ങൾ

അവിടുത്തേക്കു് ആദരാഞ്ജലികളർപ്പിക്കാൻ പട്ടണത്തിൽ തിങ്ങിക്കൂടി. കത്തീഡ്രലിൽ കാത്തുനിന്നിരുന്ന 400 മെത്രാന്മാരേയും നാലായിരത്തോളം വൈദികരേയും അഭിസ്സംബോധന ചെയ്തുകൊണ്ടവിടുന്നു സംസാരിച്ചു: "നിങ്ങളുടെ പ്രേഷിത പ്രവർത്തനങ്ങളേയും തീക്ഷ്ണതയേയും ഞാൻ കാണുന്നു. നിങ്ങളുടെ ആത്മവിശുദ്ധീകരണത്തിനും ഇടവകകളുടേയും യുവാക്കളുടേയും രോഗികളുടേയും തൊഴിലാളികളുടെയുമൊക്കെ ഉന്നമനത്തിനുവേണ്ടി മഹാമനസ്കതയോടെ നിങ്ങളർപ്പിക്കുന്ന സേവനം ഞാൻ കാണുന്നു. നിങ്ങളുടെ പ്രവർത്തനങ്ങൾ അകമഴിഞ്ഞ അഭിനന്ദനങ്ങളർഹിക്കുന്നു. ഈ അഭിനന്ദനങ്ങൾ കൂടുതൽ സജീവപ്രവർത്തനങ്ങൾക്കു പ്രചോദനം നല്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. അതുവഴി ക്രിസ്തുവിനെ പാർത്തിരിക്കുന്ന പലരിലേക്കും അവിടുന്നെത്തണം. നിങ്ങൾ പ്രസംഗിക്കുന്ന ദിവ്യരഹസ്യത്തിൽനിന്നുളവാകുന്ന പ്രകാശവും ശക്തിയും അവർക്കു ലഭിക്കണം" എന്നവിടുന്നു പറഞ്ഞുനിറുത്തി. ഒരു പ്രാർത്ഥനയോടെയാണവിടുന്നു പ്രസംഗമവസാനിപ്പിച്ചതു്. "ദൈവവിളിയുടെ വർദ്ധനവിനും പരിരക്ഷണത്തിനും കുടുംബസംവിധാനത്തിനും വിശുദ്ധീകരണത്തിനും രോഗികൾക്കും പീഡിതർക്കും സ്നേഹത്തിലും നീതിയിലും അടിയുറച്ച ലോകസമാധാനത്തിനും വേണ്ടി" അവിടുന്നു പ്രാർത്ഥിച്ചു. തൻെറ വാസസ്ഥലമായ അപ്പസ്തോലിക്കു് നൺസിയെച്ചറിലേക്കു പോകുംമുമ്പേ മാർപ്പാപ്പാപ്പാ മെത്രാപ്പോലീത്താഭവനവും സന്ദർശിച്ചു.

ഉച്ചകഴിഞ്ഞു 9 കർദ്ദിനാളന്മാരോടും 16 മെത്രാന്മാരോടുമൊത്തു സമൂഹബലിയർപ്പിച്ചു. ബലിയർപ്പണത്തോടനു

ബന്ധിച്ചു തെക്കേ അമേരിക്കയുടെ വിവിധഭാഗങ്ങളിൽനിന്നുള്ള 152 വൈദികവിദ്യാർത്ഥികൾക്കു തിരുപ്പട്ടം നല്കി. സ്പാനിഷ് ഭാഷയിലാണു ശുശ്രൂഷകൾ നടത്തപ്പെട്ടതു്. കുർബാനമദ്ധ്യേ, പൗരോഹിത്യം ദൈവത്തിന്റേയും മനുഷ്യരുടേയുംമുമ്പിൽ മാധ്യസ്ഥ്യം വഹിക്കാനുള്ള കടമയാണ് ഓരോരുത്തനും നല്കുക എന്ന ആശയം ഊന്നിപ്പറഞ്ഞുകൊണ്ടവിടുന്നു പ്രസംഗിച്ചു: "പൗരോഹിത്യംവഴി മനുഷ്യരിൽനിന്നു നാം വ്യത്യസ്തരാവുന്നു. പക്ഷേ, അതുവഴി നാമവരുടെ സഹോദരങ്ങളോ അധ്യാപകരോ, ശുശ്രൂഷകരോ അല്ലെന്നു വരുന്നില്ല."

## ആഗസ്റ്റ് 23—നവോത്ഥാനത്തിന്റെ ദിനം

രാവിലെ മാർപ്പാപ്പാ കൊളമ്പിയൻ പ്രസിഡണ്ടിനെ സന്ദർശിച്ചു സംഭാഷണം നടത്തി. പിന്നീടു ബൊഗോട്ടായിൽനിന്നു 14 മൈൽ അകലെ സാൻ ജോസ് ദെമസ് കേപരാ എന്ന സ്ഥലത്തു കർഷകരുടെ ഉന്നതിക്കായി സ്ഥാപിതമായ റേഡിയോ സുതറെത്താൻസാ എന്ന സ്ഥാപനം ആശീർവ്വദിച്ചു. 2 ലക്ഷത്തിലേറെ കർഷകർക്ക് ആ സ്ഥാപനം ശിക്ഷണം നല്കുന്നുണ്ടിന്ന്. കൊളമ്പിയായിലെ കൃഷിമന്ത്രി അദ്ദേഹത്തെ സ്വീകരിച്ചു. 40 മിനിട്ടുനേരം അവിടെ കർഷകഭവനങ്ങൾക്കിടയിലൂടെ സഞ്ചരിച്ചു. ആഹ്ലാദഭരിതരായ കർഷകലക്ഷങ്ങളോടവിടുന്നു സംസാരിച്ചു. ക്രിസ്തുവിനും അവിടുത്തെ സഭയ്ക്കും പാവങ്ങളോടുള്ള സ്നേഹത്തെയും അനുകമ്പാമനോഭാവത്തെയും അദ്ദേഹം എടുത്തുകാട്ടി. അവികസിതരാജ്യങ്ങളിൽ മെച്ചപ്പെട്ടൊരു സാമൂഹ്യവ്യവ

സ്ഥിതി കൈവരുത്തുന്നതിനായി തന്നാലാവുന്നതു ചെയ്യു മെന്നദ്ദേഹം ഉറപ്പു നല്കി. അതേസമയം വിപ്ലവാത്മകമായ സംരംഭങ്ങളിലൂടെ അത്തരം സാമൂഹ്യ വ്യവസ്ഥിതിക്കായി പരിശ്രമിക്കുന്നതിനെ മാർപ്പാപ്പാ അപലപിച്ചു.

വാർത്താവിനിമയസംഘടനകളുടെ പ്രതിനിധികളോടു സംസാരിക്കവേ മാർപ്പാപ്പാ പറഞ്ഞു: "തിന്മയുടെ ചിത്രീകരണം ജനതയിൽ വികാരങ്ങളുളവാക്കുമെന്നതു തീർച്ച. പക്ഷേ, അതായിരിക്കരുത് നിങ്ങളുടെ ദൗത്യം. സമാധാനത്തിന്റേയും സുകൃതങ്ങളുടേയും മായാത്ത കഥകളുണ്ടീ ലോകത്തിൽ. അവയുടെ വക്താക്കളാവണം നിങ്ങൾ." വൈകിട്ടു തിരിച്ചുപോരുംവഴി കോൺഗ്രസ്സുമണ്ഡപത്തിൽ തിരുമേനി ദിവ്യബലിയർപ്പിച്ചു. സാമൂഹ്യനീതിക്കുവേണ്ടി ശക്തിയായി വാദിച്ചുകൊണ്ടായിരുന്നു അവിടുന്നു സുവിശേഷപ്രഭാഷണമവസാനിപ്പിച്ചതു്. ഒപ്പം ഒരുകാര്യംകൂടെ അദ്ദേഹം തീർത്തുപറഞ്ഞു: "വിപ്ളവം സുവിശേഷത്തിന്റെ അരൂപിയ്ക്കൊത്തതല്ല; അതൊരിക്കലും ക്രിസ്തീയമല്ല." രാത്രിയിൽ ഗവണ്മെന്റധികാരികളേയും യഹൂദപ്രോട്ടസ്റ്റന്റു മതങ്ങളുടെ പ്രതിനിധികളെയും സ്വന്തം വസതിയിൽ അവിടുന്നു സ്വീകരിച്ചു. ലോകസമാധാനത്തിനും മാനവപുരോഗതിക്കുംവേണ്ടി പരിശ്രമിക്കാൻ ഓരോ രാഷ്ട്രത്തിനും ഓരോ വ്യക്തിക്കുമുള്ള കടമയെപ്പററി അവരോടു സംസാരിച്ചു.

*ആഗസ്റ്റ് 24—മെത്രാന്മാരുടെ സമ്മേളനം*

രാവിലെ ബൊഗോട്ടായ്ക്കടുത്ത ഒരു ഗ്രാമത്തിൽ മാർപ്പാപ്പാ ദിവ്യബലിയർപ്പിച്ചു. തങ്ങളുടെ ക്ലേശങ്ങൾ ക്രിസ്തുവിനോടു ചേർന്നു സഹിക്കാൻ ആ ഇടവകക്കാരെ അവിടുന്നുദ്ബോധിപ്പിച്ചു. അതെത്തുടർന്നു ലാററിൻ അമേരിക്കൻമെത്രാ

ന്മാരുടെ കോൺഫ്രൻസ് മാർപ്പാപ്പാ ഉദ്ഘാടനം ചെയ്തു.
150 ലാററിൻ അമേരിക്കൻ മെത്രാന്മാരോടൊപ്പം വിദേശ
ങ്ങളിൽനിന്നുള്ള പല മെത്രാന്മാരും 100 ലേറെ വിദഗ്ദ്ധ
ന്മാരും ഈ സമ്മേളനത്തിൽ പങ്കെടുത്തു. അവിടെവച്ച്
മാർപ്പാപ്പാ തൻെറ പര്യടനത്തിലെ ഏററവും സുപ്രധാന
വും സുദീർഘവുമായ പ്രസംഗംചെയ്തു: "നാം ജീവിക്കുന്ന യു
ഗത്തിൻെറ അസ്വസ്ഥതകൾ നമ്മെ അലട്ടുമ്പോൾ 'ഭയപ്പെ
ടേണ്ട, ഇതു ഞാനാണ്' എന്നു പറഞ്ഞ ക്രിസ്തുവിൻെറ വാ
ക്കുകൾ നമുക്കാശ്വാസം നല്കണമെന്നവിടുന്നു പറഞ്ഞു.
ക്രിസ്തീയവിശ്വാസം മറെറന്നത്തെക്കാളും ഇന്നു വെല്ലുവിളി
ക്കപ്പെടുകയാണ്. വി. പത്രോസിൻേറയും പൗലോസി
ൻേറയും രക്തസാക്ഷിത്വത്തിൻെറ 19-ാം ശതാബ്ദത്തോ
ടനുബന്ധിച്ച് സഭയിലാകമാനം വിശ്വാസവർഷമായി ആ
ചരിക്കണമെന്നു നിർദ്ദേശിച്ചതും നിങ്ങൾക്കറിയാം. അതോ
ടനുബന്ധിച്ച് നടത്തപ്പെട്ട വിശ്വാസപ്രഖ്യാപനത്തിൻെറ
അലയടികൾ നിങ്ങൾ ശ്രവിച്ചുകാണുമെന്നു ഞാൻ വിശ്വ
സിക്കുന്നു. സഭയുടെ അടിസ്ഥാനവും നിദാനവും വിശ്വാസ
മാണ്. ആധുനികചിന്താപ്രസ്ഥാനങ്ങളുടെ മുന്നേററത്തിൽ
വിശ്വാസത്തിനെന്തു ഉടവുതട്ടിയിട്ടുണ്ടെന്നു നമുക്കു നന്നായ
റിയാം. അടിസ്ഥാനമൂല്യങ്ങളിലുള്ള വിശ്വാസക്കുറവു ക
ത്തോലിക്കാവൃത്തങ്ങളിൽപ്പോലും കടന്നുപററിയിട്ടുണ്ട്;
ഫാഷൻചിന്തകരുടെ ശക്തമായ എതിർപ്പുകൾക്കിടയിൽ
അതു നമ്മെ ബലഹീനരാക്കുന്നു........ആധുനികമനുഷ്യരോടു
സുവിശേഷം പ്രസംഗിക്കാൻ നൂററാണ്ടുകളായി സഭയുടെ
പ്രബോധനാധികാരം കരുപ്പിടിപ്പിച്ച ചിന്താസമ്പത്തിനെ
അവഗണിക്കണമെന്നു പറയുന്നതിലർത്ഥമില്ല..........വിശ്വാ
സസത്യങ്ങളെ ഇളക്കിപ്രതിഷ്ഠിക്കുന്നതോടെ പുതിയൊരു
ക്രിസ്തുമതമുണ്ടാകും. പക്ഷേ, ക്രിസ്തുവിൻെറ മാനദണ്ഡങ്ങൾ
ക്കെന്നതിനു പകരം മാനുഷികമാനദണ്ഡങ്ങൾക്കൊത്തതാ

യിരിക്കുമതു്. നമ്മുടെ ദൈവശാസ്ത്രജ്ഞന്മാരിൽ ചിലരൊക്കെ ശരിയായ മാർഗ്ഗത്തിലല്ല. കഴിവുള്ള ദൈവശാസ്ത്രജ്ഞന്മാരുടെ പ്രവർത്തനത്തോടു അതീവം ആദരവുണ്ടെനിക്കു്. വിശ്വാസത്തിൻെറ വക്താക്കളായി വർത്തിക്കാനവർക്കു കഴിയും. പക്ഷേ, സഭയുടെ പ്രബോധനാധികാരത്തിൻ—പ്രബോധകനായ ക്രിസ്തുവിനാൽ സ്ഥാപിതമായ, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന പ്രബോധനാധികാരത്തിനു്—അവർ സ്വയം ശിഷ്യപ്പെട്ടാലേ ഇതു സാധ്യമാകൂ. വ്യക്തിപരമായ അഭിപ്രായങ്ങളെ ആധികാരികമായി പ്രതിഷ്ഠിക്കുകയാണവർ. സഭയിൽ സ്വന്തം ഇഷ്ടത്തിനൊത്തു് എന്തും ചിന്തിക്കുകയും വിശ്വസിക്കുകയും ചെയ്യാമെന്നൊരു തെററിദ്ധാരണ അവരുളവാക്കുന്നു. സഭയുടെ ഐക്യത്തെ ശിഥിലീഭവിപ്പിച്ച ചിന്താഗതി ഇതാണു്. മനസ്സാക്ഷിയുടെ സ്വാതന്ത്ര്യത്തെ ചിന്താസ്വാതന്ത്ര്യവുമായി വച്ചുമാറുന്നതോടൊപ്പം ശരിയായ മതാത്മകസത്യങ്ങളെപ്പററി വേണ്ടത്ര ജ്ഞാനമില്ലാത്തതുകൊണ്ടു് അവർ തെററിൽച്ചാടുകയുംചെയ്യുന്നു. വിശ്വാസത്തിൽ സ്ഥിരമായി നിന്നുകൊണ്ടു തെററിനെ ച്ചെറുക്കുക എന്ന വി. പത്രോസിൻെറ വാക്കുകളിൽ നിങ്ങളുടെ സഹോദരങ്ങളെ ശക്തിപ്പെടുത്തുക എന്നു ഞാൻ പറയുമ്പോൾ ദൈവജനത്തിൻെറ അധ്യാപകരും ഇടയരുമായ നിങ്ങൾക്കതുപ്പി തോന്നരുതു്."

രണ്ടു പ്രത്യേകപ്രവണതകളെ മാർപ്പാപ്പാ എടുത്തുകാട്ടി. ഭൗതികമായൊരു ക്രിസ്തുമതത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവണതയാണു് ആദ്യത്തേതു്. പരസ്നേഹം ദൈവസ്നേഹത്തിലധിഷ്ഠിതമായിരിക്കണമെന്ന കാര്യം ഇക്കൂട്ടർ വിസ്മരിച്ചുകളയുന്നു എന്നാവിടുന്നു പറഞ്ഞു. വ്യക്തിപരമായ കൃപാവരങ്ങളിലും സന്ദേശത്തിലുമൊക്കെ ആക്കം കൊടുത്തുകൊണ്ടു വ്യവസ്ഥാപിതവും സംഘടിതവുമായ സഭയെ അ

വഗണിക്കുന്ന പ്രവണതയാണു രണ്ടാമത്തേത്. വൈദികരുടേയും യുവാക്കളായ വിദ്യാർത്ഥികളുടേയും തൊഴിലാളികളുടേയും കാര്യത്തിൽ മെത്രാന്മാർക്കു പ്രത്യേക പരിഗണനയുണ്ടായിരിക്കണമെന്നു മാർപ്പാപ്പാ നിർദ്ദേശിച്ചു. നിർദ്ധനരായ മനുഷ്യരുടെ നിലയുയർത്തുന്ന ഒരു മെച്ചപ്പെട്ട സാമൂഹ്യവ്യവസ്ഥിതിക്കുവേണ്ടി നിലകൊള്ളുവാൻ മാർപ്പാപ്പാ അവരെ ഉപദേശിച്ചു. കാർഷിക നവോത്ഥാനത്തിന്റെ വെളിച്ചത്തിൽ സ്വന്തം ഭൂമി കർഷകർക്കു പകുത്തുകൊടുത്ത രൂപതകളെ മാർപ്പാപ്പാ പ്രശംസിച്ചു: "ഒച്ചപ്പാടിലും വിപ്ളവത്തിലുമല്ല നമ്മുടെ പരസ്നേഹം പ്രകടമാക്കുക. സമുദായത്തിന്റെ സമുദ്ധാരണത്തിനായി മാർക്സിസത്തേയോ പ്രക്ഷോഭണത്തേയോ ചോരചൊരിച്ചിലിനെയോ കലാപത്തേയോ ശരിയായമാർഗ്ഗങ്ങളായി സ്വീകരിക്കാൻ നമുക്കു പററില്ല." "മനുഷ്യജീവിത"മെന്ന തന്റെ പുതിയ ചാക്രികലേഖനത്തെ പരാമർശിച്ചുകൊണ്ടു മാർപ്പാപ്പാ പറഞ്ഞു: "പുതിയ ചാക്രികലേഖനത്തിൽ എടുത്തു പറഞ്ഞിട്ടുള്ള വിവാഹത്തിന്റെ മഹത്വത്തേയും സ്നേഹത്തിന്റെ ധാർമ്മികവശത്തേയും പററി ഊന്നിപ്പറയാതിരിക്കാൻ നമുക്കാവില്ല. നാം അംഗീകരിച്ചുറപ്പിച്ചിരിക്കുന്ന നിയമവും സ്വയം പരിത്യാഗവും ധാർമ്മികബോധവും ഉൾക്കൊള്ളുന്നുണ്ടെന്നറിയാമെങ്കിലും സഭയിലെ ഭൂരിഭാഗം ആളുകളും തീക്ഷ്ണതയോടും അനുസരണത്തിന്റെ അരൂപിയോടുംകൂടെ അതിനെ സ്വീകരിച്ചിട്ടുണ്ട്. ക്രിസ്തീയമായ ഈ നിലപാടിനെ ദൈവം അനുഗ്രഹിക്കട്ടെ. ജനപ്പെരുപ്പത്തെ കണ്ണടച്ചു പ്രശംസിക്കുന്നില്ല. ഭാര്യാഭർത്താക്കന്മാരുടെ സ്വകർത്തവ്യനിരതമായ സ്വാതന്ത്ര്യത്തെ അതു ഹനിക്കുന്നില്ല. ധാർമ്മികവും യുക്ത്യാധിഷ്ഠിതവുമായ നിയന്ത്രണത്തെ അതു തടയുന്നില്ല. നിയമാനുസൃതമായ ചികിത്സാവിധിയേയോ ശാസ്ത്രീയഗവേഷണങ്ങളെയോ അതു നിരോധിക്കുന്നില്ല. ധാർമ്മികവും ആദ്ധ്യാത്മികവുമായൊരു പഠ

നമാണത്തു്. വിവാഹബന്ധങ്ങളെ കലക്കുന്ന ഉപാധികളുടെ ഉപയോഗത്തേയും ജനനനിരക്കിനെ നിയന്ത്രിക്കുന്ന നീതിരഹിതമായ മാർഗ്ഗങ്ങളേയും അതു നിഷേധിക്കുന്നു. മനുഷ്യവംശത്തിന്റെ ശക്തിയും ദൈവത്തിന്റെ ദാനവും കുടുംബത്തിന്റെ മഹത്വവുമായ ജീവന്റെ പരിരക്ഷണത്തിനായി അതു സ്വരമുയത്തുന്നു എന്നുമാത്രം."

തന്റെ പ്രസംഗത്തിനുശേഷം ലാററിൻ അമേരിക്കൻ മെത്രാൻസമ്മേളനത്തിന്റെ പുതിയ കെട്ടിടം അവിടുന്നാശീർവദിച്ചു. അനന്തരം സന്യാസിനികൾക്കായി അവിടുന്നു പ്രത്യേകസന്ദർശനം നല്കി. അതെത്തുടർന്നു ബൊഗോട്ടായിലെ നഗരസഭാധികാരികളെ സ്വീകരിച്ചു. കോൺഗ്രസ്സ്മണ്ഡലത്തിലേക്കു ചെന്നിട്ട് അവിടെ തിങ്ങിക്കൂടിയ ജനങ്ങളോടു ദൈവമാതാവിനെപ്പററി അവിടുന്നു സംസാരിച്ചു. അതോടെ തരിച്ചുപോകാനുള്ള സമയമായി. ഇരുവശങ്ങളിലും അണിയായി നിന്ന ജനക്കൂട്ടത്തെ ആശീർവ്വദിച്ചുകൊണ്ടു മാർപ്പാപ്പാ വിമാനത്താവളത്തിലേക്കുപോയി. 6മണിക്കു വിമാനത്തിൽ കയറുന്നതിനുമുമ്പേ തെക്കേ അമേരിക്കൻ രാഷ്ട്രങ്ങൾക്കു മുഴുവൻ അവിടുന്നു തന്റെ ആശീർവ്വാദം നല്കി. 25-ാംതീയതി റോമൻസമയം ഉച്ചകഴിഞ്ഞു മൂന്നു മണിക്കു് അവിടുന്നു റോമിൽ തിരിച്ചെത്തി. ഏതാണ്ടതേ സമയത്തുതന്നെ പേപ്പൽപ്രതിനിധി നല്കിയ പരിശുദ്ധ കുർബാനയുടെ പരസ്യമായ ആശീർവാദത്തോടെ ബൊഗോട്ടാ കോൺഗ്രസ്സ് മംഗളപൂർവ്വം സമാപിച്ചു.

# ഉപസംഹാരം

"ഞാൻ നിങ്ങളെ അനാഥരായി വിട്ടുകളയില്ല. ലോകാവസാനംവരെ ഞാനെന്നും നിങ്ങളോടൊത്തുണ്ടായിരിക്കും" എന്ന ദിവ്യനാഥൻെറ വാക്കുകൾ ദിവ്യകാരുണ്യത്തിലൂടെ അന്വത്ഥമാവുകയാണ്. നമുക്കെല്ലാവർക്കും പരസ്പരൈക്യത്തിലും സ്നേഹത്തിലും ഒന്നിച്ചുനിന്നു കർത്താവേ, അങ്ങേ തിരുസ്സഭയെ ശക്തിപ്പെടുത്തണമേ, എന്നു പ്രാത്ഥിക്കാം. സഭയുടെ ശിരസ്സായ മിശിഹായേ, സഭയെ പരിപോഷിപ്പിക്കണമേ. രക്തസാക്ഷികളുടെ ചുടുനിണത്താൽ എതിർപ്പുകളുടേയും പ്രയാസങ്ങളുടേയും നടുവിൽ അങ്ങേ ദിവ്യദൗത്യം വിജയപ്രദമായി തുടരാൻ സഭയെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാത്ഥിക്കുന്നു.

നിരാശയുടേയും ജീവിതക്ലേശങ്ങളുടേയും നടുവിൽ ലോകജനതയ്ക്കു പ്രത്യാശയുടെ ഭദ്രദീപം കാട്ടിക്കൊടുക്കാൻ അങ്ങു സഭയെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാത്ഥിക്കുന്നു.

സകല മനുഷ്യരേയും വിശുദ്ധീകരിക്കുന്നതിനായി ലോകത്തിൻെറ പ്രകാശമായും ഭൂമിയുടെ ലവണമായും അങ്ങേ സഭാതനയരെയെല്ലാം എന്നും കാത്തുകൊള്ളണമേ എന്നു ഞങ്ങൾ പ്രാത്ഥിക്കുന്നു.

സ്നേഹത്തിലും സേവനത്തിലും അങ്ങയുടെ ജീവിക്കുന്ന സാക്ഷ്യങ്ങളായി മാറാൻ അങ്ങേ തിരുസ്സഭയുടെ സന്താനങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാത്ഥിക്കുന്നു.

വിവിധസഭകൾ തമ്മിൽ ഐക്യവും പരസ്പരധാരണ

യും വളർത്തണമെന്നും ഏകസത്യവിശ്വാസത്തിൽ അവരെ പരിരക്ഷിക്കണമെന്നും അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

മനുഷ്യരോടൊത്തു വസിക്കുന്നതിനവിടുന്നാഗ്രഹിക്കുന്നു. അവരുടെ കണ്ണുനീരിലും ജീവിതക്ലേശങ്ങളിലും നിത്യം പങ്കുപററാനാഗ്രഹിച്ചുകൊണ്ടു ദിവ്യകാരുണ്യത്തിലവിടുന്നു വസിക്കുന്നു. പൊന്നുപൂശിയ കുസ്തോദിയിലെന്നതിനെക്കാൾ മനുഷ്യഹൃദയങ്ങളിൽ വസിച്ചുകൊണ്ടു് അവരിലൂടെ ജീവിക്കാൻ ക്രിസ്തു ആഗ്രഹിക്കുന്നു. തൻെറ വലിയ സ്നേഹത്തിലേക്കു് അവിടുന്നു് ഓരോരുത്തരേയും ക്ഷണിക്കുന്നു. ആ ക്ഷണത്തിനു ലോകജനത നല്കിയ പരസ്യമായ അംഗീകാരമാണു ദിവ്യകാരുണ്യകോൺസ്സുകൾ. ക്രിസ്തുവിനു് അംഗീകാരം നല്കുന്നതിനും ലോകത്തിൻെറ മുമ്പിൽ അവിടുത്തെ വലിയ സ്നേഹത്തെ വെളിപ്പെടുത്തുന്നതിനുമുള്ള യജ്ഞങ്ങളായി വേണം ദിവ്യകാരുണ്യകോൺഗ്രസ്സുകളെ നാം കാണുക.